# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 ഫെബ്രുവരി 28, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

494/20

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു. ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....84

**II അടിയന്തരപ്രമേയം**

മധുവിന്റെയും സഫീറിന്റെയും കൊലപാതകം

— (അവതരണാനുമതി നിഷേധിച്ചു.) ....398

**III ശ്രദ്ധ ക്ഷണിക്കൽ**

സാമ്പത്തിക പ്രതിസന്ധി

— ശ്രീ. കെ. ജെ. മാക്സി ..420

**IV മേശപ്പുറത്തുവച്ച കടലാസുകൾ** ...421

**V ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..422

**അനുബന്ധം**

ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ച ശ്രദ്ധ ക്ഷണിക്കലിന്റെയും

സബ്മിഷനുകളുടെയും മറുപടി ..424

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 ഫെബ്രുവരി 28, ബുധൻ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2018 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ (*61)

(മധു എന്ന ആദിവാസി യുവാവിന്റെയും സഫീർ എന്ന മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട വിഷയം ചോദ്യോത്തരവേള നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം നിരസിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

. . . . . (ബഹളം)...... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയൂ....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സഭയ്ക്ക് പുറത്തു നടക്കുന്ന അതീവ ഗൗരവ സ്വഭാവമുള്ള കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് അങ്ങയുടെ ശ്രദ്ധ പിടിച്ചുപറ്റാനാണ് കഴിഞ്ഞ രണ്ടുദിവസങ്ങളിലായി ഞങ്ങൾ ശ്രമിച്ചത്. ചോദ്യോത്തരവേള ഏറ്റവും പ്രധാനപ്പെട്ടത് തന്നെയാണ്. എന്നാൽ സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കൊലപാതകങ്ങളും അക്രമങ്ങളും അതുപോലെതന്നെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട്, ഈ വിഷയത്തിൽ അങ്ങൊരു തീരുമാനമെടുക്കണമെന്ന് ഞങ്ങൾ

അഭ്യർത്ഥിക്കുകയാണ്. നിയമസഭാംഗങ്ങൾ എന്ന നിലയിൽ പൊതുസമൂഹത്തിലുണ്ടാകുന്ന വിഷയങ്ങൾ ഞങ്ങൾക്ക് അവതരിപ്പിക്കേണ്ട വേദി ഇതാണ്. അത്രയേറെ അടിയന്തര സ്വഭാവമുള്ളതുകൊണ്ടാണ് ചോദ്യോത്തര വേള സസ്പെന്റ് ചെയ്തുകൊണ്ട് പൊതു പ്രാധാന്യമുള്ള ഈ വിഷയം ചർച്ചയ്ക്കെടുക്കണമെന്ന് പറയുന്നത്. ഓരോ ദിവസവും ഓരോ കൊലപാതകങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്കെങ്ങനെ ഇവിടെ സ്വൈര്യമായി ഇരിക്കാൻ കഴിയും? അതുകൊണ്ട് ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാനുള്ള അനുവാദം നൽകണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷത്തിന്റെയും വികാരപ്രകടനത്തിന് യാതൊരു തടസ്സവും ചെയർ ഉണ്ടാക്കുന്നതല്ല. നമ്മുടെ നിയമസഭാ നടപടിക്രമങ്ങളെപ്പറ്റി എല്ലാവർക്കുമറിയാം. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ഉന്നയിക്കാനാണ് റൂൾ 50 പ്രകാരം അടിയന്തരപ്രമേയം അവതരിക്കാനുള്ള അവസരം നൽകുന്നത്. തുടർച്ചയായി ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയെന്നത് ശരിയായ നീക്കമായി ചെയർ കാണുന്നില്ല. സമൂഹത്തിലെ വിവിധങ്ങളായ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെടാൻ കിട്ടുന്ന ഏറ്റവും നല്ല അവസരമാണ് ചോദ്യോത്തരവേള. അതുകൊണ്ട് ചോദ്യോത്തര വേളയ്ക്കുശേഷം ചട്ടങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ച് അടിയന്തരപ്രമേയം അനുവദിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കപ്പെടും. ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്, ചോദ്യോത്തരവേള സസ്പെന്റ് ചെയ്യണമെന്ന ആവശ്യത്തിൽ നിന്നും അങ്ങ് പിന്മാറണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഈ ആവശ്യത്തിൽനിന്നും പിന്മാറാൻ നിവൃത്തിയില്ല. സാധാരണയായി ചോദ്യോത്തര വേളയിൽ ഞങ്ങൾ ബഹളമുണ്ടാക്കാറില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയാത്തതിനാൽ ചോദ്യോത്തര വേള ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയി.) (ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ *61 ഉന്നയിക്കപ്പെട്ടില്ല.)

## അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ വെട്ടിമാറ്റാൻ നടപടി

1 (*62) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി ദേവസ്സി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയിൽ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമായതും അമിതമായി ജലം വലിച്ചെടുത്ത് സ്വാഭാവിക പ്രകൃതിക്ക് നാശം വരുത്തുന്നതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ ഭാവിയിൽ നട്ടുപിടിപ്പിക്കാതിരിക്കാനും ഉള്ളവ വെട്ടിമാറ്റി മറ്റു മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം മരങ്ങൾ ഏതൊക്കെ വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും അതിൽനിന്ന് നിലവിൽ വനം വകുപ്പിന് പ്രതിവർഷം എത്ര വരുമാനം ലഭിക്കുന്നെന്നും അറിയിക്കുമോ;

(സി) വന്യമൃഗങ്ങൾ ആഹാരത്തിനും ജലത്തിനുമായി നാട്ടിലിറങ്ങുന്നത് തടയുന്നതിനായി ഇത്തരം മരങ്ങൾക്കും പ്ലാന്റേഷനുകൾക്കും പകരം ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടിയെടുക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനഭൂമിയിൽ നട്ടുപിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ വ്യാവസായിക ആവശ്യത്തിനായി മുറിച്ച് മാറ്റുന്നതിനനുസരിച്ച് ഭാവിയിൽ തദ്ദേശീയ വൃക്ഷങ്ങളായ മലവേപ്പ്, മുള, മറ്റ് അനുയോജ്യ വൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇത്തരം മരങ്ങൾ പൾപ് വുഡ് വ്യവസായങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ എച്ച്.എൻ.എൽ.-ന് സർക്കാർ ഉത്തരവിന്റെയും എച്ച്.എൻ.എൽ.-ഉം ആയി ഏർപ്പെട്ടിട്ടുള്ള കരാറിന്റെയും അടിസ്ഥാനത്തിൽ അസംസ്കൃത വസ്തുക്കൾ നൽകിവരുന്നു. ഇതിലൂടെ 2016-17-ൽ 16.22 കോടി രൂപയും 2017-18-ൽ ജനുവരി 31 വരെ 3.22 കോടി രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) വനം വകുപ്പ് നടപ്പിലാക്കുന്ന വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങളുടെ കാതലായ ഭാഗവും സ്വാഭാവിക വനത്തിന്റെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുവേണ്ടിയാണ്. ആയതുവഴി വന്യജീവികളുടെ ആഹാരവും ജലലഭ്യതയും ഉറപ്പുവരുത്തുന്നുണ്ട്.

ശ്രീ. പി. വി. അൻവർ : സർ, സംസ്ഥാനം ജലത്തിന്റെ രൂക്ഷമായ പ്രതിസന്ധിയിലേക്ക് നീങ്ങുന്ന അവസരത്തിലാണ് ഇത്തരമൊരു കാര്യം ആലോചിച്ചിരിക്കുന്നത്. അക്കേഷ്യയ്ക്കും യൂക്കാലിപ്റ്റസിനും മാഞ്ചിയത്തിനും പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരുന്നു. പക്ഷേ ഫലവൃക്ഷങ്ങൾ ലഭ്യമല്ലാത്തതിന്റെ പേരിൽ മുറിച്ചുമാറ്റിയ സ്ഥലങ്ങളിൽ വീണ്ടും യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വയ്ക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ യൂക്കാലിപ്റ്റസ് മരങ്ങൾ കേരളത്തിൽ എവിടെയെങ്കിലും വച്ചുപിടിപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, വ്യാവസായികാവശ്യത്തിനുവേണ്ടി സോഫ്റ്റ് വുഡുകൾ വ്യവസായശാലകൾക്ക് കൊടുക്കുന്നതിനുള്ള കരാറിൽ നേരത്തേതന്നെ സർക്കാർ ഏർപ്പെട്ടിട്ടുള്ളതിനാൽ ആ കരാറിന്റെ കാലാവധി തീരുന്നതുവരെ യൂക്കാലിപ്റ്റസ് പോലുള്ള സോഫ്റ്റ് വുഡുകൾ അവർക്ക് കൊടുക്കാനുള്ള ബാധ്യതയുണ്ട്. എച്ച്.എൻ.എൽ.-ന് അസംസ്കൃത വസ്തുക്കൾ നൽകുന്നതിനായി സർക്കാർ എച്ച്.എൻ.എൽ.-മായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പൾപ്പ് വുഡ് പ്ലാന്റേഷൻ നടത്തിവരുന്നുണ്ട്. വനം വകുപ്പ് അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വച്ചുപിടിപ്പിച്ചത് ഈ ആവശ്യത്തിനുകൂടിയാണ്. 6-10-2004 മുതൽ 20 വർഷക്കാലയളവിലേക്ക് പൾപ്പ് വുഡ് വിതരണം ചെയ്യുന്നതിനാണ് എച്ച്.എൻ.എൽ.-മായി കരാറുണ്ടാക്കിയിട്ടുള്ളത്. നിലവിൽ മെട്രിക് ടണ്ണിന് ആയിരം രൂപ പ്രകാരമാണ് ഈ സോഫ്റ്റ് വുഡുകൾ എച്ച്.എൻ.എൽ.-ന് നൽകുന്നത്. യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതും പരിപാലിക്കുന്നതും വെട്ടിമാറ്റുന്നതും അടക്കിമുറി കഴിഞ്ഞ തോട്ടങ്ങളിൽ വർക്കിംഗ് പ്ലാൻ സൃഷ്ടിക്കുന്നതുപ്രകാരം അതേയിനം തൈകളോ ഇതേ ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന ഇതരയിനത്തിൽപ്പെട്ട തൈകളോ മാത്രമേ വച്ചുപിടിപ്പിക്കാവൂ എന്നുമാണ് വർക്കിംഗ് പ്ലാനിൽ പറയുന്നത്. എങ്കിലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് ഭാവിയിൽ സോഫ്റ്റ് വുഡ് ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള പ്രദേശങ്ങളിൽ ഇതുപോലുള്ള വിദേശ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത്തരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഒരു ദിവസം കൊണ്ട് നിർത്താൻ കഴിയില്ല, ക്രമേണ ഇത്തരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് അവസാനിപ്പിക്കുകയും പകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. വി. അൻവർ: സർ, മൃഗങ്ങൾക്കാവശ്യമായ കുടിവെള്ളത്തിനായി കുളങ്ങൾ നിർമ്മിക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരുന്നു. എന്നാൽ ഇതിൽ പലതും ജനവാസ കേന്ദ്രങ്ങൾക്ക് സമീപമായതിനാൽ വന്യമൃഗങ്ങൾ ജനവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നതിന് സാഹചര്യമൊരുക്കുന്നു എന്ന പരാതി പ്രദേശവാസികൾക്കുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള കുളങ്ങൾ ഉൾക്കാടുകളിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, മനുഷ്യ-മൃഗ സംഘർഷം വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങളിലൊന്ന് മൃഗങ്ങൾ ജലവും ഭക്ഷണവും തേടി വനത്തിന് പുറത്തോട്ടു വരുന്നതാണ്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് വനത്തിനുള്ളിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി വനംവകുപ്പ് ഇപ്പോൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വനത്തിനുള്ളിൽ വെള്ളമുള്ള ഭാഗങ്ങളിൽ കുളം വൃത്തിയാക്കുകയും തടയണ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. പലപ്പോഴും മനുഷ്യവാസമുള്ള പ്രദേശങ്ങളോട് ചേർന്നുവരുന്ന വനപ്രദേശത്താണ് ജലലഭ്യത കൂടുതൽ കാണപ്പെടുന്നത്, കുന്നിൻപുറങ്ങളിൽ കുഴിയെടുത്തിട്ട് കാര്യമില്ല. ഈ സാഹചര്യത്തിൽ വനത്തിന്റെ അതിർത്തി പ്രദേശത്തോട് ചേർന്ന് തടയണയും മറ്റും നിർമ്മിക്കേണ്ടതായി വരാറുണ്ടെന്നുള്ള കാര്യം ശരിയാണ്. വന്യജീവികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വൻതോതിലുള്ള ഇടപെടൽ ഇപ്പോൾ നടത്തുന്നുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, മനുഷ്യ-മൃഗ സംഘർഷമാണ് നമ്മുടെ നാട് നേരിടുന്ന വലിയൊരു പ്രശ്നം. ഇതിന് പരിഹാരമായി അങ്ങ് ഇടപെട്ട് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന നടപടി സ്വാഗതാർഹമാണ്. എന്നാൽ ഈ പ്രവൃത്തിയിൽ കാര്യമായ മുന്നേറ്റമുണ്ടാകുന്നില്ല എന്നതാണ് പ്രശ്നം. കുറച്ച് വർഷങ്ങൾക്കുമുൻപ് ഈ വിഷയവുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച് ഒരു നിർദ്ദേശം ഞാൻ വച്ചിരുന്നു, ഒരു ഹെലികോപ്റ്റർ വാടകയ്ക്കെടുത്ത് ഒന്നോരണ്ടോ ലക്ഷം ചക്കക്കുരു വിതറിയാൽ ആറുമാസം കൊണ്ട് അതിന് റിസൾട്ടുണ്ടാകും. വളരെ നിസ്സാരമായി ചെയ്യാൻ കഴിയുന്ന കാര്യമായിരുന്നു. എന്നാൽ അന്ന് സമിതിയിലുണ്ടായിരുന്ന മന്ത്രിക്കും ഉദ്യോഗസ്ഥർക്കും ഈ നിർദ്ദേശം ഇഷ്ടമായില്ല. മരം വച്ചുപിടിപ്പിച്ചുകൊണ്ടുള്ള സാമൂഹ്യ വനവത്കരണത്തിലായിരുന്നു അവർക്ക് താല്പര്യം. പല ഫല വൃക്ഷങ്ങളും ഇപ്പോൾ നിലനിൽക്കുന്നില്ല. ഫലവൃക്ഷങ്ങൾ ധാരാളമായി വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രായോഗികവും സമയബന്ധിതവുമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു ടൈംബൗണ്ട് പ്രോഗ്രാം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാജു : സർ, വളരെ വേഗത്തിൽ കാര്യങ്ങൾ നടക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഇത് നടപ്പിലാക്കുന്നതിൽ ഒട്ടേറെ പ്രായോഗിക വിഷമതകളുണ്ട്. 2016-17 വർഷത്തിൽ ആകെ മുറിച്ചുമാറ്റിയ അക്കേഷ്യ തോട്ടങ്ങളുടെ വിസ്തൃതി 576.76 ഹെക്ടറാണ്. ഈ സ്ഥലങ്ങളിൽ സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്ത് അഞ്ച് ഹെക്ടർ വനപ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട

ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് ഇരുപത് ഹെക്ടർ വനപ്രദേശത്തും നേരത്തേയുണ്ടായിരുന്ന അക്കേഷ്യ മരങ്ങൾ വെട്ടിമാറ്റി സ്വാഭാവിക വനം വച്ചുപിടിപ്പിച്ച വിജയകരമായ അനുഭവം നമുക്കുണ്ട്. ഈ പ്രവർത്തനം മറ്റ് പ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, വന സംരക്ഷണത്തിൽ വലിയ പങ്ക് വഹിക്കുന്നവരാണ് വി.എസ്.എസ്. (വന സംരക്ഷണ സമിതി). എന്നാൽ അവർക്ക് ലഭിക്കുന്ന വേതനം വളരെ അപര്യാപ്തമാണ്. അതിരപ്പിള്ളി വി.എസ്.എസ്. നല്ല വരുമാനമുള്ള സമിതിയാണ്. രണ്ടുവർഷം മുമ്പാണ് അവരുടെ കൂലി വർദ്ധിപ്പിച്ചത്. നിലവിൽ കൂലി 350 രൂപയാണ്. വനസംരക്ഷണ സമിതിയുടെ കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വന്യജീവികളുടെ ആക്രമണം മുഖേന വൻതോതിൽ കൃഷിനാശവും മാരകമായ പരിക്കും മരണവും സംഭവിക്കുന്നതിന് നൽകുന്ന പ്രതിഫലം വളരെ തുച്ഛമാണ്. മരണം സംഭവിച്ചാൽ നിലവിൽ അഞ്ചുലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്. അത് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും കൃഷിനാശം സംഭവിക്കുന്നവർക്കും മാരകമായ പരിക്കുകളേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തി അവർക്ക് തൊഴിലും ഉപജീവന മാർഗ്ഗവും ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വന സംരക്ഷണ സമിതിയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയും (EDC) രൂപീകരിച്ചിട്ടുള്ളത്. ഓരോ പ്രദേശത്തുമുള്ള തൊഴിൽ നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ധാരാളം വിനോദസഞ്ചാരികൾ വരുന്നതുകൊണ്ട് അതിരപ്പിള്ളി പോലുള്ള പ്രദേശങ്ങളിലുള്ള ഇ.ഡി.സി.-കൾക്ക് നല്ല വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ വരുമാനം കുറഞ്ഞ മേഖലകളുമുണ്ട്. 350-ഉം 375-ഉം രൂപയാണ് നിലവിൽ ഇവർക്ക് കൂലിയായി ലഭിക്കുന്നത്. ഇവർ ചെയ്യുന്നത് ഭാരിച്ച ജോലിയല്ല; പ്ലാസ്റ്റിക്കും മറ്റും മാറ്റുന്നതുൾപ്പെടെയുള്ള ശുചീകരണ പ്രവൃത്തികളാണ് ചെയ്യുന്നത്. എങ്കിൽപ്പോലും അവരുടെ കൂലി കുറവാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഏപ്രിൽ ഒന്ന് മുതൽ ഇ.ഡി.സി. അംഗങ്ങളായ എല്ലാ ജോലിക്കാർക്കും ദിവസം നൂറുരൂപ വീതം വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ രണ്ടാമത് സൂചിപ്പിച്ചത് നഷ്ടപരിഹാരത്തെക്കുറിച്ചാണ്. നിയമസഭയിൽ പല പ്രാവശ്യം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണിത്. വന്യമൃഗങ്ങളുടെ ആക്രമണം മുഖേന കാർഷിക നഷ്ടമുണ്ടാകുന്ന കർഷകർക്കുള്ള നഷ്ടപരിഹാരമായി ഇപ്പോൾ നൽകുന്ന തുക

നിശ്ചയിച്ചത് 2014-ലാണ്. പ്രസ്തുത തുക അപര്യാപ്തമാണെന്നത് യാഥാർത്ഥ്യമാണ്. അത് മനസ്സിലാക്കി നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. വളരെ വൈകാതെ തന്നെ കാർഷിക നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

വന്യജീവികളുടെ ആക്രമണം മുഖേന മനുഷ്യജീവൻ നഷ്ടപ്പെട്ടാൽ നിലവിൽ 5 ലക്ഷം രൂപയാണ് ലഭിക്കുന്നത്. അത് ഇന്നത്തെ സാഹചര്യത്തിൽ വളരെ ചെറിയ തുകയാണ്. നിയമസഭാ സമിതിതന്നെ ഈ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിഗണിച്ച് താമസിയാതെ നഷ്ടപരിഹാരത്തുക പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ഭക്ഷ്യ ധാന്യത്തിന്റെയും വെള്ളത്തിന്റെയും കുറവുള്ളതുകൊണ്ടാണ് അവ ജനവാസ കേന്ദ്രങ്ങളിലിറങ്ങി ആക്രമണം നടത്തുകയും ആളുകളെ കൊല്ലുകയും ചെയ്യുന്നത്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി റെയിൽ ഫെൻസിംഗ് സംവിധാനം കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ പുരോഗതി എന്തായി എന്നറിയാൻ താൽപ്പര്യമുണ്ട്.

<u>ശ്രീ. കെ. രാജു</u>: സർ, റെയിൽ ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, ട്രഞ്ച് കുഴിക്കുക, ആനമതിൽ നിർമ്മിക്കുക തുടങ്ങിയവയാണ് പ്രതിരോധം സൃഷ്ടിക്കുന്നതിനായി നിലവിൽ ചെയ്യുന്നത്. റെയിൽ ഫെൻസിംഗും ആനമതിൽ നിർമ്മാണവും സാമ്പത്തികമായി വലിയ ചെലവ് വരുന്ന കാര്യമാണ്. ഒരു കിലോമീറ്റർ ആനമതിൽ നിർമ്മിക്കുന്നതിന് ഒന്നേകാൽ കോടി രൂപയിലധികം ചെലവ് വരും. എങ്കിൽപ്പോലും 10 കിലോമീറ്ററിലധികം ആനമതിൽ നിർമ്മിച്ചു കഴിഞ്ഞു. റെയിൽ ഫെൻസിംഗിനുള്ള സ്ഥലം ഐഡന്റിഫൈ ചെയ്തുകൊണ്ടിരിക്കുകയാണ്. റെയിൽ ഫെൻസിംഗിനുവേണ്ടി റെയിൽവേയിൽ ഉപയോഗിച്ചിരുന്ന പഴയ പാളങ്ങൾ വില കുറച്ചോ സൗജന്യമായോ ലഭിക്കുമോയെന്നുള്ളത് സംബന്ധിച്ച് റെയിൽവേ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമുള്ള മേഖലകളിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇവിടെ യൂക്കാലിപ്റ്റസ് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതും പുതുതായി മറ്റ് മരങ്ങൾ നട്ടുപിടിപ്പിക്കാതിരിക്കലുമാണ് ഗവൺമെന്റിന്റെ നിലപാടെന്ന് ആവർത്തിച്ച് പറയുകയും എന്റെ മണ്ഡലത്തിൽ ഇതിന് വിരുദ്ധമായ സമീപനം സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. വനം വകുപ്പ് നൂറുകണക്കിന് ഏക്കർ സ്ഥലങ്ങളിൽനിന്ന് മരം മുറിച്ചിട്ടുകയും അവയെല്ലാം

പ്രയോജനമില്ലാതെ കിടക്കുകയുമാണ് ചെയ്യുന്നത്. അതേയവസരത്തിൽ കുറേ സ്ഥലങ്ങളിൽ വനം വകുപ്പുതന്നെ മുൻകയ്യെടുത്ത് യൂക്കാലിമരങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ആന ഉൾപ്പെടെയുള്ള വന്യജീവികൾ അടിമാലി, കൊറങ്ങാട്ടി, നൂറാങ്കര തുടങ്ങിയ മേഖലകളിൽ ഇറങ്ങിവരികയാണ്. ഈ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും യൂക്കാലിമരങ്ങൾ പുതുതായി നട്ടുപിടിപ്പിക്കാതിരിക്കാനുമുള്ള നിലപാട് സ്വീകരിക്കുന്നതിനായി ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ആലോചിക്കുന്നു; അതോടൊപ്പം ആറുമാസത്തിനുള്ളിലോ അല്ലെങ്കിൽ ഒരു വർഷത്തിനുള്ളിലോ വന്യജീവികളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 'വനദീപ്തി' പദ്ധതി ലക്ഷ്യമിടുന്നത് അക്കേഷ്യ തോട്ടങ്ങൾ മുറിച്ച് നീക്കിയതിനുശേഷം ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും അതോടൊപ്പംതന്നെ ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ള അകിൽ തുടങ്ങിയവയും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുക എന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലെ മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശത്ത് ഞാൻ പോയിരുന്നു. കാടിനെക്കുറിച്ച് അറിയാൻ നിയമസഭാ മെമ്പർമാരെ മൂന്നാർപോലുള്ള പ്രദേശങ്ങളിൽ കൊണ്ടുപോയപ്പോൾ കാടിനെക്കുറിച്ച് നല്ലതുപോലെ അറിയാവുന്ന ശ്രീ. എസ്. രാജേന്ദ്രൻ വന്നില്ല. അവിടെ സ്വകാര്യ വനമേഖലയിലടക്കം യൂക്കാലിപ്റ്റസും ഗ്രാന്റിസും വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് ഒരു തീരുമാനമെടുത്ത് സ്വകാര്യ മേഖലയിലടക്കം കൃഷി ചെയ്തിട്ടുള്ള യൂക്കാലിപ്റ്റ്സും മാഞ്ചിയവുമെല്ലാം പാടെ പിഴുതുമാറ്റാൻ (uproot) ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ആവശ്യമായ തീരുമാനം താമസിയാതെതന്നെ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ നടക്കുന്ന ചർച്ച കേൾക്കുമ്പോൾ എനിക്കുണ്ടായ മാനസിക സംഘർഷം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സീനിയർ മെമ്പർമാരായ ശ്രീ. രാജു എബ്രഹാം, ശ്രീ. പി. വി. അൻവർ എന്നിവരുൾപ്പെടെയുള്ളവരുടെ ചോദ്യം, സംസ്ഥാനത്തെ വനഭൂമിയിൽ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമാകുന്ന തരത്തിൽ അമിതമായി ജലം വലിച്ചെടുത്ത് സ്വാഭാവിക പ്രകൃതിക്ക് നാശം വരുത്തുന്ന യൂക്കാലിപ്റ്റ്സ്, മാഞ്ചിയം, അക്കേഷ്യ എന്നിവ കൃഷി ചെയ്യാതിരിക്കാമോ എന്നാണ്. ഇതാരാണ് പറഞ്ഞത്; ഏത്

ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് യൂക്കാലിപ്റ്റസും മാഞ്ചിയവും അക്കേഷ്യയും ഇങ്ങനെയുള്ള മരങ്ങളാണെന്ന് പറഞ്ഞിരിക്കുന്നത്? ഈ രാജ്യത്തെ Carbon Credit fund അടിച്ചുമാറ്റുന്ന ഭരണാധികാരികളും വ്യാവസായിക താൽപ്പര്യമുള്ള സമ്പന്നന്മാരും ചേർന്നുകൊണ്ട് കേരളത്തിൽ വർഷങ്ങളായി പ്രചരിപ്പിച്ച്...

മി. സ്പീക്കർ: യെസ്...

ശ്രീ. പി. സി. ജോർജ്: അങ്ങ് ഇതെങ്കിലും അനുവദിക്കു. പ്രതിപക്ഷത്തുനിന്നുള്ള ഒരു ചോദ്യമായി കണക്കാക്കാമല്ലോ, ഇതിനെക്കാൾ എത്രയോ അധികം വെള്ളമൂറ്റുന്ന മരമാണ് റബ്ബർ. അക്കാര്യത്തിൽ ഇവിടെ ഒരു ചർച്ചയുമില്ലല്ലോ. രാജ്യം മുഴുവനും റബ്ബർ വച്ചുപിടിപ്പിക്കുകയല്ലേ? റബ്ബർ മരം വെട്ടണമെന്നാണ് എന്റെ അഭിപ്രായം. വ്യാവസായിക താൽപ്പര്യങ്ങൾ മുൻനിർത്തി കൊണ്ടുവന്നിരിക്കുന്ന കച്ചവടമല്ലേ ഇത്; റബ്ബർ മരങ്ങളേക്കാൾ കൂടുതൽ വെള്ളം മാഞ്ചിയംപോലുള്ള മരങ്ങൾ എടുക്കുന്നില്ലല്ലോ; മാഞ്ചിയംപോലുള്ള മരങ്ങൾ വെട്ടിമാറ്റണമെന്നും റബ്ബർ വച്ചുപിടിപ്പിക്കണമെന്നും പറയുന്നതിലെ കാര്യമെന്താണ്? റബ്ബർ കൃഷിയിൽനിന്ന് ലാഭം ലഭിക്കണമെങ്കിൽ 10 വർഷം വേണം. അതിലും എത്രയോ നല്ലതാണ് മാഞ്ചിയം വച്ചുപിടിപ്പിക്കുന്നത്. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി കേന്ദ്രഗവൺമെന്റ് വിൽക്കാൻ പോകുകയാണ്. ആ സ്ഥാപനം സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുത്തുകൂടേ; ഒരു ശാസ്ത്രീയപഠനം നടത്തി ഏത് തരം മരങ്ങളാണ് കൂടുതൽ വെള്ളം ഊറ്റിയെടുക്കുന്നതെന്ന് പരിശോധിക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പോലുള്ള സ്ഥാപനങ്ങൾ നിലനിൽക്കണമെന്നു തന്നെയാണ് ആഗ്രഹിക്കുന്നത്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനമാണത്. അതുകൊണ്ട് സർക്കാർ അവർക്ക് ടണ്ണിന് ആയിരം രൂപ നിരക്കിൽ വളരെ വിലകുറച്ചാണ് അസംസ്കൃത സാധനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് നയം എച്ച്.എൻ.എൽ. പോലെയുള്ള സ്ഥാപനങ്ങൾ നിലനിൽക്കണമെന്നുതന്നെയാണ്. അതുകൊണ്ട് കരാർ പാലിക്കണം, ആ കരാർ പാലിക്കാനുള്ള ബാധ്യതയും സർക്കാരിനുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. മാഞ്ചിയം, യൂക്കാലിപ്റ്റ്സ്, ഗ്രാന്റീസ് തുടങ്ങിയ വൃക്ഷങ്ങൾ ഏറ്റവും കൂടുതൽ ജലാംശം മണ്ണിൽനിന്ന് പിടിച്ചെടുക്കുന്ന വൃക്ഷങ്ങളാണെന്ന് പറയുന്നതിന് ശാസ്ത്രീയമായ പിൻബലമില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. എന്നാൽ അനുഭവസ്ഥരാണ് നമ്മുടെ നാട്ടിലെ കൃഷിക്കാരടക്കമുള്ള ജനങ്ങൾ. ആ അനുഭവജ്ഞാനം വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ റബ്ബറിനെതിരായി പറഞ്ഞത്

മാണി സാറിനോടുള്ള വിരോധം കൊണ്ടാണോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും മാഞ്ചിയം, യൂക്കാലിപ്റ്റ്സ് തുടങ്ങിയ വൃക്ഷങ്ങൾ വളർന്നുനിൽക്കുന്ന മേഖലകളിൽ ഞാൻ പോയി നോക്കിയിട്ടുണ്ട്. അതിന്റെ കീഴിൽ മറ്റേതൊരു വിളകളുമുണ്ടാകുകയില്ല. മറ്റൊരു സസ്യങ്ങളും അവിടെ വളരുകയുമില്ല. അതൊരു യാഥാർത്ഥ്യമാണ്. സമീപവാസികളായ അനുഭവസ്ഥരായ കൃഷിക്കാരാണ് വിദേശ വൃക്ഷങ്ങളെന്ന് പറയുന്ന ഈ വൃക്ഷങ്ങൾ വളരെ ശല്യമാണെന്ന് പറയുന്നത്.

മി. സ്പീക്കർ: കൃഷിക്കാർ പറയുന്നതിന് ഒരു ശാസ്ത്രീയമായ പഠനം നടത്തിക്കൂടേ എന്നതാണ് ചോദ്യം.

ശ്രീ. കെ. രാജു: സർ, തീർച്ചയായും ശാസ്ത്രീയ പഠനം നടത്താവുന്നതാണ്. എങ്കിൽപ്പോലും കൃഷിക്കാരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള അഭിപ്രായംകൂടി പരിഗണിച്ചുതന്നെയാണ് ഇത്തരം മരങ്ങളുടെ പ്രോത്സാഹനം കുറച്ചുകൊണ്ടുവരികയും പകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്നും ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാട്ടിൽ 40 ശതമാനത്തോളം വനമാണുള്ളത്. അതിൽ ഹെക്ടർ കണക്കിന് സ്ഥലത്ത് തേക്കുമരങ്ങൾ വച്ചു പിടിപ്പിച്ചിരിക്കുകയാണ്. അതും ഇവിടെ പറഞ്ഞതുപോലെ വരൾച്ചയ്ക്കും വന്യമൃഗശല്യത്തിനും കാലാവസ്ഥാ വ്യതിയാനത്തിനുമെല്ലാം ഇടനൽകുന്നുണ്ട്. ഈ തേക്ക് മരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി മുറിച്ചു മാറ്റുന്നതോടുകൂടി, അവിടത്തെ റെയിൽ ഫെൻസിംഗിനുള്ള കാശ് അവിടെ നിന്നുതന്നെ ഉണ്ടാക്കാൻ കഴിയും. ആ രീതിയിലുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, നമ്മുടെ വന്യമൃഗ സങ്കേതങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക സംരക്ഷിത കേന്ദ്രങ്ങളുണ്ട്. ആ സംരക്ഷിത കേന്ദ്രങ്ങളിലെ തേക്കായാലും മറ്റ് മരങ്ങളായാലും ഒരു വൃക്ഷവും മുറിക്കാൻ പാടുള്ളതല്ല എന്നതാണ് നിലവിലുള്ള കേന്ദ്ര നിയമം. സ്വാഭാവികമായും സങ്കേതങ്ങൾക്ക് പുറത്തുള്ള പ്ലാന്റേഷനുകളെ വർക്കിംഗ് പ്ലാനിലുൾപ്പെടുത്തി തേക്കിന്റെ പ്രായം കണക്കാക്കി, കേന്ദ്ര അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തേക്കുകൾ മുറിച്ച് മാറ്റുന്നതിനുള്ള അനുമതി നമുക്ക് ലഭ്യമാകൂ. പ്രത്യേകം സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള, വന്യമൃഗ സങ്കേതങ്ങൾ പോലെയുള്ള സംരക്ഷിത മേഖലകൾ ഒഴികെയുള്ള, കെ.എഫ്.ഡി.സി.-ക്കും മറ്റും ചുമതലയുള്ള പ്രദേശത്ത്, വർക്കിംഗ് പ്ലാനിലുൾപ്പെടുത്തി അംഗീകാരം വാങ്ങി പ്രായമായ തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഏറ്റവും കൂടുതൽ കൃഷി നശിപ്പിക്കുന്നത് പന്നിയാണ്. ഇപ്പോൾ അങ്ങനെ വരാൻ കാരണം അടിക്കാട് വെട്ടി തീയിടുന്നില്ല എന്നതുകൊണ്ടാണ്. നാട്ടിൽ ടൗണിൽപോലും പന്നികൾ വന്നുകിടക്കുകയാണ്. അതുകൊണ്ട് കാട് വെട്ടി കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചാൽ പന്നിക്ക് കിടക്കാനുള്ള സൗകര്യമില്ലാതെയാകും. അതുപോലെതന്നെ പന്നിയെ വെടിവയ്ക്കുന്നുണ്ടെങ്കിലും അതിന് ചില നിബന്ധനയുണ്ട്. രാജസ്ഥാനിൽ നീലക്കാളയെ കൊല്ലാനുള്ള തീരുമാനം അവർ നേടിയെടുത്തു. നിശ്ചിത എണ്ണത്തിൽക്കൂടുതൽ വരാൻ പാടില്ല എന്ന തീരുമാനത്തിൽ അവർ നീലക്കാളയെ കൊല്ലാറുണ്ട്. ആ തരത്തിൽ പന്നികളുടെ ഉപദ്രവം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, പന്നി, കുരങ്ങ്, മയിൽ തുടങ്ങിയ ജീവികൾ കൃഷിക്ക് വലിയ ശല്യമാണ് വരുത്തുന്നത്. പന്നികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ പന്നികളുടെ സെൻസസ് എടുത്ത്, ഏതെങ്കിലും മേഖലകളിൽ പന്നികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിൽ അവിടെ അങ്ങ് പറഞ്ഞ രീതിയിൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്തുകൊണ്ട്, അവയുടെ എണ്ണം കുറയ്ക്കുവാൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് ഒരു പരിശോധന ഇപ്പോൾ നടന്നുവരുന്നുണ്ട്. പന്നികളുടെ പൊതുവിലുള്ള സെൻസസ് എടുത്തതിനുശേഷം അവയെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികളിലേക്ക് പോകാം.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ *63 ഉന്നയിക്കപ്പെട്ടില്ല)

**പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും**

2(*64) ശ്രീ. ബി. സത്യൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിലെ ദുർബല ജാതികളിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹമായ തോതിൽ ലഭിക്കുന്നില്ലെന്ന പ്ലാനിംഗ് ബോർഡിന്റെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്താനുദ്ദേശിക്കുന്ന തിരുത്തൽ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം കുടുംബങ്ങളിൽ നാൽപതു ശതമാനത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ലെന്ന പ്രശ്നം പരിഹരിക്കാനായി എസ്.സി.-എസ്.പി-യിൽ പ്രത്യേക ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വരുമാനദായക പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) ഇവരുടെ ഭൂ ഉടമസ്ഥത നാമമാത്രമായതിനാൽ ഭൂമി വാങ്ങൽ പദ്ധതിയിൽ അനുവദിക്കുന്ന തുകയും ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന തുകയും വർദ്ധിപ്പിച്ച് നൽകാൻ സാധിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ .കെ. ബാലൻ): സർ,

(എ) പട്ടികജാതിയിലെ ദുർബല ജാതികളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി എന്നീ വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരികയാണ്. ഭൂരഹിതരുടെ പുനരധിവാസം, ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം, സങ്കേതങ്ങളുടെ മറ്റ് പൊതു സൗകര്യങ്ങൾ, പഠനാനുകൂല്യങ്ങൾ തുടങ്ങിയ മേഖലകളിൽ ആവശ്യാനുസരണം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

2016-17 വർഷത്തിൽ വകയിരുത്തിയ 17.58 കോടി രൂപയിൽ 17.43 കോടി രൂപയും 2017-18 വർഷത്തിൽ വകയിരുത്തിയ 17 കോടി രൂപയിൽ 2018 ജനുവരി വരെ 11.18 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി ഉപ പദ്ധതിയിൽ നിന്നും പൊതുവേ ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമെയാണിത്.

ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ വിഭാഗങ്ങളിലെ മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കൃഷിഭൂമി വായ്പാ പദ്ധതിയിൽ ഈ വിഭാഗത്തിന് മുൻഗണന നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ വിഭാഗക്കാരുടെ 38.14 ശതമാനം വീടുകൾ മെച്ചപ്പെട്ടവയാണെന്നും 49.82 ശതമാനം വീടുകൾ വാസയോഗ്യമാണെന്നുമാണ് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ 12 ശതമാനത്തോളമാണ്. പ്രത്യേക പദ്ധതിയിൽ വീടുകൾക്ക് മുൻഗണന നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ മുഖേന പട്ടികജാതിക്കാർക്ക് നൽകുന്ന വീടുകൾക്കുള്ള ആനുകൂല്യം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതിയിലെ ദുർബലജാതി വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന അതേ നിരക്കിൽ ഭവനനിർമ്മാണ ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിട്ട് 60 വർഷം പിന്നിടുമ്പോൾ, 2011-ലെ സെൻസസ് പ്രകാരം 30.69 ലക്ഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഡിപ്പാർട്ട്മെന്റ് കണക്കുപ്രകാരം ഇവിടെ 30698 പേർ സ്വന്തമായി ഭൂമിയില്ലാത്തവരും 45000-ത്തോളം വരുന്ന ആളുകൾ സ്വന്തമായി വീടില്ലാത്തവരുമാണ്. അങ്ങ് തന്ന കണക്കുപ്രകാരം 49.82% വീടുകൾ വാസയോഗ്യമല്ലെന്നുകൂടി സൂചിപ്പിച്ചിരിക്കുകയാണ്. ആ സാഹചര്യത്തിൽ ലൈഫ് പദ്ധതിപോലെ, പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന, വരുന്ന മൂന്ന് വർഷക്കാലത്തിനുള്ളിൽ ഇവരുടെ അടിസ്ഥാന ജീവിതപ്രശ്നമായ ഭൂമി, വീട് എന്നിവ പരിഹരിക്കാൻ സാധിക്കുന്ന തരത്തിൽ, പ്ലാനിംഗ് ബോർഡ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് 2018-19 വർഷത്തിൽ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്ന തരത്തിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പട്ടികജാതിയിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള വിഭാഗത്തെ സംബന്ധിച്ചാണ് ചോദ്യം ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ പൊതുവായിട്ടുള്ള ചോദ്യമാണ് ചോദിച്ചത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾ എന്നുപറയുന്നത് വേടൻ, നായാടി, കള്ളാടി, ചക്ലിയൻ സമുദായങ്ങളാണ്. അവരുടെ കണക്കാണ് ഞാനിവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ എസ്.സി. വിഭാഗത്തിന്റെ മൊത്തം കണക്കാണ് പറഞ്ഞത്. ഭൂമിയില്ലാത്ത 30698-ഉം വീടില്ലാത്ത 45000-ഉം എന്ന കണക്ക് കറക്ടാണ്. അത് എസ്.സി./എസ്.ടി. വകുപ്പ് തയ്യാറാക്കിയ കണക്കാണ്; ലൈഫ് മിഷന്റെ ഭാഗമായിട്ടുള്ള കണക്കുമാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും ലഭ്യമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ നടപടിയുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കേരളസർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ വളരെ പ്രധാനപ്പെട്ടതാണ് ലൈഫ് മിഷൻ. ലൈഫ് മിഷന്റെ ഭാഗമായിട്ടുള്ള എല്ലാവർക്കും വീട് എന്നുള്ളത് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ആർ.ഒ.ആർ. പ്രകാരം, കേന്ദ്ര വനാവകാശ നിയമപ്രകാരം

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പതിനൊന്നായിരത്തോളം കുടുംബങ്ങൾക്കാണ് സ്ഥലമില്ലാത്തത്. അവർക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1100 ആദിവാസികൾക്ക് ഭൂമി കൊടുക്കുകയും പതിനായിരത്തോളം ആളുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം, ഭൂമിയില്ലാത്ത 30698 പേർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഗ്രാമപ്രദേശത്ത് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 4.50 ലക്ഷം രൂപയും കോർപ്പറേഷൻ അതിർത്തിയിൽ ആറ് ലക്ഷം രൂപയുമാണ് മൂന്ന് സെന്റിന് നൽകുന്നത്. കോർപ്പറേഷനിൽ 3 സെന്റ്, മുനിസിപ്പാലിറ്റിയിൽ 3 സെന്റ്, പഞ്ചായത്തിൽ 5 സെന്റ് എന്നിങ്ങനെ വകുപ്പ് കാശ് കൊടുത്താണ് വാങ്ങുന്നത്. ഇതിനുപുറമെ സർക്കാരിന്റെ ലഭ്യമായിട്ടുള്ള ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: സർ, ഇതിന്റെ നല്ലൊരു വിഹിതം പോകുന്നത് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ വകുപ്പുകളിലേയ്ക്കാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന തുക പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ വന്നിട്ടുള്ള ഗൗരവമായ വീക്ഷണത്തെപ്പറ്റി ഇതിൽ പറയുന്നുണ്ട്. ഇന്ന് ഫെബ്രുവരി മാസം തീരുകയാണ്, ഈ സാമ്പത്തികവർഷത്തിൽ ഇനി ഒരു മാസമാണ് ആകെയുള്ളത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നീക്കിവച്ച തുക സമയബന്ധിതമായി വിനിയോഗിക്കാനും അതല്ലെങ്കിൽ പുതിയ സാമ്പത്തിക വർഷത്തേയ്ക്ക് അത് ക്യാരി ഓവർ ചെയ്ത് പൂർണ്ണമായും ചെലവഴിക്കാനും സാധിക്കുന്ന തരത്തിലുള്ള ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി അതിനെ കാണാൻ സാധിക്കില്ല. പഞ്ചായത്ത് ഭരണസാരഥികളുടെ മൂന്നുദിവസം നീണ്ടുനിന്ന ഒരു സമ്മേളനം പെരിന്തൽമണ്ണയിൽ നടന്നിരുന്നു. അതിൽ അവതരിപ്പിച്ച കണക്കുപ്രകാരം പഞ്ചായത്തുകൾക്ക് അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡിൽ നല്ല പെർഫോമൻസല്ല കാണുന്നത്. അതിനുള്ള പ്രധാനപ്പെട്ട കാരണം, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട സാമ്പത്തിക സ്രോതസ്സുകൾ വേണ്ട രൂപത്തിൽ ടാപ് ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി വന്ന നിയന്ത്രണവും തുടർന്നുള്ള ട്രഷറി

നിയന്ത്രണവും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുത്ത പണം വിനിയോഗിക്കുന്നതിൽ മോശമല്ലാത്ത കുറവ് വരുത്തിയിട്ടുണ്ട്. ഇപ്പോൾ അതിന്റെ നാലാമത്തെ ഗഡു കൊടുക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്ന് ഉത്തരവായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി കൊടുത്ത ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും ഏതാണ്ട് 40 ശതമാനം പട്ടികജാതിക്കാർക്കും 23 ശതമാനം പട്ടികവർഗ്ഗക്കാർക്കും ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുന്നതാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് 12 ശതമാനം വീടുകൾ വാസയോഗ്യമല്ലെന്ന് പറയുകയുണ്ടായി. അത്തരം വീടുകൾക്കുള്ള ആനുകൂല്യം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൊടുക്കുന്ന ഭവനനിർമ്മാണ ആനുകൂല്യങ്ങൾക്ക് സമാനമായ നിലയിൽ ലൈഫ് മിഷൻ മുഖേന 4 ലക്ഷം രൂപയോളം വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തെ അഭിനന്ദിക്കുകയാണ്. ഭൂമിയുടെയും വീടിന്റെയും പ്രശ്നംപോലെ തന്നെയാണ് അവരുടെ തൊഴിൽ പ്രശ്നവും. രാജ്യത്ത് വർദ്ധിച്ചുവരുന്ന സ്വകാര്യവൽക്കരണ നടപടികളുടെ ഭാഗമായി സംവരണാനുകൂല്യങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്തേയ്ക്ക് പോകാൻ പ്രത്യേക സഹായം സംസ്ഥാന സർക്കാർ നൽകുന്നുണ്ടോ; ആ പദ്ധതി കാര്യക്ഷമമായി നടപ്പിലാകുന്നുണ്ടോ; എങ്കിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന കൊടുത്ത്, ഒരു പ്രത്യേക സംവിധാനമൊരുക്കി ഇത്തരം തൊഴിൽ ലഭ്യമാകുന്നതിനുവേണ്ടിയുള്ള സമഗ്രമായ നടപടികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വാസയോഗ്യമല്ലാത്ത വീടുകൾ 12 ശതമാനമാണെന്ന് ഞാൻ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്. അത് പട്ടികജാതി വിഭാഗത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട നാല് സമുദായമായ; വേടർ, നായാടി, കള്ളാടി, ചക്ലിയർ വിഭാഗത്തിലുള്ളവരുടേതാണ്. മറ്റേത് 12 ശതമാനത്തേക്കാൾ കൂടും. പക്ഷെ, ലൈഫ് മിഷനിൽ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പണം എത്രയാണോ അതേ തുക തന്നെ സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപയോഗിച്ച് സ്പിൽ ഓവറായിട്ടുള്ള വീടുകളുടെ പണി പൂർത്തീകരിക്കാൻ സാധിക്കും. മുമ്പ് വിദേശത്ത് പോകുന്നതിന് വിസ കിട്ടിയാൽ 50,000 രൂപയായിരുന്നു കൊടുത്തിരുന്നത്, ഇപ്പോഴത് ഒരു ലക്ഷം രൂപയാക്കിയിട്ടുണ്ട്. അതൊടൊപ്പംതന്നെ അവിടെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചർച്ച നടത്തുന്നതിനാൽ വിസ ലഭിച്ച് പോകുന്നയാൾക്കാർ അവിടെ അലഞ്ഞുതിരിഞ്ഞ് നടക്കേണ്ട സ്ഥിതിവിശേഷമുണ്ടാകില്ല.

നല്ല തൊഴിൽ ഉറപ്പുവരുത്തിയിട്ടായിരിക്കും ഇവിടെ നിന്നും അയയ്ക്കുന്നത്. അതിനുള്ള സംവിധാനം തൊഴിൽ വകുപ്പുമായി ചേർന്നുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ കാര്യക്ഷമമാകാത്തതിന് പ്രധാനപ്പെട്ട കാരണം ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം, സാങ്കേതിക ഭരണാനുമതി കിട്ടുന്നതിലും ഫണ്ട് അനുവദിക്കുന്നതിലുമുള്ള കാലതാമസം, അവർക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിലുള്ള വൈദഗ്ദ്ധ്യക്കുറവ് എന്നിവയെല്ലാമാണ്. ഇതുമൂലം പദ്ധതികൾ നടപ്പാക്കുന്നതിലും പണം ചെലവഴിക്കുന്നതിലും വലിയ കുറവ് സംഭവിക്കുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. ഇവ പരിഹരിച്ച് അർഹതപ്പെട്ടവർക്ക് യഥാസമയം പദ്ധതി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടിയെടുക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ദുർബല ജനവിഭാഗങ്ങൾക്ക് മറ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾക്ക് പുറമെ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതിയിൽപ്പെട്ട ദുർബലവിഭാഗങ്ങൾക്കുള്ള വാർഷിക പദ്ധതിയിൽ ഈ വർഷം നല്ല വർദ്ധനവ് വരുത്തിയിട്ടുണ്ട്. സ്ഥലം വാങ്ങൽ, സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, ഭവനനിർമ്മാണം, സാമൂഹ്യപഠനമുറി, തൊഴിലും പരിശീലനവും എന്നിവയ്ക്കായി 50 കോടി രൂപയാണ് ഇപ്പോൾ വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം അത് 17 കോടി രൂപയായിരുന്നു. അതുപോലെ വ്യക്തിഗത പദ്ധതികളുടെ 41 ശതമാനം സ്ത്രീകൾക്കായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗക്കാർക്ക് നൽകുന്ന നിരക്കിലുള്ള ഭവനനിർമ്മാണത്തിനുള്ള യഥാർത്ഥചെലവ് അതേ നിരക്കിൽത്തന്നെ പട്ടികജാതിയിലെ ദുർബലവിഭാഗങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന രീതിയിൽ 25 സെന്റ് സ്ഥലം വാങ്ങുന്നതിന് 10 ലക്ഷം രൂപ വീതം 250 കുടുംബങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. 500 കുടുംബങ്ങൾക്ക് വീടിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പഠനമുറികൾ നിർമ്മിക്കാൻ രണ്ട് ലക്ഷം രൂപ വീതവും നൽകുന്നതായിരിക്കും. ഇതാണ് പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അടുത്ത വർഷം നടപ്പിലാക്കാൻ പോകുന്ന പ്രധാന പദ്ധതികൾ.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. പുരുഷൻ കടലുണ്ടി: സർ, ദുർബല ജാതിവിഭാഗങ്ങളുടെ കലയും സംസ്കാരവും പരിരക്ഷിക്കാനും പ്രചരിപ്പിക്കാനും അങ്ങ് നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. ഈ വിഭാഗങ്ങൾ ഏതൊക്കെയാണ്; ഏതൊക്കെ ജില്ലയിലാണ് ഈ വിഭാഗങ്ങൾ കൂടുതലുള്ളത്; ദുർബല ജാതിവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; പട്ടികജാതിക്കാർക്ക് ലഭിക്കുന്നതിനുപുറമെ ഈ ദുർബലവിഭാഗങ്ങൾക്ക് എന്തെല്ലാം പ്രത്യേക സഹായങ്ങളാണ് ഇപ്പോൾ അനുവദിക്കുന്നത് എന്നിവ വിശദീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ദുർബലവിഭാഗങ്ങൾ ഉൾപ്പെടെയുള്ള പട്ടികജാതി വിഭാഗങ്ങൾ മൊത്തം 53 എണ്ണമാണുള്ളത്. എസ്.ടി. വിഭാഗം 37 വരും. ഈ വിഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കലാ-സാംസ്കാരിക, പാരമ്പര്യമായിട്ടുള്ള അവരുടെ കഴിവുകൾ, തൊഴിൽ നൈപുണ്യം, ഭക്ഷണരീതി, വൈദ്യരീതി ഇതെല്ലാം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതിയ്ക്കാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപംകൊടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായാണ് അസ്തമിച്ചുപോയ 'ഗദ്ദിക' എന്ന പരിപാടി രൂപപ്പെടുത്തിയത്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലാണ് ഇപ്പോൾ 'ഗദ്ദിക' പരിപാടി കഴിഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അവസരത്തിൽ ആദ്യം പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി, നാദാപുരത്തെ വളയം എന്നിവിടങ്ങളിലും പിന്നീട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ മണ്ഡലമായ പത്തനാപുരത്തും ഇപ്പോൾ പൊന്നാനിയിലും നടക്കുകയുണ്ടായി. ഉല്പന്ന വിപണനവുമായി ബന്ധപ്പെട്ടുകൊണ്ട് ഏറ്റവും കൂടുതൽ തുക ലഭിച്ചത് ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ നിന്നാണ്. ഏതാണ്ട് 42 ലക്ഷം രൂപയുടെ വിപണനമാണ് അവിടെ നടന്നത്. പണ്ടൊക്കെ രണ്ട്-മൂന്ന് ലക്ഷം രൂപയുടെ വിപണനം നടന്ന സ്ഥലത്താണിത്. ഓരോ ദിവസവും വൈവിധ്യമുള്ള കലാപരിപാടികളാണ് പത്തുദിവസം നീണ്ടുനിന്ന ആ മേളയിൽ നമുക്ക് കാണാൻ കഴിഞ്ഞത്. അതൊരു പാഠമാണ്. ഒരു കൊല്ലം ഇപ്പോൾ രണ്ട് സ്ഥലത്താണ് നടത്തുന്നത്. അത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്നുള്ള ഡിമാന്റ് ഇപ്പോൾ വന്നിരിക്കുകയാണ്. വേടൻ വിഭാഗം കൊല്ലം, കോട്ടയം ജില്ലകളിലാണുള്ളത്. നായാടി വിഭാഗം പാലക്കാട്, തൃശ്ശൂർ ജില്ലകളിലും കള്ളാടി വിഭാഗം മലപ്പുറം, കോഴിക്കോട് ജില്ലകളിലും ചക്ലിയർ സമുദായം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുമുണ്ട്. ഇവർക്കുള്ള പ്രത്യേകമായ ചില ആനുകൂല്യങ്ങൾ എന്നുപറയുന്നത്, ഒന്നാം തരം മുതൽ നാലാം തരം വരെ 130 രൂപ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റായി 320 രൂപയും കൊടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ പൊതു

പട്ടികജാതി വിഭാഗങ്ങൾക്ക് സ്റ്റൈപ്പന്റ് കൊടുക്കുന്നില്ല. 5 മുതൽ 7 വരെയുള്ള വിഭാഗങ്ങൾക്ക് 160 രൂപയും എട്ടാം ക്ലാസിന് 190 രൂപയും 9 മുതൽ 10 വരെ 190 രൂപയും കൊടുക്കുന്നുണ്ട്. സാധാരണ നിലയിലുള്ള ലംപ്സം ഗ്രാന്റും മറ്റ് വിദ്യാഭ്യാസ സാമ്പത്തിക സഹായങ്ങൾക്കും പുറമെയാണ് ഇവ കൊടുക്കുന്നത്. ഇതിപ്പോൾ വർദ്ധിപ്പിച്ചതാണ്. ഇനിയും തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിന് കൊടുക്കാൻ ബാക്കിവച്ച തുക കൊടുക്കുമെന്നാണ് ആദ്യം പ്രഖ്യാപിച്ചത്. എന്നാൽ പ്രസ്തുത തുക ലഭ്യമായാലും വീടിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലരും അപേക്ഷപോലും നൽകിയില്ല. പല വീടുകളും രേഖകളിൽ മാത്രമാണ് ഒന്നും രണ്ടും മൂന്നും നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ അവയൊന്നും പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. വാസയോഗ്യമല്ലാത്ത ആയിരക്കണക്കിന് വീടുകളിലാണ് ഇപ്പോഴും പട്ടികജാതി കുടുംബങ്ങൾ താമസിച്ചു വരുന്നത്. നേരത്തെ രണ്ടും മൂന്നും ഗഡു ധനസഹായം വാങ്ങിയെന്നുള്ള രേഖയുള്ളതിനാൽ ലൈഫ് പദ്ധതിയുടെ പുതിയ ലിസ്റ്റിൽ ഇവരുടെ പേര് ഉൾപ്പെട്ടിട്ടുമില്ല. ഇതിന്റെ ആദ്യഘട്ടത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായ നാല് ലക്ഷത്തിന് തുല്യമായ ബാക്കി തുക കൊടുക്കുമെന്ന് പറഞ്ഞതുമില്ല. അന്ന് മൂന്ന് ലക്ഷം രൂപയാണെങ്കിൽ അതിന്റെ ബാക്കി തുക കിട്ടുമെന്നാണ് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭിച്ച മറുപടി. ഇപ്പോഴും വീട് പൂർത്തീകരിക്കാത്ത ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. അവരെ ലൈഫ് പദ്ധതിയുടെ പുതിയ ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേക നിർദ്ദേശം നൽകുവാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇക്കാര്യത്തിൽ മുൻ ഗവൺമെന്റിനെ ഞാൻ കുറ്റപ്പെടുത്തുന്നതല്ല; പക്ഷെ തുക വർദ്ധിപ്പിച്ചതിന്റെ ഗുണം ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല. അതിന്റെ ഭാഗമായി ആയിരക്കണക്കിന് വീടുകൾ സ്പിൽ ഓവറായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി വിഭാഗത്തിൽ 16360 വീടുകളാണ് സ്പിൽ ഓവറായി ഉണ്ടായിരുന്നത്. അതിൽ 6400 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 9960 വീടുകൾ പൂർത്തീകരിക്കാനുണ്ട്. സ്പിൽ ഓവറായ വീടുകൾ ഏത് ഘട്ടത്തിലാണ് നിൽക്കുന്നതെന്ന് പരിശോധിച്ചതിനു ശേഷം, ആ ഘട്ടം മുതൽ ലൈഫ് പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ ആനുപാതികമായുള്ള തുക കൊടുക്കുന്നതായിരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 22000 പുതിയ വീടുകൾ കൊടുത്തിട്ടുണ്ട്.

അതിൽ 6406 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 15594 വീടുകൾ ബാക്കിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽ 17554 വീടുകൾ സ്പിൽ ഓവർ ആയുണ്ടായിരുന്നു. അതിൽ 4821 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 12733 വീടുകൾ പൂർത്തീകരിക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6709 വീടുകളാണ് നൽകിയത്. അവയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. മൊത്തത്തിൽ ഐ.എ.വൈ.-യിൽ (ഇന്ദിര ആവാസ് യോജന) ഒരു ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഗ്രാമവികസന വകുപ്പിന് കൊടുക്കേണ്ടതായിരുന്നു. അന്ന് തുക കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഐ.എ.വൈ. പദ്ധതിയിൽപ്പെട്ട 37287 വീടുകൾ സ്പിൽ ഓവറായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 23887 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽ ഓവറായി, ഒന്നാം ഗഡു കിട്ടി, രണ്ടാം ഗഡു കിട്ടുന്നില്ല, രണ്ടാം ഗഡു കിട്ടിയവർക്ക് മൂന്നാം ഗഡു കിട്ടുന്നില്ല എന്നിങ്ങനെയുള്ള പ്രശ്നം ഒഴിവാക്കുന്നതിനാണ് ആദ്യം മുൻഗണന കൊടുക്കുന്നത്. അതോടൊപ്പംതന്നെ ഈ സാമ്പത്തിക വർഷം പുതിയ വീടുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വിവിധ കാലഘട്ടങ്ങളിൽ വിവിധ പദ്ധതികളിൽപ്പെടുത്തി ഭവനനിർമ്മാണത്തിന് തുക നൽകുകയും അതിൽ ഭാഗികമായി മാത്രം തുക വാങ്ങുകയും പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന വീടുകൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന നാല് ലക്ഷം രൂപയ്ക്ക് ആനുപാതികമായി ബാക്കി ഗഡുക്കൾ നൽകുമെന്ന തീരുമാനം സ്വാഗതാർഹമാണ്. അതിന് പ്രത്യേക അഭിനന്ദനം അറിയിക്കുന്നു. മുഴുവൻ തുകയും വാങ്ങിയിട്ടും രോഗംമൂലവും വഴിസൗകര്യമില്ലാത്തതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്, ലേബർ ചാർജ് തുടങ്ങിയവ കൂടിയതിനാലും പണി പൂർത്തീകരിക്കാൻ കഴിയാത്തവരുണ്ട്. അങ്ങനെയുള്ളവർക്ക് പണി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; എങ്ങനെയാണ് അവരെ സഹായിക്കാൻ കഴിയുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. നാലാം ഗഡു വാങ്ങിയിട്ടുണ്ടാകും; എന്നാൽ നാലാമത്തെ സ്റ്റേജോ മൂന്നാമത്തെ സ്റ്റേജോ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടാകില്ല. അതിനിടയിലായിരിക്കും എന്തെങ്കിലും അസുഖമോ മറ്റ് രൂപത്തിലുള്ള സാമ്പത്തിക ബാധ്യതയോ വരുന്നത്. അപ്പോൾ അവസാനം കൊടുത്ത ഗഡു ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ടാകില്ല. എന്നാൽ വീടിന്റെ പണി പൂർത്തീകരിക്കുകയും വേണം. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ആ പണി പൂർത്തീകരിക്കുന്നതിനെ സംബന്ധിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും. അതും യഥാർത്ഥത്തിൽ സ്പിൽ ഓവർ വർക്കാണ്. സ്പിൽ ഓവർ എന്നുവച്ചാൽ തുക വാങ്ങിയിട്ടുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ചത് സ്പിൽ ഓവർ തുക കൊടുക്കാത്തതുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഇത് തുക വാങ്ങിയിട്ടും സ്പിൽ ഓവർ ആയതാണ്. ആ കണക്കുകൾപ്പെടെയാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ആ പ്രശ്നം പരിഹരിക്കുന്നതിന് വകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ലൈഫ് മിഷനിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത കൂട്ടത്തിൽ വിവിധ പദ്ധതികളിൽ സഹായധനം സ്വീകരിച്ചിട്ടുള്ള ആളുകളുടെ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് വ്യക്തമായ ഉത്തരവോ മാനദണ്ഡമോ ലഭ്യമാക്കാതിരുന്നതുകൊണ്ട് ഇവരെ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. അതിനുള്ള നടപടിക്രമങ്ങൾ എത്രയുംവേഗം ആരംഭിച്ചാൽ മാത്രമേ ഇത്തരത്തിൽ മുടങ്ങികിടക്കുന്ന വീടുകൾ പൂർത്തീകരിക്കാൻ കഴിയൂ. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നേരത്തെ ജനറൽ വിഭാഗത്തിനും ഇതുപോലെ പൂർത്തീകരിക്കപ്പെടാത്തത് പരിഗണിക്കപ്പെടുമെന്ന് പറഞ്ഞിരുന്നു. അവയും പെൻഡിംഗിലാണ്. ഇക്കാര്യം സംബന്ധിച്ച് വ്യക്തമായ ഉത്തരവ് എത്രയുംവേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇക്കാര്യം ശരിയാണ്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്പിൽ ഓവറിൽ ഉൾപ്പെട്ട ഒരു വീടും വന്നിട്ടില്ല. സ്പിൽ ഓവറിൽ കിടക്കുന്ന വീടുകളാണെങ്കിൽപ്പോലും ആനുപാതികമായി ലൈഫ് മിഷനിൽ വർദ്ധിപ്പിച്ച തുക കൊടുക്കുന്നതായിരിക്കും. അതേസമയം ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്തതാണ് നേരത്തെ പറഞ്ഞ തുക വാങ്ങിയിട്ട് വീട് പൂർത്തീകരിക്കാത്തവരുടെ കാര്യം. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. എന്നാൽ മാത്രമേ വീടില്ലാത്ത എല്ലാവർക്കും വീട് ലഭ്യമാക്കാൻ സാധിക്കൂ. അല്ലാതെ സ്പിൽ എന്നുപറഞ്ഞ് അസ്ഥിപഞ്ചരമായി അവിടെ വീടുണ്ടായിട്ട് എന്ത് കാര്യമാണുള്ളത്; അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും.

<u>ശ്രീ. പി. കെ. ശശി</u>: സർ, ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന പദ്ധതിയിൽ, നിലവിൽ ഗുണഭോക്താക്കൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഭൂമിയാണ് പലപ്പോഴും കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ പല സന്ദർഭത്തിലും ഭൂവുടമകളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടുകയാണ്. മാത്രമല്ല, അഴിമതി നടത്താനുള്ള

അവസരവും അതിന്റെ ഭാഗമായുണ്ട്. ഇത്തരം കേസ്സുകളിൽ ചില കളക്ടർമാർകൂടി വിജിലൻസിന്റെ പരിധിയിൽ വരുന്നുണ്ട്. ഇതൊഴിവാക്കാൻ ഗുണഭോക്താവ് ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഭൂമി കൊടുക്കുന്നതിനുപകരം വകുപ്പ് നേരിട്ട് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് നല്ലൊരു ചോദ്യമാണ്. കഴിഞ്ഞ പ്രാവശ്യം ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട്, 'ആശിക്കും ഭൂമി ആദിവാസിക്ക് ' പദ്ധതിയുമായി ബന്ധപ്പെട്ട് കുറേ പ്രശ്നങ്ങളും ആരോപണങ്ങളും വന്നു. അതിൽ ചിലത് വിജിലൻസിന്റെ ഭാഗമായി അന്വേഷണം നടക്കുകയാണ്. ഈ ആശങ്കയുള്ളതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശമെന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. കെ. ശശി സൂചിപ്പിച്ചതുപോലെ, ആദിവാസി ചൂണ്ടിക്കാണിക്കുന്ന ഭൂമി ഇടനിലക്കാരെ വച്ച് വാങ്ങുന്നതിനു പകരം ഡിപ്പാർട്ടുമെന്റ് തന്നെ ആ ഭൂമി പൂൾ ചെയ്ത് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അതിൽ നിന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. അപ്പോൾ ഉദ്യോഗസ്ഥന്മാർക്ക് ആശങ്കയുണ്ടാകില്ല, ആദിവാസികളെ പറ്റിച്ചെന്നും പറയില്ല. അതായിരിക്കും ഏറ്റവും ഫലപ്രദമായിട്ടുള്ള നടപടി. ഗുണഭോക്താക്കൾക്ക് കൊടുക്കാൻ പറ്റിയ ഭൂമി വകുപ്പ് തന്നെ വാങ്ങുന്നതാണ്. അത് വാങ്ങുന്നതിന് ചില നിബന്ധനകളുണ്ട്. കളക്ടർമാർക്ക് ഭൂമി വാങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളനുസരിച്ച് ഭൂമി മൊത്തമായി വാങ്ങി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ഭൂമി അവർക്ക് കൊടുക്കുന്ന സംവിധാനത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. പ്രസ്തുത സംവിധാനം ഈ വർഷംതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. അങ്ങനെയാകുമ്പോൾ ഈ പ്രശ്നം ഇല്ലാതാകും.

ശ്രീ. കെ. ബാബു: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. കോളനികളുടെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് ഓരോ മണ്ഡലത്തിലും രണ്ട് അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ളതിൽ ഓരോ മണ്ഡലത്തിലും അവിടെയുള്ള പട്ടികജാതിക്കാരുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ കോളനികൾ ഏറ്റെടുക്കുവാൻ തയ്യാറാകുമോ; അതോടൊപ്പം അത്തരം കോളനികളിൽ 40 കുടുംബാംഗങ്ങൾ എന്ന മാനദണ്ഡത്തിൽ ഇളവ് വരുത്താൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതിപ്രകാരം വികസനം നടക്കുന്ന കോളനികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിനിമം 40 കുടുംബങ്ങളുണ്ടാകണമെന്നാണ് നിബന്ധന. എന്നാൽ ഏതെങ്കിലുമൊരു മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40 കുടുംബങ്ങളില്ലെങ്കിൽ അത് മുപ്പതിലേയ്ക്കോ മുപ്പത്തിയഞ്ചിലേയ്ക്കോ താഴ്ത്തുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും. 40 കുടുംബങ്ങളുണ്ടെങ്കിൽ ആ കോളനിയെ എടുക്കണം. അതിനെ ഒഴിവാക്കിക്കൊണ്ട് 25 കുടുംബങ്ങളുള്ളത് എടുക്കാൻ കഴിയില്ല. 40 കുടുംബങ്ങളില്ലെങ്കിൽ ഈ പറഞ്ഞ കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേരളത്തിലെ നഗരസഭകളുടെ എണ്ണം ഇന്ന് വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് പല നഗരസഭകളും രൂപീകരിച്ചിട്ടുള്ളത്. അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി ഗ്രാമങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. പക്ഷേ പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ധാരാളം നഗരപ്രദേശങ്ങളുമുണ്ട്. അത്തരം നഗരപ്രദേശങ്ങളിൽക്കൂടി അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കഴിഞ്ഞ ചോദ്യത്തിന്റെ ഉത്തരം പറഞ്ഞപ്പോൾ ഒരു കാര്യം പറയാൻ വിട്ടുപോയി. അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി പ്രകാരം അടുത്ത വർഷം മുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30 കുടുംബങ്ങൾ മതിയെന്ന തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ യാതൊരു നിരോധനവുമില്ല. ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതുപോലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കണം. ഈ പദ്ധതിയിൽനിന്ന് മുനിസിപ്പാലിറ്റിയെയും കോർപ്പറേഷനെയും ഒഴിവാക്കിയിട്ടില്ല.

**ലഹരി മാഫിയയെ നിയന്ത്രിക്കാനുള്ള നടപടികൾ**

3 (*65) <u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക്

സബ്സ്റ്റൻസ് (എൻ.ഡി.പി.എസ്.) നിയമത്തിൻകീഴിൽ വരുന്ന കേസുകളും വിമാനത്താവളംവഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന കേസുകളും കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ലഹരി മാഫിയയെ നിയന്ത്രിക്കാൻ കർശന നടപടികൾ തുടർന്നും സ്വീകരിക്കുന്നതിനായി പ്രത്യേക സംഘങ്ങളെ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രായപൂർത്തിയാകാത്തവർക്ക് നിയമം നൽകുന്ന പരിരക്ഷ ദുരുപയോഗം ചെയ്ത് ഇത്തരക്കാരെ ലഹരിക്കടത്തിനും കൈമാറ്റത്തിനുമായി മാഫിയ സംഘങ്ങൾ വലയിൽപ്പെടുത്താതിരിക്കാനായി വകുപ്പിന് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ലഹരി പദാർത്ഥ വിൽപ്പനയും ഉപയോഗവും അവസാനിപ്പിക്കാനായി പൊതുജനങ്ങളുടെകൂടി പങ്കാളിത്തത്തോടെ ലഹരി വിമുക്ത മിഷൻ നടത്തിവരുന്ന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നൽകുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിക്കുന്നതിനും വാഹനങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നുണ്ട്. വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ്, ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. വിമാനത്താവളം വഴി ലഹരിപദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനും പിടിച്ചെടുക്കുന്നതിനും വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് വിഭാഗം സജീവ ഇടപെടൽ നടത്തുന്നുണ്ട്.

(ബി) ലഹരി കടത്തിനും കൈമാറ്റത്തിനുമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുന്നതിനെതിരെ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കഞ്ചാവ്, മയക്കുമരുന്ന്, ആംപ്യൂളുകൾ, ഗുളികകൾ തുടങ്ങിയ ലഹരിവസ്തുക്കൾ കണ്ടെടുക്കുന്നതിന് ജാഗരൂകമായ പ്രവർത്തനം നടത്താൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരിമരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിനും ഇല്ലാതാക്കുന്നതിനും എക്സൈസിന്റെ ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും നിരന്തരം രഹസ്യ നിരീക്ഷണം നടത്തിവരികയാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ഉചിതമായ മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണി വരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽനിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിക്കെതിരെ കായിക ലഹരിയെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലൈബ്രറി കൗൺസിൽ,

റസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് പഞ്ചായത്ത് വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിമുക്തി പദ്ധതിയിലൂടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറച്ചുകൊണ്ടുവരാനും അതിനെതിരെ ശക്തമായ നടപടിയെടുക്കാനും നിരവധി പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ ഇതെല്ലാം ചെയ്യുമ്പോഴും ചെറുപ്പക്കാരുടെയും കുട്ടികളുടെയുമിടയിൽ ഇതിന്റെ ഉപയോഗം കുറേക്കൂടി വ്യാപിക്കുന്ന തരത്തിലേയ്ക്ക് വരുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഇരുപത്തിരണ്ട് വയസ്സ് പ്രായം തോന്നിക്കുന്ന രണ്ടുപേർ ഒരു ബൈക്കിൽ പരസ്യമായി മദ്യക്കുപ്പി തുറന്ന് മദ്യം കുടിച്ചുകൊണ്ട് പോകുന്നത് നാലഞ്ച് ദിവസം മുമ്പ് ഞാൻ കാണുകയുണ്ടായി. അപ്പോൾത്തന്നെ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിച്ച് ആ ബൈക്ക് പിടിക്കാനുള്ള നടപടിയുണ്ടാക്കി. കഞ്ചാവും മയക്കുമരുന്നും കൊണ്ടുവരുമ്പോൾ അവർ പിടിക്കപ്പെട്ടാൽ, ഒരു കിലോഗ്രാം ഉണ്ടെങ്കിൽ മാത്രമേ കടുത്ത ശിക്ഷയുണ്ടാകുകയുള്ളൂ എന്നുള്ളതാണ് ഇതിലുള്ള പ്രശ്നം. സർക്കാർ നടപ്പാക്കുന്ന പദ്ധതികളെയെല്ലാം അതിജീവിച്ചുകൊണ്ട് ചെറിയ തോതിലുള്ള പൊതികളാക്കി രഹസ്യമായി ഇവ വിതരണം ചെയ്യുന്നുണ്ട്. ഒരു കിലോഗ്രാം എന്നുള്ളതിനുപകരം ചെറിയ തോതിൽ ഇവ കയ്യിൽ സൂക്ഷിച്ചാലും പിടിക്കുന്ന തരത്തിലേയ്ക്ക് ഈ നിയമം മാറ്റിയെടുക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അനധികൃത ലഹരിവ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സർവ്വകാല റിക്കാർഡാണ് കേസുകളുടെ എണ്ണത്തിലുണ്ടായിട്ടുള്ളത്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഭാഗമായിട്ടാണ് അത്തരമൊരു നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കഞ്ചാവ് വിൽപ്പന തടയുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതാണ് എൻ.ഡി.പി.എസ്. ആക്ട്. ഈ ആക്ടിൽ ശിക്ഷ കർശനമാക്കത്തക്ക നിലയിലുള്ള ഭേദഗതി കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഇക്കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കുട്ടികളുടെ ഇടയിൽ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ലഹരിമുക്ത ക്ലബ്ബുകളൊക്കെ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഗോപിനാഥ് മുതുകാട് എല്ലാ ബസ് സ്റ്റാന്റുകളിലും മറ്റുള്ള സ്ഥലങ്ങളിലുമൊക്കെ ഇതുസംബന്ധിച്ച് മാജിക് ഷോ കാണിച്ചിരുന്നു. കൊട്ടാരക്കര ബസ് സ്റ്റാന്റിൽ വന്നപ്പോൾ സ്കൂൾ കുട്ടികളും യാത്രക്കാരും ഇദ്ദേഹത്തിന്റെ മാജിക് ഷോ കണ്ടിട്ട് കരഞ്ഞുകൊണ്ട് പോയത് ഞാൻ നേരിട്ട് കണ്ടതാണ്. അതുപോലെ മനസ്സിലേയ്ക്ക് ആഴ്ന്നിറങ്ങുന്ന തരത്തിലുള്ള ദൃശ്യാവിഷ്കരണം എല്ലാ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ആളുകൾ കൂടുന്നിടത്തും സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിതമായി നടത്തുന്നതിനുള്ള പരിപാടികളെല്ലാം ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പരിപാടികളെല്ലാം നടപ്പിലാക്കുമ്പോൾത്തന്നെ ഓരോ വീടും ഓരോ വ്യക്തിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനം വിപുലപ്പെടുത്തിയെങ്കിൽ മാത്രമേ ഈ അപകടത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. വിമുക്തിയുടെ സംഘടനാതലത്തിലുള്ള പ്രവർത്തനം അയൽക്കൂട്ടംവരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും കുടുംബശ്രീ യൂണിറ്റുകളെ ഇതിന്റെ ഭാഗമാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളുമുണ്ട്. എല്ലാ തലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അപ്രകാരം വീടുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ താഴെതലത്തിൽ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ ലഹരിക്ക് അടിമയായിട്ടുള്ള ആളുകളെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മയക്കുമരുന്നുമായി ബന്ധപ്പെട്ട് ഒട്ടേറെ കേസുകൾ കണ്ടെത്തുന്നുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ പിടിക്കപ്പെടുന്ന ആളുകളല്ലാതെ ലഹരിപദാർത്ഥങ്ങളുടെ യഥാർത്ഥ ഉറവിടം എവിടെയാണെന്ന് കണ്ടെത്താനുള്ള സംവിധാനം എക്സൈസ് വകുപ്പിനുണ്ടോ? പുലിമടയിൽ കയറി പുലിയെ ആക്രമിച്ച് ഇല്ലാതാക്കുക എന്നതുപോലെ കേന്ദ്ര സംവിധാനവുമായി ബന്ധപ്പെട്ട് ഇതിന്റെ ഉറവിടം കണ്ടെത്താനുള്ള നടപടി സ്വീകരിക്കാൻ എക്സൈസ് വകുപ്പിന് സാധിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലഹരിപദാർത്ഥങ്ങളുടെ സോഴ്സ് കണ്ടെത്തുന്നതിനുള്ള ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. എക്സൈസ് വകുപ്പിന്റെ നിലവിലുള്ള സംവിധാനവും പോലീസ് സംവിധാനവുമായി

കൂടിച്ചേർന്നുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. 2018 ഫെബ്രുവരി മാസത്തിലാണ് എറണാകുളത്ത് എക്സൈസ് സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ 30 കോടി രൂപ വിലമതിക്കുന്ന 5.020 കിലോഗ്രാം MDMA (Methylene-dioxy-meth-amphetamine) പിടിച്ചെടുത്തിട്ടുള്ളത്. ഇത് പ്രത്യേകതരത്തിലുള്ള പുതിയൊരു ലഹരിപദാർത്ഥമാണ്. പൊതുവെ ഇതിന്റെ സ്ഥിതി പരിശോധിച്ചപ്പോൾ അഖിലേന്ത്യാ തലത്തിൽത്തന്നെ ആദ്യമായിട്ടാണ് ഇത്തരമൊരു കേസ് കണ്ടുപിടിച്ചിട്ടുള്ളത്. അത് കേരളത്തിലെ എക്സൈസ് വകുപ്പാണ് ചെയ്തിട്ടുള്ളത്. ഇത്തരം കേസുകൾക്ക് അന്താരാഷ്ട്ര ബന്ധമുണ്ട്. അത്തരം ബന്ധങ്ങൾകൂടി പരിശോധിക്കുന്നതിനുള്ള നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ തിരികെ സഭയിൽ ഹാജരായി.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷ

4(*61) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ മേഖലയിൽ അപകടങ്ങളും അപകട മരണങ്ങളും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) നിയമത്തിലും അതിന്റെ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷാ നിബന്ധനകൾ കെട്ടിടനിർമ്മാതാക്കൾ പാലിക്കാത്തതുകൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, പ്രസ്തുത നിബന്ധനകൾ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വൻകിട കെട്ടിട നിർമ്മാണ മേഖലകളിൽ സുരക്ഷാ ആഡിറ്റ് നിർബന്ധമാക്കുമോ;

(ഇ) ഇത്തരത്തിൽ അപകടങ്ങൾ സംഭവിക്കുന്നത് കൂടുതലും ഇതരസംസ്ഥാന തൊഴിലാളികൾക്കാകയാൽ അവരുടെ കാര്യത്തിൽ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ &ബി) ഉണ്ട്.

(സി) സ്വീകരിക്കും.

(ഡി) വൻകിട കെട്ടിട നിർമ്മാണമേഖലകളിൽ സുരക്ഷാ ആഡിറ്റ് നിർബന്ധമാക്കും. തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹെൽത്ത് & സേഫ്റ്റി മാന്വലിൽ സുരക്ഷാ മാനദണ്ഡങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളിൽ സുപ്രധാനങ്ങളായിട്ടുള്ളവ എല്ലാം തന്നെ 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമത്തിലും 1998-ലെ ചട്ടങ്ങളിലും പ്രതിപാദിക്കുകയും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടർമാർ കെട്ടിട നിർമ്മാണ സൈറ്റുകളിൽ പരിശോധന നടത്തി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷയും വിവരശേഖരണവും ലക്ഷ്യമിട്ട് തൊഴിൽ വകുപ്പ് ആവാസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2 ലക്ഷം രൂപ അപകട മരണ ഇൻഷ്വറൻസും നൽകുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. നിർമ്മാണ മേഖലകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് ഈ മേഖലയിൽ സ്ഥാപന പരിശോധന ഊർജ്ജിതപ്പെടുത്തുന്നതാണ്.

2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജോലി സ്ഥലത്തുണ്ടാകുന്ന അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ അംഗ തൊഴിലാളികളുടെ ആശ്രിതർക്ക് 50,000 രൂപ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും

ധനസഹായമായി അനുവദിക്കുന്നു. ധനസഹായ തുക വർദ്ധിപ്പിക്കുന്ന കാര്യവും പദ്ധതിയുടെ ആനുകൂല്യം എല്ലാ അതിഥി തൊഴിലാളികൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ചും സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചു വരുന്നു. കൂടാതെ ജോലിക്കിടെ അപകടംമൂലം പരിക്കേറ്റ് ആറുമാസത്തിൽ കുറയാത്തകാലം ജോലി ചെയ്യാൻ കഴിയാതെ വരുന്ന അംഗങ്ങൾക്ക് 25,000 രൂപ വരെ പ്രത്യേക ആശ്വാസ ധനസഹായത്തിനും അർഹതയുണ്ട്.

## സാമൂഹ്യ വനവൽക്കരണം

5(*63) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം വനവൽക്കരണ പദ്ധതികൾക്ക് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(സി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ചെടികൾ പരിപാലിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ . കെ. രാജു):

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വിവിധയിനത്തിലുള്ള വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, മതസ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തരം വിതരണം ചെയ്തുവരുന്നു. നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ, കണ്ടൽ വനവൽക്കരണം, ഹെർബൽ ഗാർഡൻ, ബീച്ച് പ്ലാന്റിംഗ് തുടങ്ങി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തൈകൾ വിതരണം ചെയ്തുവരുന്നു. പരിസ്ഥിതി ദിനമായ ജൂൺ 5-ന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം സൗജന്യമായും, പൊതുജനങ്ങൾ വിവിധ മത-രാഷ്ട്രീയ സംഘടനകൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ

വകുപ്പുകൾ എന്നിവയ്ക്ക് സൗജന്യ നിരക്കിലും വിവിധയിനം തൈകൾ വിതരണം ചെയ്തുവരുന്നു. വനത്തിനു പുറത്ത് തടിയുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പത്തിനം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന കർഷകർക്ക് ധനസഹായം നൽകിവരുന്നു. ജൈവ വൈവിദ്ധ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാവുകൾ, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകിവരുന്നു. കൂടാതെ ഔഷധത്തോട്ടം, നക്ഷത്രവനം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ വൃക്ഷത്തൈകളും നൽകിവരുന്നു. സാമൂഹിക വനവൽക്കരണ പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കുന്ന വ്യക്തികൾക്ക്/സംഘടനകൾക്ക് വർഷംതോറും വനമിത്ര പുരസ്കാരം നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം വനവൽക്കരണ പദ്ധതികൾക്ക് പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, മതസ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന വനവൽക്കരണ പദ്ധതിപ്രകാരം നട്ടുപിടിപ്പിക്കുന്ന തൈകളുടെ അതിജീവനത്തിനും പരിപാലനത്തിനുമായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വനവൽക്കരണ പദ്ധതികൾ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ പദ്ധതി മുഖാന്തരം സംസ്ഥാനത്ത് ഹരിതാവരണം മെച്ചപ്പെട്ടിട്ടുണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം വിതരണം ചെയ്തതും നട്ടുപിടിപ്പിച്ചതുമായ വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിനും പരിപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റികൾ നിലവിലുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് തൈ ഒന്നിന് ഏഴുരൂപ നിരക്കിലാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ടി വൃക്ഷത്തൈകളുടെ പരിപാലനം സ്വാഭാവികമായും അവർതന്നെ ഉറപ്പാക്കിക്കൊള്ളും. തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സർവ്വേ നടത്താറുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നു കാലികളിൽനിന്നും മറ്റും സംരക്ഷിക്കുന്നതിനായി ട്രീഗാർഡ് സംരക്ഷണം നൽകുകയും, കാലകാലങ്ങളിൽ കളകൾ നീക്കംചെയ്യുകയും പരിപാലനത്തിന് സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ഫീൽഡ് സ്റ്റാഫുകൾ എന്നിവയുടെ സേവനം

ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവ സംരക്ഷിക്കുന്നതിനായി ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ചും വിവിധ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പാക്കുന്നുണ്ട്. ബോധവൽക്കരണ പദ്ധതിയുടെ ഫലമായി വൃക്ഷത്തൈകളുടെ ആവശ്യം ഓരോ വർഷവും വർദ്ധിച്ചുവരുന്നുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ

6(*66) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന - വേതന വ്യവസ്ഥകൾ പരിശോധിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പിനെ സംബന്ധിച്ച 19 മുതൽ 30 വരെയുള്ള ശിപാർശകളിൽ ഏതൊക്കെ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് വീരകുമാർ കമ്മിറ്റി നൽകിയ ശിപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത ശിപാർശ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട 19 മുതൽ 21 വരെയുള്ള ശിപാർശകൾ സർക്കാർ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പരിഗണനയ്ക്കായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26-2-2016 -ൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി സ്വകാര്യ ആശുപത്രി മേഖലയിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. കൂടാതെ 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി തീരുമാനിച്ചിട്ടുണ്ട്.

അവധിയുമായി ബന്ധപ്പെട്ട 22-ാമത്തെ നിർദേശത്തിന്മേൽ ആശുപത്രി ജീവനക്കാർക്ക് നിയമാനുസൃതമായ അവധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.

സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച 23-ാമത്തെ നിർദ്ദേശം നടപ്പിലാക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച 24-ാമത്തെ നിർദ്ദേശത്തിന്മേൽ വിശ്രമ മുറി, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറി, ഹോസ്റ്റൽ സൗകര്യം എന്നീ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

അടിസ്ഥാന വേതനം സംബന്ധിച്ച 25-ാമത്തെ നിർദ്ദേശത്തിന്മേൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടി സർക്കാരിന്റെ പരിഗണനയിലുമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിലൂടെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്തുന്നുണ്ട്.

വേതനം ബാങ്കുവഴി വിതരണം ചെയ്യുന്നത് സംബന്ധിച്ച 26-ാമത്തെ നിർദ്ദേശത്തിന്മേൽ തൊഴിലാളികളുടെ വേതനം ബാങ്കുവഴി വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്.

നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ഇ.എസ്.ഐ., ഇ.പി.എഫ്. സംബന്ധിച്ച 27-ാമത്തെ നിർദ്ദേശത്തിന്മേൽ ജീവനക്കാർക്ക് ഇ.എസ്.ഐ, ഇ.പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് സ്ഥാപന പരിശോധന വേളയിൽ പരിശോധിക്കുകയും ആയത് സംബന്ധിച്ച അംഗത്വം എടുത്തിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ വിവരം അറിയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് മെഡിക്കൽ ബെനിഫിറ്റ്സ്, ഇൻസെന്റീവ്/റിവാർഡ് എന്നിവ നൽകുന്നത് സംബന്ധിച്ച 28, 29 നിർദ്ദേശങ്ങളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് ജീവനക്കാരെ ഒരു മാസത്തെ നോട്ടീസോടുകൂടി രാജി/വിടുതൽ ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച 30-ാമത്തെ നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

(ബി) 1. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ 100 കിടക്കകളിൽ താഴെയും 100 കിടക്കകളിൽ മുകളിലും ഉള്ളതായി രണ്ടായി തരംതിരിക്കുക.

2. 100 കിടക്കകൾക്ക് മുകളിലുള്ള ആശുപത്രികളിൽ 6-6-2012 മണിക്കൂർ എന്ന നിരക്കിൽ ഷിഫ്റ്റ് നടപ്പിലാക്കണമെന്നും ഇതിൽ ദിവസം 8 മണിക്കൂർ ആഴ്ചയിൽ 48 മണിക്കൂർ മാസത്തിൽ 208 മണിക്കൂർ എന്ന നിലയിൽ ഡ്യൂട്ടി സമയം അധികരിക്കരുത്.

3. 3 ഷിഫ്റ്റിനായി 7.30 AM - 1.30 PM, 1.30 PM - 7.30 PM, 7.30 PM - 7.30 AM എന്ന സമയക്രമം പാലിക്കാവുന്നതാണ്.

4. 100 കിടക്കകളിൽ താഴെയുള്ള ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയാണെങ്കിൽ അതിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്.

5. 100 കിടക്കകളിൽ താഴെയുള്ള ആശുപത്രികളിൽ 2 ഷിഫ്റ്റ് സമ്പ്രദായം തുടരാവുന്നതാണ്.

6. 6-6-2012 എന്ന സമയക്രമം ഉപയോഗിക്കുമ്പോൾ ഒരു തൊഴിലാളി 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടിവരുമ്പോൾ ഓവർടൈം നൽകേണ്ടതാണ്.

7. നഴ്സിംഗ് സൂപ്രണ്ടോ മറ്റ് സ്റ്റാഫുകളോ നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടതായിട്ടുള്ള സാഹചര്യമില്ലെങ്കിൽ ടിയാളുകൾ മിനിമം 8 മണിക്കൂർ ഡ്യൂട്ടി ചെയ്യേണ്ടതാണ്.

8. വനിതാ നഴ്സുമാർക്ക് അടുത്ത ബസ് സ്റ്റേഷൻ വരെ യാത്രാ സൗകര്യം, വിശ്രമം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഉടമകൾ ലഭ്യമാക്കേണ്ടതാണ്.

ടി ശിപാർശകൾ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ട്.

(സി) ടി ശിപാർശകൾ 24-2-2016-ന് കൂടിയ വ്യവസായ ബന്ധസമിതി യോഗത്തിൽ പരിഗണിക്കുകയും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുമുണ്ട്.

## ക്ഷീര മേഖലയുടെ വികസനം

7(*67) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദനശേഷിയുള്ള കറവപശുക്കളുടെ എണ്ണം ഓരോ സെൻസസ് കഴിയുമ്പോഴും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ക്ഷീരമേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരളത്തിൽ വൻകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ ചെറുകിടകർഷകരെ സഹായിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പശുക്കളുടെ ഉൽപ്പാദനക്ഷമതയിൽ രാജ്യത്ത് കേരളം രണ്ടാം സ്ഥാനത്താണ്. ഇത് നിലനിർത്തുന്നതിനും ഒന്നാം സ്ഥാനത്തെത്തുന്നതിനും വേണ്ടി പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന മൃഗ സംരക്ഷണ വകുപ്പിന്റെ കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി എൻറോൾ ചെയ്യപ്പെടുന്ന കന്നുകുട്ടികൾക്ക് സഹായം നൽകിവരുന്നതോടൊപ്പം ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ കൂടുതൽ കന്നുകുട്ടികളെ അധികമായി എൻറോൾ ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി, ജനിതകമേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജദാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എത്തിക്കുകയും സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി" (progeny testing scheme) വ്യാപിപ്പിക്കുകയും ഇവിടെനിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തുവരുന്നു.

(ബി) ക്ഷീര മേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് ക്ഷീര വികസന വകുപ്പ് മുഖേന കാറ്റിൽ ഫീഡിംഗ് സബ്സിഡി, മിൽക്ക് ഇൻസെന്റീവ്, മിൽക്ക് ഷെഡ് ഡെവലപ്മെന്റ്, കറവയന്ത്രം, തീറ്റപ്പുൽ കൃഷി, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കന്നുകാലികളുടെ മരണംമൂലവും ഉല്പാദന ശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് ക്ഷീര കർഷകരെ ഈ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ഇൻഷ്വറൻസ് പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM- 2016-17) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഗോസമൃദ്ധി 2017-18 എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ എല്ലാം ഒന്നുമുതൽ 20 വരെ പശുക്കളെ വളർത്തുന്ന ചെറുകിട-ഇടത്തരം കർഷകരെ സഹായിക്കുന്നതിന് ലക്ഷ്യംവച്ചാണ്. ഒന്നുമുതൽ 10 വരെ പശുക്കളെ വളർത്തുന്ന പുതിയ ഫാമുകൾക്ക് സബ്സിഡി അനുവദിച്ചും നിലവിലുള്ള ചെറുകിട കർഷകർക്ക് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ സർക്കാർ സബ്സിഡിയും ത്രിതല പഞ്ചായത്തുകൾവഴി ലിറ്ററിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ചുവരുന്നുണ്ട്. ഇതിനു പുറമേ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ കർഷക പെൻഷനും മറ്റ് വിവിധ ക്ഷേമ പദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ഡി) ക്ഷീര മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഫാം പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പ് മുൻതൂക്കം നൽകിവരുന്നത്. അതിന് അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും

8(*68) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കാനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് എതിരെ ചട്ടപ്രകാരം ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ യഥാസമയം ഫയൽ ചെയ്യുന്നുണ്ട്. മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് എതിരെ പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ നേതൃത്വത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരുമാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിലവിൽ പ്രവർത്തിക്കുന്നത്. ടി വിഭാഗം

സംസ്ഥാനത്താകെ കാര്യക്ഷമമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും ആയത് ബാങ്ക് വഴി ലഭ്യമാക്കുന്നതിനും വേജസ് സ്ലിപ്പ് ഓൺലൈനായി ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള " വേതനസുരക്ഷാ പദ്ധതി" മുഖേന എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഓൺലൈനായി നിരീക്ഷിക്കാൻ കഴിയും.

(സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ എൽ.ഡി.എഫ്. സർക്കാരിന്റെ കരട് തൊഴിൽനയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുവാൻ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ - വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പുതിയ പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലിസ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നിയമഭേദഗതി സർക്കാർ പരിഗണനയിലാണ്.

## പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പദ്ധതികൾ

9(*69) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി, വയനാട്ടിലെ വിവിധ പ്രദേശങ്ങൾ, തിരുവനന്തപുരത്ത് പൊടിയക്കാല തുടങ്ങിയ പട്ടികഗോത്ര മേഖലകൾ ആരോഗ്യ - വിദ്യാഭ്യാസ രംഗങ്ങളിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ഏറെ പിന്നാക്കം നിൽക്കുന്നത് പരിഹരിക്കാനായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പട്ടിക ഗോത്ര വർഗ്ഗക്കാർക്കായുള്ള പ്രത്യേക ആരോഗ്യ ഭക്ഷ്യസുരക്ഷാ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അട്ടപ്പാടി മേഖലയിൽ ആരോഗ്യ രംഗത്തെ സേവനം മെച്ചപ്പെടുത്തുവാൻ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കിടയിലുള്ള ദാരിദ്ര്യം, നിരക്ഷരത, രോഗ കാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റെ അഭാവം, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് ഗോത്രഭാഷ അറിയാവുന്ന പാരാമെഡിക്കലുകൾ ഉൾപ്പെടെയുള്ള മനുഷ്യവിഭവശേഷി ഉപയോഗിച്ചുള്ള സമഗ്രമായ ഇടപെടൽ ആർദ്രം മിഷന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കിയുള്ള ഗോത്രവാൽസല്യ നിധി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യപഠനമുറി, IBPS/UPSC/KPSC/SSC എന്നീ മത്സര പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിൽ ഒരു പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. അട്ടപ്പാടിയിൽ പെൺകുട്ടികൾക്കായി കൂടുതൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാക്ഷരതാമിഷൻ നടപ്പാക്കുന്ന സമഗ്ര ആദിവാസി സാക്ഷരത പദ്ധതി നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷന് ഫണ്ട് കൈമാറിയിട്ടുണ്ട്. പിന്നാക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ ഊരുകളിലെ സമഗ്ര അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിടുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച വീടുകളിൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. SCA to TSP പദ്ധതിയിലൂടെ കാർഷിക മേഖലയിലും കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഹോസ്റ്റലുകളിലും ഊരുകളിലുമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തികളും നടപ്പിലാക്കുന്നു.

വയനാട് ജില്ലയിൽ വിദൂര പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആരോഗ്യരക്ഷാ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനും ആർദ്രം മിഷന്റെ പരിധിയിൽപ്പെടുത്തി ഗോത്രഭാഷ അറിയാവുന്ന പാരാമെഡിക്കലുകൾ ഉൾപ്പെടെയുള്ളവരുടെ സേവനം എല്ലാ ഊരുകളിലും എത്തിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതിക്കുപുറമേ പെൺകുട്ടികൾക്കായി കൂടുതൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനും പുതുതായി സാമൂഹ്യപഠന മുറികൾ ആരംഭിക്കുന്നതിനും 2017 -ൽ പ്ലസ് ടു ജയിച്ച വിദ്യാർത്ഥികളിൽ ഉന്നതപഠനത്തിന് പ്രവേശനം ലഭിക്കാത്തവർക്ക് ബിരുദപഠനത്തിന് അവസരം ഒരുക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് മെന്റർ ടീച്ചർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ പെരിപ്പതറ്റിക് സെന്റർ, കിന്റർഗാർട്ടൻ, വികാസ് വാടി, നഴ്സറിസ്കൂൾ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ, പി.എസ്.സി. മത്സര പരീക്ഷാ പരിശീലന പരിപാടി എന്നിവയും വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനായി സർക്കാരിന്റെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി (കോർപ്പസ് ഫണ്ട്) പ്രകാരമുള്ള വിവിധ പ്രവൃത്തികൾ അടിയ, പണിയ പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭവന നിർമ്മാണ, നവീകരണം എന്നിവയും അടിസ്ഥാന സൗകര്യ വികസനം എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കാനുദ്ദേശിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിലെ പൊടിയക്കാല കേന്ദ്രമാക്കി 2017-18 സാമ്പത്തികവർഷം ഒരു സാമൂഹ്യപഠനകേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സാക്ഷരതാ മിഷൻ മുഖേന നടപ്പാക്കുന്ന സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതിയിൽ പൊടിയക്കാല കോളനിയും ഉൾപ്പെട്ടിട്ടുണ്ട്.

പൊടിയക്കാലയിലെ അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ 2013-14 സാമ്പത്തികവർഷം മുതൽ വിവിധ പദ്ധതികളിലൂടെ വളരെയേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. റോഡ്, ഭവന നിർമ്മാണം, ഗതാഗത സൗകര്യം, വൈദ്യുതീകരണം എന്നിവയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്ക് പൊതുവേയുള്ള പദ്ധതികൾ കൂടാതെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്ക് അടിയ, പണിയ പാക്കേജ് പദ്ധതി, SCA to TSP പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതികളും നടപ്പിലാക്കുന്നു.

അടിയ, പണിയ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്കുള്ള വീടുകളുടെ നിർമ്മാണവും SCA to TSP പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ മുഖേനയുള്ള പദ്ധതികൾ പ്രകാരം പണിയായുധങ്ങളുടെ വിതരണം, പഠനോപകരണ വിതരണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ഗൃഹോപകരണ നിർമ്മാണം, കരകൗശല നിർമ്മാണം തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം, കുടിവെള്ള പദ്ധതികൾ, വിദൂര പ്രാക്തന ഗോത്രവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റോഡ്, പാലം എന്നിവയുടെ നിർമ്മാണവും നവീകരണവും, വൈദ്യുതീകരണ പദ്ധതികൾ, അവിവാഹിതരായിട്ടുള്ള അമ്മമാർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, വിദ്യാർത്ഥികൾക്ക് തയ്യൽ പരിശീലനം, എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള ജനനീജന്മരക്ഷാ പദ്ധതി, പാരമ്പര്യരോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾരോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകിവരുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും HLL (Hindustan Life Care Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേനയുള്ളതുമായ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവ്വേദ ഡിസ്പെൻസറികൾ, ഒരു ആയുർവ്വേദ ആശുപത്രി, 4 മിഡ് വൈഫറി സെന്ററുകൾ എന്നിവ മുഖേനയും ചികിത്സ ഉറപ്പുവരുത്തുന്നു. ഹെൽത്ത് പ്രൊമോട്ടർമാരും പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകളും ഉപയോഗിക്കപ്പെടുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായപദ്ധതി, അട്ടപ്പാടി മേഖലയിൽ പാകംചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണംചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണംചെയ്യുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ, ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് " മില്ലറ്റ് വില്ലേജ് " എന്ന പദ്ധതി നടപ്പിലാക്കുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.

## വ്യവസായബന്ധ സമിതികൾ തൊഴിലാളി സൗഹൃദമാക്കുവാൻ നടപടി

10(*70) ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമെന്യേ ട്രേഡ് യൂണിയനുകൾ പ്രതിഷേധം ഉയർത്തുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും സേവന - വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് പ്രതികൂലമാകാതിരിക്കാനും ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ബി) വ്യവസായ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തൊഴിൽ സംസ്കാരത്തിൽ കാലാനുസൃതമായി അനിവാര്യ മാറ്റങ്ങൾ നടപ്പിലാക്കേണ്ടി വരുമ്പോൾ, വ്യവസായബന്ധ സമിതികളെ കാര്യക്ഷമമാക്കിക്കൊണ്ട് അവ തൊഴിലാളി സൗഹൃദപരമായിരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം ഐ.ടി., മത്സ്യസംസ്കരണം തുടങ്ങിയ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുമോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാതൃകാ ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ 2015, ലേബർ കോഡ് ഓൺ വേജസ് എന്ന കേന്ദ്ര സർക്കാരിന്റെ ബിൽ, ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് ബിൽ എന്നിവയിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ നിലവിലുള്ള തൊഴിൽ സുരക്ഷ ഇല്ലതാക്കുവാനുള്ള സാധ്യത ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ വ്യവസായ അന്തരീക്ഷം സൗഹൃദവും കാര്യക്ഷമവുമാക്കുന്നതിനായി ബഹു.തൊഴിൽ വകുപ്പ് മന്ത്രി ചെയർമാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എന്നിവർ കോ-ചെയർമാൻമാരായും വ്യവസായ ബന്ധസമിതി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. തോട്ടം മേഖലകളിലെ വിഷയങ്ങൾ സൗഹാർദ്ദപരമായും രമ്യമായും പരിഹരിക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയും പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. കൂടാതെ, ടി മേഖലയിലെ പ്ലാന്റേഷൻ ഹൗസിംഗ് അഡ്വൈസറി ബോർഡും പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡും പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. കയർ, കശുവണ്ടി, കള്ള് തുടങ്ങിയ പരമ്പരാഗത മേഖലകളിലും കുട്ടനാട് കാർഷിക മേഖലയിലും ടെക്സ്റ്റൈൽ, സിവിൽ സപ്ലൈസ്, മോട്ടോർ ട്രാൻസ്പോർട്ട്, സ്വകാര്യ ആശുപത്രി തുടങ്ങിയ മേഖലകളിലും വ്യവസായ ബന്ധസമിതി പ്രവർത്തിക്കുന്നുമുണ്ട്. പത്രപ്രവർത്തന മേഖലയിൽ പുതുതായി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുമുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

## പാതയോരത്തെ മദ്യഷാപ്പ് നിരോധനം

11(*71) ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരത്തെ മദ്യഷാപ്പ് നിരോധനത്തിൽനിന്നും കള്ളുഷാപ്പുകളെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15-12-2016 -ലെ വിധിയിൽ സംസ്ഥാനത്തെ നാഷണൽ/സ്റ്റേറ്റ് ഹൈവേകളുടെ പാതയോരത്തുനിന്നും 500 മീറ്റർ പരിധിയിലുള്ള മദ്യഷാപ്പുകളുടെ നിരോധനത്തിൽ കള്ളുഷാപ്പുകളും ഉൾപ്പെടുന്നതാണ്. ടി വിധിയിൽ കള്ളുഷാപ്പുകളെ ഒഴിവാക്കിയിട്ടില്ല. 15-12-2016-ലെ വിധിന്യായത്തിന്റെ പരിധിയിൽനിന്നും പഞ്ചായത്തു മേഖലകളെ ഒഴിവാക്കുന്നതു സംബന്ധിച്ച് 23-2-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പരിശോധിച്ച് ഈ വിഷയത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) ഉദ്ദേശിക്കുന്നില്ല. അബ്കാരി നിയമത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ നിലവിൽ ഇല്ല.

**ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങൾ**

12(*72) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണത്തിനായി ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജലക്ഷാമം പരിഹരിക്കാൻ വിവേകപൂർണ്ണമായ വാട്ടർ മാനേജ്മെന്റ് നടപടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനായുള്ള പരിപാടികളുടെ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ മൂന്നിലൊന്നോളം ഉപയോഗ-ശൂന്യമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും കയ്യേറ്റവും മലിനീകരണവും തടയുന്നതിനും നിയമനിർമ്മാണം ഉൾപ്പെടെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) ഹരിതകേരള മിഷന്റെ ഉപമിഷനായ "ജലസംരക്ഷണ"ത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ജലസേചന വകുപ്പിന് സാധിച്ചിട്ടുണ്ട്. ചെറുനീർത്തടങ്ങളിലെ ജലലഭ്യത ഉറപ്പാക്കുന്നതിനായി നീർച്ചാലുകളുടെ പുനരുദ്ധാരണം, അധിക ജലസംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ള തടയണകളുടെ നിർമ്മാണവും സംരക്ഷണവും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണവും മോട്ടോർ ഷെഡുകളുടെ നിർമ്മാണവും, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനുള്ള തടയണ നിർമ്മാണം, 536 കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ഭരണാനുമതി നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം, വരട്ടാർ പുനരുജ്ജീവനം, കോലറയാർ പുനരുജ്ജീവനം, കൊട്ടൂരാർ-മീനന്തറയാർ-മീനച്ചിലാർ പുനർസംയോജനം എന്നിവ സാധ്യമാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കാനാമ്പുഴ (കണ്ണൂർ) സംരക്ഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തയ്യാറാക്കുന്ന സമഗ്ര പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികളാണ് ജലഉപമിഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ജല ഉപദൗത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പ്രാദേശികതലത്തിൽ സാങ്കേതിക മികവുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വിവിധ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനുമായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു:

1. കിണറുകളുടെയും കുളങ്ങളുടെയും ശുചീകരണം, റീചാർജ്ജിംഗും സംരക്ഷണവും
2. നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം
3. ക്വാറികളിലെ വെള്ളം പരിശോധനകൾക്കുശേഷം നേരിട്ട് ജലസ്രോതസ്സായോ റീചാർജ്ജിംഗിന് വേണ്ടിയോ ഉള്ള ഉപയോഗപ്പെടുത്തൽ
4. ഭൂജലപരിപോഷണം
5. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമന്വയം

ജനകീയ കൂട്ടായ്മയിലൂടെ പുനരുദ്ധരിച്ച സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിനായി ഹരിതകേരളം മിഷന്റെ സാങ്കേതിക സമിതികൾ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. 3315 പുതിയ കുളങ്ങളുടെ നിർമ്മാണം, 5493 കുളങ്ങളുടെ നവീകരണം, 7023.85 കി.മീ. നീർച്ചാലുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റിയുടെ ദക്ഷിണ മേഖലയുടെ പരിധിയിൽ കൊല്ലം പി.എച്ച്. സർക്കിളിന്റെ കീഴിൽ ഹരിതകേരളം മിഷന്റെ ഭാഗമായി ആഫീസ് പരിസരത്തും ജലസ്രോതസ്സുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കുകയും ശാസ്ത്രീയമായി മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിവരുന്നു.

(ബി) കേരളത്തിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. 3000 മി.മീറ്റർ മഴ ശരാശരി ലഭിക്കുന്നുണ്ടെങ്കിലും മഴയുടെ ലഭ്യതയിൽ ചെറിയ തോതിലുള്ള വ്യത്യാസം വന്നാൽ കേരളത്തിലെ ഭൂപ്രദേശത്തിന്റെ വലിയ ഭാഗം ജലക്ഷാമമുള്ള പ്രദേശമായി മാറുന്നു. ഇത് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ശാസ്ത്രീയമായി തയ്യാറാക്കി നടപ്പിലാക്കേണ്ടത് ആവശ്യമാണ്. ഇതിന്റെ ഭാഗമായാണ് ഹരിതകേരളം മിഷന്റെ ഉപദൗത്യമായ "ജലസമൃദ്ധി" യുടെ (ജലസംരക്ഷണം) ഭാഗമായി സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ചെറുനീർത്താടാധിഷ്ഠിത പ്ലാനുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കി, ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ റിഡ്ജ് ടു വാലി (കുന്നിൻ മുകളിൽ നിന്നും താഴ്വരയിലേയ്ക്ക്) കാഴ്ചപ്പാടോടുകൂടി തയ്യാറാക്കി മുൻഗണനാക്രമത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി ത്രിതല തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ സാങ്കേതിക സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടുകൂടിയ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാകുകയും അതിൽ നിർദ്ദേശിക്കുന്ന പ്രകാരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയും ചെയ്യുകവഴി ജലമാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതുവഴി ജലലഭ്യത ഉറപ്പാക്കുന്നതിനും സാധ്യമാകും.

ശാസ്ത്രീയമായ സമീപനങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കുക എന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വരൾച്ച അനുഭവപ്പെടുന്ന അഞ്ച് ജില്ലകളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരളത്തിലെ ജലക്ഷാമത്തിന്റെ പ്രധാന കാരണം ലഭ്യമായ മഴവെള്ളം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയാത്തതാണ്. മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്താൻ ആവശ്യമായ വൻകിട ജലസംഭരണികളുടെ അഭാവമാണ് ഒരു പ്രധാന പ്രശ്നം. വൻകിട ജലസംഭരണികൾ പുതുതായി നിർമ്മിക്കാനുള്ള സാധ്യതയും തുലോം കുറവാണ്. മേൽ സാഹചര്യം പരിഗണിച്ച് നദികളെ തന്നെ സംഭരണികളാക്കി മാറ്റാൻ സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ തടയണകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള ഡാമുകളിലെ ജലം കുടിവെള്ള ആവശ്യത്തിന് പ്രാമുഖ്യം നൽകി ഉപയോഗപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിക്ക് കീഴിലുള്ള കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുമുഖേന ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ചെറുതും വലുതുമായ തടയണകൾ, ഭൂമിയുടെ അടിയിൽ തടയണകൾ, വെന്റഡ് ക്രോസ് ബാർ, മണ്ണ് സംരക്ഷണം, കിണർ റീ ചാർജ്ജിംഗ്, മഴക്കുഴികൾ, കുളം സംരക്ഷണം തുടങ്ങിയ ഭൂജലപരിപോഷണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ ഗുണഭോക്തൃ സമിതികൾ തന്നെ വേനൽക്കാലത്ത് കുടിവെള്ളം ഉപയോഗിക്കുന്നതിന് സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നില്ല.

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വർഷവും " മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി ജലനിധിയുടെ ഭാഗമായ " മഴകേന്ദ്രം" മുഖാന്തരം നടപ്പിലാക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണ പരിപാടിയുടെ ആവശ്യകതയും പ്രാധാന്യവും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി " ജലസൗഹൃദ വിദ്യാലയം" എന്ന പദ്ധതി നടപ്പിലാക്കുകയും ആദ്യഘട്ടം എന്ന നിലയിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഭൂജലപരിപോഷണം പരിപാടിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിൽ 450 ലക്ഷം രൂപ മതിപ്പ് പദ്ധതിയിൽ 5000 തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനുള്ള ജോലികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജലം പൊതുവിൽ മാലിന്യം കലർന്നതാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമങ്ങൾക്കുപുറമെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്ത് 2017 -ൽ 27-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇതിൽ വ്യവസ്ഥയുണ്ട്. കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം നദികളിലേയ്ക്കുള്ള ഒഴുക്ക് തടയുന്നത് കണ്ടുപിടിച്ച് പുനരുദ്ധീകരിക്കുകയും മാലിന്യം തള്ളുന്നവരെ ശിക്ഷിക്കുന്നതിനും നടപടികൾ കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സ് പ്രധാനമായും പുഴകൾ, തടാകങ്ങൾ, കുഴൽക്കിണറുകൾ എന്നിവയാണ്. കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ പുഴകൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി ജലമെടുക്കുന്ന ഭാഗങ്ങളിൽ കമ്പിവേലികെട്ടി സംരക്ഷിച്ചും ബോർഡുകൾ സ്ഥാപിച്ചും ജനങ്ങളെ ബോധവൽക്കരിച്ചും മലിനീകരണം നിയന്ത്രിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ജല സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ നിലവിലുള്ള സ്കീമുകളിൽ കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി സംരക്ഷിച്ചുവരുന്നു.

സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജല

(നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻ പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരികയും ഇതനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽക്കിണറുകളുടെ നിർമ്മാണത്തിനും, നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.

ജലനിധി പദ്ധതി പൂർത്തിയാക്കി കുടിവെള്ള സമിതിക്ക് കൈമാറുന്നതിനാൽ സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുകയും കയ്യേറ്റം, മലിനീകരണം എന്നിവ തടയുന്നതിന് ഗുണഭോക്തൃ സമിതികൾ തന്നെ നടപടി സ്വീകരിക്കുന്നുണ്ട്.

ജലസ്രോതസ്സുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്.

## സാംസ്കാരിക നായകർക്കെതിരെയുള്ള ഭീഷണി

13(*73) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന സാംസ്കാരിക നായകരെ കായികമായി ആക്രമിച്ച് പുരോഗമനാശയങ്ങളെ ഉന്മൂലനം ചെയ്യാൻ നടത്തുന്ന നീക്കത്തിന്റെ ഭാഗമായി, കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ സാംസ്കാരിക നായകർക്കെതിരെ സംഘപരിവാർ ഭീഷണി ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സാംസ്കാരികാധിനിവേശത്തെ പ്രതിരോധിക്കാനായി സാംസ്കാരിക വകുപ്പ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ജനങ്ങളുടെ ചിന്തകളെയും വീക്ഷണങ്ങളെയും ബഹുസ്വര സമൂഹത്തിനനുയോജ്യമായ വിധത്തിൽ വിശാലമാക്കാൻ സാധിക്കുന്ന തരത്തിൽ സാംസ്കാരിക കലോത്സവങ്ങൾ സംഘടിപ്പിക്കാൻ ശ്രമിക്കുമോ;

(സി) ജനങ്ങളെ നിസ്സഹായരാക്കി കമ്പോള ശക്തികളുടെ താല്പര്യത്തിന് വിധേയരാക്കുന്ന നവ ലിബറൽ നയങ്ങൾക്കെതിരെയുള്ള പ്രതിഷേധങ്ങളെ നിശ്ശബ്ദമാക്കുന്ന മുതലാളിത്ത തന്ത്രത്തിനെതിരെ സാംസ്കാരിക മേഖലയ്ക്ക് ഉത്തേജനം നൽകാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ-സി) വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല, കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നത് സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകുംവിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരികയാണ്. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തി സ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടേയും പ്രയോഗങ്ങളുടേയും കടന്നുകയറ്റത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷം, വിവേകാനന്ദ സ്പർശം, ഗാന്ധിജിയുടെ രക്തസാക്ഷ്യത്തിന്റെ 70-ാം വാർഷികം-രക്തസാക്ഷ്യം 2018 എന്നിവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ ഏതാനും ചില പരിപാടികളാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ 'നമുക്ക്

ജാതിയില്ലാ വിളംബരം' സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവയെ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മാഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ നടപ്പിലാക്കുകയാണ്.

മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ്, സർക്കാരിന്റെ നേതൃത്വത്തിൽ, ജാതീയ ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി. കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെതിരായ ആക്രമണം ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയായിട്ടാണ് സർക്കാർ കാണുന്നത്. വ്യത്യസ്ത ചിന്താഗതികളോടുള്ള അസഹിഷ്ണുതയാണ് ഈ ആക്രമണങ്ങൾക്ക് അടിസ്ഥാനം. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളും സംവാദങ്ങളും, ജനാധിപത്യപരമായ വിയോജിപ്പുകളും പ്രകടിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ ആശയങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിർത്താനാവശ്യമായ ചർച്ചകളും സെമിനാറുകളും കലാവിഷ്കാരങ്ങളും സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്.

**ജലനിധി**

14(*74) ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്ന ഏഴ് മൾട്ടി പഞ്ചായത്ത് പദ്ധതികൾ ഏത് ഘട്ടത്തിലാണ്;

(സി) ജലനിധി രണ്ടാംഘട്ടത്തിനായി ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) ജലനിധി ഒന്നാംഘട്ടപ്രകാരം നടപ്പിലാക്കിയ ചില പദ്ധതികൾ പരാജയപ്പെടുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്; രണ്ടാംഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം ഏത് ഏജൻസിയാണ് നടത്തുന്നത് എന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച ജലനിധി രണ്ടാം ഘട്ട പദ്ധതി Kerala Rural Water and Sanitation Agency മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന ഇത്തരം കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള വിതരണം തടസ്സംകൂടാതെ ലഭ്യമാക്കുന്നതിന് സാദ്ധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത്പദ്ധതികളിൽനിന്നും കുടിവെള്ളം മൊത്തമായി വാങ്ങി ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്തത്തിൽ വിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഒന്നിലധികം പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായി ജലഅതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള ബൃഹത്പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി സമീപ പഞ്ചായത്തുകൾക്ക് ജലവിതരണം നടത്തുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

2012-2018 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 13.76 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 3.7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് 1358 കോടി രൂപയുടെ പുതുക്കിയ അടങ്കൽ കണക്കാക്കിയിട്ടുള്ള ജലനിധി രണ്ടാം ഘട്ട ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി

2018 ജനുവരി 31 വരെ 1,070.15 കോടി രൂപ ചെലവാക്കുകയും 7.17 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളവും, 3.59 ലക്ഷം ഗുണഭോക്താക്കൾക്ക് ശുചിത്വ സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലനിധി പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച പദ്ധതികളെ (31-1-2018 വരെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് മൾട്ടി പഞ്ചായത്ത് പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ ഒരെണ്ണത്തിന്റെ പണി പൂർത്തീകരിക്കുകയും ബാക്കിയുള്ള രണ്ടെണ്ണത്തിന്റെ പണി പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലുമാണ്. രണ്ട് മൾട്ടി പഞ്ചായത്ത് സ്കീമുകൾ [(1) നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകളും (2) ചീക്കോടും സമീപ പഞ്ചായത്തുകളും] ജലനിധി പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്.

(സി) 1,070.15 കോടി രൂപയാണ് ജനുവരി 31, 2018 വരെ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

(ഡി) ജലനിധി പദ്ധതിയുടെ നിയമാവലി അനുസരിച്ച് പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം തുടർ നടത്തിപ്പ് പൂർണ്ണമായും ഗുണഭോക്തൃ സമിതികൾക്കാണ്. പദ്ധതി പൂർത്തീകരണത്തിനുശേഷം തുടർ പരിപാലനത്തിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നപരിഹാരങ്ങളും ധനപരമായ നടത്തിപ്പും മറ്റും സമിതിതന്നെയാണ് പൂർണ്ണമായും നടത്തേണ്ടത്. ഇത്തരം കാര്യങ്ങൾക്ക് സമിതികളെ സഹായിക്കാൻ നിലവിൽ ഗ്രാമപഞ്ചായത്തുകളല്ലാതെ മറ്റ് സ്ഥാപന സംവിധാനങ്ങളില്ല. അടുത്തിടെ Kerala Rural Water and Sanitation Agency നടത്തിയ ഒരു ദ്രുത പരിശോധനാപഠനത്തിൽ ഒന്നാംഘട്ടത്തിലെ ചില പദ്ധതികൾ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടു. ആയതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

1. സ്രോതസ്സിലെ ജലത്തിന്റെ ലഭ്യതക്കുറവ്.
2. വിതരണ സംവിധാനത്തിലുള്ള സാങ്കേതിക തകരാർ.
3. ഗുണനിലവാര പ്രശ്നങ്ങൾ.
4. സമിതി അംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ.
5. ധനപരമായ നടത്തിപ്പ് പ്രശ്നങ്ങൾ.

---

* ലൈബ്രറിയൽ വച്ചിട്ടുണ്ട്.

ജലനിധി രണ്ടാംഘട്ടത്തിൽ പൂർത്തിയായ പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകന പഠനം Centre for Socio-Economic & Environmental Studies (CSES), & Inter Co-Operation Social Development India-(300 പദ്ധതികൾ), Centre for Socio-Economic & Environmental Studies (CSES), Kochi-(900 പദ്ധതികൾ) എന്നീ ഏജൻസികൾവഴി നടത്തുകയുണ്ടായി.

**തൊഴിൽശാലകളിലെ സുരക്ഷിതത്വം**

15(*75) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽശാലയിലെ അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിൽശാലകളിലും ബഹുനില മന്ദിരങ്ങളുടെ നിർമ്മാണം നടക്കുന്ന ഇടങ്ങളിലും തൊഴിലെടുക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) കഞ്ചിക്കോട്, കളമശ്ശേരി, ആലുവ തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളിലെ വിവിധ തൊഴിൽശാലകളിൽ സുരക്ഷാ ഉപകരണങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ പര്യാപ്തമല്ലെന്ന പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ നടപടിയുണ്ടാകുമോ;

(ഡി) കേന്ദ്ര സർക്കാർ നിരന്തരം വരുത്തുന്ന തൊഴിൽ നിയമ ഭേദഗതികൾ, തൊഴിൽ സുരക്ഷയെ മാത്രമല്ല തൊഴിലാളികളുടെ സുരക്ഷയേയും പ്രതികൂലമായി ബാധിക്കുന്നവയാണെന്ന കാര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്തെ തൊഴിൽശാലകളിലും ബഹുനില മന്ദിരങ്ങളുടെ നിർമ്മാണം നടക്കുന്ന ഇടങ്ങളിലും ഫാക്ടറീസ് ആക്ട് 1948, ബിൽഡിംഗ് ആന്റ്

അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, എന്നിവ ഉൾപ്പെടെയുള്ള വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതിന് പൂർണ്ണ ശ്രദ്ധ ചെലുത്തുന്നുണ്ട്. തൊഴിലാളികളുടെ സുരക്ഷിതത്വം തൊഴിലുടമകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഫാക്ടറി ഇൻസ്പെക്ടർമാർ തൊഴിലിടങ്ങളിൽ കർശന പരിശോധന നടത്തിവരുന്നു. കൂടാതെ പ്രസ്തുത തൊഴിലിടങ്ങളിൽ ജോലിചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്കും ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും സുരക്ഷിതത്വ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ മൊബൈൽ പരിശീലന വാഹനമായ 'സുരക്ഷാരഥം' ഉപയോഗിച്ച് നേരിട്ട് തൊഴിലിടങ്ങളിൽ എത്തിയും 4 മേഖലാ പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

(ബി) ഇത്തരത്തിൽ പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്ന പക്ഷം സത്വരമായ പരിശോധന നടത്തുന്നതാണ്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആക്ട് 1948, കേരള ഫാക്ടറീസ് റൂൾസ് 1957 ഉൾപ്പെടെ ഇരുപതോളം നിയമങ്ങൾ ഫാക്ടറി ഉടമകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഫാക്ടറി ഇൻസ്പെക്ടർമാർ യഥാസമയം ഫാക്ടറി പരിശോധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. അപകട സാധ്യതയുടെ അടിസ്ഥാനത്തിൽ ഫാക്ടറികളെ തരംതിരിച്ച് കൃത്യമായും ഫലപ്രദമായും പരിശോധന നടത്തുന്നുണ്ട്. തുടർനിയമനടപടികൾ ഉന്നത ഉദ്യോഗസ്ഥർക്ക് നേരിട്ട് വീക്ഷിക്കാവുന്ന വിധത്തിൽ ആധുനിക വിവര വെബ് എനേബിൾഡ് റിസ്ക് വെയ്റ്റഡ് ഇൻസ്പെക്ഷൻ സ്കീമിന് രൂപം നൽകിയിട്ടുണ്ട്. തൊഴിലാളികളിൽ കണ്ടുവരുന്ന തൊഴിൽജന്യ രോഗങ്ങൾ തൊഴിൽജന്യ രോഗ നിർണ്ണയസർവ്വേയിലൂടെ കണ്ടുപിടിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒക്യുപ്പേഷണൽ ഹെൽത്ത് ആൻഡ് റിസർച്ച് സെന്ററും (OHRC) ഇൻഡസ്ട്രിയൽ ഹൈജീൻ ലാബും കൊല്ലം ജില്ലയിലെ ആശ്രാമത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

മേജർ ആക്സിഡന്റ് ഹസാർഡ്സ് (MAH) ഫാക്ടറികളിൽനിന്നുള്ള രാസവാതകച്ചോർച്ച ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന പ്രഥമരക്ഷാ പ്രവർത്തകരായ പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ,

ആരോഗ്യ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തീപിടിത്തം, രാസവാതകചോർച്ച എന്നിവ കൂടുതൽ വ്യാപിക്കുന്നത് പ്രതിരോധിക്കുന്നതിനും സുരക്ഷിതമായി നിർവീര്യമാക്കുന്നതിനുമായ സാങ്കേതിക സുരക്ഷാനിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാവിധ സംവിധാനങ്ങളോടുംകൂടി ഒരു കൺട്രോൾ റൂം എറണാകുളത്ത് കാക്കനാട് സ്ഥാപിച്ചിട്ടുള്ള കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ (CHEMREC) പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) പരിശോധനാ വിധേയമാക്കുകയും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ആവാസ് പദ്ധതി**

16(*76) ശ്രീ. കെ. ആൻസലൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനക്കാരായ മുഴുവൻ തൊഴിലാളികൾക്കും സൗജന്യ ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്ന ആവാസ് പദ്ധതി നടത്തിപ്പിനായുള്ള വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർമാരുടെ ചുമതലയിൽ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി " ആവാസ് " ആരംഭിച്ചുകൊണ്ട്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 155595 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടന്നുവരുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മെച്ചപ്പെട്ട പാർപ്പിട സമുച്ചയങ്ങൾ " അപ്നാഘർ" പദ്ധതിവഴി നടപ്പിലാക്കുന്നു. പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ച ഹോസ്റ്റൽ സമുച്ചയം പൂർത്തിയാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. 640 പേർക്കുള്ള താമസ സൗകര്യമാണ് ഇവിടെ ലഭ്യമാക്കിയിട്ടുള്ളത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്തുവരുന്നുണ്ട്. അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 155595 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് നടത്തിപ്പിനുള്ള ടെണ്ടർ ചുമതല ചിയാക്കിന് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനുള്ള കരട് ടെണ്ടർ ഡോക്യുമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതുവരെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ജില്ലാ ലേബർ ഓഫീസർമാരുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് ആനുകൂല്യം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ

അനുയോജ്യമായ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ ഇതിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. അതിനൊപ്പം അവരുടെ ആരോഗ്യം, യാത്ര, ബാങ്കിംഗ്, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, തൊഴിൽ സുരക്ഷ, താമസ സൗകര്യം, വേതന സംരക്ഷണം എന്നിവയടക്കമുള്ള കാര്യങ്ങളിൽ ഉപദേശനിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിടുന്നു.

## ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലസംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ

17(*77) ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽക്കാലത്ത് അനുഭവപ്പെട്ട കഠിനമായ ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വരുന്ന വേനൽക്കാലത്ത് ജലദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ജലം സംരക്ഷിക്കേണ്ടതിന്റെയും മിതമായി ഉപയോഗിക്കേണ്ടതിന്റെയും ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) അയൽക്കൂട്ടം, കുടുംബശ്രീ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവയെ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ എങ്ങനെയെല്ലാമാണ് പ്രയോജനപ്പെടുത്തുന്ന തെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) കഴിഞ്ഞ വേനൽക്കാലത്ത് അനുഭവപ്പെട്ട കഠിനമായ ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണികളിലെ ജലനിരപ്പ് താരതമ്യേന കൂടുതലാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ ഓരോ വകുപ്പിലും താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

ജലസേചന വകുപ്പ്

ലഭ്യമാകുന്ന മഴവെള്ളം പരമാവധി സംഭരിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ജലസേചന വകുപ്പ് തടയണകൾ, വി.സി.ബി./ ആർ.സി.ബി.-കൾ എന്നിവയുടെ നിർമ്മാണത്തോടൊപ്പം കേടുപാടുകൾ സംഭവിച്ച ജലസേചന നിർമ്മിതികൾ നന്നാക്കുന്നതിനും ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുന്നതിനും പ്രാധാന്യം നൽകിയിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കാവശ്യമായ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കി കാർഷികാവശ്യത്തിനുള്ള ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണത്തിന്റെ ഭാഗമായി 536 കുളങ്ങളുടെ നവീകരണം ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള ജല അതോറിറ്റി

ജലലഭ്യതക്കുറവുള്ള കുടിവെള്ളവിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തി ഓപ്പൺവെൽ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകളെ സംരക്ഷിച്ചു വരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയാൻ ബ്ലൂബ്രിഗേഡ് സംവിധാനവും വ്യാപിപ്പിച്ചിട്ടുണ്ട്. മാത്രമല്ല അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും റവന്യൂ വകുപ്പിന്റേയും അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്തു. വരൾച്ചയെ പ്രതിരോധിക്കുന്നതിനും മുടക്കംകൂടാതെ

ജലവിതരണം സാധ്യമാക്കുന്നതിനുമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല നീട്ടുന്നതിലേയ്ക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും ജലഅതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ്

ഭൂജലവകുപ്പ് ഭൂജലസംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്നകിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

ജലനിധി

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. ജലനിധി പദ്ധതികളിൽ ഭൂജല പരിപോഷണം ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കിവരുന്നുള്ളൂ.

(ബി) ജലസേചന വകുപ്പ്

ജലം സംരക്ഷിക്കേണ്ടതിന്റെയും മിതമായി ഉപയോഗിക്കേണ്ടതിന്റെയും ആവശ്യകതയും പ്രാധാന്യവും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ജലസേചന വകുപ്പ് മാർച്ച് 22 (ലോകജലദിനം), ജൂൺ 5 (ലോക പരിസ്ഥിതി ദിനം) എന്നീ ദിവസങ്ങളോടനുബന്ധിച്ച് ശില്പശാലകൾ സ്കൂളുകൾ/കോളേജുകൾ കേന്ദ്രീകരിച്ച്

ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. ഇതിനുപുറമെ ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ പ്രദർശനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ജലമോഷണം, ദുർവിനിയോഗം എന്നിവ തടയുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും മാധ്യമങ്ങളിലൂടെ ജലചൂഷണത്തിനും ജലദുർവിനിയോഗത്തിനും എതിരായി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. ജലം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പത്രങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകിയും ലഘുലേഖകൾ വിതരണം ചെയ്തും മൈക്ക് അനൗൺസ്മെന്റ് നടത്തിയും പ്രചാരണപരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സാക്ഷരതാ മിഷൻ അതോറിറ്റി, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലമാണ് ജീവൻ എന്ന ക്യാമ്പയിൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു. ഇതിനായി വിശദമായ ഒരു കൈപുസ്തകം തയ്യാറാക്കി എല്ലാ കുടുംബശ്രീ യൂണിറ്റുകൾ വഴിയും ഗ്രന്ഥശാലകൾ വഴിയും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ഇതുകൂടാതെ ഹരിതകേരളം മിഷൻ സംസ്ഥാനത്തെ സ്കൂളുകളിൽ സംഘടിപ്പിച്ചിട്ടുള്ള ഹരിതോത്സവത്തിന്റെ ഭാഗമായും ഇത്തരം പ്രചാരണങ്ങൾ നടത്തുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 2017 ഡിസംബർ 14 മുതൽ 17 വരെ മാനവീയം വീഥിയിൽ ലോകകേരള സഭയുടെ ഭാഗമായി സംഘടിപ്പിച്ച വസന്തോത്സവത്തിൽ 2018 ജനുവരി 7 മുതൽ 16 വരെ കനകക്കുന്നിലും പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി 2018 ഫെബ്രുവരി 17 മുതൽ 19 വരെ പെരിന്തൽമണ്ണയിലും വളരെ ശ്രദ്ധേയവും ആകർഷകവുമായ രീതിയിൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചും പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. ഇതുകൂടാതെ ഹരിതസംഗമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ശ്രദ്ധേയമായ പ്രദർശനങ്ങൾ സംഘടിപ്പിച്ചിരുന്നു.

ഭൂജല വകുപ്പ്, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ ഭൂജലഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ സെമിനാറുകൾ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുവരുന്നു.

ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും എന്നീ വിഷയങ്ങളെക്കുറിച്ച് ജലനിധി പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുന്നതിനായി ജലനിധി സംഘടിപ്പിച്ച പരിപാടികൾ ചുവടെ ചേർക്കുന്നു:

1. സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള

ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും.

2. റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിലെ മത്സരങ്ങൾ.

3. സ്കൂൾ തലത്തിൽ രൂപീകരിച്ച ജലശ്രീ ക്ലബ്ബുകൾവഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

4. വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, പത്രം) ഈ വിഷയത്തിൽ ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായുള്ള ചർച്ചകൾ കൂടാതെ ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോവഴി ജനങ്ങളിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ വേനൽക്കാലത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പിലാക്കുന്നതിന് 'ജലമാണ് ജീവൻ' എന്ന ക്യാമ്പയിൻ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ സഹായത്തോടെ നടത്തുകയുണ്ടായി. ഹരിതകേരളം മിഷന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മുഴുവൻ വാർഡുകളിലും വാർഡടിസ്ഥാനത്തിൽ ജലപാർലമെന്റുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അതത് വാർഡുകളിലെ ജനപ്രതിനിധികൾ ഇതിന് നേതൃത്വം വഹിക്കുന്ന തരത്തിലാണ് പരിപാടി ആസൂത്രണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് ജല സംരക്ഷണത്തിന്റെയും ജല മിതവ്യയത്തിന്റെയും പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നതാണ് ഈ ജലപാർലമെന്റ്കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇതോടൊപ്പം വാർഡുകളിൽ ജലസംരക്ഷണത്തിനായി ഏറ്റെടുക്കേണ്ട ദീർഘകാല പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചയും നിർദ്ദേശങ്ങൾ സ്വീകരിക്കലും ഉണ്ടാകും. ഇതിന്റെ സംഘാടന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളെ കൂടാതെ സാക്ഷരതാ മിഷൻ, യുവജന ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവയേയും സഹകരിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളും ഈ പ്രവർത്തകരുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നത്. കൂടാതെ ജലനിധിയുടെ, പദ്ധതി പഞ്ചായത്തുകളിൽ എല്ലാ ബോധവൽക്കരണ പരിപാടികളും ജനസമ്പർക്ക പരിപാടികളും കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ, ജലശ്രീ ക്ലബ്ബുകൾ, മറ്റ് സാമൂഹിക സമിതികൾ എന്നിവയെ ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കാറുള്ളത്.

## സ്വാഭാവിക വനങ്ങളുടെ സംരക്ഷണം

18(*78) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും കാട്ടുമൃഗങ്ങളുടേതടക്കമുള്ള ജീവനോപാധികൾ നിലനിർത്തുന്നതിനും വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വനാതിർത്തികൾ സർവ്വേ നടത്തുന്നതിനും അതിർത്തി വേർതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) നശിച്ചുപോകുന്ന വനത്തിന് പകരം വനം വച്ചുപിടിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ഹെക്ടർ പ്രദേശത്താണ് പുതുതായി മരങ്ങൾ വച്ചു-പിടിപ്പിച്ചിട്ടുള്ളതെന്നും ഇവയുടെ പരിപാലനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തുള്ള സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു.
- വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.
- നിലവിലുള്ള വൻമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.

- വനാശ്രിതസമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിദ്ധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.
- വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.
- വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട്, വിവിധ ഭൂവിനിയോഗങ്ങളും, മനുഷ്യന്റെ ആവാസവും പരസ്പരപൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ് പദ്ധതി നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.
- വനത്തിനുള്ളിൽ ജല ലഭ്യത ഉറപ്പു വരുത്തൽ.

(ബി) ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും കാട്ടുമൃഗങ്ങളുടേതടക്കമുള്ള ജീവനോപാധികൾ നിലനിർത്തുന്നതിനും വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തൽ, കാട്ടുതീ പ്രതിരോധം, കണ്ടൽക്കാടുകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണം, പങ്കാളിത്ത വനപരിപാലനം മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിനായി വനപ്രദേശങ്ങളെ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതയുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളായി തരംതിരിക്കുകയും, കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

(സി) വനാതിർത്തികൾ സർവ്വേ നടത്തുന്നതിനായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്.

കൂടാതെ 4-4-2016 -ലെ GO(P)No.290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ്- 1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

അതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 2016-17-ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ 31-1-2018 വരെ 10700 -ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

(ഡി) വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള 3000 ഹെക്ടർ പ്രദേശത്തെ തൈകൾ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കാട്ടുതീ സംരക്ഷണം അത്യന്താപേക്ഷിതമാണ്. വനസംരക്ഷണ സമിതിയിലൂടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

## ജലസേചനം ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ

19(*79) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലോകബാങ്ക് മറ്റ് വിദേശ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ ജലസേചന വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ തനതു വരുമാനം കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അപര്യാപ്തമാകുന്ന നിലവിലെ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി ജലസേചനം ആധുനികവൽക്കരിക്കുന്നതിന് ലോക ബാങ്കിന്റേയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ & ബി) കേരളത്തിൽ ലോകബാങ്ക് സഹായത്തോടെ ജലസേചന വകുപ്പിന് കീഴിലുള്ള 16 ഡാമുകളുടെ പുനരുദ്ധാരണത്തിനായുള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP - Phase II) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം. കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക അതു വഴി കാര്യക്ഷമമായ ജലസേചന സൗകര്യം ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

മലമ്പുഴ, പോത്തുണ്ടി, മലങ്കര, ചിമ്മിനി, പഴശ്ശി, പെരിയാർ വാലി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ വാട്ടർ റിസോഴ്സസ് അക്വിസിഷൻ സിസ്റ്റം, വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം, വാട്ടർ റിസോഴ്സസ് ഓപ്പറേഷൻ ആന്റ് പ്ലാനിംഗ്, ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന, 50% വീതം ലോകബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും ധനസഹായത്തോടെയുള്ള നാഷണൽ ഹൈഡ്രോളജി പ്രോജക്ടും നടപ്പാക്കിവരുന്നു.

ജലസേചന സൗകര്യം ആധുനികവൽക്കരിക്കുന്നതിന് വിദേശ സഹായത്തോടെ നടപ്പാക്കുന്ന മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരത്തിൽ പുതിയ പദ്ധതികൾ ആവശ്യമാണെന്ന് കാണുന്നപക്ഷം അവ പരിഗണിക്കുന്നതാണ്.

## ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

20(*80) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തൊഴിലാളികൾക്ക് പരമാവധി ചികിത്സാസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് 14-12-2016 -ലെ സ.ഉ(സാ)നമ്പർ 1539/16/തൊഴിൽ പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിലും ടി സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി 21-12-2017-ലെ സ.ഉ.(കൈ)നമ്പർ107/17/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. അതിനൊപ്പം ഫറോക്ക്, പേരൂർക്കട ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ടെലിഫോൺ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ഇ.സി.ജി. മെഷീൻ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി. ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്തു

ജില്ലകളിലായി 14 എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെ കൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
- ലബോറട്ടറി നവീകരണം.
- ആംബുലൻസ് സംവിധാനം.
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്
- പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രികളിൽ ആയുഷ് യൂണിറ്റ്.
- VIBGYOR പവർ ലോൺട്രി.
- ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്.
- ഫ്രണ്ട് ഓഫീസ് & sign board at ESI Hospitals.
- ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.

(സി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകുവാൻ പ്രൈവറ്റ് ആശുപത്രികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 47 ആശുപത്രികളും സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി 35 ആശുപത്രികളും എംപാനൽ ചെയ്തിട്ടുണ്ട്. ജനിതകരോഗങ്ങൾ, കാൻസർ, വൃക്ക, കരൾ സംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്നുകൾ, സ്പെഷ്യൽ ഇന്റന്റ് മുഖേന രോഗികൾക്ക് നൽകിവരുന്നുണ്ട്.

## തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

21(*81) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതിവർഷം എന്ത് തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ലോട്ടറിയിൽനിന്നുള്ള വരുമാനം പൂർണ്ണമായും ഈ പദ്ധതിക്ക് വേണ്ടി നീക്കിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾകൂടി കണക്കിലെടുത്താണോ സംസ്ഥാന പദ്ധതിക്ക് രൂപം നൽകുന്നത്;

(ഡി) സംസ്ഥാന പദ്ധതിക്ക് കേന്ദ്രവിഹിതമായി എന്ത് തുക ലഭിക്കുമെന്നാണ് കരുതുന്നത്;

(ഇ) കേന്ദ്രവിഹിതം മുൻഗണനാ പട്ടികയിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സാഹചര്യത്തിൽ ശേഷിക്കുന്നവരുടെ പ്രീമിയം തുക സംസ്ഥാന സർക്കാർ വഹിക്കുമോ;

(എഫ്) സ്വന്തമായി പ്രീമിയം അടച്ച് പദ്ധതിയിൽ ചേരുന്നവർക്കും സർക്കാർ പ്രീമിയം അടയ്ക്കുന്നവർക്കും ഒരേ തുകയാണോ പ്രീമിയമായി നിശ്ചയിക്കുന്നത്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ഈ പദ്ധതി ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

ലോട്ടറിയിൽനിന്നുള്ള വരുമാനം ആർ.എസ്.ബി.വൈ./ചിസ് പദ്ധതികൾക്കായി വിനിയോഗിക്കുന്നില്ല.

(സി - എഫ്) ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. പ്രസ്തുത മാർഗ്ഗരേഖകൾ തയ്യാറാകുന്ന മുറയ്ക്ക് സംസ്ഥാന പദ്ധതിയുമായി ബന്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സ്വയംപര്യാപ്ത ക്ഷീരകേരളം

22(*82) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷീര വികസന വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്ന കിടാരി പാർക്കിന്റെ ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശവും അറിയിക്കാമോ;

(സി) ഒരു ലക്ഷം കന്നുകുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കാൻ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) കേന്ദ്ര സർക്കാരിന്റെ കന്നുകാലി കശാപ്പ് നിയന്ത്രണം സംസ്ഥാനത്തെ കന്നുകാലി വളർത്തു മേഖലയിൽ തിരിച്ചടി ഉണ്ടാക്കാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ തീറ്റപ്പുൽ കൃഷി വികസനം, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

മിൽമയുടെ കീഴിലുള്ള മേഖല, യൂണിയനുകൾ സ്വയംപര്യാപ്ത ക്ഷീര കേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിദ്ധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയിൽ 2018-19-ൽ അഞ്ച് ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെയെങ്കിലും വളർത്തുന്ന കിടാരിപാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

(സി) 2017-18 -ൽ 53 കോടി 80 ലക്ഷം രൂപ അനുവദിച്ചതിൽ 14 കോടി 92 ലക്ഷം രൂപ കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്ന പദ്ധതിക്കും 38 കോടി 88 ലക്ഷം രൂപ ഗോവർദ്ധിനി എന്ന പദ്ധതിക്കുമായി ചെലവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം (CAP) പദ്ധതിയിൻ പ്രകാരം 20622 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 18205 കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെ വരി ചേർക്കുവാൻ പദ്ധതിയിട്ടിരുന്നതിൽ

14448 കന്നുകുട്ടികളെയും വരി ചേർത്തിട്ടുണ്ട്. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി വിഭാവന ചെയ്യുന്ന തരത്തിലുള്ള പോഷകാഹാരവും മറ്റ് സംരക്ഷണവും നൽകി വരുന്നു. കൂടാതെ സ്പെഷ്യൽ ഗോവർദ്ധിനി 2017-18 പദ്ധതിയിൽ 10000 കന്നുകുട്ടികളെ വരി ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത നിയന്ത്രണം നടപ്പിൽ വന്നിരുന്നെങ്കിൽ കന്നുകാലി വളർത്തു മേഖലയിൽ എന്തൊക്കെ തിരിച്ചടി ഉണ്ടാകുമായിരുന്നു എന്നത് സംബന്ധിച്ചറിയാൻ ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടില്ല.

**ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിന് നടപടി**

23(*83) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധിയിലാകുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ നടത്തിപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) കേരള വാട്ടർ അതോറിറ്റി സ്ഥാപിതമായ വർഷം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. ഈ റവന്യൂ കമ്മി ഒരു പരിധിവരെ നികത്തിപ്പോകുന്നത് സർക്കാർ നൽകുന്ന പദ്ധതിയേതര വിഹിതം ഉപയോഗിച്ചാണ്. 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന പ്രതിമാസ റവന്യൂ കമ്മി 31.80 കോടി രൂപയാണ് കാലാകാലങ്ങളായിട്ടുള്ള റവന്യൂ കമ്മി നിമിത്തം റവന്യൂ ചെലവുകളായ വൈദ്യുതി ചാർജ്, പദ്ധതിയുടെ അറ്റകുറ്റ പണികളുടെ ചെലവ്, ചില പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ എന്നിവ യഥാസമയം നൽകാൻ സാധിക്കുന്നില്ല.

(ബി & സി) പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട

ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17 -ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലുമാണ്. കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖലയിലൂടെയുള്ള ചോർച്ച ഒഴിവാക്കുവാനുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ "അമൃതി"ൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പഴകിയതും കാലാവധി കഴിഞ്ഞതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനായി 144.25 കോടി രൂപയുടെ 16 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്ക് 59.57 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.
4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും, ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

9. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്. കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

**കേരള ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക**

24(*84) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി ലാഭകരമാക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജല അതോറിറ്റിക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിവിധ സർക്കാർ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എപ്രകാരം ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കുടിശ്ശിക പിരിച്ചെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) ഉണ്ട്.

കേരള വാട്ടർ അതോറിറ്റിയെ ലാഭകരമാക്കുന്നതിനായി ഏതാനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1,004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.

2. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനും.

3. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുന്നതിനും.

4. നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുന്നതിനും

5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

(ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിവരുന്നു. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുന്നുണ്ട്. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ടുപോയി കുടിശ്ശിക പിരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക തവണകളായി അടയ്ക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ കാമ്പെയിനുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഉപഭോക്താക്കൾക്ക് നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക തവണകളാക്കി അടച്ചുതീർക്കാൻ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പുമേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പത്രമാദ്ധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും ചെയ്യാറുണ്ട്. റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ നടന്നുവരുന്നു.

(സി) വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചുതീർക്കാനുള്ള അവസരം നല്കുകയും കുടിശ്ശിക നിവാരണത്തിനായി ഡിവിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്ത് കുടിശ്ശിക നിവാരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനോട് അനുബന്ധിച്ച് എല്ലാ ജില്ലകളിലും 2018 ജനുവരി മാസത്തിൽ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി അദാലത്ത് നടത്തുകയുണ്ടായി.

(ഡി) കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## ഭൂഗർഭ ജലനിരപ്പ്

25(*85) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി സംസ്ഥാനത്ത് പല ഭാഗത്തും കുറയുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി ഹരിതകേരളം മിഷനിലൂടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) കേരള ഭൂജലം (നിയന്ത്രണവും, ക്രമീകരണവും) നിയമത്തിൽ ഓർഡിനൻസിലൂടെ കൊണ്ടുവന്ന ഭേദഗതി പ്രകാരം ഒരു ലെവലിൽ താഴെയുള്ള ഭാഗത്തുനിന്നും ഭൂജലം എടുക്കുന്നതിന് പെർമിറ്റ് ആവശ്യമില്ലെന്നുള്ള നിബന്ധന വൻകിട വ്യവസായികൾക്ക് ഭൂജലചൂഷണത്തിന് അവസരം ഒരുക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭേദഗതി നിർദ്ദേശം ഹരിതകേരള മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് വിരുദ്ധമാകയാൽ ആയത് ഉപേക്ഷിക്കുമോ;

(ഇ) കഴിഞ്ഞ വർഷത്തെപോലെ സംസ്ഥാനം ഈ വർഷവും കടുത്ത വരൾച്ചയിലേക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) ഭൂഗർഭ ജലത്തിന്റെ അളവ് കഴിഞ്ഞ വർഷത്തെക്കാൾ മെച്ചപ്പെട്ട നിലയിലാണെങ്കിലും കഴിഞ്ഞ 10 വർഷത്തെ ശരാശരിയെക്കാൾ താണു നിൽക്കുന്നു. സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്ന് ജലവിതാനം പരിശോധിച്ച് അപഗ്രന്ഥ പഠനം നടത്തിവരുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിലെ ഭൂജല സ്ഥിതിയെപ്പറ്റി പഠനം നടത്താറുണ്ട്.

(ബി) കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും മറ്റുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഹരിത കേരളം മിഷൻ. ഭൂജലവകുപ്പ് ഹരിതകേരളം പദ്ധതിയോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ ഈ മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിവരുന്നു. 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ തുറന്നകിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. ഭൂജലവകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 105-ഓളം തുറന്നകിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണം പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇരുപതോളം തുറന്ന കിണർവഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഹരിതകേരളം പദ്ധതിയിലെ ജലസംരക്ഷണ പ്രവർത്തനങ്ങളും മഴവെള്ള ശേഖരണ സംരംഭങ്ങളും ഭൂജല നിരപ്പ് ഉയർത്തുന്നതിന് സഹായകമായ ഘടകങ്ങളാണ്.

(സി) ഒരു ലെവലിൽ താഴെയുള്ള ഭാഗത്തുനിന്നും ഭൂജലം എടുക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു നിശ്ചിത അളവ് (ക്വാന്റിറ്റി) ജലം എന്നത് മാത്രമാണ്. ഉദ്ദേശത്തിനു വിപരീതമായി പ്രസ്തുത വകുപ്പ് വ്യഖ്യാനിക്കുവാൻ ഇടയുണ്ട് എന്ന് നിയമസഭയിലെ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തെറ്റായ രൂപത്തിൽ നിയമവ്യവസ്ഥകൾ വ്യാഖ്യാനിക്കപ്പെടാതിരിക്കുവാൻ ആവശ്യപ്പെട്ട നടപടികൾ സ്വീകരിക്കും എന്ന് സഭയിൽത്തന്നെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഇല്ല. എന്നാൽ തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി.മീ.) കുറവായിരുന്നതിനാലും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങളും ഭൂജലസംപോഷണ പ്രക്രിയയെ ബാധിക്കുന്നതിനാലും ഭൂജലവിതാന വ്യതിയാനത്തിന് കാരണമാകുന്നു. ഇതുകൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ (ഘനം/thickness) ഏറ്റകുറച്ചിലുകളും, പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ് ഉണ്ടാകാം.

## വനപ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ നടപടി

26(*86) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യ നിക്ഷേപം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇക്കോടൂറിസം കേന്ദ്രങ്ങളിലും വനത്തിനുള്ളിലെ ആരാധനാലയങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് അറിയിക്കുമോ;

(ഡി) ഉറവിടത്തിലും കേന്ദ്രീകൃതമായും മാലിന്യനിർമ്മാർജ്ജനം നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വൻതോതിലുള്ള മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാലിന്യ നിക്ഷേപത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചരണങ്ങൾ നടത്തുകയും അത് തടയുന്നതിന് ജീവനക്കാർ, വനസംരക്ഷണ സമിതി അംഗങ്ങൾ എന്നിവർ മുഖാന്തിരം പട്രോളിംഗ് നടത്തി മാലിന്യ നിക്ഷേപം തടയാൻ ശ്രമങ്ങൾ നടത്തുന്നുമുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളിൽ കുറ്റക്കാരെ കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണ്. എന്നാൽ വനത്തിനുള്ളിലെ തീർത്ഥാടനകേന്ദ്രമായ ശബരിമലയുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനത്തിൽ അതിനുത്തരവാദിത്തപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ തീർത്ഥാടക ബാഹുല്യംമൂലം ഫലപ്രദമല്ല. പരമ്പരാഗത കാനനപാതയിലെ മാലിന്യം വനം വകുപ്പിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തിട്ടുണ്ടെങ്കിലും പ്രധാന പാതയിലും

വശങ്ങളിലും സന്നിധാനത്തും പമ്പയിലും പ്ലാസ്റ്റിക്ക് പൂർണ്ണമായി നീക്കം ചെയ്തിട്ടില്ല. വനം വകുപ്പിന് ടി കേന്ദ്രങ്ങളിൽ തീർത്ഥാടക ബാഹുല്യം, ജീവനക്കാരുടെയും ഫണ്ടിന്റേയും കുറവ് മുതലായ കാരണങ്ങളാൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല.

മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി ശബരിമല പൂങ്കാവനവും തീർത്ഥാടന പാതയും മാലിന്യ മുക്തമാക്കുന്നതിനായി വനം വകുപ്പിന്റെ സഹകരണത്തോടെ ശുചിത്വ മിഷൻ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ വനം വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

### ഡാമുകളിലെ മണൽ ശേഖരിക്കുന്നതിന് നടപടി

27(*87) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കംചെയ്യാനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തികൾ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനം നേരിടുന്ന മണൽ ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനായി ഡാമുകളിൽ കെട്ടിക്കിടക്കുന്ന മണൽ ശേഖരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) സംസ്ഥാനത്തെ ഡാമുകളിൽ കെട്ടികിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനും വേണ്ടി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP), സ.ഉ.(കൈ) നമ്പർ 79/2017/ജവിവ. തീയതി 26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച്, പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകിയിട്ടുണ്ട്.

ഡീസിൽറ്റേഷൻവഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള സാമ്പിളുകൾ ശേഖരിക്കുന്ന പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെയും വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (KERI) ഏൽപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് NCESS മായുള്ള ധാരണാപത്രം (MOU) പ്രകാരം മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഭാഗമായി നടത്തുന്ന സെഡിമെന്റ് ശേഖരണവും അനാലിസിസും സാഹചര്യങ്ങൾക്ക് വിധേയമായി ചുള്ളിയാറിൽ മാർച്ച് അവസാനത്തോടെയും മംഗലത്തിൽ ഏപ്രിൽ അവസാനത്തോടെയും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ആയതിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിൽ എത്തിക്കുന്നതിനു പുറമേ സംസ്ഥാനം നേരിടുന്ന മണൽക്ഷാമവും ഡീസിൽറ്റേഷൻവഴി പരിഹരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

28(*88) ശ്രീ. എം. മുകേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ഇടയിൽ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ രംഗത്ത് ലഹരിവർജ്ജന മിഷനായ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) 'വിമുക്തി'യുടെ ഭാഗമായി സർക്കാർ ആശുപത്രികളോട് ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കുന്നത്; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ സാമൂഹ്യവിരുദ്ധ പ്രവണതകൾ തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

(ബി) മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ വിപത്തുകൾ തടയുന്നതിന് 'എക്സൈസ് ഷാഡോ' സംവിധാനവും ഇന്റലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനം നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ നൽകുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ പരമപ്രധാനമായ ലക്ഷ്യം. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'ലഹരിവിരുദ്ധ ക്ലബ്ബുകൾ' രൂപീകരിക്കുന്നതും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(സി) ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക്

കൈപിടിച്ച നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത്-വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങൾ റസിഡൻസ് അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ, ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ, കുടുംബശ്രീ തുടങ്ങിയവയുമായി സഹകരിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ബൃഹത്തായ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ്ങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും.

(ഡി) കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആശുപത്രികൾ ചുവടെ ചേർക്കുന്നു:

1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നെടുംങ്ങോലം, കൊല്ലം.
2. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ
3. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ
4. ജനറൽ ആശുപത്രി, പാല, കോട്ടയം.
5. ജനറൽ ആശുപത്രി, ആലുവ, എറണാകുളം.
6. ഡിസ്ട്രിക്ട് ആശുപത്രി, മാവേലിക്കര, ആലപ്പുഴ
7. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം.
8. ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട്.
9. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.
10. പ്രൈമറി ഹെൽത്ത് സെന്റർ, അഗളി, പാലക്കാട്.

## ജാതി വിവേചനം

29(*89) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സവർണർ എന്നു വിവക്ഷിക്കുന്നവർ ജാതി ശ്രേണിയിൽ താഴ്ന്നതെന്ന് കരുതുന്ന ജാതിയിൽ ഉൾപ്പെട്ടയാളായതുകൊണ്ട് പ്രശസ്ത ചിത്രകാരനും ശില്പിയുമായ അശാന്തന്റെ മൃതദേഹം സംസ്കാരിക സ്ഥാപനമായ ഡർബാർ ഹാളിൽ പൊതുദർശനത്തിന് വയ്ക്കുന്നത് വിലക്കിയതിനെതിരെ അയിത്താചരണത്തിന് നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ;

(ബി) ഒരു ദളിതന്റെ മൃതദേഹം ക്ഷേത്രത്തിന് സമീപത്തുകൂടി കൊണ്ടുപോയാൽ ക്ഷേത്രം അശുദ്ധമാകുമെന്ന് കരുതുന്നത് പോലെയുള്ള ജാതിവിവേചനങ്ങൾ കർശനമായി നിയന്ത്രിക്കാൻ ഇടപെടൽ നടത്തുമോ;

(സി) വേദങ്ങളിലും മന്ത്ര തന്ത്രങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അവഗാഹം നേടിയവരായിട്ടും ദളിതനായതിന്റെ പേരിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ കീഴ്ശാന്തിക്കാരനെ പ്രവേശിപ്പിക്കാതിരുന്നതും ചെർപ്പുളശേരിയിൽ പിന്നോക്കക്കാരനായതുകൊണ്ടുമാത്രം ശാന്തിക്കാരനെ ക്രൂരമായി ആക്രമിച്ചതും പോലെയുള്ള ജാതി വിവേചനപരമായ പ്രവർത്തനങ്ങളെ കർശനമായി അമർച്ച ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പ്രശസ്ത ചിത്രകാരനും ശില്പിയുമായ അശാന്തന്റെ മൃതദേഹം എറണാകുളം ദർബാർ ഹാൾ ഗാലറിയുടെ മുറ്റത്ത് പൊതുദർശനത്തിന് വയ്ക്കുന്നത് വിലക്കുകയും കേരള ലളിതകലാ അക്കാഡമി സെക്രട്ടറിയെ ആക്ഷേപിക്കുകയും ചെയ്തത് സംബന്ധിച്ച് സെക്രട്ടറിയായ ശ്രീ. പൊന്ന്യം ചന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 1-2-2018 -ൽ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 317/18 സെക്ഷൻ 143, 147, 427, 294(ബി), 506 R/W, 149 IPC പ്രകാരം കേസ്സ് എടുത്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരമുള്ള വകുപ്പുകൾ ടി കേസിൽ ഉൾപ്പെടുത്തിയിട്ടില്ല. അശാന്തന്റെ

മൃതദേഹത്തോട് അനാദരവ് കാണിച്ചത് സംബന്ധിച്ച് അതിക്രമം തടയൽ നിയമ പ്രകാരം നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആലപ്പുഴ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ ദളിതനായതിന്റെ പേരിൽ കീഴ്ശാന്തിക്കാരനെ പ്രവേശിപ്പിക്കാതിരുന്നതായുള്ള സംഭവത്തിൽ ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷൻ കീഴ്ശാന്തി നിയമനത്തിനെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് ടി നിയമന ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കുകയും പിന്നീട് ടിയാനെ തന്നെ കീഴ്ശാന്തിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി സംഭവവുമായി ബന്ധപ്പെട്ട് മറ്റ് പരാതികളോ കേസ്സുകളോ ഉണ്ടായിട്ടില്ല. ജാതിവിവേചനപരമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

ചെർപ്പുളശേരിയിൽ ശാന്തിക്കാരനെ ആക്രമിച്ച കേസിൽ അതിക്രമ നിരോധന നിയമം 3(2)(V) ഐ.പി.സി 1860, എസ്.സി.എസ്.റ്റി. (PoA) ആക്റ്റ് 1989 ഉൾപ്പെടുത്തിക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28-11-2017-ലെ ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ ടിയാന് ഒരു ലക്ഷം രൂപ നൽകുവാനുള്ള തീരുമാനം ആയിട്ടുണ്ട്. ആയത് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എംപ്ലോയബിലിറ്റി സെന്ററുകൾ

30(*90) ശ്രീ. എ. എം. ആരിഫ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അത് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ എത്തിക്കുന്നതിനുമായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ഇ) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകി വരുന്നുണ്ട്. ഇതിനു പുറമെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സംഘടിപ്പിച്ചുവരുന്ന നിയുക്തി മെഗാ ജോബ്ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തിവരുന്ന ജോബ്ഡ്രൈവുകൾ വഴിയും മോഡൽ കരിയർ സെന്ററുകൾ മുഖേന സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും പരിശീലനവും നൽകി മികച്ച തൊഴിലുകൾക്ക് പ്രാപ്തരാക്കുകയും അതിനുശേഷം സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രാപ്തരായ ഉദ്യോഗാർത്ഥികളെ എംപ്ലോയബിലിറ്റി സെന്ററുകളിലേക്ക് നയിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾവഴിയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

(ഡി) എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾ 250 രൂപ ഒറ്റത്തവണ ഫീസും വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും ആധാർ പോലുള്ള തിരിച്ചറിയൽ രേഖകളും സഹിതം ടി സെന്ററുകൾ നിലവിലുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സമീപിക്കാവുന്നതാണ്. www.employabilitycentre.org എന്ന വെബ്സൈറ്റിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഇ) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ക്ഷേമപദ്ധതികൾ

1(610) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായുള്ള ക്ഷേമപദ്ധതികളുടെ ഫണ്ട് ലാപ്സ് ആകാതിരിക്കുവാനായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) 2016-17 ലും 2017-18 ലും പദ്ധതി വിഹിതമായി എന്ത് തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതികളുടെ ഗുണനിലവാരവും പദ്ധതി പുരോഗതിയും വിലയിരുത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക്/ജില്ലാതല/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസപദ്ധതി അവലോകന യോഗങ്ങളിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങളിലും പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നു.

(ബി) പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1,315.50 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 430.92 കോടി രൂപയും ഗ്രാന്റ്

ഇൻ-എയ്ഡ് ആയി എൽ.എസ്.ജി.ഡി.-ക്ക് 1,038.90 കോടി രൂപയും വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1,427.60 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപയും ഗ്രാന്റ് -ഇൻ-എയ്ഡ് ആയി എൽ.എസ്.ജി.ഡി.ക്ക് 1,172.05 കോടി രൂപയും വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമ പദ്ധതികൾക്കായി 1,111.13 കോടി രൂപയും (83%) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 342.08 കോടി രൂപയും (79%) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി 709.41 കോടി രൂപയും (68%) ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമപദ്ധതികൾക്കായി 670.53 കോടി രൂപയും (50.65%), 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനം നീക്കിവച്ച തുകയിൽ 191.684 കോടി രൂപയും (67.71%), 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 11.16 കോടി രൂപയും (55.18%) ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിലേയ്ക്ക് 2017-18-ൽ 518.45 കോടി (44.33%) രൂപ ചെലവഴിച്ചിട്ടുണ്ട്.

## മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളുകൾ

2(611) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് പ്ലസ് ടു കോഴ്സ് ഉള്ളതെന്നും പ്ലസ് ടു കോഴ്സ് ഇനിയും അനുവദിക്കാത്ത വിദ്യാലയങ്ങൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിലവിൽ 9 എം.ആർ.എസ്.-കൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കുഴൽമന്ദം, തൃത്താല ആലപ്പുഴ ജില്ലയിലെ പുന്നപ്ര, എറണാകുളം ജില്ലയിലെ കീഴ്മാട്, ഇടുക്കി ജില്ലയിലെ പീരുമേട്, തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് എം.ആർ.എസ്. എന്നിവിടങ്ങളിൽ പ്ലസ് ടു കോഴ്സ് നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിലെ

വടക്കാഞ്ചേരി എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. 2018-19 മുതൽ കോഴ്സ് ആരംഭിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ ചേലക്കര, എം.ആർ.എസ്.-ലും കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എം. ആർ.എസ്.-ലും നിലവിൽ പ്ലസ് ടു കോഴ്സ് ഇല്ല.

## പട്ടികജാതി വികസന കേന്ദ്രാവിഷ്കൃത പദ്ധതി

3(612) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ പട്ടികജാതി വികസനത്തിനായി വകയിരുത്തിയ തുകയുടെ വിശദാംശം നൽകുമോ;

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി ലഭിച്ച തുക എത്രയാണ്;

(സി) മേല്പറഞ്ഞ രണ്ടിനങ്ങളിലും 31-1-2018 വരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതികൾക്കായി 1,427.80 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡായി 1,172.05 കോടി രൂപയും 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2017-18 സാമ്പത്തിക വർഷം, സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

1. പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (100 CSS) -Rs.2,860,000,000

2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ പദ്ധതി (100 CSS) -2,000,000

3. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (100% CSS)- Rs.4,000,000

4. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (100% CSS)-Rs.200,000,000
5. അതിക്രമം തടയൽ പദ്ധതി (50% CSS)-Rs. 575,00,000
6. പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായം (100% CSS)-Rs.1500,00000
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% CSS)-Rs.4,36,00,000
8. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ (പോസ്റ്റ് മെട്രിക്) ഹോസ്റ്റൽ നിർമ്മാണം (100% CSS)-Rs.40,00,00,000
9. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഓഹരി മൂലധനം (49% CSS)-Rs.24,02,00,000

(ബി) 2017-18 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപ വകയിരുത്തിയെങ്കിലും 31,96,86,000 രൂപയുടെ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്.

(സി) മേൽ പരാമർശിച്ച രണ്ടിനങ്ങളിലുമായി 31-1-2018 വരെ 19858.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി- Rs.19150.43 ലക്ഷം.
2. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി -Rs. 14.71 ലക്ഷം.
3. അതിക്രമം തടയൽ നിയമം -Rs.555.8 ലക്ഷം
4. പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം -Rs. 137.61 ലക്ഷം.

## പട്ടികജാതി പട്ടികവർഗ്ഗ വികസനം

4(613) ശ്രീ. സി കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടികജാതി പട്ടികവർഗ്ഗ മേഖലകളുടെ വികസനത്തിനായി എസ്.സി./എസ്.റ്റി. വകുപ്പിൽ നിന്നും അനുവദിച്ച ഫണ്ട് എത്രയാണെന്നും അത് വിനിയോഗിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമപദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധകൾക്കായി 1,315.50 കോടി രൂപയും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 430.92 കോടി രൂപയും ഗ്രാന്റ് ഇൻ-എയ്ഡായി എൽ.എസ്.ജി.ഡി.-ക്ക് 1,038.90 കോടി രൂപയും വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1,427.60 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപയും ഗ്രാന്റ് ഇൻ-എയ്ഡായി എൽ.എസ്.ഡി.ഡി.ക്ക് 1,172.05 കോടി രൂപയും വകയിരുത്തിയിരുന്നു. പട്ടികജാതി ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി
2. ഭൂരഹിതർക്ക് ഭവനം, പഠനമുറി
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5. മരാമത്തും കെട്ടിടവും
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7. പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി.
8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
10. വെള്ളയാണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം

12. തൊഴിലിനും പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുള്ള സഹായം

13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്- എസ്.സി.പി. (51% സംസ്ഥാന വിഹിതം)

14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

15. പൗരാവാകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

16. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

(എ) പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടകപദ്ധതി (40% സംസംസ്ഥാന വിഹിതം)

((ബി) എ.ൻ .ആർ. എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)

17. പ്രത്യക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ വിഹിതം

18. വാൽസല്യ നിധി

19. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ.

കൂടാതെ താഴെപ്പറയുന്ന 100% കേന്ദ്ര ധനസഹായത്തോടെ പദ്ധതികളും വകുപ്പ് നടത്തിവരുന്നു:

20. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

21. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

22. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക് ) ജഗജ്ജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

23. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ

24. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി എസ്.റ്റി. വകുപ്പിൽനിന്നും അനുവദിച്ച തുക, നിർവ്വഹിച്ച പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ക്ഷേമപദ്ധതികൾ ജില്ലാതലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേനയും ബ്ലോക്ക് തലത്തിൽ പട്ടികജാതി വികസന ഓഫീസർമാർ മുഖേനയുമാണ് നടപ്പിലാക്കിവരുന്നത്. ബന്ധപ്പെട്ട പദ്ധതികളിൽ അർഹരായവരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് ടി അപേക്ഷകരെ പരിഗണിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ പുരോഗതി മാസംതോറും ബ്ലോക്ക് തലത്തിൽനിന്നും ജില്ലാ ഓഫീസർമാർ ശേഖരിച്ച് ക്രോഡീകരിച്ച് പ്ലാൻസ്പെയ്സിൽ അപ്ഡേറ്റ് ചെയ്യുകയും ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഡയറക്ടറേറ്റ് തലത്തിൽ പ്ലാൻസ്പെയ്സിൽ അപ്ഡേറ്റ് ചെയ്യുകയുമാണ് ചെയ്യുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് തിരുവനന്തപുരം, പുനലൂർ, റാന്നി, കാഞ്ഞിരപ്പള്ളി, അടിമാലി, പാലക്കാട്, കോഴിക്കോട്, നിലമ്പൂർ, സുൽത്താൻ ബത്തേരി, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിൽനിന്നും ലഭിച്ച പുരോഗതി റിപ്പോർട്ട് അനുബന്ധം 2 ആയി ചേർ<u>ത്തു</u>കൊള്ളുന്നു. *

**പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന വിവര ശേഖരണത്തിന് സർവ്വേ**

5 (614) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന വിവരശേഖരണത്തിനായി സർവ്വെ നടത്തിയിട്ടുണ്ടോ ; എങ്കിൽ ആരാണ് സർവ്വേ നടത്തിയതെന്നും, ഏത് വർഷമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വേയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ പട്ടികജാതി സങ്കേതങ്ങളിലെ ആളുകളുടെ ജീവിത നിലവാരവും, കോളനികളുടെ നിലവാരവും മെച്ചപ്പെടു<u>ത്തു</u>ന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പും, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009-10 കാലയളവിൽ സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി ഗാന്ധി ഗ്രാമം, സ്വയം പര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നീ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. റോഡ് നിർമ്മാണം, വൈദ്യുതീകരണം, സോളാർ തെരുവു വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവന പുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഇതിലൂടെ പ്രധാനമായി നടപ്പിലാക്കിവരുന്നത്. ഗാന്ധി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 12 ജില്ലകളിൽ നിന്നായി 12 കോളനികളുടെ വികസനത്തിനായി 5.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 216 കോളനികളുടെ വികസനത്തിനായി 136.03 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ ഉൾപ്പെടുത്തി അംബേദ്കർ ഗ്രാമ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 206 കോളനികളുടെ വികസനത്തിനായി 103.00 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഒറ്റമുറി വീടുകളോട് അനുബന്ധമായി 5000 പഠനമുറികൾ നിർമ്മിക്കാൻ അനുമതി നൽകി.

## പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം

6(615) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധനരായ പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം നിലവിലെത്ര രൂപയാണ്; അത് അവസാനമായി പുതുക്കിയത് ഏത് വർഷമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധി എത്രയാണ്;

(സി) പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ധനസഹായം നൽകുന്നതിനായി 2018-19 -ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഇ) വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അർഹരായ അപേക്ഷകർക്ക് തുക കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ധനരായ പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം നിലവിൽ 75,000 രൂപയാണ്. ഇത് അവസാനമായി പുതുക്കിയത് ഈ സർക്കാർ വന്നശേഷം 22-3-2017-നാണ്.

(ബി) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധി 1,00,000 രൂപയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) 2018-19-ലെ ബഡ്ജറ്റിൽ 55 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഇ) 2017-18 സാമ്പത്തിക വർഷം വിവാഹ ധനസഹായത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ 55 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞു. 2017 ഡിസംബർ മുതലുള്ള അപേക്ഷകളിന്മേൽ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മിശ്രവിവാഹ ധനസഹായം**

7(616) <u>ശ്രീ.യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിവികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നാളിതുവരെ എത്ര പേർക്ക് മിശ്ര വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഇതിനോടകം എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് നാളിതുവരെ 2882 പേർക്ക് മിശ്രവിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിനായി ഇതിനോടകം 15,10,35,000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 2,33,75,000 | 447 |
| കൊല്ലം | 1,33,50,000 | 267 |
| പത്തനംതിട്ട | 38,00,000 | 69 |
| ആലപ്പുഴ | 1,23,60,000 | 245 |
| കോട്ടയം | 74,75,000 | 147 |
| ഇടുക്കി | 70,25,000 | 133 |
| എറണാകുളം | 1,77,00,000 | 314 |
| തൃശ്ശൂർ | 1,75,00,000 | 332 |
| പാലക്കാട് | 1,58,75,000 | 301 |
| മലപ്പുറം | 28,50,000 | 57 |
| കോഴിക്കോട് | 1,39,75,000 | 266 |
| വയനാട് | 33,00,000 | 66 |
| കണ്ണൂർ | 1,10,00,000 | 213 |
| കാസർഗോഡ് | 14,50,000 | 25 |
| ആകെ | 15,10,35,000 | 2882 |

## പെൺമക്കൾക്ക് വിവാഹ ധനസഹായം

8(617) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട് ;

(ബി) ഇതിനായി എത്ര കോടി രൂപ ഇതുവരെ ഈ സർക്കാർ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് 18606 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഈ സർക്കാർ ഇതുവരെ 1,03,63,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 2878 | 15,89,80,000 |
| കൊല്ലം | 2385 | 13,26,00,000 |
| പത്തനംതിട്ട | 914 | 5,10,50,000 |
| ആലപ്പുഴ | 976 | 5,47,50,000 |
| കോട്ടയം | 676 | 3,70,70,000 |
| ഇടുക്കി | 783 | 4,28,50,000 |
| എറണാകുളം | 1188 | 6,80,00,000 |
| തൃശ്ശൂർ | 1743 | 9,65,75,000 |
| പാലക്കാട് | 3719 | 20,91,50,000 |

| (1) | (2) | (3) |
|---|---|---|
| മലപ്പുറം | 1417 | 7,68,45,000 |
| കോഴിക്കോട് | 676 | 3,67,50,000 |
| വയനാട് | 348 | 2,03,50,000 |
| കണ്ണൂർ | 324 | 1,96,75,000 |
| കാസർഗോഡ് | 579 | 3,17,35,000 |
| ആകെ | 18606 | 1,03,63,80,000 |

## മിശ്ര വിവാഹിതർക്ക് ധനസഹായം

9(618) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി 2017-18 ൽ എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ബി) നീക്കിവച്ച തുകയിൽ ഇതുവരെ എന്ത് തുക ചെലവാക്കി. എത്ര പേർക്ക് ആനുകൂല്യം നൽകി എന്നീ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി 2017-18-ൽ 10,00,000/-രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ 2017-18 വർഷം ബഡ്ജറ്റിൽ 2225-01-800-86-PCR-AC(P) ശീർഷകത്തിൽ 11.50 കോടി രൂപ മിശ്രവിവാഹം/ അതിക്രമ നിവാരണം അംബേദ്കർ മാദ്ധ്യമ അവാർഡ്/സോഷ്യൽ സോളിഡാരിറ്റി അംബേദ്കർ ജയന്തി എന്നിവയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ 2017-18 വർഷം വകയിരുത്തിയിട്ടുള്ള 10,00,000 രൂപയിൽ 7,00,000 രൂപ ചെലവാക്കി 14 പേർക്ക് ആനുകൂല്യം നൽകി. ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വികസന വകുപ്പിൽ മിശ്രവിവാഹ ധനസഹായ ഇനത്തിൽ 8,25,60,000 രൂപ ചെലവാക്കി 1502 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 274 |
| കൊല്ലം | 120 |
| പത്തനംതിട്ട | 34 |
| ആലപ്പുഴ | 88 |
| കോട്ടയം | 147 |
| ഇടുക്കി | 69 |
| എറണാകുളം | 174 |
| തൃശ്ശൂർ | 132 |
| പാലക്കാട് | 101 |
| മലപ്പുറം | 17 |
| കോഴിക്കോട് | 167 |
| വയനാട് | 41 |
| കണ്ണൂർ | 113 |
| കാസർഗോഡ് | 25 |
| ആകെ | 1502 |

**ചികിത്സാ ധനസഹായം**

10(619) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സ ധനസഹായത്തിനായി ഓൺലൈൻ മുഖേനയും അല്ലാതെയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി അവയിൽ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഇനി എത്ര എണ്ണം പെൻഡിംഗ് ഉണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായ അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | ഓൺലൈൻ അപേക്ഷ |
|---|---|---|
| 2016-17 | 126 | ഇല്ല |
| 2017-18 | 189 | 39 |
| ആകെ | 315 | 39 |

ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിൽ ആരംഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായത്തിനായി ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും 2016-17 വർഷം ഒരപേക്ഷയും 2017-18 വർഷം 3 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിക്കാർക്ക് അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* 2017-18 വർഷം അപേക്ഷകൾ പെന്റിംഗ് ഇല്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ 2016-17 വർഷം ലഭിച്ച ഒരപേക്ഷയിൽ 15,000 രൂപയും 2017-18 വർഷം ഒരപേക്ഷയിൽ 1,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

## പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

11(620) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വനിതകൾക്ക് ചെറുകിട, വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള സ്കീമുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. 80 ശതമാനമോ അതിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരായ വനിതകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി മൂന്ന് ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു.

3. പട്ടികജാതി വനിതകൾക്കായി അപ്പാരൽ ട്രെയിനിംഗ്, ഗാർമെന്റ് മേക്കിംഗ്, ഓർണമെന്റ് മേക്കിംഗ്, വനിതാ സെക്യൂരിറ്റി പരിശീലനം തുടങ്ങിയ വിവിധ നൈപുണ്യ വികസന തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നഴ്സിംഗ് ബിരുദധാരികൾക്ക് പ്രത്യേക തൊഴിൽ പരിചയം നേടുവാൻ സർക്കാർ ആശുപത്രികളിൽ സൗകര്യമൊരുക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ബി) 80 ശതമാനമോ അതിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായിട്ടുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് അവർ ലഭ്യമാക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പരമാവധി 15 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള പ്രോജക്ടുകളായിരിക്കും ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ മുതൽമുടക്കിന്റെ 75% തുക (പരമാവധി പത്ത് ലക്ഷം രൂപ) രണ്ടു ഗഡുക്കളായി സ്വയംസഹായ സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചുനൽകുന്നു. 25% വരുന്ന തുക ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുകയോ ബാങ്ക് ലോൺ മുഖേന സ്വരൂപിക്കുകയോ ചെയ്യേണ്ടതാണ്.

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനം**

12(621) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) 25-5-16-ന ശേഷം ഇതുവരെ ഓരോ വിഭാഗത്തിലും ഭവനനിർമ്മാണത്തിനായി എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകൾ അനുവദിച്ചു; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയായി;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര പുതിയ വീടുകൾ അനുവദിച്ചു, അതിലെത്രയെണ്ണം പൂർത്തിയായി; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമേ വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നൽകിവന്ന ധനസഹായം 3 ലക്ഷത്തിൽ നിന്ന് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേന ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 25-5-2016-ന ശേഷം ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | തുക | |
|---|---|---|---|
| | | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
| 1 | 2016-17 | 234,50,09,800 | 202,74,26,520 |
| 2 | 2017-18 | 259,67,86,356 | 115,08,00,000 |
| | ആകെ | 494,17,96,156 | 317,82,26,520 |
| സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനായി 2007-08 മുതൽ 2015-16 വരെ ചെലവഴിച്ചത് | | 18,97,53,114 | --- |

2016-വരെ സ്പിൽ ഓവറായ 24314 വീടുകളും 2017-18 വരെ അനുവദിച്ച വീടുകളും പൂർത്തീകരിക്കുന്നതിന് 2017-18 വർഷം 115 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി & ഡി)

| | | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|---|---|
| ക്രമ നം. | ഇനം | 2016-17 | 2017-18 | 2016-17 |
| 1 | അനുവദിച്ച വീടുകൾ | 14946 | 7000 | 6709 |
| 2 | പൂർത്തീകരിച്ച വീടുകൾ | 8343 | 77 വീടുകൾ പൂർത്തീകരിച്ചു. 2357 എണ്ണം അന്തിമ ഘട്ടത്തിലാണ്. | 31 വീടുകൾ പൂർത്തീകരിച്ചു. 977 എണ്ണം അന്തിമ ഘട്ടത്തിലാണ്. |

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ലംപ്സംഗ്രാന്റ് /സ്റ്റൈപന്റ്**

13(622) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ലംപ്സംഗ്രാന്റ്/സ്റ്റൈപന്റ് സമയബന്ധിതമായി ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്;

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഇതിന് കാരണമായിട്ടുണ്ടോ; ലംപ്സംഗ്രാന്റും സ്റ്റൈപന്റും കുടിശ്ശിക സഹിതം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്/ സ്റ്റൈപന്റ് വിതരണത്തിൽ നിലവിൽ കുടിശ്ശികയില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ

14(623) ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതു സാമൂഹ്യക്ഷേമ സൂചികകൾക്കൊപ്പം പ്രസ്തുത വിഭാഗത്തെ എത്തിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക തുക നീക്കിവെച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യക്ഷേമ സൂചികകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) സാമൂഹ്യക്ഷേമ സൂചികകൾ പ്രകാരം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്.

(ബി) പട്ടികജാതിക്കാരുടെ സാമൂഹ്യക്ഷേമത്തിനായി 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾക്കായി 1570.36 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് Special Central Assistance to Scheduled Caste Sub Plan ഉൾപ്പെടെ 314.48 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1,289.26 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.* രണ്ട് മേഖലയിലും ജനസംഖ്യാനുപാതികമായി ലഭിക്കേണ്ടതിനേക്കാൾ ഉയർന്ന വിഹിതമാണ് അനുവദിച്ചത്.

(സി) കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യക്ഷേമ സൂചികകൾ ഉൾപ്പെടെയുള്ള സമഗ്രമായ വിവര ശേഖരണത്തിനായി ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ആണ്ടികൊളമ്പ് കോളനിയുടെ പ്രവൃത്തികൾ**

15(624) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് കോളനിയുടെ പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് തുടങ്ങിയതെന്നും നാളിതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള ആണ്ടികൊളമ്പ് കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ 13-4-2015-നാണ് ആരംഭിച്ചത്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) റോഡ് കോൺക്രീറ്റിംഗ്

(2) അരിക് ഭിത്തി നിർമ്മാണം

(3) ഡ്രെയിനേജ്

(4) വായനശാല നവീകരണം

(5) കുഴൽകിണർ

(6) കിണർ നവീകരണം

(7) ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റൽ

(8) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.

(സി) 2018 മാർച്ച് 31-ന് മുമ്പ് പദ്ധതി പൂർത്തീകരിക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടിക വിഭാഗക്കാരുടെ സാമൂഹ്യക്ഷേമം

16(625) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗക്കാരുടെ സാമൂഹ്യക്ഷേമ സൂചകങ്ങൾ കേരളത്തിലെ പൊതുശരാശരിയെക്കാൾ പിന്നിലാണെന്നത് കണക്കിലെടുത്ത്, ഇവ പൊതുനിലവാരത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്ത് തങ്ങളുടെ ആഗ്രഹ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നുണ്ടോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടിക വിഭാഗങ്ങളുടെ നൈപുണ്യവികസനത്തിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം, പഠനമുറികൾ
3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5. മരാമത്തും കെട്ടിടവും
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും

7. കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)

8. പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9. പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം

10. വെള്ളയാണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം.

12. തൊഴിലിനും പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള ധനസഹായം

13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി.പി. (51% സംസ്ഥാന വിഹിതം)

14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

    (a) പ്രധാനമന്ത്രി ആവാസ് യോജന [പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)]

    (b) എൻ.ആർ.എൽ.എം. [ദേശീയ ഗ്രാമീണ ഉപജീവന മിഷൻ {പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)]

17. പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

18. വാത്സല്യ നിധി

19. എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ. കൂടാതെ താഴെപ്പറയുന്ന 100% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

20. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

21. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

22. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി).

23. വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

24. 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. സമഗ്ര ആരോഗ്യ പദ്ധതി.
2. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി.
3. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
4. ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി.
5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ.
6. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി.
7. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.
8. സമ്പൂർണ്ണ കുടിവെള്ള പദ്ധതി.
9. ജീവനോപാധി പ്രവർത്തനങ്ങൾ/സ്വയംതൊഴിൽ പദ്ധതികൾ.
10. അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി.
11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്ര സാരഥി പദ്ധതി.
12. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഗോത്രബന്ധു പദ്ധതി.
13. പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി.
14. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം.
15. പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി.

(ബി) പട്ടികജാതി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട വിഭാഗത്തിനിടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, വ്യക്തികൾ എന്നിവരുമായി ചർച്ചചെയ്ത് അവരുടെ വിലപ്പെട്ട അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് ഓരോ ക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പട്ടികജാതി ക്ഷേമപദ്ധതികൾ അംഗീകരിക്കുന്നത് പട്ടികജാതി വിഭാഗങ്ങൾ അംഗങ്ങളായിട്ടുള്ള ഗ്രാമസഭാ യോഗങ്ങൾ, കർമ്മസമിതി യോഗങ്ങൾ എന്നിവയുടെ തീരുമാനങ്ങൾക്ക് അനുസൃതമായിട്ടാണ്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നിർദ്ദേശങ്ങൾ ഊരുകൂട്ടം വഴിയാണ് ചർച്ചചെയ്ത് തീരുമാനിക്കുന്നത്. ഊരുകൂട്ടത്തിൽ പട്ടികവർഗ്ഗ ഊരുകളിലുള്ള എല്ലാവർക്കും പങ്കെടുത്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ ഊരുകൂട്ടത്തിൽ ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്. പ്രസ്തുത ഊരുകൂട്ടത്തിന്റെ നിർദ്ദേശ പ്രകാരം പദ്ധതികൾ രൂപീകരിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം നേടി നടപ്പിലാക്കിവരുന്നു.

(സി) കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിന് സഹായകരമായ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമയ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾവഴി നടത്തിവരുന്നു.

2. 2017-18 സാമ്പത്തിക വർഷം 300 വിദ്യാർത്ഥികൾക്ക് NTTF -ന്റെ മൂന്ന് ശാഖകളിലായി ഡിപ്ലോമ ഇൻ ടൂൾ ആന്റ് ഡൈ മേക്കിംഗ്, ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഡിപ്ലോമ ഇൻ മെക്കട്രോണിക്സ് എന്നിവയിൽ മൂന്ന് വർഷത്തെ പരിശീലനം നൽകിവരുന്നു. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) എന്ന സ്ഥാപനം മുഖേന 100 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക് പ്രോഡക്ട് മാനുഫാക്ചറിംഗ്, പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകളിൽ ട്രെയിനിംഗ് നല്കി വരുന്നു.

3. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നല്കി തൊഴിൽ ലഭ്യമാകുന്ന പദ്ധതി KAICO യുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

4. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടെ മുദ്രാലോൺ നൽകുന്ന പദ്ധതി.

5. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി.

6. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

7. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീയുവാക്കൾക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

8. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.

കൂടാതെ പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ നിന്നും

പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽമേള സംഘടിപ്പിക്കുകയും, വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നിലവിലുണ്ട്.

- വകുപ്പിനുകീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു.

- 2016-17 വർഷം മുതൽ 'ഗോത്ര ജീവക' എന്ന പദ്ധതിപ്രകാരം 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകിവരുന്നു.

- ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി.മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 'അപ്പാരൽ പാർക്ക്' ആരംഭിക്കുന്നതിന് 267.34 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.

- കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു:

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി.

2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി.

3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡിസിഎ കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.

4. എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലെയ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

5. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സ**

17(626) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ, പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള സൗജന്യ ചികിത്സ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകിയ വകയിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്; കുടിശ്ശിക പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടിക വർഗ്ഗക്കാർക്കായുള്ള സൗജന്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകിയ ഇനത്തിൽ 2017 ഡിസംബർ 31 വരെ ആകെ 12,55,78,127 (പന്ത്രണ്ട് കോടി അൻപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) സർക്കാരിൽനിന്നും നൽകാനുണ്ട്. ടി തുക പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ തൊഴിൽ സംരംഭകർ

18(627) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സബ്സിഡിയോടുകൂടിയ വായ്പ പദ്ധതി ആരംഭിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ആർക്കൊക്കെയാണ് മുൻഗണന ലഭിക്കുക എന്ന് വ്യക്തമാക്കാമോ;

(ഡി) ടി പദ്ധതിപ്രകാരം നൽകുന്ന വായ്പകളുടെ വിശദാംശം നൽകാമോ;

(ഇ) നിലവിൽ സ്റ്റാർട്ടപ്പ് സംരംഭകർക്ക് കേന്ദ്ര സർക്കാർ പദ്ധതിയായ മുദ്രലോൺ വാങ്ങിയവരിൽനിന്ന് ദേശസാൽകൃത ബാങ്കുകൾ വൻ പലിശയാണ് ഈടാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ പുതിയ വായ്പ പദ്ധതി നവസംരംഭകർക്ക് ഏതെല്ലാം രീതിയിൽ ആശ്വാസമാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസിനസ്സിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഫണ്ട് സപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്ത് തൊഴിൽ നേടുന്നതിനും സ്വയം തൊഴിൽ ആരംഭിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിനു പുറമേ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി മിൽമ, കുടുംബശ്രീ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

- കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി.മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ സ്ത്രീ ശാക്തീകരണവും കൂടി ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

<u>ആർട്ടിക്കിൾ 275 (1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ.</u>

1. കൃഷി
2. പശു, ആട് വളർത്തൽ
3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ
4. യന്ത്രസഹായത്തോടെ കാട് വെട്ടൽ
5. യന്ത്രസഹായത്തോടെ മരംമുറി
6. തയ്യൽ യൂണിറ്റുകൾ
7. വയറിംഗ്
8. പി.എസ്.സി.പരിശീലനം
9. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10. സിവിൽ ആർകിടെക്ച്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
11. കോഴിയും കൂട്ടും പദ്ധതി
12. ചെറുകിട വ്യാപാരം.

കോർപ്പസ് ഫണ്ട്

1. കുട നിർമ്മാണം
2. മത്സ്യ കച്ചവടം
3. ബേക്കറി
4. തുണിക്കട
5. കോഫീബാർ
6. യന്ത്രവൽകൃത പുൽവെട്ടൽ
7. യന്ത്രവൽകൃത പാൽകറവ
8. റബ്ബർ റോളർ വിതരണം
9. പെട്ടിക്കടകൾ
10. പന്നി വളർത്തൽ.

ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.

എസ്.സി.എ. ടു റ്റി.എസ്.പി. നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ

1. യന്ത്രവൽകൃത തെങ്ങുകയറ്റം
2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
3. യന്ത്രവൽകൃത കൃഷി, തയ്യൽ
4. ഗാർമെന്റ് ആന്റ് ടെയ്ലറിംഗ് യൂണിറ്റ്
5. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ സംഗീത ഉപകരണങ്ങൾ
8. യന്ത്രവൽകൃത കള പറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്

10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയർ ഉൽപ്പാദനം
12. യന്ത്രവൽകൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ട്രെയിനിംഗ്
15. ഹാച്ചറി യൂണിറ്റ്
16. യന്ത്രവൽകൃത കവുങ്ങ് (അടയ്ക്ക) കയറ്റം
17. മെഴുകുതിരി നിർമ്മാണം
18. കലാപരമായ ഉല്പന്നങ്ങൾ
19. ഫർണിച്ചർ ഉത്പാദനം.

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി സബ്സിഡിയോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിനുവേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി രണ്ട് ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാകുന്ന വായ്പാ പദ്ധതിയും നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന റി-ടേൺ വായ്പാപദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദതലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech, BHMS മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായ, ഗ്രാമപ്രദേശത്ത് 98,000 രൂപ വരെയും നഗരപ്രദേശത്ത് 1,20,000 രൂപ വരെയും കുടുംബവാർഷിക വരുമാനമുള്ള നവസംരംഭകർക്കാണ് സ്റ്റാർട്ട് അപ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കുന്ന അപേക്ഷകർ ഉള്ളപക്ഷം സംരംഭകരുടെ പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും നൂതന ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകർക്കും മുൻഗണന നൽകുന്ന കാര്യം പരിഗണനയിലാണ്.

നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരമുള്ള റി-ടേൺ വായ്പാ പദ്ധതി പ്രകാരമുള്ള വായ്പ നോർക്കാ റൂട്ട്സ് ശിപാർശ ചെയ്യുന്ന പ്രവാസികൾക്ക് മാത്രമാണ് അനുവദിക്കുന്നത്. ഇത്തരത്തിൽ ശിപാർശ ചെയ്യപ്പെടുന്ന പ്രവാസികൾ കോർപ്പറേഷന്റെ വ്യവസ്ഥകൾ പ്രകാരം അർഹരായ മുഴുവൻ അപേക്ഷകർക്കും വായ്പ അനുവദിക്കുന്നതാണ്.

(ഡി) റി-ടേൺ വായ്പാ പദ്ധതി, സ്റ്റാർട്ട് അപ് വായ്പാ പദ്ധതി എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 3,* അനുബന്ധം 4*ആയി ഉള്ളടക്കം ചെയ്യുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഏറ്റവും കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും കോർപ്പറേഷൻ അനുവദിക്കുന്ന ഈ രണ്ട് പദ്ധതികൾ പ്രകാരമുള്ള വായ്പകളും കേരളത്തിൽ ഇന്ന് നിലവിലുള്ള മറ്റ് ഏതൊരു വായ്പാ പദ്ധതിയെക്കാളും ആകർഷകമാണ്. ടി പദ്ധതികൾ പ്രകാരം വായ്പ എടുക്കുന്ന സംരംഭകർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാകുന്നതിനാൽ മുതലും പലിശയും സഹിതം വായ്പാ തുകയേക്കാൾ കുറഞ്ഞ തുക മാത്രമാണ് തിരിച്ചടയ്ക്കേണ്ടിവരുന്നത്.

**ലൈഫ് മിഷൻ**

19(628) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്താകമാനം എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരും സ്വന്തം വീട്, ഇല്ലാത്തവരും, ഭൂമി ഉള്ളവർക്ക് സ്വന്തമായി വീടില്ലാത്തവരുമായി ഉണ്ടായിരുന്നു;

(ബി) പിന്നാക്കവിഭാഗക്കാരിൽ സ്വന്തമായി ഭൂമിയോ വീടോ, ഭൂമിയുണ്ടെങ്കിൽ വീടോ ഇല്ലാത്തവരായുള്ളവർ എത്ര എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗക്കാർക്ക് ഭൂമിയും വീടും ഭൂമിയുള്ളവർക്ക് വീടും നിർമ്മിക്കാനായി ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത് സാധ്യമാക്കാനായി സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ ലൈഫ് മിഷൻ നടത്തിവരുന്ന പ്രധാന നടപടികളും പ്രവർത്തനങ്ങളും എന്ത് എന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവന ഭൂരഹിതരായ കുടുംബങ്ങളുടെ കണക്ക് ഇപ്രകാരമാണ്.

| | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| ഭൂരഹിതരും ഭവനരഹിതരും | 30698 | 12435 |
| സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ | 26210 | 15149 |

(ബി) പ്രത്യേക കണക്കെടുപ്പ് വകുപ്പുതലത്തിൽ എടുത്തിട്ടില്ല.

(സി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് ഭൂമി വാങ്ങുന്നതിന് 6,00,000 രൂപയും അനുവദിച്ചുവരുന്നു. ആയത് പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 6989 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള 50,000 രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നൽകി വന്ന ധനസഹായം ഇപ്പോൾ 4 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 14946 പുതിയ വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016-17 വർഷം അനുവദിച്ച 14946 വീടുകളിൽ 8343 വീടുകളും 2017-18 വർഷം അനുവദിച്ചതിൽ 77 വീടുകളും നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി വാങ്ങിനൽകുന്ന പദ്ധതിയിൽപ്പെടുത്തി 248 ഗുണഭോക്താക്കൾക്കായി 81.983 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ 34 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുമുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി 667 പേർക്കായി 1847 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. അത്തരത്തിൽ ആകെ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 915 ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം

ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന പദ്ധതി, വനബന്ധു കല്ല്യാൺ യോജന പദ്ധതികൾ പ്രകാരം 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് 4,00,000 രൂപ നിരക്കിൽ സംസ്ഥാനത്തെ ഭൂരഹിതരായ, ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കായി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുന്നതിന് ലൈഫ് മിഷൻ എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന അനുവദിച്ചതിൽ (2015-16 വർഷം വരെ) 31-3-2016-ന് പണി പൂർത്തിയാകാതെ അവശേഷിച്ച വീടുകളുടെ പൂർത്തീകരണത്തിനാണ് 2017-18 വർഷം ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം വരെയുള്ള സ്പിൽ ഓവർ വീടുകളെ ലൈഫ് മിഷൻ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 31-3-2016-ൽ അനുവദിച്ചതും പൂർത്തിയാക്കാത്തതുമായ 12,643 വീടുകൾ ലൈഫ് മിഷൻ സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ആയതിൽ 346 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2018-19 വർഷം മുതൽ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും വീടനുവദിക്കുക എന്ന ലക്ഷ്യത്തിനായി ലൈഫ് മിഷൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം

20(629) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇവയിലോരോ പദ്ധതിക്കും 2017-18-ൽ എന്ത് തുക അനുവദിച്ചുവെന്നും ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പദ്ധതി

ആവിഷ്കരിച്ചു. ഈ പദ്ധതിയിൽ ആകെ 230 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 206 കോളനികളിൽ പ്രവൃത്തി നടന്നുവരുന്നു.

ഈ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 98 കോടിയും 2017-18 സാമ്പത്തിക വർഷം അനുവദിച്ച 5 കോടി രൂപയും ഉൾപ്പെടെ ഇതുവരെ 103 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

21(630) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ ബിൽ തുക മാറി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് കരകുളം ഗ്രാമപഞ്ചായത്തിലെ മരുതൂർ-മാഞ്ഞാംകോട് കോളനിയെയാണ് സ്വയംപര്യപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. അനുവദിച്ച പ്രവൃത്തികൾ ചുവടെ പറയുന്നു:

1. Reconstruction of Kitchen and Boundary wall
2. Road work and retaining wall
3. Demolishing and dismantling work
4. Construction of two community halls
5. Plumbing and sanitary
6. Park
7. Electrification.

(ബി) മാഞ്ഞാംകോട് കമ്മ്യൂണിറ്റി ഹാളിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ റീട്ടെയിനിംഗ് വാൾ 132 മീറ്റർ വരെയും റോഡ് കോൺക്രീറ്റ് 127 മീറ്റർ വരെയും റോഡ് ടാറിംഗ് 180 മീറ്റർ വരെയും ചെയ്തിട്ടുണ്ട്.

(സി) മരുതൂരിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പാർക്ക് നിർമ്മാണം, വൈദ്യുതീകരണം, മാഞ്ഞാംകോട് റോഡ് ടാറിംഗ് എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. നിർവ്വഹണ ഏജൻസികളുടെ ഉദാസീനത മൂലമാണ് പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടത്.

(ഡി) സിഡ്‌കോയ്ക്ക് അഡ്വാൻസായി ഒന്നാം ഗഡു 25 ലക്ഷം രൂപയും ആയതിന്റെ 75% വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി ക്ഷേമപ്രവർത്തനം

22(631) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ പട്ടികജാതി ക്ഷേമത്തിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മരുതോംകര പഞ്ചായത്തിൽ എം.ആർ.എസ്.-നായി 19.50 കോടി രൂപയുടെ ഒന്നാം ഘട്ട കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിന് 48 കുടുംബങ്ങൾക്കും വീടുവെയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് 20 കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചു. 65 പേർക്ക് ചികിത്സാ ധനസഹായം 12 പേർക്ക് വിവാഹധനസഹായം, 10 പേർക്ക് മിശ്രവിവാഹ ധനസഹായം എന്നിവയും അനുവദിച്ചിട്ടുണ്ട്.

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

23(632) <u>ശ്രീ.രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട കോളനികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; കോളനികളുടെ പേരുകൾ ആരാണ് ശിപാർശ ചെയ്യുന്നത്;

(ബി) ഓരോ നിയോജക മണ്ഡലങ്ങളിലെയും പ്രതിനിധികളുടെ അഭിപ്രായവും കൂടി പരിഗണിച്ച് ഇത്തരം കോളനികളെ ശിപാർശ ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. കോളനികളുടെ പേരുകൾ ശിപാർശ ചെയ്യുന്നത് അതത് നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാരാണ്.

(ബി) പദ്ധതിവ്യവസ്ഥ പ്രകാരം ഓരോ നിയോജക മണ്ഡലത്തിലെയും ജനപ്രതിനിധിയാണ് (എം.എൽ.എ.) കോളനികളെ ശിപാർശ ചെയ്യുന്നത്.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ**

24(633) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ വളർച്ച ലക്ഷ്യമാക്കി സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പട്ടികവിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രത്യേക നയം രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ SCSP, TSP മാർഗ്ഗരേഖയ്ക്കനുസൃതമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**പ്രവർത്തനരഹിതമായ പട്ടികജാതി സഹകരണ സംഘങ്ങൾ**

25(634) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, വെങ്കിടങ്ങ് പഞ്ചായത്തുകളിൽ സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളുമുള്ള

പട്ടികജാതി സഹകരണ സംഘങ്ങൾ വർഷങ്ങളായി പ്രവർത്തനം നിലച്ച് അടഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത എസ്.സി. സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമാകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അടഞ്ഞുകിടക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങളെ പുന:രുജ്ജീവിപ്പിക്കാനും പ്രവർത്തന സജ്ജമാക്കാനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വികരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വെങ്കിടങ്ങ് പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം പ്രവർത്തനം നിലച്ച് അടഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് ടി സംഘം പ്രവർത്തന രഹിതമായിരിക്കുന്നത്.

(സി) ഇക്കാര്യത്തിൽ പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആദിവാസി സാക്ഷരതാ പദ്ധതി**

26(635) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ നിരക്ഷരത പൂർണ്ണമായി ഇല്ലാതാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സമഗ്ര എന്ന ആദിവാസി സാക്ഷരതാ പദ്ധതി തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്നും ടി പദ്ധതിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്; ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സമഗ്ര' ആദിവാസി സാക്ഷരതാ പദ്ധതി. ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്ന 100 കോളനികളെയാണ് സമഗ്ര ആദിവാസി സാക്ഷരത തുല്യതാ പരിപാടി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കോളനിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പട്ടികവർഗ്ഗ വിഭാഗത്തിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹിക ചൂഷണങ്ങളിൽനിന്നും മോചിപ്പിക്കുക
- നാലാം തരം, ഏഴാം തരം തുല്യതാ കോഴ്സിലൂടെ പട്ടികവർഗ്ഗക്കാരെ തുടർ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക
- ആദിവാസി തുരുത്തുകളിൽ തുടർവിദ്യാകേന്ദ്രങ്ങൾ വഴി ബോധവൽക്കരണ പരിപാടി നടത്തി ഇവരുടെ അജ്ഞതയ്ക്ക് പരിഹാരമുണ്ടാക്കുക
- വായനാശീലം പ്രോത്സാഹിപ്പിക്കുക
- അറിവ് വർദ്ധിപ്പിക്കുക
- തുടർവിദ്യാകേന്ദ്രങ്ങൾവഴി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാ സമ്പന്നർക്ക് പ്രേരക്, ഇൻസ്ട്രക്ടർ തുടങ്ങിയ സേവന മേഖലയിൽ പ്രവേശിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. ഇതിലൂടെ ഓരോ തുടർ വിദ്യാകേന്ദ്രത്തിലും സാക്ഷരതാ ക്ലാസിന് 20 പഠിതാക്കൾക്ക് ഓരോ ഇൻസ്ട്രക്ടർമാരെയും, പത്ത് പേരടങ്ങുന്ന ഓരോ ഏഴാംതരം തുല്യതാ ക്ലാസിനും മൂന്നു വീതം ഇൻസ്ട്രക്ടർമാരെയും തെരഞ്ഞെടുക്കുന്നതാണ്.
- ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ നിശ്ചിത യോഗ്യതയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2017-18 വർഷം കോർപ്പസ് ഫണ്ടിൽനിന്നും 370 ലക്ഷം രൂപയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടി തുക പദ്ധതി നടത്തിപ്പിനായി കേരള സംസ്ഥാന സാക്ഷരതാ മിഷന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥരുമായി യോഗങ്ങൾ ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**പട്ടികവർഗ്ഗകോളനികൾ**

27(636) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളതെന്നും അവിടെ ആകെ എത്രപേർ താമസിക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ 76 പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളത്. ടി കോളനികളിലായി 7087 പേർ താമസിച്ചു വരുന്നു.

| പഞ്ചായത്ത് | കോളനികളുടെ എണ്ണം | ആളുകളുടെ എണ്ണം. |
|---|---|---|
| അയിലൂർ | 8 | 493 |
| നെല്ലിയാമ്പതി | 14 | 466 |
| മുതലമട | 48 | 5872 |
| എലവഞ്ചേരി | 2 | 65 |
| നെന്മാറ | 4 | 191 |
| ആകെ | 76 | 7087 |

(ബി) പ്രസ്തുത കോളനികളിലുള്ള പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മുതലമട പഞ്ചായത്തിലെ ചപ്പക്കാട് കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ പദ്ധതിയിൽപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

2014-15-ലെ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അല്ലിമൂപ്പൻ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, റോഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

**'ആശിക്കും ഭൂമി ആദിവാസിക്ക് 'പദ്ധതി**

28(637) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആശിക്കും ഭൂമി ആദിവാസിക്ക് 'പദ്ധതി പ്രകാരം 2015 മുതൽ അപേക്ഷ നൽകിയിട്ടും പത്തനംതിട്ട ജില്ലയിലെ പല ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്കും നാളിതുവരെ ഭൂമി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിന്നും എത്രപേർക്ക് ഇതിനകം ഭൂമി നൽകിയിട്ടുണ്ട്, ബാക്കിയുള്ളവർക്ക് ഭൂമി നൽകാൻ കഴിയാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ;

(സി) ഭൂമി ലഭിക്കാത്തവർക്ക് എന്നത്തേക്ക് ഈ ഭൂമി വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പത്തനംതിട്ട ജില്ലയിൽ ടി പദ്ധതി പ്രകാരം 162 അപേക്ഷകൾ ലഭിച്ചു. അതിൽ 60 ഗുണഭോക്താക്കൾക്ക് നാളിതുവരെയായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. അനർഹരായി കണ്ടെത്തിയ അപേക്ഷകരെ ഒഴിവാക്കിയതിനു ശേഷമുള്ള അർഹരായ 86 ഗുണഭോക്താക്കളിൽ ഭൂമി കണ്ടെത്തി രേഖകൾ സമർപ്പിച്ചവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2018 ഡിസംബറോടുകൂടി പത്തനംതിട്ട ജില്ലയിൽ അപേക്ഷ സമർപ്പിച്ചവർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്.

## പി.കെ. കാളൻ കുടുംബസഹായ പദ്ധതി

29(638) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. കെ. കാളൻ കുടുംബസഹായ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലൂടെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായം നൽകുവാൻ കഴിഞ്ഞു; ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ആദിവാസി മേഖലകൾക്ക് പുറത്ത് പല ജില്ലകളിലായി ചിന്നിചിതറി താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി ഉപപദ്ധതി ഫണ്ട് ലക്ഷ്യമാക്കുന്നതിലേയ്ക്കായി പി. കെ. കാളൻ കുടുംബ ക്ഷേമപദ്ധതി പ്രകാരം മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടി കുടുംബശ്രീ മുഖേന പുരോഗമിക്കുകയാണ്. മൈക്രോപ്ലാനുകൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ ജില്ലയിലെ മൈക്രോപ്ലാനുകൾ അംഗീകരിച്ചു. പാലക്കാട് ജില്ലയിൽ മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരികയാണ്.

## പി.കെ. കാളൻ കുടുംബ പദ്ധതി

30(639) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകൾക്ക് പുറത്ത് പല ജില്ലകളിലായി ചിന്നിച്ചിതറി താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി ഉപപദ്ധതി ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി മൈക്രോപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പി. കെ. കാളൻ കുടുംബപദ്ധതി നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയ ഇരുപത്തി അഞ്ച് കോടി രൂപയിൽ എത്ര രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിക്കായി എ.റ്റി.എസ്.പി - യിൽ നീക്കിവച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ആദിവാസി മേഖലകൾക്കുപുറത്ത് പല ജില്ലകളിലായി ചിന്നിച്ചിതറി താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി ഉപപദ്ധതി

ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി പി. കെ. കാളൻ കുടുംബ ക്ഷേമപദ്ധതി പ്രകാരം മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടി കുടുംബശ്രീ മുഖേന പുരോഗമിക്കുകയാണ്. മൈക്രോപ്ലാനുകൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ ജില്ലയിലെ മൈക്രോപ്ലാൻ അംഗീകരിച്ചു. പാലക്കാട് ജില്ലയിൽ മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരികയാണ്.

## ആദിവാസികളെ പോലീസ് എക്സൈസ് സേനകളിൽ നിയമിക്കാൻ നടപടി

31(640) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാന്തരങ്ങളിലും വനാതിർത്തിയിലും കഴിയുന്ന കാട്ടുനായ്ക്കൻ, പണിയ, അടിയ വിഭാഗങ്ങളിലെ ആദിവാസികളെ പോലീസ് എക്സൈസ് സേനകളിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ വനമേഖലയിൽ മാവോയിസ്റ്റുകളുടെ സാന്നിധ്യം കണ്ടെറിയുന്നതിനും അവരെ നേരിടുന്നതിനും ഇവരുടെ സേവനം പ്രയോജനപ്പെടുമെന്ന് കരുതുന്നുണ്ടോ;

(സി) ഇവരുടെ നിയമന നടപടി ലഘൂകരിക്കുന്നതിന് പി.എസ്.സി. പ്രത്യേക വിജ്ഞാപനമിറക്കുകയുണ്ടായോ;

(ഡി) എങ്കിൽ പരിശീലനവും അനുബന്ധ നടപടിക്രമങ്ങളും പൂർത്തിയാക്കി എന്നത്തേക്ക് ഇവർക്ക് സർവ്വീസിൽ പ്രവേശിക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) വയനാട് ജില്ല മുഴുവനായും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനിയിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാരിൽനിന്നും സിവിൽ പോലീസ് ഓഫീസർ, വനിത സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് കാറ്റഗറി നമ്പർ യഥാക്രമം 64/2017, 66/2017 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നു. പണിയ, അടിയ, കാട്ടുനായ്ക്കൻ എന്നീ

വിഭാഗങ്ങൾക്ക് നിയമനത്തിൽ മുൻഗണന നൽകുന്നു.

കൂടാതെ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പണിയ, അടിയ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിൽനിന്ന് സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനും വയനാട് ജില്ലയിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗങ്ങളിൽ നിന്ന് വനിത സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനും യഥാക്രമം കാറ്റഗറി നമ്പർ 65/2017, 67/2017 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനമേഖലയിലെ ക്രമസമാധാനപാലനത്തിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നതാണ്.

(സി&ഡി) വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന സിവിൽ പോലീസ് ഓഫീസർ/ വനിതാ സിവിൽ പോലീസ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിലേയ്ക്കായി 2017 ഏപ്രിൽ 29-ലെ അസാധാരണ ഗസറ്റിൽ 64/2017 മുതൽ 67/2017 വരെ കാറ്റഗറി നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച് തെരഞ്ഞെടുപ്പ് നടപടികൾ അതിവേഗത്തിൽ പൂർത്തിയായിവരുന്നു.

## ആദിവാസികൾക്കുള്ള ആനുകൂല്യം

32(641) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങളെല്ലാം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്ത് നൽകുന്നതിനുള്ള പദ്ധതി എല്ലാ ജില്ലകളിലും പൂർത്തിയായിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് ഇനി പൂർത്തിയാകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ അടിയന്തരമായി അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസികൾക്ക് വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം എന്നിവയാണ് നൽകേണ്ടത്. 25109 വ്യക്തിഗത അവകാശവും (ROR), 164 സാമൂഹ്യാവ കാശവും 458 വികസനാവകാശവും നിലവിൽ നൽകിയിട്ടുണ്ട്.

(ബി) പൂർണ്ണമായും സർവ്വേ നടപടികൾ പൂർത്തീകരിച്ച കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇനിയും കൈവശരേഖ ലഭിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടി സ്വീകരിക്കുകയും അതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ സർവ്വേ നടപടികൾ നടത്തിവരികയുമാണ്.

(സി) സർവ്വേ, മറ്റ് അനുബന്ധ ജോലികൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ലഭിച്ച മുഴുവൻ അപേക്ഷകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ചികിത്സാ സഹായം**

33(642) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എത്ര തുകയാണ് ചികിത്സാ സഹായമായി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓൺലൈൻ വഴിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് മുമ്പ് സമർപ്പിച്ച മുഴുവൻ അപേക്ഷകളും തീർപ്പാക്കി ധന സഹായ വിതരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതിക്കാർക്ക് 82,87,000 രൂപയും പട്ടികവർഗ്ഗക്കാർക്ക് 50,000 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഓൺലൈൻ വഴിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുമുമ്പ് സമർപ്പിച്ച മുഴുവൻ അപേക്ഷകളിലും ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം**

34(643) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) t- grantz പദ്ധതി നിലവിൽ വന്നതിനുശേഷവും ധനസഹായ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ട്; അപേക്ഷകർക്ക് അക്ഷയകേന്ദ്രങ്ങളിലും ബ്ലോക്ക് ഓഫീസിലും പോകേണ്ടതായ സ്ഥിതി വിശേഷം പരിഹരിക്കുവാൻ നടപടിയെടുക്കുമോ;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും 2017 ജനുവരി മുതൽ 2018 ജനുവരി വരെ എത്ര അപേക്ഷകൾ ലഭിച്ചു ; ആയതിൽ എത്രയെണ്ണത്തിന് സഹായവിതരണം നൽകി; ഇനി എത്ര ആളുകൾക്ക് സഹായവിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കടുത്തുരുത്തി എം. എൽ. എ.-യുടെ ശിപാർശ പ്രകാരം നൽകിയ പട്ടികജാതി/പട്ടികവർഗ്ഗ ചികിത്സാ സഹായ അപേക്ഷകൾ എത്ര എണ്ണം പെന്റിങ് ആയിട്ടുണ്ടെന്നറിയിക്കാമോ; ഇവരുടെ പേരും വിലാസവും ലഭ്യമാക്കാമോ; ഇവർക്ക് ധനസഹായം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്ഷയകേന്ദ്രം വഴി അപേക്ഷ സമർപ്പിച്ചശേഷം ബന്ധപ്പെട്ട രേഖകൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കുന്ന ഈ പുതിയ രീതി നടപ്പിലായശേഷം ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഏതാണ്ട് 3 മുതൽ 6 മാസം വരെ കാലതാമസം ഒഴിവാക്കാനായിട്ടുണ്ട്. അർഹമായ അപേക്ഷകളിൽ ഒരാഴ്ചക്കകം ധനസഹായം അനുവദിക്കുന്നതിന് കഴിയുന്ന സ്ഥിതിയുണ്ട്.

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും 2017 ജനുവരി മുതൽ 2018 ജനുവരി വരെ പട്ടികജാതിക്കാരിൽനിന്നും 26 അപേക്ഷകൾ ലഭിച്ചു. ആയതിൽ 19 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. പട്ടികവർഗ്ഗക്കാരിൽ നിന്നും 2 അപേക്ഷകൾ ലഭിച്ചു. ഈ 2 അപേക്ഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കടുത്തുരുത്തി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം നൽകിയ 3 പട്ടികജാതിക്കാരുടെ ചികിത്സാ അപേക്ഷകൾ പെന്റിംഗ് ഉണ്ട്.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | ശ്രീമതി ഓമന സുരേഷ് | കൊടുവക്കാലായിൽ, ഇരവിമംഗലം |
| 2 | ശ്രീമതി സിന്ധു അനിൽകുമാർ | കശോട്ടേടത്ത് കെ.എസ്.പുരം |
| 3 | ശ്രീമതി ചെല്ലമ്മ | മടത്താട്ട് കോളനി, കുന്നപ്പള്ളി, പെരുവ |

അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുവാനായി ഗുണഭോക്താക്കളെ അറിയിച്ചിട്ടുണ്ട്. കടുത്തുരുത്തി എം.എൽ.എ.-യുടെ ശിപാർശപ്രകാരം പട്ടികവർഗ്ഗക്കാരിൽനിന്നും ലഭിച്ച അപേക്ഷകളൊന്നും പെന്റിംഗ് ആയിട്ടില്ല.

## ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

35(644) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) 2014-15, 2015-16,2016-17, 2017-18 എന്നീ വർഷങ്ങളിൽ ഹോസ്റ്റലുകളുടെ പുന:രുദ്ധാരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; ഇവ പൂർണ്ണമായും ചെലവഴിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അനുവദിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുവാനും, ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ സംബന്ധിച്ച് അധികൃതരുടെ പക്കൽനിന്നും റിപ്പോർട്ട് തേടി ഇവ പരിഹരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചില കെട്ടിടങ്ങളുടെ കാലപ്പഴക്കം, ചെയ്യേണ്ട അറ്റകുറ്റപ്പണികൾ എന്നത് സംബന്ധിച്ച് അതത് കാലങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ പരിശോധിച്ച്

ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2016-17-ൽ പ്രത്യേക ഹോസ്റ്റൽ നവീകരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഹോസ്റ്റൽ പുനരുദ്ധാരണത്തിനായി

2014-15 -1,800 ലക്ഷം രൂപ

2015-16 - 1,500 ലക്ഷം രൂപ

2016-17 -1,500 ലക്ഷം രൂപ

2017-18 - 1,500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2014-15 | 4,64,00,000 | 4,64,00,000 | 100.00 |
| 2015-16 | 3,45,00,000 | 3,43,56,884 | 99.59 |
| 2016-17 | 5,00,00,000 | 4,99,93,030 | 99.99 |
| 2017-18 | 5,00,00,000 | 4,91,25,718 (24-2-2018 വരെ) | 98.25 |

രൂപ അനുവദിച്ചിട്ടുണ്ട്. തുക ചെലവഴിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

36(645) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലമ്പൂരിൽ പട്ടികജാതി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് ജില്ലാ പട്ടികജാതി ഓഫീസ് മുഖേന ഏതെങ്കിലും പ്രൊപ്പോസൽ (പദ്ധതികൾ) സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് സ്ഥലമെത്രയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ ബ്ലോക്കിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. നിലമ്പൂരിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കണമെന്നുള്ള മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്തിന്മേൽ വകുപ്പ് ഡയറക്ടർ 5-1-2018 തീയതിയായി ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. വകുപ്പിന്റെ അധീനതയിൽ നിലമ്പൂർ ജവഹർ കോളനിയിൽ അവശേഷിക്കുന്ന 5.75 ഏക്കർ സ്ഥലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് പരിശോധിച്ചു വരുന്നത്.

**പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ**

37(646) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ എസ്. ടി. വിഭാഗത്തിലെ പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് റവന്യൂ ഭൂമി വകുപ്പിന് കൈമാറി തന്നിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ:

(ബി) ഈ സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിൽ കുണ്ടംകുഴിയിൽ എസ്.ടി. വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് ഹോസ്റ്റൽ തുടങ്ങുന്നതിന് ബേഡഡുക്ക വില്ലേജിൽ സർവ്വേ നമ്പർ 216/2 ബി-യിൽ ഒരേക്കർ ഭൂമി കൈമാറിയിട്ടുണ്ട്.

(ബി) ഈ സ്ഥലത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് KIIFB -യുടെ അന്തിമ അനുമതിയും ലഭിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

38(647) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി -വിദ്യാർത്ഥിനികൾക്കായി എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ ഏതെല്ലാം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കംപ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്;

(സി) എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കംപ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 17

(ബി) കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുള്ള ഹോസ്റ്റലുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. എറണാകുളം ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
2. എറണാകുളം ഗേൾസ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
3. കണ്ണൂർ താന ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
4. കാസർഗോഡ് മഞ്ചേശ്വരം ബോയ്സ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
5. കാസർഗോഡ് ഗേൾസ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
6. കണ്ണാടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട്
7. ജൈനമേട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട്

(സി) കൊല്ലം ജില്ലയിലെ അമൃതകുളം പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും അമൃതകുളം ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും കോട്ടയം ജില്ലയിലെ നാട്ടകം പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും ചങ്ങനാശ്ശേരി ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഒഴികെ എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

(ഡി) കോഴിക്കോട് പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിന് അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് കണക്ഷനും ഇല്ലാത്ത ഹോസ്റ്റലുകളിൽ ആവശ്യകതയനുസരിച്ച് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

39(648) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ ഏതെല്ലാം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കംപ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട് ;

(സി) എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കംപ്യൂട്ടർ ലാബുകളും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി 4 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നു.

1. തിരുവനന്തപുരം (പട്ടം)
2. മറയൂർ
3. പാലക്കാട്
4. കോഴിക്കോട് .

(ബി) വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി പട്ടം പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 5 കമ്പ്യൂട്ടറും പാലക്കാട് പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 8 കമ്പ്യൂട്ടറും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടില്ലാത്ത പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആയത് ലഭ്യമാക്കുവാൻ അടിയന്തരമായി പ്രൊപ്പോസലുകൾ സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

40(649) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആകെ എത്ര വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ പഠന സഹായത്തിനായി ഇരുപത് കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ആകെ എത്ര ട്യൂട്ടർമാരെ ഇപ്രകാരം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ വേതന നിരക്ക് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവരുടെ വേതനം കൃത്യമായി എല്ലാ മാസവും വിതരണംചെയ്യാനുള്ള തുക ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആകെ 1130 വിദ്യാർത്ഥി-വിദ്യാർത്ഥിനികളുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ആകെ 198 വിദ്യാർത്ഥി-വിദ്യാർത്ഥിനികളുണ്ട്.

(ബി - ഇ) ഇല്ല.

## വെറ്റിലപ്പാറയിൽ പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ

41(650) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എക്സ്സർവ്വീസ്മെൻ കോളനി സൊസൈറ്റി നൽകാമെന്നറിയിച്ചിട്ടുള്ള സ്ഥലത്ത് പെൺകുട്ടികൾക്കായി ഹോസ്റ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിനു സമീപത്തായി എക്സ്സർവ്വീസ് മെൻ കോളനിയുടെ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതി

42(651) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് ; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ എത്ര കുടുംബങ്ങൾക്ക് പുതുതായി വീട് അനുവദിക്കുകയുണ്ടായി; വരുന്ന അഞ്ച് വർഷത്തിനുള്ളിൽ എത്ര കുടുംബങ്ങൾക്ക് വകുപ്പ് സഹായത്തിലും ലൈഫ് മിഷനിലുൾപ്പെടുത്തിയും വീട് നല്കാൻ ഉദ്ദേശിക്കുന്നു; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ 684 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ഇപ്രകാരമാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | എരുത്തേമ്പതി | 188 |
| 2 | നല്ലേപ്പിള്ളി | 88 |
| 3 | കൊഴിഞ്ഞാമ്പാറ | 78 |
| 4 | പെരുമാട്ടി | 123 |
| 5 | വടകരപ്പതി | 74 |
| 6 | പൊൽപ്പുള്ളി | 50 |
| 7 | പെരുവെമ്പ് | 29 |
| 8 | പട്ടഞ്ചേരി | 54 |
| | | 684 |

(ബി) 2016 മുതൽ നാളിതുവരെ 308 കുടുംബങ്ങൾക്ക് വീട് അനുവദിച്ചു നൽകിയിട്ടുണ്ട്. 2018-19 വർഷം സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

**ഗാന്ധി ഗ്രാമം പദ്ധതി**

43(652) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ പശ്ചാത്തല സൗകര്യവികസനത്തിന് മുൻതൂക്കം നൽകികൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻസർക്കാർ ആവിഷ്ക്കരിച്ച 'ഗാന്ധിഗ്രാമം' പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഏതൊക്കെ കോളനികളിലാണ് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്;

(സി) ഓരോ കോളനിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; ഏതെല്ലാം ഏജൻസികളെയാണ് വിവിധ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാർ ആവിഷ്കരിച്ച ഗാന്ധിഗ്രാമം പദ്ധതിയിൽ ആരംഭിച്ച പ്രവൃത്തികൾ spill over ആയത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 4 കോളനികളിലെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി & സി) വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

## പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

44(653) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട് ; ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര എസ്. സി., എസ്. ടി. കുടുംബങ്ങൾ നിലവിലുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ 376 പട്ടികജാതി കോളനികളും 14 പട്ടികവർഗ്ഗ കോളനികളും നിലവിലുണ്ട്. ടി മണ്ഡലത്തിൽ 6363 പട്ടികജാതി കുടുംബങ്ങളും 248 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം I, II ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

## അംബേദ്കർ ഗ്രാമം പദ്ധതി

45(654) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഉദുമ മണ്ഡലത്തിൽനിന്നും ഏതൊക്കെ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കോളനികളിലെ പ്രവൃത്തികൾ ഏത് നിർവ്വഹണ ഏജൻസി മുഖേനയാണ് ചെയ്യുന്നതെന്നും പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഉദുമ നിയോജകമണ്ഡലത്തിൽനിന്നും ഉജംപാടി പട്ടികജാതി കോളനി, ചാപ്പാടി ചൂരിമൂല പട്ടികജാതി കോളനി എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഏജൻസിയോട് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

46(655) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഇരവിക്കോട്ടു കോളനി നവീകരണത്തിന്റെ വിശദമായ പദ്ധതിരേഖ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്ലാക്കാട് കോളനി നവീകരണം പൂർത്തീകരിച്ചതെന്നാണ്; നിർവ്വഹണ ഏജൻസി ആരായിരുന്നു; നിർവഹണ ഏജൻസിക്ക് നിർമ്മാണത്തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇരവിക്കോട് കോളനി നവീകരണത്തിന്റെ വിശദമായ പദ്ധതി രേഖ ലഭ്യമായിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. അംഗീകൃത സോഫ്റ്റ് വെയർ ആയ PRICE മുഖേന നൽകുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്.

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്ലാക്കാട് കോളനി നവീകരണം പൂർത്തീകരിച്ചത് 3-1-2017-നാണ്. നിർവ്വഹണ ഏജൻസി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രമാണ്. നിർവ്വഹണ ഏജൻസികൾക്ക് നിർമ്മാണ തുക നൽകിയിട്ടുണ്ട്.

## പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം

47(656) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അതിലെത്ര പേരെ ശിക്ഷിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമപ്രകാരം 2017-18 വർഷം അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെയും ശിക്ഷിക്കപ്പെട്ട പ്രതികളുടെയും വിവരം ചുവടെ ചേർക്കുന്നു.

| 25-5-2016 മുതൽ 22-2-2018 വരെ | | |
|---|---|---|
| | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം |
| പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ | 1776 | 2 |
| പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ | 335 | 0 |

(ബി) 2017-18 വർഷം അനുവദിച്ച സാമ്പത്തിക സഹായത്തിന്റെയും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഇതുവരെ അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| തിരുവനന്തപുരം | 35,00,000 | 28 | 35,00,000 |
| കൊല്ലം | 30,00,000 | 34 | 29,87,374 |
| പത്തനംതിട്ട | 15,00,000 | 17 | 15,52,360 |
| ആലപ്പുഴ | 15,00,000 | 14 | 14,60,000 |
| കോട്ടയം | 20,00,000 | 18 | 19,87,500 |
| ഇടുക്കി | 15,00,000 | 33 | 16,80,000 |
| എറണാകുളം | 30,00,000 | 25 | 28,25,000 |
| തൃശ്ശൂർ | 65,00,000 | 31 | 50,87,400 |
| പാലക്കാട് | 40,00,000 | 15 | 32,30,000 |
| മലപ്പുറം | 10,00,000 | 11 | 9,00,000 |
| കോഴിക്കോട് | 20,00,000 | 13 | 19,97,500 |
| വയനാട് | 5,00,000 | 2 | 2,00,000 |
| കണ്ണൂർ | 10,00,000 | 9 | 9,65,600 |
| കാസർഗോഡ് | 20,00,000 | 6 | 5,42,500 |
| ആകെ | 3,30,00,000 | 256 | 2,89,15,234 |

## സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്കൂൾ

48(657) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികജാതി സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ പ്രൈമറി സ്കൂളുകൾ

49(658) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ 2016-17 -ലും 2017-18 -ലും എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു;

(സി) പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി 2016-17 -ലും 2017-18 -ലും വകുപ്പ് എന്ത് തുക നീക്കിവച്ചുവെന്ന് അറിയിക്കുമോ;

(ഡി) അതിൽ 31-1-18 വരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വകുപ്പിന് കീഴിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 13 ജില്ലകളിലുമായി 83 പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-17, 2017-18 വർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. *

(സി) പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി 2016-17-ൽ 87,00,000 രൂപയും 2017-18 -ൽ 18,50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) 31-1-2018 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2016-17 | 2017-18 |
|---|---|---|---|
| 1. | തിരുവനന്തപുരം | 11,87,138 | 6,82,786 |
| 2. | കൊല്ലം | 2,95,631 | 4,79,312 |
| 3. | പത്തനംതിട്ട | 2,32,792 | 4,29,072 |
| 4. | ആലപ്പുഴ | 85,392 | 1,36,500 |
| 5. | കോട്ടയം | 3,74,341 | 1,08,305 |
| 6. | ഇടുക്കി | 1,95,895 | 91,953 |
| 7. | എറണാകുളം | 1,24,590 | 1,92,666 |
| 8. | തൃശ്ശൂർ | 4,74,869 | 2,63,893 |
| 9. | പാലക്കാട് | 3,60,224 | 1,69,098 |
| 10. | മലപ്പുറം | 5,86,562 | 4,50,644 |
| 11. | കോഴിക്കോട് | 60,000 | 53,032 |
| 12. | കണ്ണൂർ | 3,34,158 | 2,36,475 |
| 13. | വയനാട് | 0 | 0 |
| 14. | കാസർഗോഡ് | 2,55,721 | 3,29,922 |
| | ആകെ | 45,67,313 | 36,23,658 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

50(659) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്; പ്രസ്തുത സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ; അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേരെ അപ്രകാരം നിയമിച്ചു; അതിൽ പട്ടിക ജാതി /പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നിലവിൽ 9 എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) എം.ആർ.എസ്.വടക്കാഞ്ചേരി (തൃശ്ശൂർ) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 2 |
| 4 | വാച്ച്മാൻ | 3 |
| 5 | കുക്ക് | 4 |

| (1) | (2) | (3) |
|---|---|---|
| 6 | ആയ | 2 |
| 7 | എഫ്.ടി.എസ്. | 2 |
| 8 | ഹെഡ്മാസ്റ്റർ | 1 |
| 9 | എച്ച്.എസ്.എ.(ഇംഗ്ലീഷ്) | 1 |
| 10 | എച്ച്.എസ്.എ.(ഹിന്ദി) | 1 |
| 11 | എച്ച്.എസ്.എ.(മലയാളം) | 2 |
| 12 | എച്ച്.എസ്.എ. (മാത്തമാറ്റിക്സ്) | 2 |
| 13 | എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) | 1 |
| 14 | എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) | 1 |
| 15 | എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) | 1 |
| 16 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 |
| 17 | മ്യൂസിക്/ഡ്രോയിംഗ് | 1 |
| 18 | എം.സി.ആർ.ടി. | 1 |
| | ആകെ | 28 |

(2) എം.ആർ.എസ്.-ചേലക്കര (തൃശ്ശൂർ) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | ക്ലാർക്ക് | 1 |
| 2 | ഓഫീസ് അറ്റന്റന്റ് | 1 |
| 3 | വാർഡൻ | 1 |
| 4 | വാച്ച്മാൻ | 1 |

| (1) | (2) | (3) |
|---|---|---|
| 5 | കുക്ക് | 2 |
| 6 | ആയ | 1 |
| 7 | പി.ടി.എസ്. | 2 |
| 8 | ഹെഡ്മാസ്റ്റർ | 1 |
| 9 | എച്ച്.എസ്.എ.(ഇംഗ്ലീഷ്) | 1 |
| 10 | എച്ച്.എസ്.എ.(ഹിന്ദി) | 1 |
| 11 | എച്ച്.എസ്.എ.(മലയാളം) | 2 |
| 12 | എച്ച്.എസ്.എ.(മാത്തമാറ്റിക്സ്) | 2 |
| 13 | എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) | 1 |
| 14 | എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) | 1 |
| 15 | എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) | 1 |
| 16 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 |
| 17 | മ്യൂസിക്/ഡ്രോയിംഗ് | 1 |
| 18 | എം.സി.ആർ.ടി. | 1 |
| | ആകെ | 22 |

(3) എസ്.എ.എം.എം.ആർ.എസ്.വെള്ളയാണി (തിരുവനന്തപുരം) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | വാർഡൻ (മെയിൽ) | 1 |

| (1) | (2) | (3) |
|---|---|---|
| 4 | വാർഡൻ (ഫീമെയിൽ) | 1 |
| 5 | ഹെഡ് കുക്ക് | 1 |
| 6 | അസി.കുക്ക് | 6 |
| 7 | വാച്ച്മാൻ | 3 |
| 8 | ആയ | 2 |
| 9 | ഫുൾടൈം സ്വീപ്പർ | 2 |
| 10 | പാർട്ട് ടൈം സ്വീപ്പർ | 4 |
| 11 | പാർട്ട് ടൈം മെസ്സ് ഗേൾ | 2 |
| 12 | പ്രിൻസിപ്പാൾ | 1 |
| 13 | ഹെഡ്മാസ്റ്റർ | 1 |
| 14 | എച്ച്.എസ്.എസ്.റ്റി. സീനിയർ | 3 |
| 15 | എച്ച്.എസ്.എസ്.റ്റി. ജൂനിയർ | 2 |
| 16 | എച്ച്.എസ്.എ. | 5 |
| 17 | യു.പി.എസ്.എ. | 3 |
| 18 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 |
| 19 | എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 1 |
| 20 | എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) | 1 |
| 21 | സ്പെഷ്യൽ മ്യൂസിക് ടീച്ചർ | 1 |
| 22 | സ്പോർട്സ് ഓഫീസർ | 1 |
| 23 | അത്ലറ്റിക് കോച്ച് (ആൺ/പെൺ) | 2 |
| 24 | അത്ലറ്റിക് കോച്ച് (പെൺ) | 1 |

| (1) | (2) | (3) |
|---|---|---|
| 25 | ജൂഡോ കോച്ച് (ആൺ/പെൺ) | 1 |
| 26 | ജൂഡോ കോച്ച് (പെൺ) | 1 |
| 27 | ഫുഡ്ബോൾ കോച്ച് (പെൺ) | 1 |
| 28 | ജിംനാസ്റ്റിക് കോച്ച് (പെൺ) | 1 |
| 29 | ഗ്രൗണ്ട് മാർക്കർ | 1 |
| | ആകെ | 52 |

(4) എം.ആർ.എസ്.ആലുവ (എറണാകുളം) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 2 |
| 4 | വാച്ച്മാൻ | 2 |
| 5 | സെക്യൂരിറ്റി | 1 |
| 6 | ഫുൾടൈം സ്വീപ്പർ | 2 |
| 7 | ആയ | 2 |
| 8 | കുക്ക് (സ്ഥിരം) | 5 |
| 9 | കുക്ക് (കരാർ) | 4 |
| 10 | ഹെൽപ്പർ /മെസ് ബോയ് | 2 |
| 11 | എം.സി.ആർ.റ്റി. (സ്ഥിരം) | 1 |
| 12 | എം.സി.ആർ.റ്റി. (കരാർ) | 4 |

| (1) | (2) | (3) |
|---|---|---|
| 13 | പ്രിൻസിപ്പാൾ | 1 |
| 14 | എച്ച്.എസ്.എസ്.റ്റി. (സീനിയർ) | 2 |
| 15 | എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) | 4 |
| 16 | ഹെഡ്മാസ്റ്റർ | 1 |
| 17 | എച്ച്.എസ്.എസ്.എ. | 9 |
| 18 | ലാബ് അസിസ്റ്റന്റ് | 2 |
| 19 | മ്യൂസിക് ടീച്ചർ | 1 |
| 20 | പി.ടി.ടീച്ചർ | 1 |
| | ആകെ | 48 |

(5) <u>എം.ആർ.എസ്. വെള്ളച്ചാൽ (കാസർഗോഡ്) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | ഹെഡ്മാസ്റ്റർ | 1 |
| 2 | എച്ച്.എസ്.എ. (മലയാളം) | 2 |
| 3 | എച്ച്.എസ്.എ (ഹിന്ദി) | 1 |
| 4 | എച്ച്.എസ്.എ (ഇംഗ്ലീഷ്) | 1 |
| 5 | എച്ച്.എസ്.എ (മാത്ത്സ്) | 2 |
| 6 | എച്ച്.എസ്.എ (സോഷ്യൽ സയൻസ്) | 1 |
| 7 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| 8 | എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) | 1 |
| 9 | സ്പെഷ്യൽ ടീച്ചർ (മ്യൂസിക്) | 1 |

| (1) | (2) | (3) |
|---|---|---|
| 10 | സ്പെഷ്യൽ ടീച്ചർ (ഫിസിക്കൽ എഡ്യൂ.ടീച്ചർ) | 1 |
| 11 | എം.സി.ആർ.റ്റി. | 1 |
| 12 | സീനിയർ സൂപ്രണ്ട് | 1 |
| 13 | ക്ലാർക്ക് | 1 |
| 14 | ഓഫീസ് അറ്റന്റന്റ് | 2 |
| 15 | വാച്ച്മാൻ | 3 |
| 16 | ആയ | 2 |
| 17 | ഫുൾ ടൈം സ്വീപ്പർ | 2 |
| 18 | കുക്ക് | 2 |
| | ആകെ | 26 |

(6) <u>എം.ആർ.എസ്. പുന്നപ്ര (ആലപ്പുഴ) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 2 |
| 4 | വാച്ച്മാൻ | 3 |
| 5 | ആയ | 2 |
| 6 | കുക്ക് | 3 |
| 7 | എഫ്.റ്റി.എസ്. | 2 |
| 8 | വാർഡൻ | 1 |

| (1) | (2) | (3) |
|---|---|---|
| 9 | ഹെഡ്മിസ്ട്രസ് | 1 |
| 10 | എച്ച്.എസ്.എ.(മലയാളം) | 2 |
| 11 | എച്ച്.എസ്.എ. (മാത്തമാറ്റിക്സ്) | 2 |
| 12 | എച്ച്.എസ്.എ (ഇംഗ്ലീഷ്) | 1 |
| 13 | എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) | 1 |
| 14 | എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) | 1 |
| 15 | എച്ച്.എസ്.എ (ഹിന്ദി) | 1 |
| 16 | എച്ച്.എസ്.എ (സോഷ്യൽ സയൻസ്) | 1 |
| 17 | സ്പെഷ്യൽ ടീച്ചർ (ടെയ്‌ലറിംഗ്) | 1 |
| 18 | എം.സി.ആർ.റ്റി. | 1 |
| 19 | പ്രിൻസിപ്പാൾ (കെമിസ്ട്രി) | 1 |
| 20 | എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 1 |
| 21 | എച്ച്.എസ്.എ. (മലയാളം) | 1 |
| 22 | എച്ച്.എസ്.എ. (മാത്തമാറ്റിക്സ്) | 1 |
| 23 | എച്ച്.എസ്.എ. (ഫിസിക്സ്) | 1 |
| 24 | എച്ച്.എസ്.എ.(ബോട്ടണി) | 1 |
| 25 | എച്ച്.എസ്.എ.(സുവോളജി) | 1 |
| 26 | ലാബ് അസിസ്റ്റന്റ് | 1 |
| | ആകെ | 35 |

(7) എം.ആർ.എസ്. തൃത്താല (പാലക്കാട്) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | കുക്ക് | 2 |
| 4 | വാച്ച്മാൻ | 3 |
| 5 | എഫ്.ടി.എസ്. | 2 |
| 6 | ആയ | 2 |
| 7 | ഓഫീസ് അറ്റന്റന്റ് | 2 |
| 8 | ഗാർഡനർ | 1 |
| 9 | കുക്ക് (കരാർ) | 7 |
| 10 | ഹെൽപ്പർ | 1 |
| 11 | മെസ്സ് ഗേൾ | 1 |
| 12 | വാർഡൻ | 1 |
| 13 | എച്ച്.എം. | 1 |
| 14 | എച്ച്.എസ്.എ.(മലയാളം) | 2 |
| 15 | എച്ച്.എസ്.എ (ഇംഗ്ലീഷ്) | 1 |
| 16 | എച്ച്.എസ്.എ (ഹിന്ദി) | 1 |
| 17 | എച്ച്.എസ്.എസ്.റ്റി. (ഫിസിക്സ്) | 1 |
| 18 | എച്ച്.എസ്.എസ്.റ്റി (കെമിസ്ട്രി) | 1 |
| 19 | സുവോളജി | 1 |

| (1) | (2) | (3) |
|---|---|---|
| 20 | ബോട്ടണി | 1 |
| 21 | ഇംഗ്ലീഷ് | 1 |
| 22 | പ്രിൻസിപ്പാൾ | 1 |
| 23 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| 24 | എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) | 1 |
| 25 | എച്ച്.എസ്.എ.(മാത്തമാറ്റിക്സ്) | 2 |
| 26 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 |
| 27 | എച്ച്.എസ്.എസ്.റ്റി. (മലയാളം) | 1 |
| | ആകെ | 41 |

(8) എം.ആർ.എസ്. കുഴൽമന്ദം (പാലക്കാട്) അദ്ധ്യാപക -അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | എച്ച്.എം. | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 1 |
| 4 | വാച്ച്മാൻ | 1 |
| 5 | ആയ | 1 |
| 6 | വാർഡൻ | 1 |
| 7 | കുക്ക് | 11 |
| 8 | ആയ | 1 |
| 9 | വാച്ച്മാൻ | 1 |
| 10 | പി.റ്റി.എസ്. | 2 |

| (1) | (2) | (3) |
|---|---|---|
| 11 | എച്ച്.എം. | 1 |
| 12 | എച്ച്.എസ്.എ. (ജനറൽ) | 1 |
| 13 | ഗ്രാജ്വേറ്റ് ഹിന്ദി ടീച്ചർ | 1 |
| 14 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 1 |
| 15 | എം.സി.ആർ.റ്റി. | 1 |
| 16 | എച്ച്.എസ്.എ. (ഹിന്ദി) | 1 |
| 17 | എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 1 |
| 18 | എച്ച്.എസ്.എ.(മാത്തമാറ്റിക്സ്) | 2 |
| 19 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| 20 | എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) | 1 |
| 21 | എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) | 1 |
| 22 | ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 2 |
| 23 | എച്ച്.എസ്.എസ്.റ്റി. (മലയാളം) | 1 |
| 24 | എച്ച്.എസ്.എസ്.റ്റി. (കോമേഴ്സ്) | 1 |
| 25 | എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) | 1 |
| 26 | എച്ച്.എസ്.എസ്.റ്റി (ഫിസിക്സ്) | 1 |
| 27 | എച്ച്.എസ്.എസ്.റ്റി (കെമിസ്ട്രി) | 1 |
| 28 | എച്ച്.എസ്.എസ്.റ്റി (മാത്തമാറ്റിക്സ്) | 1 |
| 29 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1 |
| 30 | ബോട്ടണി | 1 |
| 31 | സുവോളജി | 1 |
| 32 | മലയാളം | 1 |
| | ആകെ | 45 |

(9) എം.ആർ.എസ്. പീരുമേട് (ഇടുക്കി) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 2 |
| 4 | വാച്ച്മാൻ | 3 |
| 5 | ഫുൾടൈം സ്വീപ്പർ | 2 |
| 6 | കുക്ക്/ഹെൽപ്പർ | 4 |
| 7 | ആയ | 2 |
| 8 | വാർഡൻ | 1 |
| 9 | മെസ് ഗേൾ | 1 |
| 10 | ഹെഡ്മാസ്റ്റർ | 1 |
| 11 | എച്ച്.എസ്.എ.(മാത്തമാറ്റിക്സ്) | 2 |
| 12 | എച്ച്.എസ്.എ. (തമിഴ്) | 2 |
| 13 | എച്ച്.എസ്.എ (ഇംഗ്ലീഷ്) | 1 |
| 14 | എച്ച്.എസ്.എ (ഹിന്ദി) | 1 |
| 15 | എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) | 1 |
| 16 | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 1 |
| 17 | എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) | 1 |
| 18 | ഫിസിക്കൽ എഡ്യൂക്കേഷൻ | 1 |
| 19 | മ്യൂസിക്/ഡ്രോയിംഗ് | 1 |
| 20 | എം.സി.ആർ.റ്റി. | 1 |
| | ആകെ | 30 |

തസ്തികകൾ ഒഴിഞ്ഞുകിടപ്പില്ല. കരാർ അടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* അനദ്ധ്യാപക വിഭാഗത്തിലായി 197 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിനുകീഴിലെ എം.ആർ.എസ്.-കളിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലുമായി 122 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 64 ജീവനക്കാരുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 197 ജീവനക്കാരെ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അതിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 150 പേർ ഉണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നിയമനം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിലെ എൻടി കേഡർ തസ്തികളിലെ ഒഴിവുകൾ എല്ലാം തന്നെ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

51(660) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാത്തവരുമായ ആയിരക്കണക്കിന് വിദ്യാർത്ഥികളുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇവരെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഇതിനായി ഊർജ്ജിത നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും മികച്ച രീതിയിൽ വിദ്യാഭ്യാസം നടത്തുന്നതിനുമായി 'പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം' എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസ ആനുകൂല്യവും നൽകിവരുന്നു.

സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന സമയബന്ധിതമായി നൽകി വരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു.

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപന്റിനുപകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3,500 രൂപ അനുവദിച്ചുവരുന്നു. സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാത്തതും രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസം 3,000 രൂപ അനുവദിച്ച് നൽകുന്നുണ്ട്.

കൂടാതെ MBBS, B.Vsc, Engineering, BAMS എന്നീ പ്രൊഫഷണൽ

കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തോറ്റുപഠിക്കേണ്ടിവരുമ്പോൾ ഒരേ ക്ലാസ്സിൽ 3 പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. ജനറൽ കോഴ്സുകൾക്ക് 3 പ്രാവശ്യം പരീക്ഷാഫീസ് മാത്രം അനുവദിച്ചുനൽകുന്നുണ്ട്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. കോഴ്സുകൾക്ക് 3 പ്രാവശ്യം തോറ്റുപഠിക്കുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെ മറ്റാനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രോജക്ട് അലവൻസും ഇന്റേൺഷിപ്പും അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി 11-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള ട്യൂഷൻ സെന്ററിൽ ചേർന്ന് പഠിക്കുന്നതിലേയ്ക്കായി ട്യൂട്ടോറിയൽ ഗ്രാന്റ് നൽകുന്ന 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി' നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി മുഖേന എസ്.എസ്.എൽ.സി. +2 എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുന്നുണ്ട്.

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം ആയി നൽകുന്നുണ്ട്.

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച രീതിയിൽ തുടർപഠനം നടത്തുന്നതിന് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവൽക്കരണം വകുപ്പ് നടത്തുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാതെ പഠനം നിർത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഇത്തരം വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

**കുട്ടമല ട്രൈബൽ ഐ.ടി.ഐ.**

52(661) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം അമ്പൂരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കുട്ടമല ട്രൈബൽ ഐ.ടി.ഐ. -യുടെ വികസനത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടമല ട്രൈബൽ ഐ.ടി.ഐ. -യിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) കുട്ടമല ട്രൈബൽ ഐ.ടി.ഐ. - ൽ കൂടുതൽ ട്രേഡുകൾ, ഡിപ്ലോമ കോഴ്സുകൾ, ഈവനിംഗ്, ഹോളിഡേ ബാച്ചുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടമല ഐ.ടി.ഐ. കെട്ടിടം റിപ്പയർ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടമലയിലേതുൾപ്പെടെ വകുപ്പിന്റെ രണ്ട് ഐ.ടി.ഐ.-കൾ വ്യാവസായിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൈമാറ്റം പൂർത്തിയാകുന്നതോടുകൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഐ.ടി.ഐ.-കളുടെ വിദ്യാഭ്യാസപരവും ഭരണപരവുമായ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് നിർവ്വഹിക്കുന്നതാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.ടി.ഐ.-കൾ കൈമാറ്റം പൂർത്തിയാക്കി വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഐ.ടി.ഐ.-ക്ക് എം.പി. ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. ഐ.ടി.ഐ.-കളുടെ കൈമാറ്റം പൂർത്തിയാക്കി വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

53(662) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രീ മെട്രിക്ക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന മെസ്സ് അലവൻസിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശ്രീ. അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്രതിദിന മെസ്സ് ചാർജ്ജ് നിലവിലെത്രയാണ്; വിശദമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിത്യോപയോഗസാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വർദ്ധനവ് പരിഗണിച്ച് മെസ്സ് അലവൻസ് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികളുടെ മെസ്സ്ചാർജ്ജ് പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 2,500 രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 2,875 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് എം.ആർ.എസ്.-കളിലെയും മെസ്സ് ചാർജ്ജിൽ ചുവടെ ചേർക്കുന്ന പ്രകാരം വർദ്ധന വരുത്തിയിട്ടുണ്ട്:

1. പ്രീ മെട്രിക് ഹോസ്റ്റലിന്റെയും മോഡൽ റസിഡൻഷ്യൽ സ്കൂളിലേയും എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ്ചാർജ്ജ് 2,000 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർസെക്കണ്ടറി വിഭാഗം വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2,300 രൂപയിൽനിന്നും 3,450 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3. പ്രീമെട്രിക് ഹോസ്റ്റലിൽ +2 വിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2,300 രൂപയിൽ നിന്നും 3,450 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 2,300 രൂപയിൽനിന്നും 3,450 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ മെസ്സ് ചാർജ്ജ് 130 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

**കൂടുതൽ തൊഴിലവസരങ്ങൾ**

54(663) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കാൻ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ;

(ബി) വനസംരക്ഷണവുമായി ബന്ധപ്പെട്ട് വയനാട് അട്ടപ്പാടി, അഗളി മേഖലകളിൽ ഈ വിഭാഗക്കാർക്ക് സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കാൻ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഒരു ഘടകമാണിത്. തൊഴിൽ രഹിതരായവർ, തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കായിട്ടാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. MGNREGS-ൽ 100 തൊഴിൽദിനം പൂർത്തീകരിച്ച എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും 'കേരള ട്രൈബൽ പ്ലസ്' സ്കീമിൽ ഉൾപ്പെടുത്തുന്നു.

(ബി) വനം വകുപ്പ് നിലവിൽ ഇത്തരം പദ്ധതികൾ നടത്തിവരുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ കോർപ്പസ് ഫണ്ട്

55(664) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2016-17, 2017-18 എന്നി സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വിശദീകരിക്കാമോ;

(ബി) ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ, കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളാണ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നൽകിയതെന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2016-17 വർഷത്തിൽ കുടിവെള്ള പദ്ധതി, കിണർ പുനരുദ്ധാരണം, റോഡ് കോൺക്രീറ്റ്, പാർശ്വഭിത്തി നിർമ്മാണം, ഡ്രെയിനേജ് വർക്ക്, പേവ്മെന്റ് വർക്ക്, സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17-ൽ തുടങ്ങിയതും സ്പിൽ ഓവറായി കിടക്കുന്നതുമായ പ്രവൃത്തികളാണ് 2017-18 -ൽ നടപ്പാക്കിവരുന്നത്.

പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. *

(ബി) ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ, പട്ടികജാതി കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു. *

ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ കണിച്ചിപ്പരുത കുടിവെള്ള പദ്ധതിക്കായി 4,10,000 രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

56(665) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും ഏറനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം നൽകുമോ; വ്യക്തമാക്കാമോ:

(സി) പുതിയ സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽനിന്നും ഏറനാട് നിയോജകമണ്ഡലത്തിൽ തുക അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

2017-18 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

(ബി) അനുബന്ധം (II) ആയി ചേർക്കുന്നു. *

(സി) സ്പിൽ ഓവർ പ്രവൃത്തികൾക്കാവശ്യമായ തുകയ്ക്കുള്ള പ്രൊപ്പോസൽ അനുവദിച്ചിട്ടുണ്ട്.

## മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

57(666) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാൻഹോളിൽ വീണ് മരണമടഞ്ഞ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഫയൽ നമ്പരായ ബി 3/1530530/2013, ബി 3/7149/2017 എന്നീ ഫയലുകളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ മാൻഹോൾ വൃത്തിയാക്കുന്നതിനിടെ മരണം സംഭവിച്ച ബിനോയ് ജോസഫ്, പോക്കാടൻ കുഴിയിൽ, കാണക്കരി പി.ഒ. ദേവസ്യ ചാക്കോ, ഊറ്റുകുഴി, താഴത്തുകാട്ടിൽ എന്നിവരുടെ കുടുംബാംഗങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും 1 ലക്ഷം രൂപ വീതം അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. 7-6-2016 ന് മരണപ്പെട്ടവരുടെ ഭാര്യമാർ ചെക്കുകൾ കൈപ്പറ്റിയിട്ടുണ്ട്.

(ബി) ഈ വിഷയം ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നതിനാൽ, മേൽനടപടി സ്വീകരിക്കുന്നതിനായി അനൗദ്യോഗിക ഫയൽ നമ്പർ 1530530/B3/2017/SCSTDD പ്രകാരം തദ്ദേശസ്വയം ഭരണവകുപ്പിനും അനൗദ്യോഗിക കുറിപ്പുപ്രകാരം വിവരം റവന്യൂ വകുപ്പിനും കൈമാറിയിട്ടുണ്ട്.

(സി) ഇല്ല. റവന്യൂ വകുപ്പിൽനിന്നും ഇതു സംബന്ധിച്ച ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

**ദുരിതാശ്വാസ നിധി**

58(667) <u>ശ്രീ.ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ പട്ടികജാതി വികസനക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര പേർക്ക് എത്ര തുക ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ പട്ടികജാതി വികസന ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 185 പേർക്ക് 25,10,500 രൂപ ചികിത്സാ ധനസഹായ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

## പടയണി കലാകാരൻമാരുടെ പെൻഷൻ

59(T* 668) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച പടയണി കലാകാരൻമാർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലായിട്ടുണ്ടോ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര പേർക്കാണ് പ്രസ്തുത പെൻഷൻ ലഭിക്കുന്നതെന്ന വിവരം വെളിപ്പെടുത്തുമോ;

(സി) ആറന്മുള മണ്ഡലത്തിലെ പെൻഷനർഹരായ പടയണി കലാകാരൻമാരുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയിലും കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതിയിൽ നാടൻ കലാവിഭാഗത്തിൽ ഉൾപ്പെടുത്തിയും അർഹരായ പടയണി കലാകാരൻമാർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ 10 പേർക്ക് സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന സംസ്ഥാന കലാകാര പെൻഷൻ പദ്ധതി പ്രകാരവും 4 പേർക്ക് കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതി പ്രകാരവും നിലവിൽ പെൻഷൻ നൽകിവരുന്നുണ്ട്.

(സി) ആറൻമുള മണ്ഡലത്തിലെ 2 പേർക്ക് സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന സംസ്ഥാന കലാകാര പെൻഷൻ പദ്ധതി പ്രകാരവും 2 പേർക്ക് കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പ്രകാരവും നിലവിൽ പെൻഷൻ നൽകിവരുന്നുണ്ട്.

## അക്കാമ്മ ചെറിയാൻ സ്മാരകം

60(669) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ആയെന്ന് വ്യക്തമാക്കുമോ;

---

* T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) അക്കാമ്മ ചെറിയാന്റെ നാമധേയത്തിൽ ഇടുക്കി ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ആവശ്യമായ ഭൂമി ഇടുക്കി അടിമാലിക്ക് സമീപം സൗജന്യമായി വിട്ടുനൽകാൻ സ്വകാര്യ വ്യക്തി തയ്യാറായതിനെ തുടർന്ന് പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷൻ സന്ദർശിച്ച് ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽ 1061/1,3,1066/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട പ്രസ്തുത ഭൂമി പദ്ധതിക്കായി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുടെ ഉമസ്ഥത കൈമാറുന്നതും സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതും സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് പ്രൈസ് വാട്ടർ കൂപ്പേഴ്സ് എന്ന ഏജൻസിയെ ഇതിനോടകം തന്നെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായാലുടൻ തന്നെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്.

**രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ**

61(670) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസം എന്താണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 65,00,000 രൂപയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25,00,000 രൂപയും ചേർത്ത് ആകെ 90,00,000 രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

പദ്ധതിയുടെ രണ്ടാം ഘട്ടമായി രവിവർമ്മ ആർക്കൈവ്സ്, സമകാലീന ചിത്രശാല, ലൈബ്രറി, ആർട്ട് റസിഡൻസി സ്റ്റുഡിയോ, ഗസ്റ്റ് റൂമുകൾ, ഡോർമിറ്ററി, ഓഡിറ്റോറിയം, മിനി തിയേറ്റർ, കലാ പരിശീലന കളരി തുടങ്ങിയവ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ രണ്ടാം ഘട്ട നിർമ്മാണത്തിനായി 9,26,62,255 രൂപയുടെ പ്രൊപ്പോസൽ ലളിതകലാ അക്കാദമി ലഭ്യമാക്കുകയും 2016-17 സാമ്പത്തിക വർഷത്തിൽ ഇതിനായി 25,00,000 രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അക്കാദമി ലഭ്യമാക്കിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്.

## ചെമ്പകശ്ശേരി വിശ്വൻ സ്മാരകം

62(671) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ചെമ്പകശ്ശേരി വിശ്വൻ സ്മാരകത്തിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് പ്രവർത്തിക്കുന്ന ചെമ്പകശ്ശേരി വിശ്വൻ മെമ്മോറിയലിന് പ്രത്യേക ധനസഹായമായി 25 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. ആയത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകളോ/പ്രൊപ്പോസലുകളോ ടി മെമ്മോറിയലിന്റെ ഭാരവാഹികളിൽനിന്ന് നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല. സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം അപേക്ഷ/പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ടി തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മാവേലിക്കര തട്ടാരമ്പലത്ത് ഗാന്ധിജി എത്തിയിട്ടുള്ള സ്ഥലം

63(672) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര തട്ടാരമ്പലത്ത് ഗാന്ധിജി എത്തിയിട്ടുള്ള സ്ഥലം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ പ്രസ്തുത സ്ഥലത്തേയും ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലുമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. സംസ്ഥാനതല കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ പയ്യന്നൂർ, പാലക്കാട്, ശബരി ആശ്രമം, വൈക്കം, തവനൂർ, ഗുരുവായൂർ, വെങ്ങാനൂർ എന്നീ 6 സ്ഥലങ്ങളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ജില്ലാതല, പ്രാദേശികതല പരിപാടികൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയും സംഘടിപ്പിക്കുന്നുണ്ട്. പ്രാദേശികതല പരിപാടിയുടെ ഭാഗമായി ഈ സ്ഥലത്ത് പരിപാടി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## പി. കെ. ഷൺമുഖൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ

64(673) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പുത്തൻവീട്ടിൽ ശ്രീ. പി. കെ. ഷൺമുഖൻ കേന്ദ്രകലാകാര പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ടിയാൻ കലാകാരനെന്ന നിലയിൽ മകളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ടിയാന്റെ പെൻഷനും മകളുടെ വിവാഹത്തിനുള്ള ധനസഹായവും എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പുത്തൻവീട്ടിൽ ശ്രീ. പി.കെ. ഷൺമുഖൻ കേന്ദ്രകലാകാര പെൻഷൻ ലഭിക്കുന്നതിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര കലാകാര പെൻഷന് അന്ന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം അദ്ദേഹത്തിന്റെ അപേക്ഷ പരിഗണനാർഹമല്ലെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ കേന്ദ്രകലാകാര പെൻഷന് ശിപാർശ ചെയ്തിരുന്നില്ല. കേന്ദ്ര കലാകാര പെൻഷന് ശിപാർശ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ സാംസ്കാരിക വകുപ്പിന്റെ 11-1-2018 ലെ സി3/378/2017/സാം.കാ.വ. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*) സർക്കുലർ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. 11-1-2018-ലെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം പുതിയ അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കാൻ ടിയാന് നിർദ്ദേശം നൽകുന്നതാണ്.

(ബി & സി) ശ്രീ. പി.കെ. ഷൺമുഖൻ കലാകാരനെന്ന നിലയിൽ മകളുടെ വിവാഹ ധനസഹായത്തിന് കേരള സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന് അപേക്ഷ സമർപ്പിച്ചിരുന്നു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ ചട്ടം 17 പ്രകാരം വിവാഹത്തിന് 60 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകമോ അപേക്ഷ ഹാജരാക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ചിട്ടില്ല.

## സാംസ്കാരിക ക്ഷേമനിധി

65(674) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസർക്കാർ സാംസ്കാരിക ക്ഷേമനിധിയിൽപ്പെടുത്തി ഏതൊക്കെ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സാംസ്കാരിക ക്ഷേമനിധിയിൽനിന്നും പ്രതിമാസം എത്ര രൂപയാണ് പെൻഷനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ ചട്ടം 2 (ഡി) പ്രകാരം സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, പുരാണപാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിളകലകൾ, പന്തൽ, അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്തുരൂപ കല്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലെയുള്ള മറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗങ്ങളാണ്.

(ബി) സാംസ്കാരിക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 3,000 രൂപയാണ് പെൻഷനായി അനുവദിക്കുന്നത്.

## കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയം

66(675) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കെ. എസ്. എഫ്. ഡി. സി. -യുടെ കീഴിൽ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണ്, പ്രസ്തുത ഏജൻസി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കിഫ്ബി മുഖാന്തരം ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ ഒറ്റപ്പാലത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കിറ്റ്കോയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ടി ഏജൻസി സ്ഥലം സന്ദർശിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരികയുമാണ്.

**ചലച്ചിത്ര വികസന കോർപ്പറേഷന് സ്ഥലം**

67(676) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 622/1 -ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോളവില ഈടാക്കിയോ, പാട്ടത്തിനോ, ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവ സഹിതം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിക്കുകയാണെങ്കിൽ ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിക്കാമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 622/1-ൽ 25 സെന്റ് സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന് കമ്പോളവില ഈടാക്കിയോ, പാട്ടത്തിനോ അനുവദിക്കാമെന്ന രീതിയിൽ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. മേൽ സർവ്വേ നമ്പറിൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി വളരെ പരിമിതമാണ്. പ്രസ്തുത പദ്ധതിക്കായി കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും വേണ്ടിവരും. നിർദ്ദിഷ്ട സമയത്തിനുള്ളിൽ സ്ഥലം ലഭ്യമാകാത്തതിനാൽ KIIFB പദ്ധതിയുടെ ആദ്യഘട്ടത്തിൽ ടി സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല.

**അക്ഷേഷ്യ, മാഞ്ചിയം എന്നിവ ഒഴിവാക്കാൻ നടപടി**

68(677) <u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിന്റെ തോട്ടങ്ങളിൽ അക്കേഷ്യ, മാഞ്ചിയം എന്നിവ വച്ചുപിടിപ്പിക്കുന്നത് നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മരങ്ങൾക്ക് പകരമായി മലവേപ്പ് തുടങ്ങിയ നാടൻ മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ പദ്ധതിയുണ്ടോ;

(സി) പുനലൂർ വനം ഡിവിഷനിലെ ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മടത്തറ, ഓന്തുപച്ച മേഖലകളിൽ മുറിച്ചുമാറ്റിയ അക്കേഷ്യ, മാഞ്ചിയം മരങ്ങൾക്ക് പകരമായി വീണ്ടും അതേ മരങ്ങൾ നടുവാൻ തീരുമാനം എടുത്തിരുന്നോ;

(ഡി) പ്രസ്തുത തീരുമാനം മാറ്റി അവിടെ മലവേപ്പ് വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ മരങ്ങൾ പരിപാലിക്കുന്നതും, വെട്ടിമാറ്റുന്നതും കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരമാണ്. വർക്കിംഗ് പ്ലാനിൽ നിഷ്കർഷിക്കും പ്രകാരം അടക്കിമുറി കഴിഞ്ഞ തോട്ടങ്ങളിൽ അതേ ഇനം തൈകളോ, ഇതേ ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന ഇതര ഇനത്തിൽപ്പെട്ട തൈകളോ മാത്രമേ വച്ചുപിടിപ്പിക്കുവാൻ കഴിയൂ. ജനവാസ മേഖലയോടടുത്ത തോട്ടങ്ങളിൽ പുനർ നടീൽ നടത്തുന്ന വേളയിൽ ജനരോഷത്തെ തുടർന്നും, ജനപ്രതിനിധികൾ അടക്കമുള്ളവരുടെ എതിർപ്പിനെ തുടർന്നും അക്കേഷ്യ തൈകൾ നടേണ്ടതില്ലെന്ന് വനം വകുപ്പ് നയപരമായ തീരുമാനം എടുക്കുകയും അതിനനുസൃതമായി വർക്കിംഗ് പ്ലാൻ നിർദ്ദേശത്തിൽനിന്നും വ്യതിചലിക്കുന്നതിനുള്ള അനുമതി ആവശ്യമായ കേസുകളിൽ പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) അടക്കിമുറി കഴിയുന്ന അക്കേഷ്യ/മാഞ്ചിയം തോട്ടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ മലവേപ്പ് (Meliz dubia), വച്ചുപിടിപ്പിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മുൻവർഷം വർക്കിംഗ് പ്ലാൻ അനുസരിച്ചും തദ്ദേശവാസികളുടെ അഭിപ്രായംകൂടി കണക്കിലെടുത്തും ജനവാസ മേഖലയോട് ചേർന്ന ഭാഗങ്ങളിൽ തദ്ദേശീയ ഇനം തൈകൾ നട്ടുപിടിപ്പിച്ചശേഷം ഉൾഭാഗങ്ങളിൽ മാഞ്ചിയം നടുന്നതിന് തീരുമാനിച്ചിരുന്നു. ഈ വർഷം ഓന്തുപച്ച ഭാഗത്ത് അടക്കിമുറി നടത്തുന്ന അക്കേഷ്യ തോട്ടത്തിൽ അക്കേഷ്യ വീണ്ടും നട്ടുപിടിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(ഡി) ഈ വർഷം അക്കേഷ്യ മുറിക്കുന്ന ഓന്തുപച്ച തോട്ടത്തിൽ മലവേപ്പ് പോലുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ

69(678) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും, അഴിമതി തടയാനും സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും വന്യമൃഗ വേട്ട തടയുന്നതിനും സംസ്ഥാന അതിർത്തി പങ്കിടുന്ന മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷ കാലയളവിൽ അഴിമതി, കൃത്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തൽ, വനഭൂമി കൈക്കലാക്കൽ തുടങ്ങി വിവിധയിനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട വനം വകുപ്പ് ജീവനക്കാർ എത്രയെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വനംകൊള്ളയും വന്യമൃഗവേട്ടയും കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. വനസംരക്ഷണത്തിന് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വനം വകുപ്പിന്റെ കൈവശമുള്ളതും മറ്റ് വകുപ്പുകളിൽനിന്നും ലഭിച്ചതുമായ കണ്ടൽക്കാടുകൾ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സംരക്ഷിക്കുന്നതിന് നൂതന രീതിയിലുള്ള ഒരു റിക്കോഡ് റൂം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിലെ അഴിമതിക്കെതിരെ വനം വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ അഴിമതി, കൃത്യനിർവ്വഹണത്തിലെ വീഴ്ച, വനഭൂമി കൈക്കലാക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട 879 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനം വകുപ്പിലെ വിജിലൻസ് വിഭാഗം ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ ജീവനക്കാർക്കെതിരെ കേസിന്റെ ഗൗരവം കണക്കിലെടുത്ത് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പുതലത്തിൽ ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കാരെന്ന് കണ്ടെത്തുന്നവരെ പൊതുജന സമ്പർക്കം ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് സ്ഥലംമാറ്റം നടത്തിയും ശിക്ഷ നടപ്പാക്കുന്നുണ്ട്.

**വനമേഖലയെ ആശ്രയിച്ചുകഴിയുന്ന വിഭാഗങ്ങൾക്ക് ഉപജീവനമാർഗ്ഗം**

70(679) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയെ ആശ്രയിച്ചുകഴിയുന്ന വിഭാഗങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) തടി ഇതര വന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വനത്തെ ആശ്രയിച്ചുകഴിയുന്ന സമൂഹങ്ങൾ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖാന്തരം നടത്തുന്ന ചെറുകിട വനവിഭവ ശേഖരണം, വിപണനം എന്നിവയ്ക്കായി വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വനശ്രീ പദ്ധതി വഴിയും വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നുണ്ട്. അതുപോലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള വിവിധ വനസംരക്ഷണ-വനപരിപാലന പദ്ധതികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമപ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്.

(ബി) പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ഉദ്ദേശ്യങ്ങളായ ജനപങ്കാളിത്തത്തോടെയുള്ള ജൈവവൈവിധ്യ പരിപാലനവും അതുവഴി വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കലും ലക്ഷ്യമിട്ട് വനവിഭവ ശേഖരണ, സംഭരണ വിപണനത്തിനായി 'വനശ്രീ' എന്ന പദ്ധതി വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വനങ്ങളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ മൂല്യ വർദ്ധനവ് നടത്തി പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിൽപ്പന നടത്തി പരമാവധി പ്രയോജനം വനാശ്രിത സമൂഹത്തിന് തന്നെ ലഭിക്കത്തക്ക രീതിയിലാണ് 'വനശ്രീ' വിഭാവന ചെയ്തിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് വിവിധ വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടി യൂണിറ്റുകൾവഴി ഏകദേശം രണ്ടര കോടിയോളം രൂപയുടെ വാർഷിക വിറ്റുവരവ് ലഭിക്കുന്നുണ്ട്.

## വനഭൂമി കയ്യേറ്റം

71(680) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1971-ന ശേഷമുള്ള വനഭൂമി കയ്യേറ്റം ഒഴിപ്പിച്ച് വനഭൂമി തിരിച്ചു പിടിക്കണമെന്ന ഹൈക്കോടതി വിധി സർക്കാർ പരിശോധിക്കുകയുണ്ടായോ;

(ബി) എന്നാണ് ഈ വിധി ഹൈക്കോടതി പുറപ്പെടുവിച്ചത്; വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) ഒഴിപ്പിക്കൽ നടപടിക്ക് കൂടുതൽ സമയം ആവശ്യപ്പെട്ട് സർക്കാർ ഹൈക്കോടതിയെ സമീപിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് ഒഴിപ്പിക്കൽ നടപടി അനന്തമായി നീളുന്നതിന് കാരണമാകുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കുകയുണ്ടായി. വിധിപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 4-9-2015-നാണ് ഈ വിധി ഹൈക്കോടതി പുറപ്പെടുവിച്ചത്. വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കോടതി ഉത്തരവ് അനുസരിച്ച് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാനപ്രകാരം

ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.

3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

4. 4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

(സി) 4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

(ഡി) ഒഴിപ്പിക്കൽ നടപടി അനന്തമായി നീളാതിരിക്കുന്നതിന് സർക്കാരും വനം വകുപ്പും കോടതിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

## വനഭൂമി കൈയ്യേറ്റം

72(681) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഏക്കർ വനഭൂമിയാണ് കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്: ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) അതിനെതിരെ എത്ര കേസുകൾ കേരളത്തിലെ വിവിധ കോടതികളിലും ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഏറ്റവും കൂടുതൽ വനഭ്രമി കയ്യേറിയ കേരളത്തിലെ വ്യക്തികൾ ആരൊക്കെയാണ്; എവിടെയാണ് കയ്യേറ്റമെന്ന് അവരുടെ പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭ്രമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനംകൈയ്യേറ്റം | |
|---|---|---|---|---|
| | | | (ഹെക്ടറിൽ) | (ഹെക്ടറിൽ) |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| കൊല്ലം | | റാന്നി | 1.13 | 2.79223 |
| | | തെന്മല | 7.24 | 17.89004 |
| | | ആകെ | 18.96 | 46.85016 |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | ആകെ | 1727.2 | 4267.9112 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.33584 |
| | | മലയാറ്റൂർ | 129.29 | 319.47559 |
| | | ആകെ | 276.33 | 682.81143 |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| പാലക്കാട് | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | ആകെ | 3819.75 | 9438.60225 |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കാട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 913.62754 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.23042 |
| | | കാസർഗോഡ് | 0 | 0 |
| | | ആകെ | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | ആകെ | 5.4061 | 13.3584731 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | ആകെ | 193.02 | 476.95242 |
| | ആകെ | | 7801.1161 | 19276.5579 |

(ബി) വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ കോടതികളിലായി 316 കേസ്സുകൾ ഉണ്ട്.

(സി)

| ക്രമ നം. | സ്ഥലം | വ്യക്തികളുടെ പേര് |
|---|---|---|
| (1) | (2) | (3) |
| 1. | തെന്മല | അഗസ്റ്റിൻ ലൂയിസ് |
| 2. | കുട്ടൻപുഴ | ജോർജ്ജ് ഉലഹന്നാൻ |
| 3. | ഇടക്കര | തിലോത്തമ ദയാനന്ദൻ |
| 4. | കുറിശ്ശി മലവാരം | പാത്തുമ്മ ബീവി |
| 5. | വടക്കേകോട്ട | മാത്യു സെബാസ്റ്റ്യൻ |
| 6. | കൊട്ടചൊക്കാടൻ മലവാരം | സാജൻ |
| 7. | സൗത്ത് വയനാട് | ശ്രീധരൻ |
| 8. | സൗത്ത് വയനാട് | ജോർജ്ജ് പോത്തൻ |
| 9. | സൗത്ത് വയനാട് | കെ.അബ്രഹാം |
| 10. | സൗത്ത് വയനാട് | വൽസമ്മ |
| 11. | സൗത്ത് വയനാട് | സത്യഭാമ |
| 12. | മാലോത്ത് | കണ്ണോത്ത് ഭാർഗ്ഗവി |
| 13. | ചെമ്പനോട് | ജോസഫ് അലയ്ക്കൽ |

| (1) | (2) | (3) |
|---|---|---|
| 14. | മരുതോങ്കര | ഫിലിപ്പ് ഇടയത്തിൽ |
| 15. | മരുതോങ്കര | സെബ്സ്റ്റ്യൻ കൊട്ടാരത്തിൽ |
| 16. | വിലങ്ങാട് | അണ്ടത്തായ ചാക്കോ |
| 17. | കാവിലുംപാറ | മത്തായി തൊമ്മൻ |
| 18. | കാവിലുംപാറ | സ്കറിയ.റ്റി.റ്റി. |
| 19. | തിനൂർ | വലിയ പറമ്പത്ത് മൊയ്തു |
| 20. | കാന്തലാട് | കിഴക്കേടത്ത് സാവിത്രി |
| 21. | കാന്തലാട് | എം.കെ.പത്മനാഭൻ |
| 22. | കൂരാച്ചുണ്ട് | മാത്യു ജോസഫ് |
| 23. | കൂരാച്ചുണ്ട് | തെയ്യുണ്ണി |
| 24. | കൂരാച്ചുണ്ട് | തോമസ് |
| 25. | കൂരാച്ചുണ്ട് | ജോയി വട്ടുതല |
| 26. | പെരുവണ്ണാമൂഴി | വിൻസെന്റ് കുര്യാക്കോസ് |
| 27. | പെരുവണ്ണാമൂഴി | കണാരുകുട്ടി |
| 28. | പെരുവണ്ണാമൂഴി | ബേബി |
| 29. | പെരുവണ്ണാമൂഴി | സ്കറിയാച്ചൻ |
| 30. | പെരുവണ്ണാമൂഴി | മഞ്ജുള എസ്റ്റേറ്റ് |
| 31. | പെരുവണ്ണാമൂഴി | ബാബു അബ്രഹാം |
| 32. | പെരുവണ്ണാമൂഴി | റോസിലി ജോസഫ് |
| 33. | പെരുവണ്ണാമൂഴി | ആന്റണി |

| (1) | (2) | (3) |
|---|---|---|
| 34. | പെരുവണ്ണാമൂഴി | ബി.സി.ചെറിയാൻ |
| 35. | പെരുവണ്ണാമൂഴി | ടി.ജോസ് |
| 36. | പെരുവണ്ണാമൂഴി | രാജി തോമസ് |
| 37. | പെരുവണ്ണാമൂഴി | ജോസ് |
| 38. | പെരുവണ്ണാമൂഴി | ജോസ് കുര്യക്കോസ് |

## വനം വകുപ്പ് റോഡുകളുടെ വികസനം

73(682) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പ് റോഡുകളുടെ വികസനത്തിനുവേണ്ടി ഫണ്ടുകൾ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് വേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വനം വകുപ്പിന്റെ കീഴിലുള്ള വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ വർഷവും നടത്തിവരുന്നു.

## തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കണ്ടൽക്കാട് സംരക്ഷണം

74(683) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കണ്ടൽക്കാട് സംരക്ഷണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സ്ഥലങ്ങളിലെ കണ്ടൽക്കാട് സംരക്ഷണത്തിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കണ്ടൽക്കാട് സംരക്ഷണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തിയിട്ടില്ല.

(ബി) തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കണ്ടൽക്കാട് സംരക്ഷിക്കുന്നതിന്റെ ഭാഗമായി " 32 Conservation of Natural Resources and Eco Systems (Wetland Conservation (60% CSS)" സ്കീമിൽ 10000 കണ്ടൽത്തൈകളും, " CAMPA" സ്കീമിൽ 5000 കണ്ടൽത്തൈകളും ഈ മേഖലകളിൽ നട്ടുപിടിപ്പിക്കുന്നതായി ഉൽപ്പാദിപ്പിച്ചുവരുന്നുണ്ട്. കയ്യേറ്റം ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## വന വിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി

75(684) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതി ഏറ്റവും കുറഞ്ഞ ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലകളിൽ കൂടുതൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

(ബി) പ്രസ്തുത ജില്ലകളിൽ കൂടുതൽ മരം നടീൽ പദ്ധതികൾ നടപ്പിലാക്കി വൃക്ഷാവരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യ നിരക്കിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. എന്റെ മരം, നമ്മുടെ മരം പദ്ധതി പ്രകാരവും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി ഔഷധതോട്ടം, നക്ഷത്രവനം എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കിവരുന്നു. വനമിത്ര അവാർഡ്, കാവ് സംരക്ഷണം, സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണം, കണ്ടൽ വച്ചുപിടിപ്പിക്കാൻ സാമ്പത്തിക സഹായം

തുടങ്ങിയവയും നൽകുന്നു. വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി കൂടുതൽ വൃക്ഷത്തൈകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വച്ചുപിടിപ്പിക്കുന്ന പ്രവൃത്തികളും നടത്തിവരുന്നു.

## സാമൂഹ്യ വനവൽക്കരണ പദ്ധതി

76(685) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണം പദ്ധതി സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധന സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2016-2017, 2017-2018 വർഷങ്ങളിൽ ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; വിവിധ വകുപ്പുകൾക്ക് നൽകിയ തുക എത്ര ; ഓരോ വകുപ്പിനും നൽകിയ വൃക്ഷത്തൈകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രതീക്ഷിച്ച നിലവാരത്തിലേയ്ക്ക് ഉയർന്നില്ലെന്ന ആരോപണം പരിശോധിക്കുമോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ ;

(ഡി) സാമൂഹ്യവനവൽക്കരണ നടപടി സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ അതിജീവന ശതമാനത്തിന്റെ പരിശോധന വകുപ്പ് തലത്തിൽ നടത്താറുണ്ട്. സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം ലോക പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട പൊതുമാർഗ്ഗനിർദ്ദേശങ്ങൾ 17-1-2018-ൽ 69/ഇ 3/2017/വനം നമ്പറായി സർക്കാർ സർക്കുലർ ഇറക്കിയിട്ടുണ്ട്.

(ബി) 2016-17, 2017-18 വർഷങ്ങളിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു:

| റീജിയൺ | 2016-17 (രൂപ ലക്ഷത്തിൽ) | 2017-18 (രൂപ ലക്ഷത്തിൽ) |
|---|---|---|
| സതേൺ റീജിയൺ, കൊല്ലം | 492.28 | 462.19 |
| സെൻട്രൽ റീജിയൺ, എറണാകുളം | 225.10 | 220.26 |
| നോർത്തേൺ റീജിയൺ, കോഴിക്കോട് | 327.24 | 133.44 |
| ആകെ | 1044.62 | 815.89 |

2016-17, 2017-18 വർഷങ്ങളിൽ ഓരോ വകുപ്പിനും നൽകിയ വൃക്ഷത്തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| റീജിയൺ | വകുപ്പ് | 2016-17 | 2017-18 |
|---|---|---|---|
| സതേൺ റീജിയൺ, കൊല്ലം | തദ്ദേശ സ്വയംഭരണ സ്ഥാപനം | 385176 | 907345 |
| | വിദ്യാഭ്യാസ സ്ഥാപനം | 3614345 | 800448 |
| | സന്നദ്ധ സംഘടനകൾ | 582326 | 979316 |
| സെൻട്രൽ റീജിയൺ, എറണാകുളം | തദ്ദേശ സ്വയംഭരണ സ്ഥാപനം | 138279 | 436937 |
| | വിദ്യാഭ്യാസ സ്ഥാപനം | 885173 | 319348 |
| | മറ്റുവകുപ്പുകൾ | 265983 | 652734 |
| നോർത്തേൺ റീജിയൺ, കോഴിക്കോട് | തദ്ദേശ സ്വയംഭരണ സ്ഥാപനം | 499399 | 213960 |
| | വിദ്യാഭ്യാസ സ്ഥാപനം | 1085008 | 575409 |
| | സന്നദ്ധ സംഘടനകൾ | 149105 | 223891 |
| ആകെ | | 7604794 | 5109388 |

(സി) ലഭ്യമായ ഫണ്ടിന് ആനുപാതികമായി വിവിധയിനത്തിൽപ്പെട്ട വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇപ്രകാരം തൈകൾ വിതരണം ചെയ്യുന്നതിന്റെ നിലവാരം സംബന്ധിച്ചുള്ള ആരോപണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) വികസന പ്രവർത്തനങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും മറ്റുമായി ഓരോ വർഷവും വളരെയധികം വൃക്ഷങ്ങൾ വനേതര പ്രദേശങ്ങളിൽ നിന്നും മുറിച്ച് മാറ്റപ്പെടുന്നു. ഇതിന് പരിഹാരമായും വർദ്ധിച്ചുവരുന്ന ആഗോളതാപന തോത് കുറയ്ക്കുന്നതിനും ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി സാമൂഹിക വനവൽക്കരണ വിഭാഗം വനേതര പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനായി വർഷം തോറും വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, മതസ്ഥാപനങ്ങൾ, എൻ.ജി.ഒ. യൂത്ത് ക്ലബ്ബ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ സർക്കാർ സ്ഥലങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു. വനേതര/സർക്കാർ സ്വകാര്യ ഭൂമികളിൽ നട്ടുവളർത്തുന്ന ഇത്തരം വൃക്ഷങ്ങളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകളും വ്യക്തികളുമാണ് നടത്തിവരുന്നത്.

വനേതര പ്രദേശങ്ങളിൽ ഇന്ന് കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവത്ക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. 2015-ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനു പുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2005-ൽ കെ.എഫ്.ആർ.ഐ. പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനുള്ള തടിയുടെ 74.90% വനേതരഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം കർഷകർക്ക് നല്ലൊരു ധനലഭ്യതാ മാർഗ്ഗം കൂടിയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, കുടുംബശ്രീ പോലുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾക്കും പ്രകൃതി സംരക്ഷണത്തെക്കുറിച്ച് നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ വനവൽക്കരണത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി എന്റെ മരം, നമ്മുടെ മരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫോറസ്ട്രി ക്ലബ്ബുകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ മുഖേനയും പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## വനപരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ

77(686) ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) വന മേഖലയിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും വേനൽക്കാലത്ത് വന്യജീവികൾക്ക് കുടിവെള്ളം ലഭ്യമാക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വനപരിപാലനത്തിനും വനസംരക്ഷണത്തിനും വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു.
- നിലവിലുള്ള വൻമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനപരിസ്ഥിതി വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.
- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.
- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിദ്ധ്യ ശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.
- വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.

- കാലാവസ്ഥാ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്രസഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.
- ആന, കടുവ എന്നീ പ്രധാന വന്യജീവികളുടെ ആവാസവ്യവസ്ഥ പുനർനിർമ്മിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു.
- വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട്, വിവിധ ഭൂവിനിയോഗങ്ങളും മനുഷ്യന്റെ ആവാസവും പരസ്പര പൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ് പദ്ധതി നടപ്പാക്കുന്നു.

(ബി) വന മേഖലയിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും വേനൽക്കാലത്ത് വന്യജീവികൾക്ക് കുടിവെള്ളം ലഭ്യമാക്കാനും കേരളത്തിലെ വനമേഖലകളിലെ ജലസ്രോതസ്സുകൾ (കുളം, വയൽ) നവീകരിച്ചിട്ടുണ്ട്. ചതുപ്പ് പ്രദേശങ്ങളിൽ (വയൽ) മൺബണ്ടുകൾ നിർമ്മിക്കുകയും ബണ്ടുകളിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തി വരുകയും ചെയ്യുന്നു.

## വനംവകുപ്പ് പ്രവർത്തനങ്ങൾ

78(687) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണം, ഹരിത കേരളം എന്നീ പദ്ധതികൾവഴി വനം വകുപ്പ് കഴിഞ്ഞ അഞ്ചുവർഷമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും ഓരോ വർഷവും ഇവയ്ക്കായി ചെലവാക്കിയ തുക എത്രയെന്നും ഉള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്റെ മരം, നമ്മുടെ മരം, തൈകളുടെ വിതരണം, വൃക്ഷത്തൈ ഉൽപ്പാദനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിതരണവും, യൂത്ത് ക്ലബ്ബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വഴിയോരത്തണൽ പദ്ധതി, വന്യജീവി സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് തുടങ്ങി ജൈവ വൈവിധ്യ സംരക്ഷണം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും ചെലവാക്കിയ സർക്കാർ ഫണ്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവൽക്കരണം, ഹരിത കേരളം എന്നീ പദ്ധതികൾവഴി വനം വകുപ്പ് കഴിഞ്ഞ അഞ്ചുവർഷമായി വിവിധ ഇനത്തിലുള്ള വൃക്ഷത്തൈകൾ

ഉൽപ്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, മത-സാമൂഹിക സംഘടനകൾ തുടങ്ങിയവ മുഖാന്തരം വിതരണം നടത്തിവരുന്നുണ്ട്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വർഷം തോറും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ സംഘടനകൾ മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങൾ, പുഴയോരങ്ങൾ, കടൽതീരം, കനാൽ ബാങ്ക്, പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുവരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെ സംരക്ഷണത്തിനും വേണ്ടി ധനസഹായം നൽകിവരുന്നു. ഇതിനു പുറമേ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്ത് ഇനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, അർബൻ ഫോറസ്ട്രി, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള സഹായം, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2013-14 | 843.073 |
| 2014-15 | 940.487 |
| 2015-16 | 864.168 |
| 2016-17 | 1017.228 |
| 2017-18 | 779.27 |
| ആകെ | 4444.226 |

(ബി) ഈ സർക്കാർ കാലയളവിൽ എന്റെ മരം, നമ്മുടെ മരം, തൈകളുടെ വിതരണം, വൃക്ഷത്തൈ ഉൽപ്പാദനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വിതരണവും, യൂത്ത് ക്ലബ്ബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വഴിയോരത്തണൽ പദ്ധതി, ജൈവ വൈവവിദ്ധ്യ സംരക്ഷണം എന്നിവയ്ക്ക് ചെലവാക്കിയ സർക്കാർ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | 966.50 |
| 2017-18 | 790.26 |
| ആകെ | 1756.76 |

## സൃഷ്ടി സ്കോളർഷിപ്പ്

79(688) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരിലെ പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി വനം വകുപ്പ് ഏർപ്പെടുത്തിയിരുന്ന സൃഷ്ടി സ്കോളർഷിപ്പ് ഇപ്പോൾ നൽകുന്നുണ്ടോ;

(ബി) നിലവിൽ എത്ര രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കാമോ;

(സി) ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായത്തിനായിട്ടാണ് സൃഷ്ടി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു വർഷം 15,000 (പതിനയ്യായിരം രൂപ മാത്രം) രൂപയാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. വന വികാസ ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ

എന്നിവയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ വഴി വനത്തിനുള്ളിലെ പട്ടികവർഗ്ഗ കോളനികളിൽ വിപുലമായ പരസ്യം നൽകിയാണ് അർഹരായവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന അപേക്ഷകൾ സംസ്ഥാന വന വികസന ഏജൻസി ചെയർമാൻ അദ്ധ്യക്ഷനായും, ഡെപ്യൂട്ടി കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യൂ.) മെമ്പർ സെക്രട്ടറിയായും ഒരു എൻ.ജി.ഒ, സോഷ്യോളജി/ആന്ത്രോപോളജി/ആദിവാസി പഠനം എന്നീ ഏതെങ്കിലും മേഖലയിൽ പ്രാവീണ്യമുള്ള ഒരാൾ എന്നിവർ അംഗങ്ങളായുള്ള സൂക്ഷ്മപരിശോധനാ കമ്മിറ്റി പരിശോധിച്ച് നിഷ്കർഷ യോഗ്യതയുള്ള ഏറ്റവും അർഹയായ ഒരു ട്രൈബൽ പെൺകുട്ടിയെ തെരഞ്ഞെടുക്കുന്നു.

(സി) ഉണ്ട്. സംസ്ഥാന വന വികസന ഏജൻസികളുടെ 'സൃഷ്ടി' സ്കോളർഷിപ്പിനായി തിരുവനന്തപുരം വെള്ളയമ്പലത്തെ കോർപ്പറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 2 ലക്ഷം രൂപ സ്ഥിര നിക്ഷേപത്തിന് വാർഷിക പലിശയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽനിന്നുമാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. ആയതിനാൽ നിലവിൽ ഒരു വർഷം ഒരു പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടിക്കാണ് സ്കോളർഷിപ്പ് നൽകാൻ കഴിയുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പദ്ധതി വിപുലീകരിച്ച് കൂടുതൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി സ്ഥിര നിക്ഷേപത്തുക രണ്ട് ലക്ഷം രൂപ വർദ്ധിപ്പിക്കുന്നതിന് വ്യക്തികൾ, സ്ഥാപനങ്ങൾ, വനം വകുപ്പ് ജീവനക്കാർ തുടങ്ങിയവരിൽനിന്നും സംഭാവന സ്വീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സംഭാവനകൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

## മീൻവല്ലം ടൂറിസം പദ്ധതിക്ക് വനം വകുപ്പിന്റെ ക്ലിയറൻസ് നിഷേധിക്കാനുണ്ടായ സാഹചര്യം

80(689) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ട മീൻവല്ലം ടൂറിസം പദ്ധതിക്ക് വനം വകുപ്പിന്റെ ക്ലിയറൻസ് നിഷേധിക്കാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മീൻവല്ലം ടൂറിസം പദ്ധതിക്ക് വനം വകുപ്പ് ക്ലിയറൻസ് നിഷേധിച്ചിട്ടില്ല.

(ബി) പാലക്കാട് ഡിവിഷനിൽനിന്നും മീൻവല്ലം പദ്ധതിക്കായി പാലക്കാട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് സമർപ്പിച്ച ശിപാർശ ടി ഓഫീസിൽ പരിശോധിച്ചതിൽ കൂടുതൽ വിശദാംശങ്ങൾ ആവശ്യമാണെന്ന് കണ്ടതിനാൽ ആയത് നൽകുന്നതിനായി പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇക്കോടൂറിസം പദ്ധതികൾക്ക് അനുമതി നിഷേധം**

81(690) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്കോടൂറിസം പ്രോജക്ടുകൾക്ക് വനം വകുപ്പ് തുടർച്ചയായി അനുമതി നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വനം വകുപ്പ് ഇപ്രകാരം എത്ര പ്രോജക്ടുകൾക്ക് പാലക്കാട് ജില്ലയിൽ കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ അനുമതി നിഷേധിച്ചിട്ടുണ്ടെന്ന് ഓരോന്നിന്റെയും കാരണം സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കോടൂറിസം പ്രോജക്ടുകൾക്ക് അനുമതി നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നവീകരണം**

82(691) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം ലയൺ സഫാരി പാർക്കിൽ പുതുതായി രണ്ട് സിംഹങ്ങളെക്കൂടി എത്തിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്റെ തൽസ്ഥിതി അറിയിക്കാമോ;

(ബി) നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാർഡാം ലയൺ സഫാരി പാർക്കിൽ പുതുതായി 2 സിംഹങ്ങളെക്കൂടി ലഭ്യമാക്കുന്നതിനായി Central Zoo Authority-ക്കും, പി.സി.സി.എഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഗുജറാത്തിനും അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ 23-11-17-ലെ Central Zoo Authority-യുടെ കത്ത് നമ്പർ എഫ്-23-4/17-സി.ഇസഡ്.എ/ബി.കെ.ജി./2061/എച്ച് പ്രകാരം നെയ്യാർ സഫാരി പാർക്കിൽ ഏഷ്യൻ സിംഹങ്ങളെ നൽകുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവ പരിഹരിച്ചശേഷം മാത്രമേ പുതുതായി സഫാരി പാർക്കിൽ സിംഹങ്ങളെ ലഭിക്കാൻ ഇടയുള്ളൂ.

(ബി) ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി പുതിയ പദ്ധതികൾക്കൊന്നും തന്നെ രൂപം നൽകിയിട്ടില്ല.

## പരിസ്ഥിതിലോല പ്രദേശങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണം

83(692) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്ന വിഷയത്തിൽ ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ പ്രദേശത്തെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1980-ലെ വനസംരക്ഷണ നിയമം, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവയിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി അതീവ പ്രാധാന്യം നൽകി പരിസ്ഥിതിലോല പ്രദേശങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം.

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) റവന്യൂ വകുപ്പിൽനിന്ന് സർവ്വേ നടപടികൾ പൂർത്തീകരിച്ച് സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ തീർപ്പാക്കിയാൽ മാത്രമേ കയ്യേറ്റങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തുവാനും കയ്യേറ്റങ്ങൾ കണ്ടെത്തുന്നപക്ഷം ഒഴിപ്പിക്കുവാനും സാധിക്കുകയുള്ളൂ.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം

84(693) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് ലിസ്റ്റുകളിൽനിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെയും മുൻ റാങ്ക് ലിസ്റ്റിൽനിന്നും നടന്ന നിയമനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായിട്ടും 15 ശതമാനം പോലും നിയമനം ഒരു ലിസ്റ്റിൽനിന്നും നടന്നിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | മുൻറാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം | നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | 28 | 41 |
| 2. | കൊല്ലം | 43 | 39 |
| 3. | പത്തനംതിട്ട | 130 | 72 |
| 4. | കോട്ടയം | 38 | 8 |
| 5. | എറണാകുളം | 195 | 57 |
| 6. | ഇടുക്കി | 328 | 154 |
| 7. | തൃശ്ശൂർ | 135 | 47 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | പാലക്കാട് | 281 | 67 |
| 9. | മലപ്പുറം | 121 | 37 |
| 10. | വയനാട് | 145 | 117 |
| 11. | കണ്ണൂർ | 20 | 29 |
| 12. | കാസർഗോഡ് | 2 | 10 |
| 13. | കോഴിക്കോട് | 41 | 23 |
| | ആകെ | 1507 | 701 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രതീക്ഷിത ഒഴിവുകളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മുറിച്ചുമാറ്റിയ മരങ്ങളുടെ വിലനിർണ്ണയം

85(694) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരത്ത് അപകട ഭീഷണി ഉയർത്തിയതിനെ തുടർന്ന് മുറിച്ചുമാറ്റിയ അക്കേഷ്യ മരങ്ങൾ റോഡരികിൽ കിടന്ന് നശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരം മരങ്ങൾ മഴയും വെയിലുമേറ്റ് നശിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം മരങ്ങളുടെ വില നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വനം വകുപ്പ് വിലനിർണ്ണയിച്ച് നൽകാത്തതാണ് മരങ്ങൾ വിൽപ്പന നടത്തുന്നതിന് തടസ്സമെന്ന മരാമത്ത് വകുപ്പിന്റെ നിലപാടിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) വനം വകുപ്പ് നിർണ്ണയിച്ച വില കൂടുതലായത് കാരണമാണ് വിൽപ്പന നടത്താൻ കഴിയാത്തതെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിലെ കെട്ടുംകൽ, ബോവിക്കാനം, ബേള, പരപ്പ, ചെർക്കള-ജാൽസൂർ, ചെർക്കള-ബദിയടുക്ക റോഡരികിൽ പലസ്ഥലങ്ങളിലും മരങ്ങൾ വീണുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) വീണ മരങ്ങൾ എല്ലാ വർഷവും ലേലം ചെയ്തു വിൽക്കുന്ന രീതി എന്താണെന്ന് വ്യക്തമാക്കാമോ; റോഡരികിൽ വീണുകിടക്കുന്ന മരങ്ങളുടെ കണക്ക് മരാമത്ത് വകുപ്പ് വനംവകുപ്പിന് നൽകിയെങ്കിലും വിലനിശ്ചയിച്ച് മറുപടി ലഭിക്കാത്ത് കൊണ്ടാണോ ഈ മരങ്ങൾ ലേലം ചെയ്യാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാതയോരങ്ങളിൽ അപകട ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട റോഡ്സ് വിഭാഗം പ്രസ്തുത ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകുകയും ടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ വൃക്ഷ സമിതി അപേക്ഷയിൽ പറഞ്ഞിട്ടുള്ള മരങ്ങൾ പരിശോധിക്കുകയും മുറിക്കേണ്ടത് ആവശ്യമാണെങ്കിൽ വിലനിർണ്ണയ പത്രികയും അനുവാദ പത്രികയും നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള നടപടിക്രമം. മരങ്ങൾ മുറിച്ചുമാറ്റി പൊതുലേലത്തിൽ വിറ്റ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പുകൾക്കാണ്.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ബാധകല്ല.

(സി) ഇത്തരം മരങ്ങളുടെ വില നിശ്ചയിച്ച് നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വില നിശ്ചയിച്ച് നൽകുന്നതാണ്.

(ഡി) വില നിർണ്ണയിത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി വില നിർണ്ണയം യഥാസമയം തന്നെ നടത്തി നൽകാറുണ്ട്.

(ഇ) സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് വില നിർണ്ണയത്തിനായി സ്വീകരിച്ചുവരുന്നത്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വീണ മരങ്ങൾ അതാത് വകുപ്പുകളാണ് ലേലം ചെയ്ത് വിൽക്കുന്നത്. വില നിർണ്ണയം നടത്തുക മാത്രമാണ് സാമൂഹിക വനവൽക്കരണ വിഭാഗം ചെയ്യുന്നത്. ഇത്തരം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് വില നിർണ്ണയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറാറുണ്ട്. പ്രസ്തുത മരങ്ങൾ വിൽക്കുന്ന സ്ഥലം ഉടമസ്ഥർ തന്നെ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടണം എന്ന നിർദ്ദേശവും മരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് നൽകാറുണ്ട്.

## ടൂറിസം കേന്ദ്രങ്ങളിലെ ബോട്ടുസവാരി വന്യമൃഗങ്ങളെ ബാധിക്കുന്ന കാര്യം

86(695) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിൽ വമ്പിച്ച രീതിയിലുള്ള ബോട്ടുസവാരി വന്യമൃഗങ്ങളെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച റിപ്പോർട്ട് വൈദ്യുതി വകുപ്പിന് നൽകിയിട്ടുണ്ടോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ കക്കയം ഡാം, ഇടുക്കി ജില്ലയിലെ ആനയിറങ്ങൽ ഡാം എന്നിവിടങ്ങളിൽ കേരള ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന ബോട്ട് സവാരി വന്യമൃഗങ്ങളെയും അവയുടെ ആവാസ വ്യവസ്ഥയെയും ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർ കക്കയത്തുള്ള ബോട്ട് യാത്ര നിർത്തുന്നതിന് ഉത്തരവിട്ടിട്ടുണ്ട്. നിലവിൽ കേരള ഹൈഡൽ ടൂറിസം സെന്റർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി.15467/16 നമ്പർ കേസ്സിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കക്കയത്ത് ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ബോട്ട് സവാരി തുടർന്നുവരുന്നത്. മൂന്നാർ ഡിവിഷനിലെ ആനയിറങ്ങൽ ഡാമിലെ ബോട്ടിംഗ് അവസാനിപ്പിക്കണമെന്ന് ജില്ലാ കളക്ടറോടും ഹൈഡൽ ടൂറിസം ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## ആസ്സാം മോഡൽ ഫെൻസിംഗ് നിർമ്മാണം

87(696) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടകത്തിലെ നാഗർഹോള നാഷണൽ പാർക്കിൽ സ്ഥാപിച്ച മാതൃകയിൽ നിലമ്പൂർ സൗത്ത് - നോർത്ത് ഫോറസ്റ്റ് ഡിവിഷനുകളിൽപ്പെട്ട വഴിക്കടവ്, മൂത്തേടം, കരുളായി, എടക്കര, അമരമ്പലം, ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്തുകളിൽ ആസ്സാം മോഡൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആലോചിക്കുമോ; വിശദമാക്കാമോ;

(ബി) വന്യമൃഗശല്യമുള്ള കേരളത്തിലെ ഏതെങ്കിലും പ്രദേശങ്ങളിൽ പഴയ റെയിൽ പാളങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ആസ്സാം മോഡൽ ഫെൻസിംഗ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഫോറസ്റ്റ് ഡിവിഷനുകളിലെ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ സൗത്ത്-നോർത്ത് ഡിവിഷനുകളിൽപ്പെട്ട വഴിക്കടവ്, മുത്തേടം, എടക്കര, അമരമ്പലം, ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്ത് പ്രദേശങ്ങളിൽ ആസ്സാം മോഡൽ ഫെൻസിംഗ് നിലവിൽ പരിഗണനയിലില്ല.

(ബി) കേരളത്തിലെ വനപ്രദേശങ്ങളിൽ ആസ്സാം മോഡൽ ഫെൻസിംഗ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടില്ല.

**വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണം**

88(697) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്കായി വനം വകുപ്പ് എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്;

(ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചതിനെ ത്തുടർന്ന് വയനാട് ജില്ലയിലെ കർഷകർക്ക് 2016 മേയ് മുതൽ എത്ര രൂപ നഷ്ടപരിഹാരമായി നൽകി എന്ന് അറിയിക്കുമോ;

(സി) കാട്ടുപന്നിയുടെ ആക്രമണം വയനാട് ജില്ലയിൽ രൂക്ഷമാകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാട്ടുപന്നിയെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ V -ൽ ഉൾപ്പെടുത്താൻ സർക്കാർ ശ്രമം നടത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2016 മേയ് മുതൽ വയനാട് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്കായി 2,68,499 രൂപ ഇതിനകം നൽകിയിട്ടുണ്ട്.

(ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകർക്ക് 2016 മേയ് മുതൽ നാളിതുവരെ 60,68,451 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നിയുടെ ആക്രമണം വയനാട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## വന്യജീവി ആക്രമണം

89(698) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വന്യജീവി ആക്രമണത്തിന് ഇരകളാകുന്ന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കാട്ടുപന്നികൾ നാട്ടിലിറങ്ങി കൃഷിനാശം വരുത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) മനുഷ്യരെ ആക്രമിക്കുന്ന ഏതെങ്കിലും വന്യജീവികളെ കൊല്ലാൻ അനുമതിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം അനുഭവപ്പെടുന്ന കർഷകർക്ക് 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്-ൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഉത്തരവ് (എം.എസ്.)2/2015/വനം തീയതി 8-1-2015-ൽ പ്രതിപാദിച്ചിരിക്കുന്ന നിരക്ക് അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്നതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലെസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിന് ആവശ്യമായ റേഡിയോ കോളറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് SMS Alert System വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റുസ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. നാട്ടിലിറങ്ങി പ്രശ്നമുണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകിവരുന്നു.

6. ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നുണ്ട്.

7. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ ജനവാസ മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നുണ്ട്.

(സി) വന്യജീവി ആക്രമണത്തിന് ഇരകളാകുന്ന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക 1980-ലെ കേരള റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്-ൽ ഭേഗദതി വരുത്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം ഒഴിവാക്കുന്നതിനായി വനം വകുപ്പ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക് കൃഷിയിടങ്ങളിലിറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി നൽകി 17-6-2011-ൽ ഉത്തരവ് ഇറക്കിയിരുന്നു. ഇതിനായുള്ള നടപടിക്രമങ്ങൾ 23-6-2011-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ആദ്യഘട്ടത്തിൽ ഒരു വർഷത്തേയ്ക്കാണ് അനുമതി നൽകിയിരുന്നത്. ഈ ഉത്തരവ് 23-6-2012 മുതൽ ഒരു വർഷത്തേയ്ക്കുകൂടി നീട്ടി 4-8-2012-ൽ ഉത്തരവായി. ഈ ഉത്തരവിലെ നിബന്ധനകളിൽ മാറ്റംവരുത്തി 19-3-2013-ൽ പുതിയ ഉത്തരവിറക്കി. ഈ തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് കാലാവധിയും നൽകി. ഈ കാലാവധി 19-3-2016-ൽ അവസാനിച്ചു.

മേൽ ഉത്തരവിലെ നിബന്ധനകളിൽ ഭേദഗതികൾ വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഇ) സ്വരക്ഷയ്ക്കായി, മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ വന്യജീവി (സംരക്ഷണ) നിയമം, 1972-ൽ വ്യവസ്ഥയുണ്ട്. എന്നിരിക്കലും മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ പൊതുവായ അനുമതിയൊന്നും നിലവിലില്ല.

## വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം

90(699) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് ധനസഹായം നൽകുന്നത് എന്ന് വിശദമാക്കുമോ?

(ബി) നിലവിൽ നൽകുന്ന തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ തരത്തിലുള്ള അപകടങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണംമൂലം ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് 1980-ലെ വന്യജീവികളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു:

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരതുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 96/2014/ വനം തീയതി 17-11-2014 |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |
| വന്യജീവി ആക്രമണംമൂലം സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ | |

(ബി) നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വന്യജീവി ആക്രമണംമൂലം ജീവനും വസ്തുവകകൾക്കും കന്നുകാലികൾക്കും കൃഷിക്കും ഉണ്ടാകുന്ന നാശനഷ്ടത്തിനും, മനുഷ്യർക്കുണ്ടാകുന്ന പരിക്കിനും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**ദേവികുളത്തെ വന്യജീവി ആക്രമണം**

91(700) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ വന്യജീവികളുടെയും കാട്ടാനയുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങളും നഷ്ടപരിഹാര തുകകളും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെയും കാട്ടാനകളുടെയും ആക്രമണത്തിൽ 6 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 2 പേരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരവും ഒരാളുടെ ആശ്രിതന് 50,000 രൂപയുടെ സമാശ്വാസ സഹായവും നൽകിയിട്ടുണ്ട്. ബാക്കിയുള്ള 4 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അതിരപ്പിള്ളി മേഖലയിലെ വന്യമൃഗ ആക്രമണം**

92(701) <u>ശ്രീ.ബി.ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആന, പുലി എന്നിവയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിക്കും വീടുകൾക്കും മനുഷ്യ ജീവനും നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വന്യമൃഗ ആക്രമണത്തിൽനിന്നും രക്ഷനേടുന്നതിന് സഹായകരമാകുന്നതിനായി റാപ്പിഡ് ടാസ്ക് ഫോഴ്സിന്റെ സേവനം അതിരപ്പിള്ളി മേഖലയിൽ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആന, പുലി എന്നിവയടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിനായി വാഴച്ചാൽ വനം ഡിവിഷനുകീഴിൽ 14.5 കി.മീ.സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആന പ്രതിരോധ ഭിത്തി, കല്ല് പതിച്ച കിടങ്ങുകൾ, റെയിൽ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കുടിവെള്ളം ലഭ്യമാക്കുന്നതിന് 30 കുളങ്ങളും 8 ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. ഈ നടപടിയിൽനിന്നും ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ട്. വനത്തിനോട് ചേർന്നുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ കൃഷി ചെയ്യാതിരിക്കാനുള്ള ബോധവൽക്കരണം ഈ മേഖലയിലുള്ള കർഷകർക്ക് നൽകിവരുന്നു.

(ബി) ഈ മേഖലയിൽ വന്യജീവി ആക്രമണം നേരിടുന്നതിന് റാപ്പിഡ് ടാക്സ് ഫോഴ്സിന്റെ സേവനം ആവശ്യമാണെന്ന് കാണുന്നപക്ഷം അടിയന്തരമായി സമീപത്തുള്ള ടീമിനെ പ്രസ്തുത പ്രദേശത്ത് എത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നിലവിലുണ്ട്. കൂടാതെ അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഉദ്യോഗസ്ഥരേയും വാഹനങ്ങളേയും പുനഃക്രമീകരിച്ച് താൽക്കാലിക ആർ.ആർ.റ്റി. -കൾ പ്രവർത്തിപ്പിക്കുന്ന സംവിധാനവും നിലവിലുണ്ട്.

**വന്യജീവികളുടെ ആക്രമണം**

93(702) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വന്യജീവികളുടെ അക്രമത്തിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിന് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ആയത് എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്;

(സി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ വന്യജീവികളുടെ ആക്രമണത്തിൽ 54 പേരും പാമ്പുകടിയേറ്റ് 171 പേരും (ആകെ 225) പേർ മരണപ്പെട്ടിട്ടുണ്ട്. 1453 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

(ബി) ഇതിന് നഷ്ടപരിഹാരമായി ഇതുവരെ 6,01,87,911 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് 1303 പേർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 1-8-2016 മുതൽ വന്യജീവി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള അപേക്ഷ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയിട്ടാണ് സ്വീകരിക്കുന്നത്. നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## വന്യമൃഗങ്ങളിൽനിന്ന് കൃഷി സംരക്ഷണം

94(703) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം, കരിയാത്തും പാറ മേഖലകളിൽ വന്യമൃഗങ്ങൾ കാർഷിക വിളകൾ വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളിൽനിന്നും കൃഷി സംരക്ഷിക്കുന്നതിനായി ഈ മേഖലയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളിൽനിന്നും കൃഷി സംരക്ഷിക്കുന്നതിനായി കക്കയത്ത് 0.45 കി. മീ. ദൂരത്തിൽ കൽമതിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കക്കയത്ത് ഒരു കി.മീ. ദൂരത്തിൽ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി വി.എസ്.എസ്. മുഖാന്തിരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലിറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട വാച്ചർമാരുടെ സേവനവും വിനിയോഗിച്ചുവരുന്നു.

## കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്

95(704) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ പശുക്കൾക്കും ഈ കുത്തിവയ്പ്പ് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർഷത്തിൽ രണ്ട് തവണ അതായത് (6 മാസക്കാലയളവിൽ) 4 മാസത്തിന് മുകളിൽ പ്രായമുള്ള എല്ലാ പശുക്കൾക്കും കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നുണ്ട്. അതിനായി 2004-ൽ ഒരു പ്രോജക്ട് (എ.ഡി.സി.പി.) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മൃഗസംരക്ഷണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടർ ടി പ്രോജക്ടിന്റെ കോ-ഓർഡിനേറ്ററായി സേവനം അനുഷ്ഠിക്കുന്നു. ഈ പ്രോജക്ടിൻ കീഴിൽ 14 ജില്ലകളിലും താലൂക്ക് കോ-ഓർഡിനേറ്റർ ഓഫീസ് പ്രവർത്തിക്കുന്നു. ഓരോ ജില്ലകളിലും താലൂക്ക് കോ-ഓർഡിനേറ്റർമാർ താലൂക്ക് തല പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. ഓരോ പഞ്ചായത്തിലും വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് വാക്സിനേഷൻ സ്ക്വാഡുകൾ ഒരു സ്ഥിരം സംവിധാനം എന്ന നിലയിലും പ്രവർത്തിക്കുന്നുണ്ട്.

## കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

96(705) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സബ്സിഡി നൽകിയും മറ്റും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ഉള്ളത്; വിശദാംശം നൽകുമോ;

(സി) പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത് ;

(ഡി) കർഷകർക്ക് നഷ്ടം സംഭവിച്ചാൽ അർഹമായ നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുക്കുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി 2017-18-ൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാംവർഷ സഹായം നൽകിയതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളുടെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10,000 കന്നുകുട്ടികളെ കൂടി 2017-18-ൽ എൻറോൾ ചെയ്യുന്നതാണ്. ആയതിന് 6,10,50,000/- (ആറു കോടി പത്തരലക്ഷത്തി അമ്പതിനായിരം രൂപ) ചെലവാക്കി. 2017-18-ൽ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കും. 2017-18-ൽ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കും. 2018-19 വർഷത്തിലേയ്ക്ക് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടിയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു.

- മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം 2017-18-ൽ നിവിലുള്ള 12 കോടി രൂപയിൽ നിന്നും 15 കോടി രൂപയായും 2018-19 വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു.
- 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു. 2018-19-ൽ ഇത് 20 ബ്ലോക്കുകളിൽ കൂടി അധികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.
- ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശുവളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽപേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.
- കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 19843 കറവപ്പശുക്കളെ ജനവരി മാസംവരെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

- 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു. 60000 പശുക്കളെ ഇൻഷ്വർ ചെയ്യുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇത് അന്തിമഘട്ടത്തിലാണ്.

- ഇതിനുപുറമേ ഇൻഷ്വറൻസ് പരിരക്ഷയോ മറ്റ് മാർഗ്ഗങ്ങളിൽനിന്നുള്ള നഷ്ടപരിഹാരമോ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ദുരന്തനിവാരണ ഫണ്ടിൽ നിന്നും 2017-18-ൽ ഇതുവരെ 1 കോടി 40 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

- മൃഗസംരക്ഷണത്തിലെയും ക്ഷീരമേഖലയിലെയും യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000 രൂപ സബ്സിഡി നിരക്കിൽ 696 പേർക്ക് 2016-17-ൽ സഹായം നൽകി. ഈ വർഷം 184 പേർക്ക് ധനസഹായം ലഭ്യമാക്കി വരുന്നു. പദ്ധതി നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്.

- കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾവഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്ക് ഈ വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 8 ജില്ലകളിൽ വിതരണം പൂർത്തിയായി. ബാക്കി 6 ജില്ലകളിൽ വിതരണം അന്തിമഘട്ടത്തിലാണ്.

- അകിടുവീക്കരോഗ നിയന്ത്രണ പരിപാടി-സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യ നിരക്കിൽ നൽകിവരുന്നു. 2017-18-ൽ 35000 കർഷകർക്ക് സഹായം നൽകി. ഇതിലേയ്ക്ക് 75 ലക്ഷം രൂപ ചെലവായി. ഇതിനുപുറമേ ക്ഷീരവികസന വകുപ്പ് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>തീറ്റപ്പുൽ കൃഷി വികസനം -</u> സംസ്ഥാനത്ത് കറവപശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി കഴിഞ്ഞ 2 വർഷങ്ങളിലായി 5000-ൽപരം ഹെക്ടർ സ്ഥലത്ത് കൂടുതലായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.

കാലിത്തീറ്റ സബ്സിഡി- ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP) - ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട ഡയറിഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും, ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും മറ്റും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം- കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ - ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുന്ന കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യുക വഴി കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി 2017-18-ൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിയതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10000 കന്നുകുട്ടികളെ കൂടി 2017-18-ൽ എൻറോൾ ചെയ്യുന്നതാണ്.

ആയതിന് 6,10,50,000 (ആറുകോടി പത്തി ലക്ഷത്തി അമ്പതിനായിരം രൂപ) ചെലവാക്കി. 2017-18-ൽ ആകെ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കി.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17, യോഗസമൃദ്ധി 2017-18 എന്നീ പദ്ധതികൾവഴി ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%-വും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രീമിയം തുകയുടെ 70%-വും ഗവൺമെന്റ് വിഹിതമായി സർക്കാർ നൽകുന്നു. അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവയന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000 രൂപ സബ്സിഡി നിരക്കിൽ 696 പേർക്ക് 2016-17-ൽ സഹായം നൽകിയ ഈ വർഷം 184 പേർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. പദ്ധതി നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്.

(സി) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുക്കുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം ആകെ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുക്കുട്ടികൾ പൂർണ്ണവളർച്ചയെത്തുന്ന പ്രായം കുറച്ച് കൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു. മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജദാന സൗകര്യം സൗജന്യമായി സർക്കാർ നൽകുന്നു. കറവപ്പശുക്കളുടെ വിര ഇളക്കലിനും ധാതുമിശ്രിത സപ്ലിമെന്റ് നൽകുന്നതിനും 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുകൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾവഴി ചികിത്സാ രോഗനിർണ്ണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.

കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

<u>കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി</u>

കന്നുകുട്ടികൾ ജനിച്ചതു മുതൽ 4 മാസം വരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത് ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കന്നുകുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതിമൂലം സാധിക്കും.

ഹീഫർ പാർക്കുകൾ

ഒരു വയസ്സിനുമുകളിലുള്ള കിടാരികളെ വളർത്തി കറവപ്പശുക്കളാക്കി വിൽക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 കിടാരികളെ വരെ വളർത്തുന്ന യൂണിറ്റുകളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷിയുള്ള നല്ല കറവ പശുക്കളെ ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) സ്വീകരിക്കും.

കന്നുകാലികളുടെ മരണംമൂലവും ഉല്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഗോസമൃദ്ധി 2017-18, 2018-19 എന്നീ പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളെ ഇൻഷ്വർ ചെയ്യുകവഴി നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും.

ഇതിനുപുറമേ ഇൻഷ്വറൻസ് പരിരക്ഷയോ മറ്റു മാർഗ്ഗങ്ങളിൽനിന്നുള്ള നഷ്ടപരിഹാരമോ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ദുരന്തനിവാരണ ഫണ്ടിൽനിന്നും 2017-18 -ൽ 1 കോടി 40 ലക്ഷം രൂപ ചെലവാക്കിക്കഴിഞ്ഞു. 2018-19 ബഡ്ജറ്റിൽ ഈ ഇനത്തിൽ 1 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**കന്നുകാലി പരിപാലനം**

97(706) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018-ലെ ബജറ്റ് പ്രകാരം കന്നുകാലി പരിപാലനത്തിനായി അൻപത്തിനാല് കോടി രൂപ അനുവദിച്ചതിന്റെ ഭാഗമായി സ്വീകരിച്ച തുടർ നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ജില്ലകളില്ലാണ് ഈ പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

(ഡി) എതെല്ലാം മണ്ഡലങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18-ൽ 53 കോടി 80 ലക്ഷം രൂപ അനുവദിച്ചതിൽ 14 കോടി 92 ലക്ഷം രൂപ കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്ന പദ്ധതിക്കും 38 കോടി 88 ലക്ഷം രൂപ ഗോവർദ്ധിനി എന്ന പദ്ധതിക്കുമായി ചെലവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം പദ്ധതിയിൻപ്രകാരം 20622 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 18205 കന്നുകുട്ടികളെ വരിചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെയും വരിചേർത്തിട്ടുണ്ട്. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി വിഭാവന ചെയ്യുന്ന തരത്തിലുള്ള പോഷകാഹാരവും മറ്റ് സംരക്ഷണവും നൽകിവരുന്നു.

(ബി) സംസ്ഥാന തലത്തിൽ ഡി.പി.ആർ. തയ്യാറാക്കി അനുമതി വാങ്ങിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാഫ് അഡോപ്ഷൻ പ്രോഗ്രാം പദ്ധതി പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ഓരോ പഞ്ചായത്തിൽനിന്നും ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള തുക നൽകിയിട്ടുണ്ട്. ഇപ്രകാരം കോങ്ങോട് മണ്ഡലത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം 2017-18 പദ്ധതിയിൽ 208 കന്നുകുട്ടികളെ വരിചേർത്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ഗോവർദ്ധിനി പദ്ധതിപ്രകാരം 116 കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കന്നുകാലികളുടെ എണ്ണത്തിന് ആനുപാതികമായി അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനമൊട്ടാകെയുള്ള എല്ലാ മണ്ഡലങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മാവേലിക്കര വെറ്ററിനറി പോളിക്ലിനിക്

98(707) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര വെറ്ററിനറി പോളിക്ലിനിക്കിനെ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഈ പോളിക്ലിനിക്കിലെ ഒഴിവുള്ള തസ്തികകളിൽ നിയമനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര വെറ്ററിനറി പോളിടെക്ലിക്കിന്റെ അറ്റകുറ്റപ്പണികൾക്കായി 2015-ൽ 8,50,000/- (എട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിക്കുകയും ഇതിൽനിന്നും 6,87,961 രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. മാവേലിക്കര വെറ്ററിനറി പോളിക്ലിനിക്കിന്റെ ആധുനികവൽക്കരണത്തിന് പുതിയ പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

(ബി) മാവേലിക്കര വെറ്ററിനറി പോളിക്ലിനിക്കിലെ ക്ലാർക്ക് ടൈപ്പിസ്റ്റിന്റെ തസ്തിക നിലവിൽ ഒഴിവുള്ളതും ഈ ഒഴിവ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ഒഴിവുണ്ടായിരുന്ന സീനിയർ വെറ്ററിനറി സർജന്റെ തസ്തികയിൽ സ്ഥലം മാറ്റംവഴി നിയമനം നടത്തുകയും പുതിയ സീനിയർ വെറ്ററിനറി സർജൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾക്ക് തുക**

99(708) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-2019 ബഡ്ജറ്റിൽ മൃഗസംരക്ഷണ വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിലെ എന്തെങ്കിലും പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് പദ്ധതിക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2018-19 ബഡ്ജറ്റിൽ തലശ്ശേരി മണ്ഡലത്തിൽ പ്രത്യേക പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. വകുപ്പിന്റെ പൊതുപദ്ധതികളെല്ലാം തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതാണ്.

**ക്ഷീരമേഖലയിലെ പദ്ധതികൾ**

100(709) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖലയുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്;

(ബി) ചെറുകിട ക്ഷീര കർഷകരുടെ പ്രോത്സാഹനത്തിനും പിന്തുണയ്ക്കുമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ അറിയിക്കാമോ;

(സി) ക്ഷീര കർഷകർക്ക് നൽകിവരുന്ന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡി ഉയർത്തുന്ന കാര്യം പരിശോധിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ക്ഷീരമേഖലയുടെ സംരക്ഷണത്തിനും പുരോഗതിക്കുമായി ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തുകൊള്ളുന്നു:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (MSDP)
2. കാറ്റിൽഫീഡിംഗ് സബ്സിഡി
3. തീറ്റപ്പുൽ കൃഷി
4. വിജ്ഞാന -വ്യാപന പ്രവർത്തനങ്ങൾ
5. പ്രാഥമിക ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും
6. ക്ഷീരകർഷക കടാശ്വാസ പദ്ധതി
7. ക്ഷീരകർഷകർക്കുള്ള വരൾച്ചാ ദുരിതാശ്വാസ പദ്ധതി.

കൂടാതെ, കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ കേഷമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് വിവിധ പെൻഷനുകൾ, മരണാനന്തര ചെലവുകൾക്കായി ധനസഹായം, അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാധനസഹായം എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ, ഗോസമൃദ്ധി എന്നീ ഇൻഷ്വറൻസ് പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ എല്ലാം ഒന്നുമുതൽ 20 വരെ പശുക്കളെ വളർത്തുന്ന ചെറുകിട ഇടത്തരം കർഷകരെ സഹായിക്കുന്നതിന് ലക്ഷ്യം വച്ചാണ്. ഒന്നുമുതൽ 10 വരെ പശുക്കളെ വളർത്തുന്ന പുതിയ ഫാമുകൾക്ക് സബ്സിഡി അനുവദിച്ചും നിലവിലുള്ള ചെറുകിട കർഷകർക്ക് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ സർക്കാർ സബ്സിഡിയും ത്രിതല പഞ്ചായത്തുകൾവഴി ലിറ്ററിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ചു വരുന്നുണ്ട്. ഇതിനുപുറമേ ക്ഷീര കർഷക

ക്ഷേമനിധിയുടെ കർഷക പെൻഷനും മറ്റുവിവിധ ക്ഷേമപദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങളും നല്കിവരുന്നുണ്ട്.

ചെറുകിട ക്ഷീര കർഷകരുടെ പ്രോത്സാഹനത്തിനും പിന്തുണയ്ക്കുമായി മിൽമയുടെ മേഖലാ യൂണിയനുകളും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കേരള സഹകരണ സംഘം നിയമവും ചട്ടവും പ്രകാരമാണ് ക്ഷീരകർഷകർക്ക് ബോണസ് നൽകിവരുന്നത്. സംഘത്തിന്റെ പ്രവർത്തന ലാഭത്തിനനുസരിച്ച് തുകയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാറുണ്ട്. സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്നതിനനുസരിച്ച് മാത്രമേ ബോണസ് ശതമാനത്തിൽ മാറ്റം വരുത്താൻ കഴിയൂ. നിലവിൽ ഈ വിഷയം പരിഗണനയിൽ ഇല്ല.

(ഡി) ഇപ്പോൾ കാലിത്തീറ്റയ്ക്ക് ഓരോ കർഷകരും സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് 1 രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്ത് മുഖാന്തരം പരമാവധി 4 രൂപ വരെ ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

## സമഗ്ര ക്ഷീരവികസനം

101(710) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര ക്ഷീരവികസനം, ക്ഷീരഗ്രാമം എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കാര്യങ്ങൾ വിവരിക്കാമോ?

<u>ഉത്തരം</u>

2017-18 വർഷം സംസ്ഥാനത്ത് വ്യക്തമായ ഡയറി മേഖലകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി 50 Potential ബ്ലോക്കുകളെ തെരഞ്ഞെടുത്തുകൊണ്ട് 22 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തി " ഡയറി സോൺ" പദ്ധതി നടപ്പിലാക്കിവരുന്നു. ക്ഷീര വികസന സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ കൂടുതൽ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി മെച്ചപ്പെട്ട പാൽ ഉല്പാദനം ഉറപ്പാക്കി ആദായകരമായ ക്ഷീരവൃത്തി സാധ്യമാക്കുക എന്നതാണ് സോൺ രൂപീകരണം കൊണ്ട് സർക്കാർ ലക്ഷ്യമിടുനനത്. അഞ്ച് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ ഒരു കോടി രൂപ വീതം ചെലവിട്ട് ആകെ അഞ്ച് കോടി രൂപ മുതൽമുടക്കി ആണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ,

ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമപഞ്ചായത്തിലാണ് ടി പദ്ധതി നടപ്പുവർഷം നടപ്പിലാക്കി വരുന്നത്. 2017-18 വർഷം സമഗ്ര ക്ഷീരവികസനം എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

**കിടാരി പാർക്ക്**

102(711) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച കിടാരി പാർക്ക് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയിൽ 2018-19-ൽ അഞ്ച് ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെയെങ്കിലും വളർത്തുന്ന കിടാരിപാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) കന്നുകുട്ടികൾ ജനിച്ചതുമുതൽ 4 മാസംവരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കന്നുകുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതിമൂലം സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

**പ്രതിദിന പാൽ ഉല്പാദനം**

103(712) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ടെന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രതിദിനം എത്ര ലിറ്റർ പാൽ ജനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നുള്ളതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(സി) കേരളത്തിന് പുറത്തുനിന്നും സംസ്ഥാനത്ത് എത്ര ലിറ്റർ പാൽ പ്രതിദിനം എത്തുന്നുണ്ട്; വിശദമാക്കുമോ;

(ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കിട്ടുന്ന പാലിൽ മായം കലരുന്നുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി അത് തടയാനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ഇ) കേരളത്തിൽത്തന്നെ നമുക്ക് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ പശു / എരുമ/ആട് വളർത്തുന്ന ആൾക്കാരെ സഹായിക്കാൻ നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 78 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്നത് എന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രതിദിനം 87 ലക്ഷം ലിറ്റർ പാൽ ഉപയോഗിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശം 3 ലക്ഷം ലിറ്റർ പാലാണ് കേരളത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നത് എന്നാണ് കണക്കാക്കിയിട്ടുള്ളത്. വിപണി നിലനിർത്തുന്നതിനുവേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ സ്വീകരിക്കുന്നുണ്ട്.

(ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കിട്ടുന്ന പാലിൽ മായം കലരുന്ന എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തിയതിൽ തിരുവനന്തപുരം ജില്ലയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ എട്ട് ബ്രാൻഡുകൾക്കെതിരെയും കൊല്ലം ജില്ലയിലെ രണ്ട് ബ്രാൻഡുകൾക്കെതിരെയും പത്തനംതിട്ട ജില്ലയിൽ ഒരു ബ്രാൻഡിനെതിരെയും ഇടുക്കി ജില്ലയിലെ രണ്ട് ബ്രാൻഡുകൾക്കെതിരെയും എറണാകുളം ജില്ലയിലെ ആറ് ബ്രാൻഡുകൾക്കെതിരെയും തൃശ്ശൂർ ജില്ലയിലെ നാല് ബ്രാൻഡുകൾക്കെതിരയെും പാലക്കാട് ജില്ലയിലെ ഒരു ബ്രാൻഡിനെതിരെയും അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ നാല് ബ്രാൻഡുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പിഴ ചുമത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഗുണനിയന്ത്രണ വിഭാഗം മാർക്കറ്റിൽ ലഭ്യമായ പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകിവരുന്നുണ്ട്. കൂടാതെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ അയൽസംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും പാൽ പരിശോധനയ്ക്ക് ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പാലിന്റേയും പാൽ ഉല്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിക്കുന്നതിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബറേഷൻ ലബോറട്ടറീസിന്റെ (NABL) അക്രെഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബും തിരുവനന്തപുരത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) ഉണ്ട്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീര ഗ്രാമം പദ്ധതി, ഡയറി സോൺ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളാണ് നിലവിൽ നടപ്പാക്കുന്നത്.

**ക്ഷീരോല്പാദനം സ്വയംപര്യാപ്തമാക്കുന്നതിന് പദ്ധതികൾ**

104(713) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാൽ ആവശ്യമായി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഒരു ദിവസത്തെ ശരാശരി പാലുല്പാദനം എത്രയാണ്;

(സി) എത്ര ലിറ്റർ പാൽ ഒരു ദിവസം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 87 ലക്ഷം ലിറ്റർ പാലാണ് ഒരു ദിവസം ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 78 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നത്.

(സി) ഇപ്പോൾ ഉദ്ദേശം 3 ലക്ഷം ലിറ്റർ പാലാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത്. വിപണി നിലനിർത്തുന്നതിനുവേണ്ടി പ്രതിദിനം ഏകദേശം 150 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽസംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ സ്വീകരിക്കുന്നു.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെയും ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു.

ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ പാലിൽ ചേർത്തതായി പരിശോധനയിൽ കണ്ടെത്തിയാൽ അപ്രകാരം ചെയ്യുന്നവർക്കെതിരെ ക്രിമിനിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുന്നതാണ്.

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കിട്ടുന്ന പാലിൽ മായം കലരുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ എട്ട് ബ്രാൻഡുകൾക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാൻ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ ഗുണനിലവാര പരിശോധന ലബോറട്ടറി സ്ഥാപിച്ച് പരിശോധന നടത്തിവരുന്നു. പാറശ്ശാലയിലും ആര്യങ്കാവിലും ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മിൽമ ആഭ്യന്തര വിപണിയിൽനിന്ന് സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്റേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകൾവഴി മിൽമയുടെ ഡയറികൾ

ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുന്നുണ്ട്.

(ഇ) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം, ഡയറി സോൺ പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

**സംസ്ഥാനത്തിനാവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ നടപടി**

105(714) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ഷീര വികസന യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അയൽ സംസ്ഥാനങ്ങളിലേതുപോലെ സംസ്ഥാനത്തിനാവശ്യമായ പാൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുവാൻ വേണ്ട നടപടികൾ ആരംഭിക്കുമോ;

(സി) ക്ഷീര വികസന വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) അയൽ സംസ്ഥാനങ്ങളിലേതുപോലെ സംസ്ഥാനത്തിനാവശ്യമായ പാൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ വേണ്ട നടപടികൾ നടന്നുവരികയാണ്.

(സി) ക്ഷീരവികസന വകുപ്പ് ഇക്കാര്യത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർത്തുകൊള്ളുന്നു.

<u>തീറ്റപ്പുൽകൃഷി വികസനം</u>

സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.ആയതിലേയ്ക്കായി 5000 -ൽപ്പരം ഹെക്ടർ സ്ഥലത്ത് കൂടുതലായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.

<u>കാലിത്തീറ്റ സബ്സിഡി</u>

ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

<u>മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP)</u>

ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട ഡയറിഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും മറ്റും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

<u>ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം</u>

കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീരസഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

<u>വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ</u>

ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്.

## പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തൽ

106(715) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത പാൽ വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കാട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പാലിന്റെ സാമ്പിളുകൾ ശേഖരിക്കുകയും ലാബുകളിൽ നൽകി പരിശോധന നടത്തി ലാബിൽനിന്നും ലഭിച്ച പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങളോ മായമോ കണ്ടെത്തിയാൽ പാൽ പിടികൂടി നശിപ്പിക്കാനും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

പാലിന്റെയും പാൽ ഉല്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിക്കുന്നതിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബറേഷൻ ലബോറട്ടറീസിന്റെ അക്രെഡിറ്റേഷനോടുകൂടിയ ലാബ് തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കോട്ടയത്തും കാസർഗോഡും റീജിയണൽ ലാബുകളും പ്രവർത്തിച്ചുവരുന്നു.

മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകൾവഴി മിൽമയുടെ ഡയറികൾ

ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായിനടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

## കാലിത്തീറ്റ സബ്സിഡി

107(716) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് മിൽമ സഹകരണ സംഘങ്ങൾവഴി നൽകി വന്നിരുന്ന കാലിത്തീറ്റയുടെ സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം നൽകിവന്നിരുന്ന സബ്സിഡി എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വിലയേക്കാൾ എത്ര രൂപയുടെ വ്യത്യാസമാണ് മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയ്ക്ക് ഉണ്ടായിരുന്നത്; കേരള ഫീഡ്സ് ലഭ്യമാക്കുന്ന കാലിത്തീറ്റക്ക് സബ്സിഡി ലഭ്യമാണോ;

(ഡി) ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്ന മിൽമ കാലിത്തീറ്റയ്ക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) മിൽമയുടെ മേഖല യൂണിയനുകൾ സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകാൻ കഴിയുന്ന സാഹചര്യങ്ങളിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാറുണ്ട്. ഇപ്പോൾ ക്ഷീരവിപണന ഫെഡറേഷൻ കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 100 രൂപ ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്.

(ബി) മിൽമയുടെ മേഖല യൂണിയനുകൾ സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകാൻ കഴിയുന്ന സാഹചര്യങ്ങളിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാറുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 2017-18 കാലയളവിൽ നാളിതുവരെ 9,43,78,500 രൂപ, കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ക്ഷീരകർഷകർക്ക് നൽകിയിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം മിൽമയുടെ മലബാർ മേഖല യൂണിയനും എറണാകുളം മേഖല യൂണിയനും 2017-18 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കിയിട്ടില്ല.

(സി) മിൽമയും കേരള ഫീഡ്സും വ്യത്യസ്ത ഗുണനിലവാരത്തിലുള്ള മൂന്ന് തരം കാലിത്തീറ്റയാണ് വിപണിയിൽ എത്തിക്കുന്നത്. ഇവയുടെ വില 1,010 രൂപ മുതൽ 1,250 രൂപ വരെയാണ്. വിശദമായ വിലവിവരപ്പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* സബ്സിഡി ലഭ്യമാണ്.

(ഡി) മിൽമ ഉല്പാദിപ്പിച്ച വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് ക്ഷീരവിപണന ഫെഡറേഷൻ 50 കിലോ ചാക്കൊന്നിന് 100 രൂപ സബ്സിഡി നൽകുന്നുണ്ട്.

**ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമിതി**

108(717) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ വിശദീകരിക്കുമോ;

(ബി) പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളെന്ന് വിശദീകരിക്കുമോ;

(സി) സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ശിപാർശകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**ക്ഷീരസംഘങ്ങളുടെ ശാക്തീകരണം**

109(718) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘങ്ങളെ ശാക്തീകരിച്ച് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 2585 ലക്ഷം രൂപയിൽ എത്ര രൂപ ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ചു എന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുകയിൽ ക്ഷീരകർഷകർക്ക് ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചതിന് എത്ര രൂപയാണ് ചെലവായതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീരസഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തിയും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണമുറി സ്ഥാപിക്കുന്നതിനുള്ള സഹായം, ഓപ്പറേഷണൽ അസിസ്റ്റൻസ്, ആവശ്യാധിഷ്ഠിത ധനസഹായം, സംഘം പുനരുദ്ധരിക്കുന്നതിനുള്ള സഹായം, ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(ബി) ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം 2585 ലക്ഷം രൂപ അനുവദിക്കുകയും 24-2-2018 വരെ 1,477.886 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 3 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

## കേരളാ ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി നൽകിയവർക്ക് തൊഴിൽ

110 (719) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫീഡ്സ് കരുനാഗപ്പള്ളി യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി നൽകിയവർക്ക് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്രപേർ ഫാക്ടറിയിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 24-11-2017-ൽ കമ്പനി മാനേജ്മെന്റും പ്രസ്തുത തൊഴിലാളി യൂണിയൻ പ്രതിനിധികളും ബഹു. സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ യോഗം കൂടുകയും ഈ യോഗത്തിൽ

പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിച്ച് പ്രായോഗികതയും വിവിധ നിയമവശങ്ങളും കണക്കിലെടുത്ത് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി കമ്പനി മാനേജിംഗ് ഡയറക്ടർ കൺവീനറായും ഫിനാൻസ്, പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പുകളുടെ പ്രതിനിധികൾ മെമ്പർമാരായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത റിപ്പോർട്ട് തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു.

(ബി) കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലുള്ള ഫാക്ടറിക്കുവേണ്ടി സ്ഥലം ഏറ്റെടുത്ത ഭൂവുടമകൾ അഥവാ അവരുടെ നോമിനികളായ 30 പേരെ താല്ക്കാലിക-ദിവസ-വേതനാടിസ്ഥാനത്തിൽ കമ്പനിയിൽ ജോലി നൽകിയിട്ടുണ്ട്. തുടർന്ന് ഇവരിൽ ഒരാൾ അസുഖംമൂലം താല്ക്കാലികമായി ജോലിക്ക് ഹാജരാകുന്നില്ല. നിലവിൽ ഇപ്രകാരം ഭൂവുടമകളിൽ അഥവാ അവരുടെ നോമിനികളിൽ താല്ക്കാലിക-ദിവസ-വേതനാടിസ്ഥാനത്തിൽ 29 പേർ ജോലിചെയ്യുന്നുണ്ട്.

(സി) 24-11-2017-ൽ കമ്പനി മാനേജ്മെന്റും പ്രസ്തുത തൊഴിലാളി യൂണിയൻ പ്രതിനിധികളും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ യോഗം കൂടുകയും ഈ യോഗത്തിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിച്ച് പ്രായോഗികതയും വിവിധ നിയമവശങ്ങളും കണക്കിലെടുത്ത് ഒരു റിപ്പോർട്ട് സമർപ്പിക്കുവാനായി കമ്പനി മാനേജിംഗ് ഡയറക്ടർ കൺവീനറായും ഫിനാൻസ്, പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പുകളുടെ പ്രതിനിധികൾ മെമ്പർമാരായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത റിപ്പോർട്ട് തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനും തീരുമാനിച്ചു.

## ജലവിഭവ വകുപ്പിൽ പഞ്ചിംഗ് സമ്പ്രദായം

111(720) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ കീഴ്ഘടകങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഓഫീസുകളിൽ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ; പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ പഞ്ചിംഗ് കർശനമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലവിഭവ വകുപ്പിൽ കേരള ജല അതോറിറ്റിയുടെ കാര്യാലയത്തിലും 57 അനുബന്ധ ഓഫീസുകളിലും ജലസേചന വകുപ്പിലെ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും ഭൂജല വകുപ്പ് മേധാവിയുടെ കാര്യാലയത്തിലും കാസർഗോഡ് ജില്ലാ ഓഫീസിലും പഞ്ചിംഗ് നിലവിലുണ്ട്.

കേരള ജല അതോറിറ്റിയിൽ പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 1-ൽ ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്. കേരള ജല അതോറിറ്റി, ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.), ഡയറക്ടർ (ഭൂജലവകുപ്പ്) എന്നീ വകുപ്പുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവുകൾ അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു.*

(സി) ഭൂജല വകുപ്പ്, കേരള ജല അതോറിറ്റി, ഐ.ഡി.ആർ.ബി. എന്നിവിടങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

## ജലസംരക്ഷണ നിയമങ്ങൾ പുതുക്കാൻ നടപടി

112(721) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ ദുരുപയോഗം തടയുന്നതിനുമായി ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പുതിയ കിണർ കുഴിക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുന്നതിന് പുറമേ ജല സംരക്ഷണ നിയമങ്ങൾ കാലോചിതമായി പുതുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഴയുടെ ലഭ്യതയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ ജലസംരക്ഷണത്തിന്റെയും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെയും പ്രാധാന്യം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് കണക്കിലെടുത്ത് ജലസംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ ജലവിഭവ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. പരമ്പരാഗത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ജലസേചനാവശ്യത്തിനായി മുൻ കാലങ്ങളിൽ നിർമ്മിച്ച തടയണകൾ, വി.സി.ബി.-കൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും മുൻഗണന നൽകിയിട്ടുണ്ട്. അതോടൊപ്പം, ഓരുവെള്ളം കയറി ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നദികളിലെ ജലം കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള നടപടി എന്ന നിലയിൽ കിഫ്ബിയുടെ ധനസഹായത്തോടെ റെഗുലേറ്ററുകൾ/തടയണകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികളുമുണ്ട്.

ജലസ്രോതസ്സുകളുടെ ദുരുപയോഗം തടയുക എന്ന ലക്ഷ്യത്തോടെ ജലമലിനീകരണം തടയുന്നത് കൂടുതൽ ഫലവത്താക്കുന്നതിന്റെ ഭാഗമായി കേരള ജലസംരക്ഷണവും ജലസേചനവും ആക്ട്- 2003 ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള ജല അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ സ്രോതസ്സായിട്ടുള്ള നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിൽനിന്ന് ശുദ്ധീകരണത്തിനായി ജലമെടുക്കുന്ന സ്ഥലങ്ങൾ കമ്പിവേലി കെട്ടി സംരക്ഷിച്ചും ബോർഡുകൾ സ്ഥാപിച്ചും ജനങ്ങളെ ബോധവൽക്കരിച്ചും ദുരുപയോഗം തടയുകയും ജലം മലിനമാകുന്നത് തടയുകയും ചെയ്യുന്നുണ്ട്. കൂടാതെ, ജലത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ജല സംരക്ഷണത്തെക്കുറിച്ചും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ജലത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾവഴി അറിയിപ്പുകൾ നൽകുകയും ചെയ്യാറുണ്ട്. ജലസ്രോതസ്സുകൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അനന്തര നടപടികൾക്കായി ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നുണ്ട്.

ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധി വരെ സഹായകരമാണ്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമഭൂജല സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും 4 കുഴൽക്കിണർ റീചാർജ്ജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ

പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, ബോർവെൽ റീ ചാർജ്ജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ അമിതചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽകിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്ളഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ്ജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്നകിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും ലക്ഷ്യമിടുന്നു. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്- 2002 സംസ്ഥാനത്ത് ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്-2002-ലെ ജലസംരക്ഷണ നിയമങ്ങൾ കാലോചിതമായി പുതുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാന ഭൂജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

## തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്രവികസനം

113(722) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി ജലവിഭവ വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തിനാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ജലവിഭവ വകുപ്പിൽ 2018-19 വർഷത്തേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം-II വാല്യം-1-ൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന മരാമത്ത് പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കണ്ണൂർ ജില്ലയിൽ ന്യൂമാഹി പഞ്ചായത്തിൽ കല്ലിന്റെ താഴെ എന്ന സ്ഥലത്ത് (പരിമഠം) സി.പി.സ്റ്റോൺ 2145 -ന് തെക്ക് ഭാഗത്തായി തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണം -25 ലക്ഷം രൂപ

2. ന്യൂമാഹി പഞ്ചായത്തിൽ കല്ലിന്റെ താഴെ എന്ന സ്ഥലത്ത് (പരിമഠം) സി.പി. സ്റ്റോൺ 2145-ന് സമീപം തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - 40 ലക്ഷം രൂപ

3. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സി.പി. സ്റ്റോൺ 2173 -ന് സമീപം ചാലിൽ ഇന്ദിര പാർക്കിനു സമീപം തകർന്ന കടൽഭിത്തിയുടെ അടിയന്തര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ

4. തലശ്ശേരി മുനിസിപ്പാലിയിൽ സി.പി.സ്റ്റോൺ 2175-ന് സമീപം തകർന്ന കടൽഭിത്തിയുടെ അടിയന്തര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ

5. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സി.പി. സ്റ്റോൺ 2182 -ന് സമീപം തകർന്ന കടൽഭിത്തിയുടെ അടിയന്തര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ

താഴെപ്പറയുന്ന പ്രവൃത്തിയും അനുബന്ധം II വാല്യം - 1-ൽ ഉൾപ്പെട്ടിട്ടുണ്ട്.*

പാലാഴി തോട് പാർശ്വഭിത്തി നിർമ്മാണം (നബാർഡ് ഫണ്ടുപയോഗിച്ച്)- 1200 ലക്ഷം (100 രൂപ ടോക്കൺ പ്രൊവിഷൻ)

തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി ജലനിധി പദ്ധതിയിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ തലശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കതിരൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരികയാണ്. പദ്ധതി നിർവ്വഹണത്തിനുള്ള സർക്കാർ വിഹിതം 2018 മാർച്ചോടുകൂടി കൊടുത്തുതീർക്കുന്നതാണ്.

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മുൻകരുതൽ

114(723) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന വേനൽക്കാലമാസങ്ങളിൽ ഉണ്ടാവാൻ സാധ്യതയുള്ള രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പൊതുകുളങ്ങൾ വൃത്തിയാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) അതിനായി എത്ര തുക ചെലവഴിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻവർഷത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. മൺസൂൺ കാലത്തെ മഴ ലഭ്യതയിൽ കുറവുണ്ടായെങ്കിലും ഇടയ്ക്ക് പെയ്ത മഴ കാരണം ജലസംഭരണികളുടെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന കൂടുതലാണെങ്കിലും കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന പല നദികളിലും നീരൊഴുക്ക് കുറവാണ് എന്നത് കണക്കിലെടുത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ അടിയന്തരമായി ചെയ്യുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2.32 കോടി രൂപയുടെ 94 പ്രവൃത്തികൾ ഇതിനോടകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതിൽ 35 എണ്ണം തടയണ നിർമ്മിക്കുന്നതാണ്. ഇതുവഴി ജലസ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓര് ജലത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30.55 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽനിന്നുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പിന്റെയും മോട്ടോറിന്റെയും താൽക്കാലിക അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിയും പൈപ്പ് ലൈനുകളിലെ ചോർച്ച സമയബന്ധിതമായി പരിഹരിച്ചും ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുംചെയ്യുന്നു. കൂടാതെ പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടനടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാനും നിലവിലെ സ്കീമുകളിൽനിന്നും സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് വിതരണശൃംഖല നീട്ടിയും ഇന്റർ കണക്ഷൻ നടത്തിയും കൂടുതൽ സ്ഥലങ്ങളിൽ ജലം എത്തിക്കാനുള്ള ശ്രമം നടത്തിവരുന്നു. അതോറിറ്റിയുടെ വിതരണ ശൃംഖല വഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ/റവന്യൂ വകുപ്പുകൾക്ക് ടാങ്കർവഴി ജലവിതരണം നടത്തുവാനുള്ള

സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനായി വിവിധ സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താൽക്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സാങ്കേതികത പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുഴൽകിണർ നിർമ്മിക്കുവാനുള്ള സാധ്യതയും പരിഗണിച്ചുവരുന്നു. നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി., ആർ.സി.ബി. എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, വിവിധ പദ്ധതികളിൽ (നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ്) എന്നിവയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തിയായ തടയണകൾ, വി.സി.ബി., ആർ.സി.ബി.-കൾ എന്നിവയിൽ ഷട്ടറുകൾ സ്ഥാപിച്ച് ജലം സംഭരിക്കുന്നുണ്ട്. നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഓരുമുട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി (10.5 കോടി രൂപയുടെ) ഭരണാനുമതികൾ നല്കിയിട്ടുണ്ട്. ഇവ നടപ്പാക്കിവരുന്നു. മേൽ പ്രവൃത്തികളിലൂടെ ഭൂജല നിരപ്പ് ഉയരുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഉതകുന്നതാണ്.

(ബി&സി) 2017-18 ബജറ്റ് പ്രഖ്യാപന പ്രകാരം ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച താഴെപ്പറയുന്ന കുളങ്ങളുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. പാലക്കാട് തച്ചനാട്ടുകര പഞ്ചായത്തിലെ കുറുമാലി ക്ഷേത്രക്കുളം പുനരുജ്ജീവനം - 1.885 ലക്ഷം രൂപ
2. പാലക്കാട് കരിമ്പുഴ പഞ്ചായത്തിലെ പുളുർ കുളം പുനരുജ്ജീവനം - 1.305 ലക്ഷം രൂപ
3. പാലക്കാട് കടമ്പഴിപ്പുറം പഞ്ചായത്തിലെ ചേമ്പൻകുളം പുനരുജ്ജീവനം - 1.015 ലക്ഷം രൂപ
4. പാലക്കാട് ലക്കിടിപേരൂർ പഞ്ചായത്തിലെ ചികുളം പുനരുജ്ജീവനം- 0.58 ലക്ഷം രൂപ

## കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം

115(724) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച 41 ജലസേചന പദ്ധതികളിൽ എത്ര പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി ലഭ്യമാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബിവഴി പ്രഖ്യാപിച്ച പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി വാങ്ങിയെടുക്കുന്നതിൽ വാട്ടർ അതോരിറ്റിയിലെ ജീവനക്കാർ കാട്ടുന്ന ഗുരുതരമായ കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ വരുത്തുന്ന കാലതാമസം സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 41 പദ്ധതികളിൽ 34 എണ്ണം കുടിവെള്ള പദ്ധതികളും 7 എണ്ണം ജലസേചന വകുപ്പുമായി ബന്ധപ്പെട്ടതുമാണ്. 34 കുടിവെള്ള പദ്ധതികളിൽ 15 പദ്ധതികൾക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. * ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിൽ കീഴ്മുറിക്കടവ് മോദിക്കയം ഭാഗത്ത് ആർ.സി.ബി.-യുടെ നിർമ്മാണം (70 കോടി രൂപ)എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി& സി) പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം സംഭവിച്ചിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 34 പദ്ധതികൾക്കും പുതിയതായി സർവ്വേ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കി, രൂപകൽപ്പന ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ സമയം മാത്രമേ പദ്ധതി തയ്യാറാക്കുന്നതിൽ എടുത്തിട്ടുള്ളൂ.

## ദേവികുളം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

116(725) ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 1992 മുതൽ ദേവികുളം നിയോജകമണ്ഡലത്തിൽ തടയണകൾ, കുളങ്ങൾ, കനാലുകൾ, തോടുകളുടെ സംരക്ഷണഭിത്തി നിർമ്മാണവും നവീകരണവും ഉൾപ്പെടെ 426 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. *

**പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

117(726) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതും കാർഷിക ജലസേചനത്തിന് സഹായകരമാകുന്നതുമായ 'പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി' കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ജലവിതരണ സംവിധാനത്തിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിനടക്കം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതും കാർഷിക ജലസേചനത്തിന് സഹായകരമാകുന്നതുമായ 'പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ' സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തിയിലുണ്ടായ തടസ്സങ്ങൾനീക്കി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) പൈപ്പുകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

(സി) 2018 മാർച്ച് മാസത്തിൽത്തന്നെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസേചനത്തിനും കുടിവെള്ളത്തിനുമായി തയ്യാറാക്കുന്ന പദ്ധതികൾ

118(727) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കോടികണക്കിന് രൂപ ജലസേചനത്തിനും കുടിവെള്ളത്തിനുമായി വകയിരുത്തുന്നുണ്ടെങ്കിലും വരൾച്ച വർദ്ധിക്കുന്നതിനാൽ അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിയുന്നില്ല എന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ജലസേചനത്തിനും കുടിവെള്ളത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളിലെ അപാകതകളെക്കുറിച്ച് പഠിക്കാനും ശാസ്ത്രീയമായി ബഡ്ജറ്റ് തയ്യാറാക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ ജലവിഭവം പൂർണമായും പ്രയോജനപ്പെടുത്താനുള്ള സാധ്യതാപഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ജലത്തിന്റെ വിനിമയ നഷ്ടം കണക്കാക്കാനും അതിന് പരിഹാരം കണ്ടെത്താനും കേരള ജല അതോറിറ്റിയിലും ജലവിഭവ വകുപ്പിലും എന്തൊക്കെ സംവിധാനങ്ങളാണുള്ളത് എന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്ക് സുതാര്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാനായി സമർപ്പിക്കുന്ന പദ്ധതികളുടെ റിപ്പോർട്ടുകൾ ശാസ്ത്രീയമായ സാധ്യതാപഠനം നടത്തി, പ്രായോഗികത ഉറപ്പുവരുത്തിയതിനുശേഷമാണ് തയ്യാറാക്കുന്നത്.

മഴയെ ആശ്രയിച്ച് മാത്രമാണ് കേരളത്തിലെ ജലലഭ്യത നിലനിൽക്കുന്നത്. മഴക്കാലത്ത് കിട്ടുന്ന ജലം ഡാമുകളിൽ സംഭരിക്കുന്നുണ്ടെങ്കിലും കേരളത്തിലെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ചെറിയ അളവ് മാത്രമാണത്. ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വകുപ്പുതലത്തിലും പ്ലാനിംഗ് ബോർഡും വിലയിരുത്തലുകൾ നടത്താറുണ്ട്. ഇതനുസരിച്ചാണ് തുടർവർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കപ്പെടുന്നത്. കൂടാതെ മോണിറ്ററിംഗ് കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി&സി) കേരളത്തിലെ ജലവിഭവ വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുക, ജലസംരക്ഷണ നടപടികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക, പുതിയൊരു

ജലവിഭവ വിനിയോഗ സംസ്കാരം രൂപപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി ജലസേചന വകുപ്പ് സമഗ്ര നീർത്തടാധിഷ്ഠിത ആസൂത്രണം ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തടപ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തടമാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കി, സാങ്കേതിക സമിതികൾ രൂപീകരിച്ചുകഴിഞ്ഞു. ഇതനുസരിച്ച് രൂപീകരിക്കുന്ന മാസ്റ്റർ പ്ലാനുകൾ അനുസരിച്ച് റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി പദ്ധതികൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതോടൊപ്പം വൻകിട, ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ബഞ്ച് മാർക്കറ്റിംഗ് പഠനം നടത്തുന്നതിന് തീരുമാനമെടുത്തുകഴിഞ്ഞു. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി ചേർന്നാണ് ബഞ്ച് മാർക്കിംഗ് പഠനം നടത്തുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കിക്കൊണ്ടായിരിക്കും പ്രസ്തുത പഠനവും തുടർനടപടികളും കൈക്കൊള്ളുക.

കേരള വാട്ടർ അതോറിറ്റി പരമ്പരാഗത സ്രോതസ്സുകളായ നദികളെയും ജല സംഭരണികളെയും ആശ്രയിച്ചാണ് കുടിവെള്ള പദ്ധതികൾ തയ്യാറാക്കുന്നത്. ഇവയിലെ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുശേഷമാണ് പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നത്.

വാട്ടർ അതോറിറ്റിയുടെ മൊത്തം ഉൽപ്പാദനക്ഷമതയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കാക്കി വിതരണനഷ്ടം (നോൺ റവന്യൂ വാട്ടർ) കണക്കായി നിർണ്ണയിച്ച് വരുന്നു. ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കൃത്യമായ അളവ് നിർണ്ണയിക്കാൻ ആവശ്യമായ ബൾക്ക് ഫ്ലോ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇവ ഘട്ടംഘട്ടമായി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ചോർച്ച യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 24x7 ജല വിതരണ സംവിധാനം ഏർപ്പെടുത്താനും ജല നഷ്ടം 20%-ത്തിൽ താഴെ ആക്കാനുമുള്ള പദ്ധതി ADB സഹായത്തോടെ നടപ്പാക്കാനുമുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

## പ്രധാന നദികളെ സംരക്ഷിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ

119(728) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികൾ ഏതെല്ലാം എന്നും അവയ്ക്ക് ഉണ്ടായിരുന്ന വിസ്തൃതി എത്രയായിരുന്നു എന്നും നിലവിൽ എത്ര എന്നും ഓരോ നദികളും നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം എന്നും അവയെ സംരക്ഷിക്കാനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) ഐ.ഡി.ആർ.ബി. ഡിസൈൻ ചെയ്ത കുളങ്ങളിൽ പൊതു സ്വകാര്യ കുളങ്ങളുടെ എണ്ണം എത്ര വീതമാണ് എന്നും സംസ്ഥാന ജലസമ്പത്തും കൃഷിയും സംരക്ഷിക്കാനായി അവർ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും ഇതിന്മേൽ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(സി) "വാട്ടർ റിസോഴ്സ് ഓഫ് കേരള"യുടെ പഠനപ്രകാരം സംസ്ഥാനത്ത് എത്ര കായലുകൾ ഉണ്ട് ; അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും ഇവയ്ക്ക് രേഖകൾ പ്രകാരമുള്ള വിസ്തൃതി നിലവിൽ എത്ര എന്നും ഇവയെ സംരക്ഷിക്കാനായി സർക്കാർ എന്തുനടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 44 പ്രധാന നദികളും അവയുടെ വിസ്തീർണ്ണവും (1974-ലെ "വാട്ടർ റിസോഴ്സസ് ഓഫ് കേരള പ്രസിദ്ധീകരണ പ്രകാരം" ) സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നദികൾ പൊതുവെ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ അനധികൃത മണൽ ഖനനം, കയ്യേറ്റം, മലിനീകരണം തുടങ്ങിയവയാണ്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കീഴിൽ നദികളുടെ സംരക്ഷണത്തിന്റെ ഭാഗമായി പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം, എന്നീ 5 നദികളുടെ മലിനീകരണം ഒരു പരിധിവരെ ഇല്ലാതാക്കാനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ഐ.ഡി.ആർ.ബി. കുളങ്ങൾ ഡിസൈൻ ചെയ്യുന്നില്ല. ഐ.ഡി.ആർ.ബി.-യുടെ വിവരശേഖരണത്തിലെ നിലവിലെ സ്ഥിതി പ്രകാരം 45000 സ്വകാര്യ കുളങ്ങളും 7500 പൊതുകുളങ്ങളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' പ്രകാരം കായലുകളെ സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

**കോണോത്തുപുഴയിൽ കയർ വസ്ത്രം വിരിക്കുന്നതിനുള്ള പ്രവൃത്തി**

120(729) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോണോത്തുപുഴയുടെ പുത്തൻകാവ് മുതൽ വെട്ടുവേലിക്കടവ് (എരൂർ) ഭാഗം വരെ മാലിന്യമുക്തമാക്കി ആഴംകൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ കയർ വസ്ത്രം വിരിക്കുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) എറണാകുളം മൈനർ ഇറിഗേഷൻ വിഭാഗം ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കിവരുന്നു.

**കനാൽ റോഡിന്റെ പുനരുദ്ധാരണം**

121(730) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്നതും കല്ലട ഇറിഗേഷൻ പദ്ധതിയുടെ അധീനതയിൽ ഉള്ളതുമായ എത്ര കിലോമീറ്റർ കനാൽ റോഡുകൾ ഗതാഗത യോഗ്യമല്ലാത്തതിനാൽ പുനരുദ്ധരിക്കേണ്ടതുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) ഇതര വകുപ്പുകളിൽനിന്നോ ഏജൻസികളിൽനിന്നോ ലഭ്യമാകുന്ന ഫണ്ട് പ്രസ്തുത കനാൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി ചെലവിടുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര ഡിവിഷന്റെ പരിധിയിലുള്ള 18 കി. മീ. കനാൽ റോഡും കൊല്ലം ഡിവിഷന്റെ അധീനതയിലുള്ള 30 കി.മീറ്ററോളം കനാൽ റോഡും ഗതാഗത യോഗ്യമല്ലാത്തതിനാൽ പുനരുദ്ധരിക്കേണ്ടതുണ്ട്.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഇപ്പോൾ കനാൽ റോഡുകളുടെ പുനരുദ്ധാരണം നടക്കുന്നില്ല.

(സി) ഇതര വകുപ്പുകളിൽനിന്നോ ഏജൻസികളിൽനിന്നോ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി വർക്ക് ടെണ്ടർ ചെയ്ത് ടി തുക വിനിയോഗിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

**ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ നിയമ നടപടി**

122(731) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ നിലവിലുള്ള നിയമ നടപടികൾ വിശദമാക്കാമോ ;

(ബി) ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ കൂടുതൽ ശിക്ഷ നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ആലോചനയിൽ ഉണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിര നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ (i) ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്-2004 (ii) കേരള പഞ്ചായത്തീരാജ് ആക്ട്, 1994/കേരള നഗരപാലിക ആക്ട് 1994 (iii) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003, എന്നിവയാണ്. ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ കടുത്ത ശിക്ഷാ നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003 ഭേദഗതി ചെയ്ത് സെക്ഷൻ 37, ഉപസെക്ഷൻ (4) ആയി മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കിക്കൊണ്ട് ഓർഡിനൻസ് സംസ്ഥാന ഗവർണർ അംഗീകരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപവരെ പിഴയോ, മൂന്നുവർഷം വരെ തടവോ രണ്ടുംകൂടി ഒന്നിച്ചോ ശിക്ഷ വിധിക്കുന്നതിന് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിനെ ചുമതലപ്പെടുത്തിയാണ് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം ജല സ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽനിന്നുമുള്ള

പാഴ്ജലം വേണ്ടവിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും ജല നിയമ പ്രകാരം നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചുവരുന്നു. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചുവരുന്നു.

## ചുള്ളിയാർ മംഗലം ഡാം റിസർവോയറിലെ എക്കൽ നീക്കം ചെയ്യാൻ നടപടി

123(732) ശ്രീ. അനിൽ അക്കര :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുള്ളിയാർ മംഗലം ഡാം റിസർവോയറിലെ എക്കൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത പ്രവൃത്തി ഏല്പിച്ചിട്ടുള്ളത്;

(സി) എത്ര ഘനമീറ്റർ എക്കൽ പ്രസ്തുത റിസർവോയറിൽ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) എക്കൽ നീക്കംചെയ്യുന്നതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; എക്കൽ നീക്കംചെയ്യുമ്പോൾ എത്ര ഘനമീറ്റർ മണൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) എക്കൽ നീക്കംചെയ്യുന്നത് സംബന്ധിച്ച് പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാമ്പിൾ ശേഖരണത്തിൽനിന്നും ലഭിക്കുന്ന ഫലം അപഗ്രഥിച്ചശേഷം ടെണ്ടർ നടപടി പൂർത്തിയായാലേ ഏജൻസിയെ നിശ്ചയിക്കാൻ കഴിയൂ.

(സി) ചുള്ളിയാർ റിസർവോയറിൽ 5 ലക്ഷം ഘനമീറ്ററും മംഗലം റിസർവോയറിൽ 50 ലക്ഷം ഘനമീറ്ററും എക്കൽ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയശേഷം മാത്രമെ ഇതിന് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KERI) bathymetry -യോടൊപ്പം നടത്തിയ സാമ്പിൾ അനാലിസിസ് പ്രകാരം ഉദ്ദേശം 2,33,000 (രണ്ട് ലക്ഷത്തി മുപ്പത്തിമൂവായിരം) ഘനമീറ്റർ മണൽ ചുള്ളിയാർ റിസർവോയറിലും 33,63,000 (മുപ്പത്തിമൂന്നു ലക്ഷത്തി അറുപത്തിമൂവായിരം) ഘനമീറ്റർ മണൽ മംഗലം റിസർവോയറിലും പ്രതീക്ഷിക്കുന്നു. ഏകദേശം കൃത്യമായ കണക്കുകൾ സെഡിമെന്റ് അനാലിസിസ് പൂർത്തിയായാൽ മാത്രമെ ലഭ്യമാകുകയുള്ളൂ.

(ഇ) മംഗലം, ചുള്ളിയാർ റിസർവോയറുകളിലെ ഡിസിൽറ്റിംഗ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതപഠനം നടത്തി പരിഹാരം നിർദ്ദേശിക്കുന്ന എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാൻ (EMP) തയ്യാറാക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചതുപ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത അൾട്രാ-ടെക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും അവർ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**വേങ്ങര നിയോജകമണ്ഡലത്തിലെ തടയണ നിർമ്മാണം**

124(733) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ബാക്കിക്കയം തടയണ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര കാലയളവ് ആവശ്യമായി വരുമെന്നും പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ജലനിധി പദ്ധതിയായ ബാക്കിക്കയം റെഗുലേറ്ററിന്റെ സിവിൽ, മെക്കാനിക്കൽ നിർമ്മാണ പ്രവൃത്തികളിൽ 93 ശതമാനം പൂർത്തിയായി. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ (47.00m d/s left bank, 100 m. d/s right bank, 23m. U/s right bank, curtain wall) പൂർത്തീകരിക്കാനുണ്ട്. ഇലക്ട്രിക്കൽ വർക്കുകളുടെ ടെണ്ടർ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2018 മാർച്ച് 31 വരെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ഈ കാലയളവിൽതന്നെ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മേലാറ്റൂർ മണിയാണിരിക്കടവിൽ സ്ഥിരം തടയണ

125(734) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ മണിയാണിരിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ പര്യവേക്ഷണം നടത്താനുള്ള നടപടികൾ ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എത്രയാണ് ആയത് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എങ്കിൽ ഏത് ഫയൽ പ്രകാരം എന്നാണ് സർക്കാരിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ചതെന്ന് അറിയിക്കുമോ;

(സി) മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാർ പുഴയിൽ മണിയണിരിക്കടവ് പാലത്തിന് താഴെ കല്ലടയിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പര്യവേഷണത്തിന്റെ ഭാഗമായ സ്ഥലപരിശോധനയിൽ സ്ഥലത്തിന്റെ ഉപരിതല ഭാഗത്ത് മുഴുവൻ കരിമ്പാറയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുവരുന്നു.

(സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-യിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിലെ തടയണ നിർമ്മാണം

126(735) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനായി കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.ഐ.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഇൻവെസ്റ്റിഗേഷനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ചേംബറിൽ 9-6-2014-ൽ ബഹുമാനപ്പെട്ട ഒറ്റപ്പാലം മുൻ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ മുണ്ടോർശ്ശിക്കടവിലും കരിമ്പുഴ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ ഞെടരകടവിലും തടയണകൾ നിർമ്മിക്കുവാനും ഈ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. മുഖാന്തരം നടപ്പിലാക്കുവാനും തീരുമാനിച്ചതനുസരിച്ച് 25-6-2014-ൽ KWA/WSP/PKD/D1/2332 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് ഡിവിഷനും KWA/PHC/1161/14 തീയതി 28-6-2014 പ്രകാരം പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയറും കെ.ഐ.ഐ.ഡി.സി.എം.ഡി. -ക്ക് തുടർ നടപടികൾക്കും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) ഉണ്ട്. കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ നമ്പർ KIIDC/TP-SKP/2015 തീയതി 9-3-2015-ലെ കത്ത് പ്രകാരം ഈ രണ്ട് ചെക്ക് ഡാമുകൾക്ക് വേണ്ടി സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും ചെക്ക് ഡാം ഡിസൈൻ, Design & Research Board, Vikas Bhavan തയ്യാറാക്കുമെന്നും അറിയിച്ചിരുന്നു. മണ്ണ് പരിശോധന നടത്തുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ (CET) ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ഇതിലേയ്ക്ക് ആവശ്യമായ തുക Centre for Continuing Education, CET യുടെ പേരിൽ നേരിട്ട് അയക്കാനും ഈ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം CET ആവശ്യപ്പെട്ട രണ്ട് തടയണകൾക്കുമായുള്ള മണ്ണ് പരിശോധനയ്ക്ക് വേണ്ട 11.2 ലക്ഷം രൂപ മുൻകൂറായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് ഡിവിഷന് അടയ്ക്കുകയും മണ്ണ് പരിശോധന നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ കെ.ഐ.ഐ.ഡി.സി. പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ശ്രീകൃഷ്ണപുരം കരിമ്പുഴ കുടിവെള്ള പദ്ധതികൾക്കായുള്ള തടയണകളുടെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായ മണ്ണ് പരിശോധനയ്ക്ക് 11.2 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

**തെക്കുമ്പാട് ദ്വീപിൽ മാർജിനൽ എർത്തേൻ ബണ്ട്**

127(736) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറ് ഭാഗം അതിർത്തികളിൽ മാർജിനൽ എർത്തേൺ ബണ്ട് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറ് ഭാഗത്തായി മാർജിനൽ ബണ്ട് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പര്യവേഷണ പ്രവൃത്തിക്ക് 3.13 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ നടപടികൾ ആരംഭിച്ചു. മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ഉണ്ടാകാത്തതിനാൽ നെഗോഷിയേറ്റഡ് ക്വട്ടേഷൻ ക്ഷണിച്ചു. പ്രസ്തുത നെഗോഷിയേറ്റഡ് ക്വട്ടേഷൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം**

128(737) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമാകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസുകൾക്കായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി തലശ്ശേരി താലൂക്ക്, തലശ്ശേരി അംശം, വാടിക്കകം ദേശം, വാർഡ്-1, ബ്ലോക്ക്-10 ടി.എസ്.-223-ൽപ്പെട്ട 0.0617 ഹെക്ടർ റവന്യൂ ഭൂമി കണ്ടെത്തുകയും ടി ഭൂമി ഇറിഗേഷൻ വകുപ്പിന് കൈമാറാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ 29-10-2014-ലെ എൽ-4/45601/13 നമ്പർ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറെ അറിയിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തിന് 31,97,035 രൂപ

കമ്പോള വില നിശ്ചയിച്ചുകൊണ്ട് ഇറിഗേഷൻ വകുപ്പിന് കൈമാറാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ 24-11-2014-ലെ എൽ.ആർ.കെ.-2/45531/14 നമ്പർ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഫണ്ട് അനുവദിക്കുന്നതിനായി ആവശ്യമായ ലാന്റ് അക്വിസിഷൻ രേഖകൾ സഹിതം സമർപ്പിക്കാൻ (W5/33695/17, dated:20-2-2018) ഫയൽ പ്രകാരം ചീഫ് എഞ്ചിനീയർ (ഐ&എ), സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തലശ്ശേരിയിൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസും സബ് ഡിവിഷൻ ഓഫീസും രണ്ട് സെക്ഷൻ ഓഫീസുകളും പ്രവർത്തിക്കുന്ന വാടക കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണുള്ളത്. ടി. ഓഫീസുകൾക്ക് വേണ്ടി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്ഥലം ലഭ്യമായാലുടനെ സ്വീകരിക്കുന്നതാണ്.

## ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ്

129(738) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയായ റെഗുലേറ്റർ കം ബ്രിഡ്ജ് (ചൊക്ലി പഞ്ചായത്ത്) ന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ആയതിന്റെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാകുന്നതിനുള്ള ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റെഗുലേറ്റർ കം ബ്രിഡ്ജിന് (ചൊക്ലി പഞ്ചായത്ത്) ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2017-2018 വർഷത്തേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭാഗം 2 (പേജ് 45-ൽ) ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ 852-ാമതായി ചുക്കിളി (ചൊക്ലി) പഞ്ചായത്ത് ആർ.സി.ബി. നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നേരത്തെ നിർദ്ദിഷ്ട മാഹി വളപട്ടണം ഉൾനാടൻ ജലപാത നിശ്ചയിച്ച റൂട്ടിൽ വരുന്നതായിരുന്നു. പ്രവൃത്തി തുടങ്ങുന്നതിന് IWAI-യുടെ അനുവാദം

ആവശ്യമായിരുന്നതിനാൽ പര്യവേഷണ പ്രവർത്തികൾക്ക് അനുമതി നൽകിയിരുന്നില്ല. എന്നാൽ KWIL ഇപ്പോൾ നടത്തിയ survey പ്രകാരം ടി കനാൽ റീച്ചിന്റെ അലൈൻമെന്റ് തീർപ്പാക്കുകയുണ്ടായി. ആയത് നേരത്തെ നിശ്ചയിച്ചിരുന്ന ഒളവിലം-പാത്തിക്കലിൽനിന്നും മാറ്റി മറ്റൊരു സ്ഥലത്തുകൂടിയാണ് തീരുമാനിച്ചിരിക്കുന്നത്. Land acquisition നടത്തുന്നത് പുതിയ അലൈൻമെന്റ് പ്രകാരം ആയരിക്കുമെന്നും തീർച്ചപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഒളവിലം പാത്തിക്കൽ എന്ന സ്ഥലത്ത് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് ടി സ്ഥലത്ത് സ്ഥാപിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**നായരമ്പലം പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

130(739) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പമ്പ് ഹൗസിന്റെ പ്രവർത്തനോദ്ദേശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പമ്പ് ഹൗസ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ചൊവ്വര പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് മുൻപായി നായരമ്പലം ഞാറയ്ക്കൽ ഭാഗത്തേയ്ക്ക് കുടിവെള്ളം മെച്ചപ്പെടുത്തുന്നതിനുള്ള ബൂസ്റ്റിംഗ് പമ്പിംഗ് സ്റ്റേഷൻ ആയി നായരമ്പലം പമ്പ് ഹൗസ് പ്രവർത്തിച്ചിരുന്നു.

(ബി) ചൊവ്വര പദ്ധതി കമ്മീഷൻ ചെയ്തതോടെ പറവൂർ പമ്പ് ഹൗസിൽ നിന്നും മതിയായ അളവിൽ നായരമ്പലം ഞാറയ്ക്കൽ ഭാഗത്തേയ്ക്ക് ബൂസ്റ്റിംഗ് ഇല്ലാതെ തന്നെ വെള്ളം എത്തിക്കുവാൻ സാധിക്കുന്നത് കൊണ്ട് നായരമ്പലം പമ്പ് ഹൗസ് നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) അടിയന്തര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണത്തിന് വേണ്ടി താൽക്കാലികമായി പമ്പ് ഹൗസ് പ്രവർത്തിപ്പിക്കുന്നതിലേയ്ക്ക് പമ്പ് ഹൗസിലെ

വിച്ഛേദിച്ച ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിജയം കനാലിലെ മണ്ണും ചെളിയും നീക്കം ചെയ്യാൻ നടപടി**

131(740) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ വിജയം കനാൽ, ഉപ്പത്തിക്കാട് കനാൽ എന്നിവ മണ്ണും ചെളിയും അടിച്ചുകയറി അടഞ്ഞുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ രണ്ട് തോടുകളിലേയും മണ്ണും ചെളിയും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റുമൂലം വിജയം കനാൽ, ഉപ്പത്തിക്കാട് കനാൽ എന്നിവയിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

132(741) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 2017-18 വർഷം മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ 2017-2018 വർഷം ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 8 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ലേമ്പാട് കുട്ടിൽമുക്ക് തടയണ നിർമ്മാണം

133(742) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ ഇറിഗേഷൻ തൃശ്ശൂർ സബ് ഡിവിഷൻ, കുന്നംകുളം സെക്ഷൻ പരിധിയിൽ വരുന്ന പഴയന്നൂർ പഞ്ചായത്ത്- ഗായത്രി പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കല്ലേപ്പാടം - കുട്ടിൽമുക്ക് തടയണ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായിട്ടുള്ള എസ്റ്റിമേറ്റ് പ്രൈസ് - ID 4357/2017 ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ ആഫീസിൽ തുക ലഭ്യമല്ലാതെ പെന്റിംഗാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിവതും വേഗത്തിൽ തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 2018-2019 സാമ്പത്തിക വർഷത്തിൽ മുൻഗണനാക്രമത്തിൽ അനുമതി നൽകുന്നതാണ്.

## 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

134(743) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഏരികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കുന്നുപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്കു കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ

പാലതുള്ളി വടകരപ്പള്ളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിൽ എത്തിനിൽക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) 2017-2018 വർഷം ചിറ്റൂർ നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് ഭരണാനുമതി നല്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതികളിൽ ഏതിനൊക്കെ സാങ്കേതികാനുമതി നൽകുകയുണ്ടായി; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയായി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വെങ്കലകയം, കുന്നപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ സ്റ്റോറേജ് കപ്പാസിറ്റി കൂട്ടുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചിറ്റൂർപ്പുഴ പ്രോജക്ട് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പര്യവേഷണ റിപ്പോർട്ടുകൾ രൂപകൽപ്പന തയ്യാറാക്കുന്നതിനുവേണ്ടി ഐ.ഡി.ആർ.ബി.-യുടെ പരിഗണനയിലാണ്.

(സി) 2017-2018 വർഷം ചിറ്റൂർ നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഭൂഗർഭ ജല നിരപ്പ് കുറയുന്നതിനെക്കുറിച്ചുള്ള പഠനം**

135(744) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ കുന്നുകളിൽ വൻ തോതിലുള്ള ഖനന പ്രവർത്തനം നടത്തുന്നത് ഭൂഗർഭ ജല നിരപ്പ് കുറയ്ക്കുവാൻ ഇടയാകും എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഭൂഗർഭ ജല വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഖനനം നിമിത്തം സമീപ പ്രദേശത്തെ കിണറുകളിലെ ജല നിരപ്പ് താഴുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂഗർഭ ജലത്തിന്റെ അളവിലുണ്ടാകുന്ന വ്യതിയാനം കണ്ടെത്തുന്നതിനും അത് പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് ഇടനാട്, മലനാട് പ്രദേശങ്ങളിലെ പ്രധാനപ്പെട്ട ജലഭൃതം (Aquifer) ആണ് വെട്ടുകല്ല് അഥവാ ചെങ്കല്ല് (Laterite) ഇത്തരം പ്രദേശങ്ങളിൽ വൻതോതിൽ ഖനനം നടത്തുന്നത് ആ പ്രദേശത്തെ ഭൂജല സമ്പത്തിനെയും ഭൂജല സംപോഷണത്തെയും പ്രതികൂലമായി ബാധിക്കാവുന്നതാണ്. ഈ വിഷയത്തിൽ പഠനങ്ങളൊന്നുംതന്നെ ഭൂജല വകുപ്പ് നടത്തിയിട്ടില്ല. കളക്ടർ ചെയർമാനായി രൂപീകൃതമായിട്ടുള്ള കേന്ദ്ര സർക്കാരിന്റെ District Apprisal Committee Environmental clearance for mining കമ്മിറ്റിയിൽ ഖനനംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചെങ്കൽ കുന്നുകളിൽ വൻതോതിലുള്ള ഖനനം സംബന്ധിച്ച് ഭൂജലവകുപ്പ് നേരിട്ട് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(സി) പ്രസ്തുത ഖനനം നിമിത്തം സമീപപ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് താഴ്ന്നതായ പരാതികൾ ഭൂജല വകുപ്പിൽ ലഭിച്ചിട്ടില്ല.

**ഭൂഗർഭ ജലത്തിന്റെ ഉപഭോഗം**

136 (745) ശ്രീ.അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ ഉപഭോഗം സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ പക്കൽ കേരളത്തിലെ കുഴൽ കിണറുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ഏജൻസികൾ കുഴിക്കുന്ന കുഴൽ കിണറുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്വകാര്യ കുഴൽ കിണർ ഏജൻസികളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങളോ നിബന്ധനകളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) അനിയന്ത്രിതമായ ഭൂഗർഭ ജല ചൂഷണം ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച റിപ്പോർട്ട് കാലാകാലങ്ങളിൽ തയ്യാറാക്കിവരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള 2013 വരെയുള്ള റിപ്പോർട്ട് 2015 നവംബറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് അനുസരിച്ചുള്ള കാർഷികാവശ്യത്തിനുള്ള ആകെ ഭൂജല ഉപഭോഗം 1181.77 എം.സി.എം.-ഉം ഗാർഹികാവശ്യത്തിനും വ്യാവസായികാവശ്യത്തിനുമുള്ള ഭൂജല ഉപഭോഗം 1453.14 എം.സി.എം.-ഉം ആണ്.

പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ഭൂജല വകുപ്പ് കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് നിർമ്മിച്ച കുഴൽക്കിണറുകളുടെ എണ്ണം 8259 ആണ്. എന്നാൽ കേരളത്തിലെ സ്വകാര്യ കുഴൽക്കിണർ ഏജൻസികൾ മുഖേന കുഴിച്ച കുഴൽക്കിണറുകളുടെ കണക്ക് വകുപ്പിൽ ലഭ്യമല്ല.

(സി) സ്വകാര്യ കുഴൽക്കിണർ നിർമ്മിക്കുന്ന ഏജൻസി/സ്ഥാപനം, റിഗ്ഗുകൾ എന്നിവ ഭൂജല അതോറിറ്റിയുടെ കീഴിൽ നിലവിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. സ്വകാര്യ ഏജൻസികൾ, കുഴിക്കുന്ന കുഴൽക്കിണറുകളുടെ വിശദ വിവരങ്ങളോടുകൂടിയ പട്ടിക ഭൂജലവകുപ്പിന് മൂന്ന് മാസത്തിലൊരിക്കൽ സമർപ്പിക്കണമെന്നതാണ് പ്രസ്തുത രജിസ്ട്രേഷനുകളിലെ ഒരു പ്രധാന വ്യവസ്ഥ. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സ്വകാര്യ കുഴൽക്കിണർ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ഏജൻസി/സ്ഥാപനം എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. മൂന്ന് വർഷം പ്രവൃത്തി പരിചയം ഉള്ള ഏജൻസി/സ്ഥാപനങ്ങൾക്കുമാത്രമെ രജിസ്ട്രേഷൻ നൽകുകയുള്ളൂ. കൂടാതെ ഒരു ഏജൻസി/സ്ഥാപനത്തിന് പരമാവധി 3 റിഗ്ഗുകൾ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

(ഇ) സംസ്ഥാനത്ത് ഭൂജല ചൂഷണം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് -2002 നിലവിലുണ്ട്. ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തണ്ണീർത്തട മാസ്റ്റർപ്ലാൻ

137(746) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ,ഉപരിതല ജലസംഭരണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തണ്ണീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അനിയന്ത്രിതമായ ഭൂഗർഭജല ഉപയോഗം മൂലം ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി താഴുന്നതായുള്ള അറിവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വാർഷിക ശരാശരി 3000 മി. മീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ, ഈ അളവിൽ വരുന്ന ചെറിയ വ്യത്യാസം പോലും പൊതുജല ലഭ്യതയെ ബാധിക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത് പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, അരുവികൾ, തടാകങ്ങൾ മുതലായവ സംരക്ഷിച്ച് നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും ഭൂജല പരിപോഷണം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്ന തരത്തിൽ സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസംരക്ഷണം' (ജലസമൃദ്ധി)-യുടെ ഭാഗമായി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നീർത്തട പ്ലാനുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള സാങ്കേതിക സമിതികൾ ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. ജലസംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ എന്നതുകൊണ്ട് ഓരോ നീർത്തടപ്ലാനും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സാധിച്ചാൽ ഭൂജല ഉപരിതല ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് സാധ്യമാകും.

ഇതോടൊപ്പം കേരളത്തിലെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും തണ്ണീർത്തടങ്ങളുടെ ജല സംഭരണശേഷി ഉറപ്പാക്കുന്നതിനുമായി കേരളത്തിലെ പ്രധാനപ്പെട്ട തണ്ണീർത്തടങ്ങളുടെ മാസ്റ്റർ പ്ലാൻ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ് എന്ന ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ

റിസോഴ്സസ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും ക്രമമായ ഉപയോഗത്തിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. കേരളത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾ ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യാവസായിക ആവശ്യത്തിനും കുപ്പിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. ഇതുകൂടാതെ അമിത ഭൂജല ഉപയോഗം നടത്തുന്നതായുള്ള പരാതികൾ ലഭിക്കുന്നതനുസരിച്ച് ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു.

ഭൂജല പരിപോഷണം ലക്ഷ്യമിട്ട് കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, തടയണകൾ നിർമ്മിക്കുക, കേടായ ജലസേചന നിർമ്മിതികൾ ഉപയോഗയോഗ്യമാക്കുക നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള റെഗുലേറ്ററുകൾ/തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ ജലസേചന വകുപ്പിന് കീഴിൽ നിർവ്വഹിച്ചുവരുന്നു.

**വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി കുഴൽ കിണർ**

138(747) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കുഴൽ കിണർ കുഴിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം എത്ര ഉത്തരവുകൾ ഇറക്കിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വ്യവസായ ആവശ്യങ്ങൾക്കായുള്ള ജല ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വ്യവസായ ആവശ്യങ്ങൾക്ക് ഭൂഗർഭ ജലം ഉൾപ്പെടെയുള്ള ജലത്തിന്റെ ഉപഭോഗം സംബന്ധിച്ച നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കുഴൽകിണർ കുഴിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഭൂജല വകുപ്പുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഒന്നുംതന്നെ ഇറക്കിയിട്ടില്ല.

(ബി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 (സെക്ഷൻ 4) പ്രകാരം ജലസ്രോതസ്സുകളിൽനിന്ന് ജലം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വ്യക്തിയോ ഏജൻസിയോ 5 കുതിരശക്തിയിൽ കൂടുതൽ ശേഷിയുള്ള യാന്ത്രികമായോ, വൈദ്യുതിയിലോ പ്രവർത്തിക്കുന്ന യന്ത്രം, ഹോസ്, പൈപ്പ് എന്നിവ ഉപയോഗിച്ച് ജലം എടുക്കുന്നതിനുമുമ്പായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഭൂജല വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന വ്യാവസായികാടിസ്ഥാനത്തിലുള്ള അപേക്ഷകളിൽ പമ്പിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല അവലോകന കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോടെയാണ് കുപ്പിവെള്ള കമ്പനികൾക്ക് എൻ.ഒ.സി. നൽകി വരുന്നത്. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, വ്യവസായ വകുപ്പ്, അതത് പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി, എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസര പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ

നിജപ്പെടുത്തിയിട്ടുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ൽ വ്യവസായ ആവശ്യങ്ങൾക്ക് ഭൂഗർഭജല ഉപഭോഗം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

**കുഴൽ കിണർ കുഴിക്കാൻ അനുമതി**

139(748) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മിക്കസ്ഥലങ്ങളിലും നിലവിൽ കുടിവെള്ള ക്ഷാമം ഉള്ളതിനാലും വരും കാലങ്ങളിൽ കുടിവെള്ളക്ഷാമം വരുമെന്നതിനാലും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് മേഖലകളിലെ വീടുകളിലെ സ്ഥലത്ത് കുടിവെള്ളത്തിനായി കുഴൽ കിണർ കുഴിക്കാൻ അനുമതി നൽകുന്നുണ്ടോ; കുഴൽ കിണർ നിർമ്മിക്കാൻ ലൈസൻസിനായിട്ടുള്ള നടപടിക്രമങ്ങൾ എങ്ങനെയെന്ന് വിശദീകരിക്കുമോ;

(ബി) കുടിവെള്ളത്തിനായി വീടുകളിൽ കുഴൽകിണർ കുഴിക്കുന്നതിന് സർക്കാരിൽനിന്നും എന്തെങ്കിലും ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കുഴൽകിണർ സർക്കാർ തലത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് വഴി നിർമ്മിച്ച് കൊടുക്കാൻ പദ്ധതിയുണ്ടോ;

(ഡി) കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് പാവപ്പെട്ട ജനങ്ങളെ സ്വകാര്യ കുഴൽ കിണർ നിർമ്മാതാക്കൾ അമിത തുക ഈടാക്കി ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ചൂഷണം തടയാൻ നടപടി ഉണ്ടോ; വിശദമാക്കാമോ;

(ഇ) സർക്കാർ തലത്തിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഒരു അടി താഴ്ചയ്ക്ക് എത്ര തുകയാണ് നിശ്ചയിച്ചിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽകിണർ നിർമ്മാണത്തിൽ നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് ആക്ട് പ്രകാരം കുഴൽകിണർ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്. പെർമിറ്റിനായി ഭൂജല വകുപ്പിന്റെ എൻ.ഒ.സി.-യും നിർബന്ധമാക്കിയിട്ടുണ്ട്. വ്യാവസായിക ആവശ്യത്തിനായി കുഴൽകിണർ നിർമ്മിക്കുന്നതിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ആവശ്യമാണ്.

(ബി) കാർഷികാവശ്യത്തിനായി ഭൂജലവകുപ്പ് മുഖേന കുഴൽകിണർ നിർമ്മിക്കുന്നതിന് കുഴൽകിണർ നിർമ്മാണ ചെലവിന്റെ 50 ശതമാനം ഇളവ് അനുവദിച്ചുവരുന്നുണ്ട്. ഇതിനായി കൃഷി വകുപ്പിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(സി) നിലവിൽ ഭൂജലവകുപ്പ് ഗാർഹികാവശ്യങ്ങൾക്കും സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഭാഗമായും കുഴൽകിണർ നിർമ്മിച്ച് നൽകുന്നുണ്ട്.

(ഡി) കുഴൽകിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പാവപ്പെട്ട ജനങ്ങളെ സ്വകാര്യ കുഴൽകിണർ നിർമ്മാതാക്കൾ അമിത തുക ഈടാക്കി ചൂഷണം ചെയ്യുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഭൂജലവകുപ്പ് മുഖേന നടത്തുന്ന കുഴൽകിണർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 12-3-2013 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ.269/2013/ഡബ്ല്യു.ആർ.ഡി. നമ്പർ പ്രകാരമാണ് നിരക്ക് ഈടാക്കുന്നത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഭൂഗർഭ ജലവിതാനം**

140(749) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലവിതാനത്തിന്റെ കൃത്യമായ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) ഭൂഗർഭജലവിതാനത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശങ്ങളെ സോണുകളായി തിരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) ഭൂഗർഭജലവിതാനം താഴ്ന്ന പ്രദേശങ്ങളിൽ ഇത് സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള – മാർച്ച് - 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തിന്റെ ഭൂജല സമ്പത്ത് 5.65 BCM (Billion Cubic Meter) ആണ്.

(ബി) 2013 മാർച്ചിലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(സി) ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിവഴി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തിക വർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവർത്തികൾക്കായി വിവിധ ജില്ലകൾക്കും 4 കുഴൽകിണർ റീചാർജ്ജ് പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീ ചാർജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽ കിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം

വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോ ജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്‌ളഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ്ജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമി ക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും ഭൂജല വകുപ്പ് ലക്ഷ്യമിടുന്നു.

**കോഴിക്കോട് ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

141(750) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിലെ എല്ലാ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളും അടയ്ക്കുകയും കൂടാതെ തോടുകളിൽ നിർമ്മിച്ചിരിക്കുന്ന വി.സി.ബി.-കളിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലും അറ്റകുറ്റപ്പണികൾ നടത്തി പമ്പിംഗ് തുടങ്ങി പാടങ്ങളിലേക്ക് വെള്ളം എത്തിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വിവിധ പുഴകളിൽ ഇതുവരെ പൂർത്തീകരിച്ച എല്ലാ തടയണകളിലും വെള്ളം സംഭരിച്ചിട്ടുണ്ട്. ഇതുമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട കുറ്റ്യാടി ജലസേചന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ കൺവീനർമാരായി യഥാക്രമം ബ്ലോക്ക്തല കമ്മിറ്റി, ഗ്രാമപഞ്ചായത്ത് തല കമ്മിറ്റി എന്നിവ വിളിച്ചുകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുകയും സമഗ്ര നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട്

ജില്ലയിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളം സംരക്ഷണത്തിന് 15 കുളങ്ങൾക്ക് 24.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഭൂജല വകുപ്പ്:

ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ 5 സ്ഥലങ്ങളിൽ തുറന്ന കിണർ റീചാർജ്ജ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ ഒരെണ്ണം (ഗവ. ഹൈസ്കൂൾ, പുതുപ്പാടി) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നാല് സ്ഥലങ്ങളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഭൂജലവിതാനം ക്രമാതീതമായി താഴ്ന്നതായി കണ്ടെത്തിയ ബാലുശ്ശേരി, കുന്നമംഗലം, കോഴിക്കോട് എന്നീ ബ്ലോക്കുകളിൽ ഭൂജല ഉപഭോഗത്തെയും സംരക്ഷണത്തെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

ജലനിധി:

വരൾച്ചയെ നേരിടുന്നതിനായി ജലനിധി പദ്ധതിയിൽ ജലസംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 12 ജലനിധി പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ഭൂഗർഭജല സംരക്ഷണ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റി ജലസംരക്ഷണത്തിനായി കോഴിക്കോട് ഡിവിഷന് കീഴിൽ താഴെപ്പറയുന്ന താൽക്കാലിക തടയണകൾ നിർമ്മിച്ചിട്ടുണ്ട്:

ഇരുവാത്തിപ്പുഴ - 4

ചെറുപുഴ -2

പൂനൂർപുഴ -2

കൂടാതെ വടകര ഡിവിഷനുകീഴിലുള്ള അട്ടപ്പിൻകെട്ടിൽ ഭൂമിവാതുക്കൽ, ചാക്യാട് കുടിവെള്ള പദ്ധതികൾക്കുവേണ്ടി 3 താൽക്കാലിക തടയണകളുടെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഭൂജലവകുപ്പ് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രവർത്തനരഹിതമായ 239 ഹാന്റ് പമ്പുകൾ പരിശോധിക്കുകയും അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ളപദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുമുഖേന ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ എന്നിവയുടെ) സുസ്ഥിരത ഉറപ്പുവരുത്താനും പമ്പിംഗ് റഗുലേഷൻ മുഖേന ആവശ്യമായ അളവിൽ ജലവിതരണം (40 lpcd -70 lpcd) പരിമിതപ്പെടുത്താനും നിർദ്ദേശങ്ങൾ നൽകിവരുന്നു.

കേരള ജല അതോറിറ്റി കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് അഭിവൃദ്ധിപ്പെടുത്താൻ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ, പമ്പ് സെറ്റുകൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയുടെ റിപ്പയർ, പുതിയവ സ്ഥാപിക്കൽ, അത്യാവശ്യ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, നിലവിലെ കുടിവെള്ള ടാങ്കുകളിൽനിന്നും കുടിവെള്ളം ടാങ്കർ ലോറികളിൽ നിറക്കുന്നതിനുള്ള ഫില്ലിംഗ് സ്റ്റേഷൻ ഒരുക്കൽ, വാൽവ് ഓപ്പറേഷൻ ക്രമീകരണം, അഡീഷണൽ പമ്പിംഗ് തുടങ്ങിയവ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ത്വരിത ഗതിയിലുള്ള പൂർത്തീകരണത്തിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പോള, പായൽ ഇവ നീക്കം ചെയ്യാൻ വാട്ടർ ഹയാസിംഗ്ഹാർവെസ്റ്റർ യന്ത്രം

142(751) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളും രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നീക്കം ചെയ്യുന്നതിനായി വാട്ടർഹയാസിംഗ്ഹാർവെസ്റ്റർ യന്ത്രം വാങ്ങിയിട്ടുണ്ടോ; പ്രസ്തുത യന്ത്രത്തിന്റെ വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) എത്ര യന്ത്രങ്ങൾ വാങ്ങിയെന്നും, അവ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും അറിയിക്കുമോ;

(ഡി) കുട്ടനാടൻ ജലാശയങ്ങളിൽ പോള ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ജലഗതാഗതത്തെയും, കൃഷിയെയും സാരമായി ബാധിക്കുന്നതിനാൽ കുട്ടനാടൻ മേഖലയ്ക്ക് വേണ്ടി ഈ യന്ത്രത്തിന്റെ സേവനം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. യന്ത്രത്തിന്റെ വില 61,95,000 രൂപയാണ്.

(സി) ഒരു യന്ത്രം വാങ്ങിയിട്ടുണ്ട്. അത് നിലവിൽ പ്രവർത്തനക്ഷമമാണ്.

(ഡി) ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്.

**ജലവിഭവ വകുപ്പിൽ സേവനാവകാശ നിയമം**

143(752) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകളിലും സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ സേവനവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അറിയിക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എന്തൊക്കെ സേവനങ്ങളാണ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ സേവനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകളിലും സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ബി- ഡി) പ്രസ്തുത വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഗസറ്റ് വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ പകർപ്പുകളും സേവനങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസംരക്ഷണ പദ്ധതികൾ

144(753) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലം കഴിഞ്ഞ് ഏറെക്കഴിയും മുമ്പ് സംസ്ഥാനത്ത് ജലക്ഷാമവും കുടിവെള്ളക്ഷാമവും നേരിടുന്ന സാഹചര്യം ആവർത്തിക്കുന്നതിനാൽ, ജല സംരക്ഷണത്തിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കിണറുകളുടെ റീചാർജ്ജിംഗ്, മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ പദ്ധതികൾ കാര്യക്ഷമമായും വിപുലമായ തോതിലും നടത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിലും നദികളുടെയും തോടുകളുടെയും പുനരുജ്ജീവനത്തിന് ജനപങ്കാളിത്തംകൂടി ഉറപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഴയെ ആശ്രയിച്ചാണ് കേരളത്തിലെ ജലലഭ്യത നിലനിൽക്കുന്നത്. പ്രധാനമായും രണ്ട് മഴക്കാലങ്ങളിലായി ലഭ്യമാകുന്ന മഴവെള്ളം ശേഖരിച്ചുവയ്ക്കാൻ കഴിയുന്ന വലിയ ജലസംഭരണികൾ ഇനി നിർമ്മിക്കുന്നതിനുള്ള സാധ്യത വിരളമാണെന്നുകണ്ട് ശാസ്ത്രീയമായ ജലവിഭവ മാനേജ്മെന്റ്വഴി ലഭ്യമാകുന്ന ജലത്തിന്റെ പരമാവധി സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് ജലസേചന വകുപ്പ് നടത്തിവരുന്നത്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതയും മണ്ണിന്റെ സ്വഭാവവും കാരണമാണ് മഴക്കാലം കഴിഞ്ഞാലുടൻ ചില പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നതിന് പ്രധാന കാരണം. ഇത് മറികടക്കുന്നതിന് ഓരോ പ്രദേശത്തിനും അനുയോജ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ പ്രവർത്തനമായി ഇത് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേക്ക്) സമീപനത്തോടുകൂടി ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുക വഴി ജലലഭ്യത വർദ്ധിപ്പിച്ച്, സ്ഥായി സ്വഭാവമുള്ളതാക്കി മാറ്റാൻ കഴിയും. തോടുകളുടെ സംരക്ഷണം, പരമ്പരാഗത ജലസ്രോതസ്സുകൾ മാലിന്യം നീക്കം ചെയ്ത കുളങ്ങൾ,

ചിറകൾ എന്നിവയിലെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും സമീപ പ്രദേശങ്ങളിലെ ജനനിരപ്പ് താഴാതെ നിലനിർത്തുന്നതിനുമായി തടയണ/റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനും പദ്ധതികളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകളുടെ സഹകരണം, ജനപങ്കാളിത്തം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തന രീതി അവലംബിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

മുൻ വർഷത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ കേരള ജല അതോറിറ്റി ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. മൺസൂൺ കാലത്തെ മഴലഭ്യതയിൽ കുറവുണ്ടായെങ്കിലും ഇടയ്ക്ക് പെയ്ത മഴ കാരണം ജലസംഭരണികളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന കൂടുതലാണെങ്കിലും കുടിവെള്ള സ്രോതസ്സുകളായുപയോഗിക്കുന്ന പല നദികളിലും നീരൊഴുക്ക് കുറവാണ് എന്നത് കണക്കിലെടുത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30.55 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിന്നുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടനടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാനും നിലവിലെ സ്കീമുകളിൽനിന്നും സാധ്യമായ സ്ഥലങ്ങളിലേക്ക് വിതരണ ശൃംഖല നീട്ടിയും ഇന്റർകണക്ഷൻ നടത്തിയും കൂടുതൽ സ്ഥലങ്ങളിൽ ജലമെത്തിക്കുവാനുള്ള ശ്രമം നടത്തിവരുന്നു. അതോറിറ്റിയുടെ വിതരണ ശൃംഖല വഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ, റവന്യൂ വകുപ്പുകൾക്ക് ടാങ്കർലോറി വഴി ജലവിതരണം നടത്തുവാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനായി വിവിധ സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താത്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സാങ്കേതികത പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുഴൽക്കിണർ നിർമ്മിക്കുവാനുള്ള സാധ്യതയും പരിഗണിച്ചുവരുന്നു.

ഭൂജലവകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ അമിതചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽക്കിറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ വിവിധ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലലഭ്യത പരിശോധന നടത്തി സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് ക്രമീകരിക്കുന്നതുമൂലം എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യം വേണ്ടയളവിൽ ജലമെത്തിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു. ജലലഭ്യത ഇല്ലാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകി വരുന്നു. മാത്രവുമല്ല ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടണകൾ) VCB (Vented Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കി വരുന്നു.

പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശേഖരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. ജലനിധി പദ്ധതികളിൽ ഭൂജല പരിപോഷണം ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കി വരുന്നുള്ളൂ.

(ബി) കിണർ റീചാർജ്ജിംഗ്, മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ്, തൊഴിലുറപ്പ് പദ്ധതി മുതലായവ വഴിയാണ് ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നത്.

ഇത്തരം പ്രവൃത്തികൾ പ്രധാനമായും ഹരിത കേരളം പദ്ധതി വഴിയാണ് നടപ്പിലാക്കുന്നത്. എങ്കിലും മഴവെള്ളം ഉപയോഗപ്പെടുത്തുവാനായി അതോറ്റിയുടെ സ്രോതസ്സുകളായ തുറന്ന കിണറുകൾക്ക് സമീപത്തായി മഴക്കുഴികൾ നിർമ്മിച്ചുവരുന്നു. കൂടാതെ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മഴവെള്ളം ഭൂജല സംഭരണത്തിനായി അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിന് സമീപം ഒരു കുളം നിർമ്മാണം പൂർത്തിയാക്കിവരുന്നു.

ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജലസംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വർഷവും 'മഴവെള്ള സംഭരണ ഭൂജല പരിപോഷണം' പദ്ധതി ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ ഇതിനകം 24 ഗ്രാമപഞ്ചായത്തുകളിലായി 5000-ഓളം വ്യക്തിഗത കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്ക് പങ്കാളിത്താധിഷ്ഠിത മാതൃകയിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനായി 10000 ലിറ്റർ ശേഷിയുള്ള സംഭരണികളാണ് നിർമ്മിച്ചുവരുന്നത്. നടപ്പ് സാമ്പത്തിക വർഷം 2017-18-ൽ 1750 വ്യക്തിഗത കുടുംബങ്ങൾക്കുകൂടി പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. വിദ്യാലയങ്ങളിൽ മഴവെള്ളസംഭരണം പരിപാടിയുടെ

ആവശ്യകതയും പ്രാധാന്യവും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 1000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ സ്ഥാപിക്കുകയുണ്ടായി. ഭൂജലപരിപോഷണം പരിപാടിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിലെ 5000 തുറന്ന കിണറുകളിൽ മഴവെള്ളം ശേഖരിച്ച് റീചാർച്ച് ചെയ്യുന്നതിനുള്ള ജോലികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ജലസംരക്ഷണം, ജലമലിനീകരണം തടയുക, ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിധത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ നിലവിൽ ജലലഭ്യതയുള്ള കുളങ്ങൾ, തോടുകൾ എന്നിവ ഏറ്റെടുത്ത് പുനർജ്ജീവിപ്പിച്ച് വൃത്തിയാക്കി ജലനിധി കുടിവെള്ള പദ്ധതികൾക്ക് സ്രോതസ്സുകളായി ഉപയോഗിക്കുന്നുണ്ട്. ഈ സ്രോതസ്സുകൾ ഗുണഭോക്തൃ സമിതികളുടെ ഉടമസ്ഥതയിൽ ആയതിനാൽ എല്ലാകാലത്തും ഇത് ജലലഭ്യത ഉള്ളതായിരിക്കാനുള്ള തുടർപ്രവർത്തനങ്ങൾ ഗുണഭോക്തൃ സമിതികൾ തന്നെ നേരിട്ട് നടത്തുന്നതാണ്.

**പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം**

145(754) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപംമൂലം ജലം മലിനീകരിക്കപ്പെടുന്നത് തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളിൽ പ്രധാനപ്പെട്ടത് കുളങ്ങൾ/ചിറകൾ എന്നിവയാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണത്തിന്റെ (ജലസമൃദ്ധി) ഭാഗമായി കുളങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവൃത്തികൾ വിവിധ

വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടുംകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിനുപുറമെ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ജല ഉപയോഗം നേരിടുക എന്ന ലക്ഷ്യത്തോടെ സമഗ്ര നീർത്തട പദ്ധതികൾ തയ്യാറാക്കി, റിഡ്ജ്-ടു-വാലി (മുകളിൽ നിന്ന് താഴേക്ക്) അടിസ്ഥാനത്തിൽ പരമ്പരാഗത ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ള ജലസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നീർത്തട പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള സാങ്കേതിക സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചുകഴിഞ്ഞു.

(ബി) മാലിന്യ നിക്ഷേപം കർശനമായി തടയുന്നത് ലക്ഷ്യമിട്ട് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് ഓർഡിനൻസായി സംസ്ഥാന ഗവർണർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ, മൂന്ന് വർഷം വരെ തടവോ രണ്ടുംകൂടി ഒന്നിച്ചോ ശിക്ഷ നൽകുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസ് അധികാരികളും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

**ജലസംരക്ഷണം**

146(755) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലനിരപ്പ് വൻതോതിൽ കുറയുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മൂന്നാം സ്ഥാനത്താണെന്ന കേന്ദ്ര സർവ്വേ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഗർഭജലനിരപ്പിൽ ദേശീയ ശരാശരിയേക്കാളും പിന്നിലാണ് കേരളമെന്ന കേന്ദ്ര ഭൂജലബോർഡിന്റെ കണ്ടെത്തൽ സർക്കാർ പരിശോധിക്കുകയുണ്ടായോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഭൂഗർഭ ജലം സംരക്ഷിച്ചു നിർത്തുന്ന കുന്നുകൾ നശിക്കുന്നതും നീർത്തടങ്ങൾ ഇല്ലാതാകുന്നതും ജലസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമോ;

(ഇ) എങ്കിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ പുതിയ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഭൂഗർഭ ജലനിരപ്പിൽ ദേശീയ ശരാശരിയേക്കാളും പിന്നിലാണ് കേരളമെന്ന് കേന്ദ്ര ഭൂജല ബോർഡ് കണ്ടെത്തിയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തുകൊണ്ടുള്ള പഠന റിപ്പോർട്ട് കേന്ദ്ര ഭൂജല ബോർഡ് പ്രസിദ്ധീകരിക്കുന്നില്ല. കേരള സംസ്ഥാനത്തെ ഭൂജലവിതാന പഠന റിപ്പോർട്ടാണ് പ്രസിദ്ധീകരിച്ച് വരുന്നത്.

(സി) ഭൂജലസംരക്ഷണവും 'കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഭൂജലവകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) ബാധിക്കാറുണ്ട്.

(ഇ) ഭൂജലവകുപ്പ് വരൾച്ച സമയത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽകിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 3 കോടി രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 600 കുഴൽ കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ, 30 ചെറുകിട കുടിവെള്ള പദ്ധതികൾ, 50 കുഴൽകിണർ നിർമ്മാണം, 30 കുഴൽ കിണർ കൈപമ്പ് പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുവാൻ ഭൂജല വകുപ്പ് ഉദ്ദേശിക്കുന്നു.

ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. 2017-18 സാമ്പത്തിക വർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും 4

കുഴൽകിണർ റീചാർജ്ജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**ജലസംരക്ഷണത്തിന് നടപടി**

147(756) ശ്രീ.എസ്.രാജേന്ദ്രൻ :
ശ്രീ. കെ.ഡി. പ്രസേനൻ :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബങ്ങൾക്കെല്ലാം ശുദ്ധമായ കുടിവെള്ളം അവകാശമാക്കിത്തീർക്കാൻ സാധിക്കുംവിധം ജലവിഭവ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) കേരളത്തിലെ ഭൂജലനിരപ്പ് അപകടകരമാംവിധം കുറയാനിടയുണ്ടെന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിനായി കിണറുകളെ സുസ്ഥിര ജലസ്രോതസ്സുകളാക്കി മാറ്റാൻ സമയബന്ധിതമായ പ്രവർത്തനം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഉപരിതല ജലനിരപ്പ് വർദ്ധിപ്പിക്കുന്നതിലേക്കായി തടയണ നിർമ്മാണം, നീർത്തട സംരക്ഷണം, ജലത്തിന്റെ പുനരുപയോഗം സാധ്യമാക്കൽ എന്നീ കാര്യങ്ങൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്

ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി മഴയിൽ നിന്ന് കിട്ടുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ജലസ്രോതസുകളുടെ സംരക്ഷണം, മാലിന്യമുക്തമാക്കൽ, ഒരുവെള്ളക്കയറ്റം തടയുന്നതിനുള്ള ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുക, നദികളിൽ ജലം സംഭരിക്കാൻ കഴിയുംവിധം തടയണകൾ/റഗുലേറ്ററുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം ജലസുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ

ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിവരുന്ന പദ്ധതികൾ മുഖേന ശാസ്ത്രീയമായ ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും.

കേരള ജല അതോറിറ്റി

സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജലം കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ജല അതോറിറ്റി പ്രവർത്തിക്കുന്നത്. ഇതിനായി സമഗ്ര കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും സാമ്പത്തിക ലഭ്യത ഉറപ്പുവരുത്തി പദ്ധതികൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ശുദ്ധജല ദൗർലഭ്യം അനുഭവിക്കുന്ന ഗ്രാമീണ മേഖലകളിൽ പുതിയ പദ്ധതികൾ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, നബാർഡ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ഭൂജലവകുപ്പ്

2017-18 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം e-LAMS വഴി അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽ കിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലനിധി

കേരളത്തിലെ 115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ പഞ്ചായത്തുകളിൽ ജലനിധിയുടെ

നിയമാവലി അനുസരിച്ച് പദ്ധതിയിൽ ചേർന്ന എല്ലാ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം എത്തിച്ച് നൽകുന്നതിനായുള്ള നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്.

(ബി) മഴയുടെ ലഭ്യത ആശ്രയിച്ചാണ് കേരളത്തിലെ ജലലഭ്യത നിലനിൽക്കുന്നത്. കിണറുകളെ ആശ്രയിക്കുന്നവരാണ് കേരളത്തിലെ 65 ശതമാനത്തോളം കുടുംബങ്ങൾ. മഴയിലുണ്ടാകുന്ന ചെറിയ കുറവുപോലും ഭൂജലത്തെ ആശ്രയിച്ച് നിലനിൽക്കുന്ന കിണറുകളിലെ ജലലഭ്യതയെ സ്വാധീനിക്കുന്നു. ഇതോടൊപ്പം ഭൂജല ഉപയോഗം വർദ്ധിച്ചുവരുന്നത് ഭൂജലലഭ്യതയെ ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി കിണറുകളിൽ മഴവെള്ളം ഉയോഗപ്പെടുത്തി റീചാർജ്ജ് ചെയ്യുന്ന പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, ഭൂജലവകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം വ്യക്തികൾ തനതായിത്തന്നെ മഴവെള്ള സംരക്ഷണം നടത്തി കിണറുകൾ റീചാർജ്ജ് ചെയ്യുന്നുമുണ്ട്. കിണർ റീ ചാർജ്ജിംഗ് വ്യാപിപ്പിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അമിതചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽക്കിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ്ജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ജലലഭ്യത പരിശോധന മുഖേന സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താനും പമ്പിംഗ് ക്രമീകരണംമൂലം ഗുണഭോക്താക്കൾക്ക് ആവശ്യം വേണ്ടയളവിൽ (40 lped-70 lped) ജലവിതരണം നടത്തുവാനുമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു. ജലലഭ്യത ഇല്ലാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകി വരുന്നു.

(സി) ഭൂജല ലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/തോടുകൾ എന്നിവ സംരക്ഷിച്ച് മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കും മുൻകാലങ്ങളിൽ നിർമ്മിച്ച ജലസേചന നിർമ്മിതികൾക്ക് ആവശ്യമായ മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. കൂടാതെ തടയണകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഇടങ്ങളിൽ അവ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ജലവിഭവ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തട പദ്ധതിയും ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കി മണ്ണ്-ജല സംരക്ഷണം കാര്യക്ഷമവും കൂടുതൽ ശാസ്ത്രീയവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. റിഡ്ജ്-ടു-വാലി (മുകളിൽനിന്ന് താഴേക്ക്) സമീപനം സ്വീകരിച്ചുകൊണ്ട് മണ്ണ്-ജല സംരക്ഷണം ഉറപ്പാക്കാൻ കഴിയുമെന്നതാണ് നീർത്തട പദ്ധതിയുടെ ഗുണം. ഇതുവഴി ഓരോ പ്രദേശത്തെയും ജലലഭ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ഭൂജല നിരപ്പ് വലിയ തോതിൽ താഴാതെ സംരക്ഷിക്കാനും കഴിയുന്നതാണ്.

കേരള ജല അതോറിറ്റി പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയും തടയണകൾ നിർമ്മിച്ചുവരുന്നു.

മേൽ പ്രവൃത്തികൾക്കുപുറമെ കിഫ്ബിയിൽ ഉൾപ്പെട്ട ഷൊർണ്ണൂർ പദ്ധതിക്കുവേണ്ടി ഭാരതപ്പുഴയ്ക്ക് കുറുകെ സ്ഥിരം തടയണ നിർമ്മിക്കുന്നുണ്ട്. പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ ജലലഭ്യത ഉറപ്പാക്കുന്നതിനായി ആവശ്യാനുസരണം തടയണകൾ നിർദ്ദേശിക്കുന്നുണ്ട്.

നീർത്തട സംരക്ഷണത്തിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ചെളിനീക്കൽ, സംരക്ഷണഭിത്തി നിർമ്മിക്കൽ എന്നിവവഴി സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ സ്വീവറേജ് പ്ലാന്റിൽനിന്നും ശുദ്ധീകരിച്ച ജലം നിർമ്മാണ പ്രവൃത്തികൾക്ക് ഉപയുക്തമാക്കുവാൻ കഴിയും വിധം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചെറുതും വലുതുമായ തടയണകൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, വി.സി.ബി. (Vented Cross Bar) നിർമ്മാണം മണ്ണ് സംരക്ഷണം, കിണർ റീചാർജ്ജിംഗ്, മഴക്കുഴികൾ, കുളംസംരക്ഷണം തുടങ്ങിയ ഭൂജല പരിപോഷണ പദ്ധതികളാണ് ജലനിധി നടപ്പിലാക്കിവരുന്നത്.

**വൻകിട ശുദ്ധജല വിതരണ പദ്ധതികൾ**

148(757) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അത് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൻകിട പദ്ധതികളുമായി സഹകരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന രണ്ട് വൻകിട ശുദ്ധജലവിതരണ പദ്ധതികളാണ്

1. കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും.
2. ജപ്പാൻ കുടിവെള്ള പദ്ധതികളും.

കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തിവരുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന നടപടിക്രമങ്ങളിലെ കാലതാമസം പരമാവധി ഒഴിവാക്കിയാണ് പദ്ധതി നടത്തുന്നത്. KIIFB പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജലഅതോറിറ്റി ഹെഡ്

ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനും റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ജൈക്ക സഹായത്തോടെയുള്ള കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ ഭാഗമായ 5 പദ്ധതികളിൽ (തിരുവനന്തപുരം, കോഴിക്കോട്, മീനാട്, ചേർത്തല, പട്ടുവം) ചേർത്തല പദ്ധതിയും പട്ടുവം പദ്ധതിയും ആദ്യ വിഭാവനയിലുള്ള ഘടകങ്ങൾ പൂർണ്ണമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, മീനാട്, കോഴിക്കോട് എന്നീ പദ്ധതികളുടെ ബാക്കിയുള്ള വിതരണ ശൃംഖലയുടെ പണികളും തിരുവനന്തപുരം പദ്ധതിയുടെ നിലവിലുള്ള ശുദ്ധജലവിതരണ സംവിധാനത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളും ത്വരിതഗതിയിൽ നടന്നുവരികയാണ്. റോഡ് കട്ടിംഗ് അനുവാദങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിച്ച് വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം പദ്ധതി</u>

തിരുവനന്തപുരം പദ്ധതിയിൽ 74 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 42 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനിക്കുഴലുകൾ, 371 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 5 ഉപരിതല ജലസംഭരണികൾ, 6 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയിലൂടെ പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു.

അരുവിക്കരയിലുള്ള സെറ്റ് ലിങ്ക് ടാങ്കിന്റെ നവീകരണം, നിലവിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ പ്രവർത്തിപ്പിക്കൽ, 12 ഫിൽറ്റർ ബഡ്ഡുകളുടെ നവീകരണം മുതലായ പ്രവൃത്തികൾ അവശേഷിക്കുന്നു. നവീകരണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

<u>മീനാട് പദ്ധതി</u>

ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ 4 പാക്കേജുകളായി തിരിച്ചാണ് നടപ്പാക്കിയത്. ഇതിൽ ഇൻടേക്ക്, പമ്പിംഗ് സ്റ്റേഷൻ, പ്രതിദിനം 73 ദശലക്ഷം ശേഷിയുള്ള

ജലശുദ്ധീകരണശാല, 80 കി.മീ. ട്രാൻസ്മിഷൻപൈപ്പ് ലൈനുകൾ, മൊത്തം 25.18 ദശലക്ഷം സംഭരണശേഷിയുള്ള 14 ജലസംഭരണികൾ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് ഏകദേശം 12 മുതൽ 18 മാസം വരെ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ഇതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് പദ്ധതി

കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ 174 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല, 101 ദശലക്ഷം ശേഷിയുള്ള 20 ജലസംഭരണികൾ, 124 കിലോമീറ്റർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ, 1954 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണ കുഴലുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. നിർമ്മിക്കപ്പെട്ട സംഭരണികളിൽ പലതിൽ നിന്നും വിതരണം ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷൻ മേഖലയിൽ ആകെയുള്ള 605 കിലോമീറ്ററിൽ 400 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. പഞ്ചായത്ത് മേഖലകളിൽ 1257 കിലോമീറ്ററിൽ 978 കിലോമീറ്റർ പൈപ്പുലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. സംഭരണിയിൽ നിന്നും പ്രധാന പൈപ്പുകൾ സ്ഥാപിച്ച് കൂടുതൽ ജലവിതരണത്തിനായി എത്തിക്കുന്നതിനും വിതരണ ശൃംഖലയിലുള്ള ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

പട്ടുവം പദ്ധതി

പട്ടുവം പദ്ധതിയിൽ 90 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 82 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവാഹിനികുഴലുകൾ, 623 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ കുഴലുകൾ, 13 ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ച് പദ്ധതി പ്രദേശത്ത് ജലവിതരണം നടത്തിവരുന്നു.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, അമൃത് പദ്ധതി എന്നീ പദ്ധതികളാണ് കേരള ജല അതോറിറ്റി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നത്. ഇവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, II ആയി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. മാർഗ്ഗരേഖ പ്രകാരം അമൃത് പദ്ധതി 2019-20 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ടതാണ്.

(ഡി) നിലവിൽ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് പുറമെ കിഫ്ബി, നബാർഡ് എന്നീ ഏജൻസികളാണ് വൻകിട പദ്ധതികളുമായി സഹകരിക്കുന്നത്.

**താഴേക്കാട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി**

149 (758) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴേക്കാട്- ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന CARWSS താഴേക്കാട് -ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ;

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം വെട്ടിക്കുറച്ചത് ഈ പദ്ധതിയെ ബാധിക്കാതിരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുക ഏത് വിധത്തിൽ കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ചുറ്റുമതിൽ, അനുബന്ധ റോഡ് (ഭാഗികമായി) എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയ്ക്ക് കേന്ദ്രം നൽകിയിരുന്ന വിഹിതം വെട്ടിക്കുറച്ചത് പദ്ധതിയുടെ നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

(സി&ഡി) പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി**

150(759) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയിലേയ്ക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ കണക്കിലെടുത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻ ഒരുക്കങ്ങളാണ് ജലവിഭവ വകുപ്പ് ഇതുവരെ നടത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

നദികളിലെയും തോടുകളിലേയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ളലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ ആർ.സി.ബി.കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്ലാൻ സ്കീം, സ്റ്റേറ്റ് കാസർഗോഡ് പാക്കേജ്, കുളങ്ങളുടെ നവീകരണം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഉപ്പുവെള്ള ഭീഷണിയിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും കാർഷികാവശ്യം, കുടിവെള്ള ലഭ്യത എന്നിവയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നുണ്ട്. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി.കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചുവരുന്നു.

2017-2018 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളുംവഴി നദികളെത്തന്നെ ജല സംഭരണികളാക്കിമാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'-യുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇപ്രകാരം വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റി

കേരളത്തിലെ ജലക്ഷാമത്തിന് ഒരു ശാശ്വത പരിഹാരമെന്ന നിലയ്ക്ക് നദികളെ തന്നെ സംഭരണികളാക്കി മാറ്റുകയെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനാണ് അതോറിറ്റി തീരുമാനിച്ചിട്ടുള്ളത്.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെ പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടെക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് വരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും തന്നെയുമല്ല സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ ബ്ലൂബ്രിഗേഡ് സംവിധാനം വ്യാപിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്. വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണശൃംഖല നീട്ടുന്നതിലേയ്ക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ടാങ്കർ ലോറിയിലുള്ള ജലവിതരണത്തിന് ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്നും ജലം ലഭ്യമാക്കാറുണ്ട്.

<u>ഭൂജല വകുപ്പ്</u>

2017-2018 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-2018 സാമ്പത്തിക വർഷം e-LAMS വഴി അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 600 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ, 30 ചെറുകിട കുടിവെള്ള പദ്ധതികൾ, 50 കുഴൽക്കിണർ നിർമ്മാണം, 30 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

ജലനിധി

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്രോതസ്സുകളുടെ ജലലഭ്യത നിരക്ക് ഉറപ്പുവരുത്തി സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് റെഗുലേഷനും നടത്തിവരുന്നു. ആവശ്യമായ വെള്ളം ലഭിക്കാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകിവരുന്നു.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

151(760) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) ജലവിഭവ വകുപ്പിന്റെ കണക്കനുസരിച്ച് ഏതെല്ലാം ജില്ലകളിലാണ് കുടിവെള്ള ക്ഷാമവും വരൾച്ചയും ഇക്കൊല്ലം അനുഭവപ്പെടുക; വിശദ വിവരം നൽകുമോ?

ഉത്തരം

(എ&ബി)

ജലസേചന വകുപ്പ്

നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ളലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് കാസർഗോഡ് പാക്കേജ്, കുളങ്ങളുടെ നവീകരണം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഉപ്പുവെള്ള ഭീഷണിയിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും കാർഷികാവശ്യം, കുടിവെള്ള ലഭ്യത എന്നിവയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നുണ്ട്. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.-കൾ/ആർ.സി.ബി.-കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചുവരുന്നു.

2017-2018 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളുംവഴി നദികളെത്തന്നെ ജല സംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ 'കിഫ്ബി'-യുടെ ധനസഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി</u>

ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ അടിയന്തരമായി ചെയ്യുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2.32 കോടി രൂപയുടെ 94 പ്രവൃത്തികൾ ഇതിനോടകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതിൽ 35 എണ്ണം തടയണ നിർമ്മിക്കുന്നതാണ്. ഇതുവഴി സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരുജലത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 30.55 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിന്നുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പമ്പിന്റെയും മോട്ടോറിന്റെയും താൽക്കാലിക അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിയും പൈപ്പ് ലൈനുകളിലെ ചോർച്ച സമയബന്ധിതമായി പരിഹരിച്ചും ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടനടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാനും നിലവിലെ സ്കീമുകളിൽനിന്നും സാധ്യമായ സ്ഥലങ്ങളിലേയ്ക്ക് വിതരണ ശൃംഖല നീട്ടിയും ഇന്റർ കണക്ഷൻ നടത്തിയും കൂടുതൽ സ്ഥലങ്ങളിൽ ജലമെത്തിക്കുവാനുള്ള ശ്രമം നടത്തിവരുന്നു. അതോറിറ്റിയുടെ വിതരണശൃംഖലവഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറി വഴി ജലവിതരണം നടത്തുവാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനായി വിവിധ

സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സാങ്കേതികത പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുഴൽക്കിണർ നിർമ്മിക്കുവാനുള്ള സാധ്യതയും പരിഗണിച്ചുവരുന്നു.

<u>ഭൂജലവകുപ്പ്</u>

2017-2018 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ -ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-2018 സാമ്പത്തിക വർഷം e-LAMS വഴി അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ-ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. നവീകരണം ആവശ്യമായ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-2019 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 3 കോടി രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധി വരെ സഹായകരമാണ്. ഇതിന് 2017-2018 സാമ്പത്തിക വർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ ജില്ലകളിൽ ജലസംപോഷണ പ്രവൃത്തികളും പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അമിതചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽക്കിണറുകൾ കൃത്രിമമായി

പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിലെ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴംവരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജല നിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്ളഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീ ചാർജ്ജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമി ക്രിട്ടിക്കൽ വിഭാഗം) 50 സ്ഥലങ്ങളിൽ തുറന്ന കിണർവഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

ജലനിധി

ജലനിധി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സ്രോതസ്സുകളുടെ ജലലഭ്യതാ പരിശോധനയും ജലലഭ്യതയുടെ സുസ്ഥിരത ഉറപ്പുവരുത്തുവാൻ പമ്പിംഗ് റെഗുലേഷനും നടത്തിവരുന്നു. ജലലഭ്യത തീരെ കുറഞ്ഞ സ്രോതസ്സുകൾക്ക് പകരമായി പുതിയ സ്രോതസ്സുകളും നൽകിവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) VCB (Vented Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(സി) ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ഡിസംബർ മാസത്തെ ജലവിതാനഡേറ്റയും, ലഭ്യമായ മഴയുടെ അളവും വിശകലനം ചെയ്തതിൽനിന്നും വയനാട്, പാലക്കാട്, കാസർഗോഡ് കണ്ണൂർ തുടങ്ങിയ ജില്ലകളിൽ മിതമായ (Moderate) രീതിയിലും കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, ഇടുക്കി തുടങ്ങിയ ജില്ലകളിൽ നേരിയ-മിതമായ (Mild to Moderate) രീതിയിലും ജലലഭ്യതയുടെ കുറവ് അനുഭവപ്പെടാനുള്ള സാധ്യതയുണ്ട്. എന്നാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ ഘനത്തിന്റെ (Aquifer thickness) ഏറ്റക്കുറച്ചിലുകൾ മൂലവും പാറയുടെ ആധിക്യം കൂടുതലുള്ള സ്ഥലങ്ങളിലും ജലലഭ്യതക്കുറവ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

## കുടിവെള്ള വിതരണം സുഗമമാക്കാൻ മുൻകരുതൽ

152(761) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുടിവെള്ള വിതരണം സുഗമമാക്കാൻ എന്തൊക്കെ മുൻകരുതലാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജല സംഭരണികളിലെ ജലനിരപ്പ് താരതമ്യേന മെച്ചമാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില നദികളിൽ ഇതിനകം ഒഴുക്ക് നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്താൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറുകൾക്കുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അനിയന്ത്രിതമായ മണലൂറ്റ് കാരണം നദികളുടെ സംഭരണ ശേഷിയും നഷ്ടപ്പെട്ടിരിക്കുന്നു. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് ജല സംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം -ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജല ലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയാൻ 'ബ്ലൂ ബ്രിഗേഡ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥല ലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായി വരുന്ന പക്ഷം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കംകൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്. വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല നീട്ടുന്നതിലേയ്ക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ടാങ്കർ ലോറിയിലുള്ള ജല വിതരണത്തിന് ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്നും ജലം ലഭ്യമാക്കാറുണ്ട്.

## എടവനക്കാട് അണിയലിലെ കുടിവെള്ള ടാങ്കിന്റെ സംഭരണശേഷി

153(762) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കമ്മീഷൻ ചെയ്ത എടവനക്കാട് അണിയലിലെ കുടിവെള്ളടാങ്കിന്റെ സംഭരണശേഷി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ടാങ്കിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സംഭരണശേഷിയുടെ എത്ര ശതമാനമാണ് നിലവിൽ വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംഭരണശേഷി പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 11.15 ലക്ഷം ലിറ്റർ.

(ബി) ഒന്നിടവിട്ട ദിവസങ്ങളിൽ വിതരണം നടത്തുന്നുണ്ട്.

(സി) 50%.

(ഡി) ഞാറയ്ക്കൽ ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്താൽ മാത്രമേ അണിയലിലെ സംഭരണി പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

## മരട് നഗരസഭയിലെ കുടിവെള്ള വിതരണം

154(763) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി അനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(സി) സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിക്ക് 2,316 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശരാശരി ഉപയോഗം 150 എൽ.പി.സി.ഡി. ആയി കണക്കാക്കി 2050-ൽ 17 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം വിതരണം ചെയ്യത്തക്കവിധം, പൈപ്പ് പോളിസിക്കനുസൃതമായിട്ടാണ് വിതരണ ശൃംഖല രൂപകല്പന ചെയ്തിട്ടുള്ളത്. ഏകദേശം 60 കി.മീ. പൈപ്പ് ലൈനുകളാണ് മാറ്റിസ്ഥാപിക്കുന്നത്. നിലവിലുള്ള ഉപയോഗയോഗ്യമായ പൈപ്പ് ലൈനുകളും റോഡ് റെസ്റ്ററേഷൻ ചാർജ്ജുകളുംകൂടി പരിഗണിച്ചുകൊണ്ടാണ് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) PWD, NH ടാറിംഗ് പ്രവൃത്തികൾക്ക് മുൻപായി തീർക്കേണ്ട 3 കി. മീറ്റർ പൈപ്പ് ലൈനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി&ഡി) PWD, NH മുനിസിപ്പാലിറ്റി അധികൃതരിൽനിന്നും യഥാസമയം റോഡ് മുറിക്കൽ അനുമതി ലഭ്യമാക്കി ഈ പ്രവൃത്തികൾ 2019 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

155(764) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താനൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

(ബി) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി (100 കോടി രൂപ) എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജലവിഭവ വകുപ്പിന്റെ കീഴിൽ അനുവദിച്ചിട്ടുള്ള പൂരപ്പുഴ റെഗുലേറ്റർ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) താനൂർ നിയോജകമണ്ഡലത്തിനും സമീപ പ്രദേശങ്ങൾക്കും ഏറെ ഗുണം ലഭിക്കുന്ന പൂരപ്പുഴ-കെട്ടുങ്ങൽതോട് റെഗുലേറ്റർ പണി എപ്പോൾ ആരംഭിച്ച് എന്നേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി കിഫ്ബിയിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ താനൂർ നിയോജകമണ്ഡലത്തിലെ താനൂർ മുനിസിപ്പാലിറ്റിക്കും 4 സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള ജലവിതരണ പദ്ധതിക്കുവേണ്ടി 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മേൽ പദ്ധതി 3 പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടറിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എഗ്രിമെന്റ് ഒപ്പുവച്ചുകഴിഞ്ഞാൽ ഈ പാക്കേജിന്റെ പണികൾ 15 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. രണ്ടാമത്തെ പാക്കേജിന്റെ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഈ പാക്കേജിന്റെ പണികൾ 18 മാസം കൊണ്ടു പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്നാമത്തെ പാക്കേജിൽ ലക്ട്രോ-മെക്കാനിക്കൽ സാമഗ്രികളുടെ പ്രവൃത്തികൾ ആയതിനാൽ ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താനൂർ നിയോജക മണ്ഡലത്തിനുകീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. താനൂർ നഗരസഭയിലെ രണ്ടാം വാർഡിൽ പാലപ്പുഴ തോടിന് സമീപം പൂരപ്പുഴയുടെ ഇടതുകര സംരക്ഷണം.

2. ഐ.ഡബ്ല്യു.ടി. താനൂർ നഗരസഭയിലെ 42-ാം വാർഡിൽ പാലപ്പുഴ തോടിന് സമീപം കനോലി കനാലിന്റെ (താനൂർ കൂട്ടായി കനാൽ) വലതുകര സംരക്ഷണ പ്രവൃത്തി കൂടാതെ താനൂർ നിയോജകമണ്ഡല പരിധിയിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്:

   (a) പൊന്മുണ്ടം പഞ്ചായത്തിലെ ചിതകുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

   (b) ചെറിയമുണ്ടം പഞ്ചായത്തിലെ ചെമ്മൻകുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

   (c) ഒഴൂർ പഞ്ചായത്തിലെ ആടികുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

   (d) കിഫ്ബി മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി താനൂർ മുനിസിപ്പാലിറ്റികളിലായി പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ തോടിന് സമീപം ഉപ്പുവെള്ള നിർമ്മാർജ്ജനം, റെഗുലേറ്റർ നിർമ്മാണത്തിന്റെ പര്യവേഷണപ്രവൃത്തി

(സി&ഡി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി താനൂർ മുനിസിപ്പാലിറ്റികളിലായി പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ തോടിന് സമീപം ഉപ്പുവെള്ള നിർമ്മാർജ്ജന റെഗുലേറ്റർ നിർമ്മാണത്തിന്റെ പര്യവേഷണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പര്യവേഷണം നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. ഏകദേശം 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതി**

156(765) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതി ഏത് വർഷം ആരംഭിച്ചു; എന്ന് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്; നിശ്ചയിച്ച കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; പ്രസ്തുത ജോലികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വരൾച്ച രൂക്ഷമായിവരുന്ന സാഹചര്യത്തിൽ അടിയന്തരമായി ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ശുദ്ധജല പമ്പിംഗ് മെയിൻ, 7.21 ലക്ഷം ലിറ്റർ ശേഷിയുള്ള ഓവർഹെഡ് ടാങ്ക്, മോട്ടോർ പമ്പ്സെറ്റ് വിതരണംചെയ്തു സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചു. പൂർത്തിയായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി വെങ്കിടങ്ങ്-കണ്ണോത്ത് ശുദ്ധജല വിതരണ പദ്ധതി 28-9-2015-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരുന്നുണ്ട്. വിതരണ ശൃംഖലയുടെ 90% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളായ ഇന്റർ കണക്ഷൻ വർക്കുകളും പൊതുടാപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളും അന്തിമ ഘട്ടത്തിലാണ്.

(ബി) ഈ പദ്ധതി 2006-ൽ ആരംഭിച്ചു. ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഈ പദ്ധതി 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ്

വിഭാവന ചെയ്തിരുന്നത്. ടെക്നോളജി മിഷനിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെങ്കിടങ്ങ്-കണ്ണോത്ത് ശുദ്ധജല വിതരണം പദ്ധതിയിൽ ഒളരി സമ്പ് മുതൽ കണ്ണോത്ത് ടാങ്ക് വരെയുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കലും വെങ്കിടങ്ങ് പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും ടാങ്ക് നിർമ്മാണവും ഒളരി പമ്പ് ഹൗസിൽ മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഒളരി സമ്പിൽ എത്തിച്ചേരേണ്ട അധിക ജലലഭ്യത ഉറപ്പാക്കുന്ന പ്രവൃത്തി ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനാവശ്യമായ പൈപ്പ് മാറ്റുന്ന പ്രവൃത്തി (ചെമ്പൂക്കാവ് ടാങ്ക് മുതൽ ഒളരി സമ്പ് വരെ) KSUDP പദ്ധതിയിൽ ഉൾപ്പെടുത്തി 19-2-2014-ലാണ് പൂർത്തീകരിച്ചത്. കൂടാതെ മോട്ടോർപമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും അതിനോടനുബന്ധിച്ചുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കാൻ താമസിച്ചതിനാലും നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. തുടർന്ന് 28-9-2015-ൽ ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

(സി) ഈ പദ്ധതിയിൽ ഗ്യാപ്പ് കണക്ഷൻ, ഇന്റർ കണക്ഷൻ, കൾവർട്ട് ക്രോസിംഗ്, പൊതുടാപ്പ് പിടിപ്പിക്കൽ, ബാക്കിയുള്ള പൈപ്പുകളുടെ ടെസ്റ്റിംഗ് എന്നിവ പൂർത്തിയാക്കുവാനുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ പദ്ധതിയിൽ ഗ്യാപ്പ് കണക്ഷൻ, ഇന്റർ കണക്ഷൻ, കൾവർട്ട് ക്രോസിംഗ്, പൊതുടാപ്പ് പിടിപ്പിക്കൽ, ബാക്കിയുള്ള പൈപ്പുകളുടെ ടെസ്റ്റിംഗ് എന്നിവ പൂർത്തീകരിക്കാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലക്ഷാമം പരിഹരിക്കാൻ നടപടി**

157(766) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിച്ച കടുത്ത ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എന്ത് മുൻകരുതലുകളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) തിരുവനന്തപുരം നഗരത്തിലുൾപ്പെടെ ജലവിതരണം ക്രമപ്പെടുത്തി കുടിവെള്ളത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കുടിവെള്ള പദ്ധതി നിലവിലുള്ള പഞ്ചായത്തുകളിൽ കൈപ്പമ്പുകൾ ഉപയോഗക്ഷമമാക്കുന്നതിന് മുൻകൂട്ടി നടപടി കൈക്കൊള്ളുമോ;

(ഡി) ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജല സംഭരണികളിലെ ജലനിരപ്പ് താരതമ്യേന കൂടുതലാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല നദികളിലും ഇതിനകം ഒഴുക്ക് നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്താൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറുകൾക്കുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് ജല സംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജല ലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി

വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിക്കുകയും ചെയ്യുന്നുണ്ട്. തന്നെയുമല്ല, സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയുവാൻ 'ബ്ലൂ ബ്രിഗേഡ്' സംവിധാനം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ഹരിതകേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥല ലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്. വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല നീട്ടുന്നതിലേയ്ക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ടാങ്കർ ലോറിയിലുള്ള ജല വിതരണത്തിന് ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്നും ജലം ലഭ്യമാക്കാറുണ്ട്. മുൻവർഷം 2016-17 മഴയുടെ ലഭ്യതയിൽ വന്ന കുറവ് കേരളത്തെ വരൾച്ചാ ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുന്ന സ്ഥിതിയിൽ എത്തിക്കുകയുണ്ടായി. ഇത് കണക്കിലെടുത്ത് ലഭ്യമാകുന്ന മഴ പരമാവധി സംരക്ഷിച്ച് ഉപരിതല/ഭൂഗർഭ ജലസ്രോതസ്സായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പുമുഖേന നടപ്പിലാക്കിവരുന്നത്. ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ കുളങ്ങൾ, തോടുകൾ തുടങ്ങിയ പരമ്പരാഗത ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിനും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഓരുവെള്ളക്കയറ്റംമൂലം ജലം ഉപയോഗയോഗ്യമല്ലാതാകുന്ന സാഹചര്യം

ഒഴിവാക്കുന്നതിനായി ഓരുമുട്ടുകളുടെ നിർമ്മാണം, കാർഷികാവശ്യത്തിന് ജലം എത്തിക്കുന്നതിനായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം, കേടായ ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ ഏറ്റെടുത്തിട്ടുണ്ട്. ലഭ്യമാകുന്ന ജലം സംരക്ഷിക്കാനും ആവശ്യമനുസരിച്ച് വിനിയോഗിക്കാനും ഇതുവഴി സാധ്യമാകും. കൂടാതെ, ഡാമുകളിൽ സംഭരിച്ചിട്ടുള്ള ജലം വളരെ ശ്രദ്ധയോടുകൂടി മാത്രമാണ് വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത്. ഡാമുകളുടെ ശേഷിക്കനുസരിച്ച് പരമാവധി ജലം സംഭരിച്ച് നിർത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആവശ്യമായ ഘട്ടങ്ങളിൽ വേണ്ടത്ര ക്രമീകരണങ്ങൾ ഏർപ്പെടുത്തി ജല ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ട നടപടിയും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

(സി) ഭൂജല വകുപ്പ് 2017-ൽ 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19-ൽ 600 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ, 30 ചെറുകിട കുടിവെള്ള പദ്ധതികൾ, 50 കുഴൽക്കിണർ നിർമ്മാണം, 30 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ജല അതോറിറ്റിയുടെ പൊതുവെയുള്ള നയം ഒന്നിലധികം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കുകയാണ്. എന്നിരുന്നാലും നിലവിലുള്ള ചെറുകിട പദ്ധതികളുടെ ആവശ്യാനുസരണം നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താറുണ്ട്.

**കുടിവെള്ള പദ്ധതിയും കാരേറ്റ് തടയണ നിർമ്മിക്കലും**

158(767) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത്, നഗരൂർ, കരവാരം കുടിവെള്ള പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) കിളിമാനൂർ പദ്ധതിയുടെ ജലലഭ്യത ഉറപ്പാക്കാൻ വാമനപുരം ആറ്റിൽ കാരേറ്റ് തടയണ നിർമ്മിക്കാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; നിർമ്മാണത്തിൽ തടസ്സം എന്താണ്; ഈ വേനൽക്കാലത്ത് നിർമ്മാണം നടത്തുവാൻ സാധിക്കുമോയെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 83 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) കിളിമാനൂർ പദ്ധതിയുടെ ജലലഭ്യത ഉറപ്പാക്കാൻ വാമനപുരം ആറ്റിൽ കാരേറ്റ് എന്ന സ്ഥലത്ത് താൽക്കാലിക തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. സ്ഥിരം തടയണ അയിലം കടവിൽ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിലേയ്ക്ക് ജലസേചന വകുപ്പ് നടപടികൾ നടത്തിവരുന്നു.

**സംസ്ഥാനത്തെ ശുദ്ധജലക്ഷാമവും പൈപ്പുകൾ മാറ്റി ഇടുന്നതും**

159(768) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കുടിവെള്ള പദ്ധതികളുടെ ലോ-ടെൻഷൻ പമ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(സി) വിവിധ പദ്ധതികളിലെ പഴയ പൈപ്പുകൾ മാറ്റി എ.സി. പ്രെമോ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണ്; എത്ര ശതമാനം പ്രവർത്തനം പൂർത്തിയാക്കി;

(ഡി) കിഫ്ബിയിൽനിന്നും ഈ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്ത് തുക അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 2016-17 പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ധന സഹായത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിച്ച 23 കുടിവെള്ള പദ്ധതികൾക്ക് 1,257.1 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. മേൽ പദ്ധതികളുടെ പട്ടിക അനുബന്ധം 1 *ആയി ചേർത്തിരിക്കുന്നു. കൂടാതെ 2017-18 ബഡ്ജറ്റിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ പട്ടിക അനുബന്ധം 2* ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ ഗ്രീൻ ബുക്കിൽ 140.00 കോടി രൂപയുടെ പദ്ധതികൾക്കും സ്റ്റേറ്റ് പ്ലാനിൽ 136.50 കോടി രൂപയുടെ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2016-17 പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 16 സ്കീമുകളിലെ പഴയതും കാര്യക്ഷമത കുറഞ്ഞതുമായ 81 HT പമ്പ്സെറ്റുകളും 11 സബ് സ്റ്റേഷനുകളും മാറ്റിസ്ഥാപിക്കുന്നതിന് 75 കോടി രൂപയും 170 സ്കീമുകളിലായി 350 LT പമ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 65 കോടി രൂപയും പ്രഖ്യാപിച്ചിരുന്നു. കിഫ്ബി മാനദണ്ഡപ്രകാരം കുറഞ്ഞത് ഒരു പ്രവൃത്തിക്ക് 10 കോടി രൂപയും പ്രസ്തുത പ്രോജക്ടിൽ മൊത്തം കുറഞ്ഞത് 100 കോടി രൂപയെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ LT പമ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് മൊത്തം 25 കോടി രൂപയുടെ പ്രൊപ്പോസലുകളും HT പമ്പ്സെറ്റുകളും സബ് സ്റ്റേഷനുകളും മാറ്റിസ്ഥാപിക്കുന്നതിന് മൊത്തം 44 കോടി രൂപയുടെ പ്രൊപ്പോസലുകളുമാണ് തയ്യാറാക്കിയത്. മേൽപ്പറഞ്ഞ പദ്ധതികൾ കിഫ്ബി മാനദണ്ഡം പാലിക്കാത്തതിനാൽ ഭരണാനുമതിക്ക് സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) വിവിധ പദ്ധതികളിലെ പഴയ പൈപ്പുകൾ മാറ്റി എ.സി. പ്രെമോ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ 77 സ്കീമുകളിലായി 128 കിലോമീറ്റർ എ.സി. പ്രെമോ പമ്പിംഗ് മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിന് 154 കോടി രൂപയും 174 സ്കീമുകളിലായി 488 കിലോമീറ്റർ എ.സി. പ്രെമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപയും പ്രഖ്യാപിച്ചിരുന്നു. അതിൽ കാലപ്പഴക്കംചെന്ന എ.സി. പ്രെമോ പൈപ്പുകൾ ഉൾപ്പെടെയുള്ള പഴയ പൈപ്പ് മൂലമുള്ള വിതരണനഷ്ടം കുറയ്ക്കാനും അതുവഴി ജലചോർച്ച ഒഴിവാക്കുവാനും വേണ്ടി സംസ്ഥാനത്തെ 148 സ്കീമുകളിലെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. പമ്പിംഗ് മെയിനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ഏകദേശം 74 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് തയ്യാറാക്കിയത്. കിഫ്ബി മാനദണ്ഡപ്രകാരം കുറഞ്ഞത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒരു പ്രവൃത്തിക്ക് 10 കോടി രൂപയും പ്രസ്തുത പ്രോജക്ടിൽ മൊത്തം കുറഞ്ഞത് 100 കോടി രൂപയെങ്കിലും ഉണ്ടായിരിക്കണം. മേൽപ്പറഞ്ഞ പദ്ധതികൾ കിഫ്ബി മാനദണ്ഡം പാലിക്കാത്തതിനാൽ ഭരണാനുമതിക്ക് സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(ഡി) കിഫ്ബിയിൽനിന്നും അനുബന്ധം 1-ൽ ഉൾപ്പെട്ട 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 26.33 കോടി രൂപ ചെലവഴിച്ചു. കൂടാതെ 7.32 കോടി രൂപ സെന്റേജ് ചാർജായും ലഭിച്ചിട്ടുണ്ട്.

**ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതി**

160(769) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ വളരെ പതുക്കെയാണ് പുരോഗമിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒതുക്കങ്ങൽ പൊന്മള കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ്ഹൗസ്, ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കാറായി. പൈപ്പ്ലൈൻ പ്രവൃത്തിയിൽ 118.58 കി.മീറ്ററിൽ 99 കി.മീ. പൂർത്തീകരിച്ചു. ബാക്കിയുള്ള പൈപ്പ്ലൈൻ പ്രവർത്തികൾ നടന്നുവരുന്നു. ഇതിൽ 8.99 കി.മീറ്റർ പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കാനുണ്ട്. പമ്പുസെറ്റുകളും ട്രാൻസ്ഫോർമറും സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്; പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിൽ ടാങ്കിന്റെ സ്ഥലം സംബന്ധിച്ചും പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും തടസ്സം നേരിട്ടിരുന്നു.

(സി) ബാക്കിയുള്ള പൈപ്പ്ലൈൻ പ്രവൃത്തികളും ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കലും ധ്രുതഗതിയിൽ നടന്നുവരുന്നു. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ പ്രവൃത്തികൾ നടത്തുന്നതാണ്.

## കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടി

161(770) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന പൈപ്പുകൾ കാലപ്പഴക്കമേറിയതാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കാലപ്പഴക്കംചെന്ന ജലവിതരണ പൈപ്പുകളിലും മറ്റ് പമ്പിംഗ് വസ്തുക്കളിലുംനിന്നും കുടിവെള്ളത്തിൽ ലെഡ് കലരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ ഏറെ കാലപ്പഴക്കമുള്ള പൈപ്പ്ലൈനുകൾ അടിയന്തരമായി മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ പലതും 50 വർഷത്തിലേറെ പഴക്കമുള്ളതാണ്. 1914-ലും 1933-ലും സ്ഥാപിച്ച പൈപ്പുകൾവരെ ഇപ്പോൾ ഉപയോഗത്തിലുണ്ട്. കാലപ്പഴക്കംചെന്നതും ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽത്തന്നെ ഡ്യൂറബിലിറ്റി കുറഞ്ഞ പൈപ്പുകളായ AC പ്രിമോ പൈപ്പുകൾ മുൻഗണന നൽകി മാറ്റിസ്ഥാപിക്കുന്നുണ്ട്. കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലഹരണപ്പെട്ട പൈപ്പ് മാറ്റൽ പ്രവൃത്തികൾക്ക് 140.95 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇവ കൂടാതെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് 2017-18-ലെ പദ്ധതി വിഹിതം ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള 56 പ്രവൃത്തികൾക്ക് 5957.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ജല അതോറിറ്റിയുടെ കാലപ്പഴക്കംചെന്ന ജലവിതരണ പൈപ്പുകളിലും മറ്റ് പമ്പിംഗ് വസ്തുക്കളിലുംനിന്നും കുടിവെള്ളത്തിൽ ലെഡ് കലരുന്നതായി ഗുണനിലവാര പരിശോധനയിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല.

## വേനൽക്കാലത്തെ ജലവിതരണം

162(771) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന വേനൽക്കാലത്ത് വരൾച്ചയെ നേരിടുന്നതിനായും ജലവിതരണം സുലഭമാക്കുന്നതിനായും ജലവിഭവ വകുപ്പ് ഇതിനോടകം സ്വീകരിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഡാമുകളിൽ ഇപ്പോഴുള്ള ജലലഭ്യതകൊണ്ട് എത്ര നാളത്തേയ്ക്ക് ജലവിതരണം തടസ്സമില്ലാതെ നടത്താനാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജല സംഭരണികളിലെ ജലനിരപ്പ് താരതമ്യേന മെച്ചമാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില നദികളിൽ ഇതിനകം ഒഴുക്ക് നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്താൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറുകൾക്കുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് ജല സംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജല ലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ്ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ 'ബ്ലൂ ബ്രിഗേഡ്' സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥല ലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായിവരുന്നപക്ഷം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കംകൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്. വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല നീട്ടുന്നതിലേക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ടാങ്കർ ലോറിയിലുള്ള ജല വിതരണത്തിന് ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്നും ജലം ലഭ്യമാക്കാറുണ്ട്. വരുന്ന വേനൽക്കാലത്ത് വരൾച്ചയെ നേരിടുന്നതിനായും ജലവിതരണം സുലഭമാക്കുന്നതിനായും ഈ ഓഫീസിനുകീഴിൽ വരുന്ന നെയ്യാർ, കല്ലട, പെരിയാർ വാലി, മൂവാറ്റുപുഴ, ഇടമലയാർ, പമ്പ, ചാലക്കുടി, ചിമ്മിനി, വാഴാനി, ചീരക്കുഴി ജലസേചന പദ്ധതികൾക്കുവേണ്ടി 2017-18

വർഷത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികളും അടിയന്തര പുനരുദ്ധാരണ പ്രവൃത്തികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ വർക്കുകൾക്ക് സാമ്പത്തികാനുമതി നൽകുകയും ചെയ്തിരുന്നു. ടി പ്രവൃത്തികൾ നടപ്പിലാക്കി കനാലുകളിലൂടെ സുഗമമായി ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടി, പഴശ്ശി, കാരാപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളിൽ ജലവിതരണം സുലഭമാകുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും പദ്ധതി ഉപദേശക സമിതിയുടെ തീരുമാനപ്രകാരം ജലവിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഡാമുകളിലെ ജലസംഭരണം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. നെയ്യാർ ഡാം: ഇപ്പോൾ 83.3 മീ. ലെവലിൽ വെള്ളം സംഭരിച്ചുനിർത്തിയിട്ടുണ്ട്. ഇപ്പോഴത്തെ ജലത്തിന്റെ അളവുവച്ച് നോക്കിയാൽ ആവശ്യത്തിനുമാത്രം ജലവിതരണം നടത്തുകയാണെങ്കിൽ ജൂൺ 15 വരെ തടസ്സമില്ലാതെ ജലവിതരണം നടത്തുവാൻ സാധിക്കും.
2. തെന്മല പരപ്പാർ ഡാം: കല്ലട ജലസേചന പദ്ധതിയുടെ തെന്മല ഡാമിൽ 461.76 $mm^3$ ജലം ലഭ്യമാണ്. ഈ വേനൽക്കാലത്ത് തടസ്സമില്ലാതെ ജലവിതരണം നടത്തുവാനുള്ള ജലം ഡാമിൽ ലഭ്യമാണ്.
3. ചിമ്മിനി ഡാം: ഇനി 41 ദിവസത്തേയ്ക്കുകൂടി കുറിമാലി പുഴയിലേയ്ക്ക് ജലവിതരണം നടത്താവുന്നതാണ്.
4. വാഴാനി ഡാം: 48 ദിവസത്തേക്ക് ജലവിതരണം നടത്താവുന്നതാണ്.
5. മലങ്കര ഡാം: മൂവാറ്റുപുഴ ജലസേചന പദ്ധതിയോടനുബന്ധിച്ചുള്ള മലങ്ക ഡാമിൽനിന്നുമുള്ള ജലവിതരണം മൂലമറ്റം പവർ ഹൗസിൽനിന്ന് വരുന്ന ജലത്തെ ആശ്രയിച്ചിരിക്കുന്നു. മൂലമറ്റം പവർ ഹൗസിൽനിന്നും പൂർണ്ണതോതിൽ ജലം ലഭിക്കുകയാണെങ്കിൽ മഴക്കാലം വരെ ജലവിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കും.

കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ എണ്ണക്കൽ ഡാമിൽനിന്നും വൈദ്യുതി ഉല്പാദനത്തിനുശേഷം പുറത്തുവിടുന്ന ജലം ഭൂതത്താൻകെട്ട് ബാരേജിൽ സംഭരിച്ചാണ് ഇടമലയാർ ജലസേചന പദ്ധതിക്കും പെരിയാർവാലി ജലസേചന പദ്ധതിക്കും വേണ്ടിയുള്ള ജലം ലഭ്യമാകുന്നത്. ആയതിനാൽ എണ്ണക്കൽ ഡാമിൽനിന്നുള്ള ജലലഭ്യതയനുസരിച്ച് ഭൂതത്താൻകെട്ട് ബാരേജിൽ ജലം സംഭരിക്കുവാൻ കഴിയുന്നതാണ്.

6. കാഞ്ഞിരപ്പുഴ പദ്ധതിയുടെ ജലസംഭരണിയിൽനിന്നും ഈ വർഷം മേയ് 31 വരെ റൊട്ടേഷൻ രീതിയിൽ ജലവിതരണം നടത്താൻ സാധിക്കും.

7. ചിറ്റൂർ പുഴ പദ്ധതിയിലെ മീൻകര ചുള്ളിയാർ വാളയാർ ജലസംഭരണിയിൽനിന്നും കുടിവെള്ളാവശ്യത്തിന് ഈ വരൾച്ചാ കാലത്തേയ്ക്കാവശ്യമായ ജലം സംഭരിച്ചിട്ടുണ്ട്.

8. തിരുവനന്തപുരം ജില്ലയിലെ പേപ്പാറ ഡാമിലെ ഇപ്പോഴത്തെ ജല ലഭ്യതകൊണ്ട് തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലും 130 ദിവസത്തേയ്ക്കുള്ള ജലവിതരണം തടസ്സമില്ലാതെ നടത്താനാകും.

9. മലമ്പുഴ, മംഗലം, പോത്തുണ്ടി ഡാമുകളിൽ കുടിവെള്ളാവശ്യത്തിന് ഈ വരൾച്ചാ കാലത്തേയ്ക്കാവശ്യമായ ജലം സംഭരിച്ചിട്ടുണ്ട്.

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

163(772) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കടയിൽനിന്നും മണ്ണാമൂല പ്രദേശം വരെയുള്ള എം.ആർ.എ., വി.ആർ.എ., ജി.സി.നഗർ, ദേവി നഗർ എന്നിവിടങ്ങളിൽ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന കുടിവെള്ളം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി ഉന്നത ഉദ്യോസ്ഥരുടെ അനാസ്ഥമൂലം, ലഭിക്കുന്ന ജലത്തിന്റെ അളവ് കുറയുകയും വീടുകളിലെ ടാങ്കുകളിൽ വെള്ളം കയറാതെവരികയും ചെയ്യുന്നതിനാൽ ജനങ്ങൾ വളരെയധികം കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജനങ്ങളുടെ നിരന്തരമായ പരാതിയുടെയും റോഡ് ഉപരോധത്തിന്റെയും വെളിച്ചത്തിൽ പ്രദേശത്തെ എം.ൽ.എ.യുടെ സാന്നിധ്യത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം അടുത്തനാൾ കൂടിയിരുന്നോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിൽ ഏതൊക്കെ ഉദ്യോഗസ്ഥർ പങ്കെടുത്തു; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിനായി ഉദ്യോഗസ്ഥരെ വിളിച്ചാൽ, അവർ ഓരോ ന്യായങ്ങൾ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നതായുള്ള ആക്ഷേപം കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭിയ്ക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കാര്യത്തിൽ ഉദാസീനത കാണിക്കുന്ന ഉദ്യോസ്ഥരുടെ പേരുവിവരം ലഭ്യമാക്കുന്നപക്ഷം അവർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പേരൂർക്കട മണ്ണാമൂല പ്രദേശത്ത് പേരൂർക്കട ജലസംഭരണിയിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്. പേരൂർക്കട ജലസംഭരണിയിൽ നിന്നുമുള്ള ജലവിതരണ ശൃംഖല തുടക്കകാലത്തെ അപേക്ഷിച്ച് വൻതോതിൽ വിപുലീകരിച്ചിട്ടുണ്ട്. ഈ കാരണത്താൽ 24 മണിക്കൂർ ജലം ലഭിച്ചിരുന്ന ഉയർന്ന ചില പ്രദേശങ്ങളിൽ ജല ലഭ്യതയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആയതിനാലാണ് പേരൂർക്കട ഭാഗത്തെ ഉയർന്ന പ്രദേശമായ മണ്ണാമൂല പ്രദേശത്ത് പേരൂർക്കട ജലസംഭരണിയിലുള്ള ജലവിതാനത്തിന്റെ തോത് അനുസരിച്ച് ജലലഭ്യത കുറവ് വരുന്നത്. ഉദ്യോഗസ്ഥതല അനാസ്ഥമൂലമാണ് ജലദൗർലഭ്യം എന്ന് വിലയിരുത്തപ്പെട്ടിട്ടില്ല.

(ബി) ജലലഭ്യത കുറവ് അനുവപ്പെടുന്ന മണ്ണാംമൂല പ്രദേശത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി നെട്ടയം ജലസംഭരണിയിൽനിന്നുള്ള ജലവിതരണ ശൃംഖലയുമായി നിലവിലുള്ള ജല വിതരണ കുഴലുകൾ ബന്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി ടി മേഖലയിലെ ജലദൗർലഭ്യത്തിന് പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് 15-1-2018-ൽ ബഹുമാനപ്പെട്ട MLA-യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം നോർത്ത് ഡിവിഷൻ എക്സി. എഞ്ചിനീയർ, കവടിയാർ വാട്ടർ വർക്സ് നോർത്ത് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കവടിയാർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവർക്കുപുറമെ പൊതുമരാമത്ത് വകുപ്പിലെ ചില ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു. എം.എൽ.എ. വിളിച്ചുചേർത്ത യോഗമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് സർക്കാരിൽ ലഭ്യമല്ല.

(ഡി) പേരൂർക്കട മണ്ണാമൂല പ്രദേശത്തെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനു വേണ്ടി നെട്ടയം ജലസംഭരണിയിൽ നിന്നുമുള്ള ജല വിതരണ ശൃംഖല പണിക്കേഴ്സ് ലൈനിനുസമീപം നിലവിലുള്ള ജല വിതരണക്കുഴലുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ മണ്ണാമൂല പ്രദേശത്തെ ജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

(ഇ) ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉദാസീനത കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആറൻമുള നിയോജകമണ്ഡലത്തിൽപ്പെടുന്ന കുടിവെള്ള പദ്ധതി**

164(773) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 -ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കേണ്ടതുമായ ആറൻമുള നിയോജക മണ്ഡലത്തിൽപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാർ ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്;

(ബി) നിർദ്ദിഷ്ട പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിക്ക് മുമ്പിൽ സമർപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ച് കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആറന്മുള മണ്ഡലത്തിൽ ഉൾപ്പെട്ട കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

(ബി) പമ്പാ നദിയിൽ കോയിപ്രം പഞ്ചായത്തിലെ പൂവത്തൂർ കടവിൽ 12 മീറ്റർ വ്യാസമുള്ള ഇൻടേക്ക് കിണർ പണിത് അവിടെനിന്നും 800 മി.മീ. വ്യാസമുള്ള DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ വഴി കോയിപ്രം പഞ്ചായത്തിലെ മുട്ടമണിൽ നിർമ്മിക്കുന്ന 40 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിക്കുവാനും ശുദ്ധീകരിച്ച ജലം ശുദ്ധീകരണ ശാലയ്ക്ക് സമീപമുള്ള 27 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയിൽനിന്നും ശേഖരിക്കുവാനും പ്രസ്തുത ജലസംഭരണിയിൽനിന്നും ഇരവിപേരൂർ പഞ്ചായത്തിലെ നന്നൂരിൽ പണിയാനുദ്ദേശിക്കുന്ന 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിലും ഇലഞ്ഞിമേടിൽ നിലവിലുള്ള ഭൂതല ടാങ്കിലും എത്തിച്ചു ഇരവിപേരൂർ പഞ്ചായത്തിൽ ജലവിതരണം ലഭ്യമാക്കുവാനും കൂടാതെ മയിലാട് പാറയിൽ പണിയാൻ ഉദ്ദേശിക്കുന്ന 30 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ടാങ്കിൽനിന്നും ഇരവിപേരൂർ പഞ്ചായത്തിലേക്ക് ജല വിതരണം നടത്തുവാനും പദ്ധതിയിൽ വിഭാവന ചെയ്യുന്നു.

ജലശുദ്ധീകരണശാലയിൽനിന്നും കോയിപ്രം പഞ്ചായത്തിലെ വെള്ളിക്കരയിൽ പണിയാൻ ഉദ്ദേശിക്കുന്ന 18 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിലും കൂടാതെ കോയിപ്രം പഞ്ചായത്തിലെ പുരയിടത്തുകാവിൽ നിലവിലുള്ള സംപിനു സമീപം 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി പണിത് അവിടെനിന്നും കാഞ്ഞിരംപാറയിൽ നിലവിലുള്ള ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ടാങ്കിൽ എത്തിച്ച് കോയിപ്രം പഞ്ചായത്തിൽ ജലവിതരണം നടത്താൻ പ്രസ്തുത പദ്ധതിയിൽ വിഭാവന ചെയ്യുന്നു.

ജലശുദ്ധീകരണശാലയിൽനിന്നും തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ പ്രമാടത്തുപാറയിൽ പണിയാൻ ഉദ്ദേശിക്കുന്ന 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിലും കൂടാതെ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ നിലവിലുള്ള കറ്റേപുരം സംപിൽ ശുദ്ധജലം എത്തിച്ച് അവിടെനിന്നും ചരൽക്കുന്നിലുള്ള ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ടാങ്കിൽ എത്തിച്ച് തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ ജലവിതരണം നടത്താനും വിഭാവനം ചെയ്യുന്നു.

(സി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**ഡാമുകളിൽനിന്ന് മണൽവാരൽ പദ്ധതി**

165(774) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡാമുകളിൽനിന്ന് മണൽ വാരുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ വർഷം ഏതൊക്കെ ഡാമുകളിൽനിന്ന് ഇപ്രകാരം വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നിർവഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും മണൽ വില്പന നടത്തുന്നത് എപ്രകാരമാണെന്നും അറിയിക്കുമോ;

(ഡി) ഇപ്രകാരം മണൽ വാരുന്നതിനുമുമ്പ് പരിസ്ഥിതി പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ?

<u>ഉത്തരം</u>

(എ) 2009-2011 കാലയളവിൽ ഡാമുകളിൽനിന്നും മണൽ വാരുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നു. ഈ സർക്കാർ സംസ്ഥാനത്തെ ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ്

എന്നിവ പ്രയോജനപ്പെടുത്തുവാനും വേണ്ടി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP), സ.(കൈ)നമ്പർ. 79/2017/ജവിവ തീയതി 26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അനുമതി നൽകിയിട്ടുണ്ട്.

(ബി) 2009-11 കാലഘട്ടത്തിൽ ശേഖരിച്ചുവച്ചിരുന്ന മണലിൽനിന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ചുള്ളിയാർ ഡാമിൽനിന്നും കഴിഞ്ഞ വർഷം $500M^3$ മണൽ വിതരണം ചെയ്തതിന്റെ വരുമാനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ; ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

## ജലസംഭരണികളിലെ മാലിന്യം നീക്കംചെയ്യാൻ നടപടി

166(775) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കുടിവെള്ള സംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള കല്ലും മണ്ണും തടികളും മറ്റ് മാലിന്യങ്ങളും നീക്കംചെയ്ത്, സംഭരണികളുടെ ആഴം കൂട്ടി, കൂടുതൽ ജലം സംഭരിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവ നീക്കംചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) മാലിന്യങ്ങൾ അടിഞ്ഞുകൂടിയതുമൂലം, പല സ്ഥലങ്ങളിലും ശക്തമായ മഴക്കാലത്ത് കൂടുതൽ ജലം എത്തിച്ചേരുമ്പോൾ സംഭരണി തുറന്നുവിടുന്ന അവസ്ഥ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഇല്ല. എന്നാൽ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മറ്റും നീക്കംചെയ്ത് സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനുമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് (SOP) 26-9-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 79/17/ജവിവ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ജലസംഭരണികളിൽ പൂർണ്ണ സംഭരണശേഷി കവിയുമ്പോൾ സ്പിൽവേ തുറന്നുവിടാറുണ്ട്.

## കുടിവെള്ള സ്രോതസ്സ്

167(776) ശ്രീ. പി. ടി. തോമസ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അനിൽ അക്കര :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, അനിയന്ത്രിതമായ ജലചൂഷണം എന്നിവ വഴി ജലവിതാനത്തിന് സംഭവിക്കുന്ന കുറവ് കുടിവെള്ള സ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ വരൾച്ചക്കാലത്ത് ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞതിനാൽ കൊല്ലം നഗരത്തിലേയ്ക്കുള്ള കുടിവെള്ള പമ്പിംഗ് നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ലേ;

(സി) ജലസ്രോതസ്സുകൾ തടയുകയും അവയെ മലിനപ്പെടുത്തുകയും ചെയ്യുന്നവർക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് സ്വീകരിക്കുന്നത്, വിശദമാക്കുമോ;

(ഡി) കക്കാടംപൊയിലിൽ ഒരു ജനപ്രതിനിധി അനധികൃതമായി ചെക്ക്ഡാം നിർമ്മിച്ച് പാവപ്പെട്ട ആദിവാസികൾക്കുള്ള കുടിവെള്ള സ്രോതസ്സ് തടഞ്ഞതായുള്ള ആക്ഷേപത്തിൽ അദ്ദേഹത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ഇ) ജലസംരക്ഷണത്തിനും നദികളുടെയും തോടുകളുടെയും സംരക്ഷണത്തിനും വേണ്ടി ഹരിതകേരളംവഴി നടപ്പിലാക്കുന്ന പദ്ധതികൾ അവലോകനം ചെയ്യാറുണ്ടോ; അവ വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ വിശദമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. മഴയെ ആശ്രയിച്ചുമാത്രമാണ് കേരളത്തിലെ ജലലഭ്യത നിലനിൽക്കുന്നത്. മഴയിലുണ്ടാകുന്ന വ്യതിയാനം ജലലഭ്യതയെ ബാധിക്കുന്നുണ്ട്. കേരളത്തിലെ മഴയുടെ അളവിൽ സ്ഥല-കാല വ്യതിയാനം വർദ്ധിച്ചുവരുന്നതായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ പൊതുവിൽ ഈ മാറ്റം ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമാണെന്ന് കണക്കാക്കുന്നു. വർദ്ധിച്ച തോതിൽ ഭൂജലം എടുക്കുന്നത് ഭൂജല ശോഷണത്തിന് കാരണമാകും. ഇതിന്റെ പ്രതിഫലനം നദികൾ, തോടുകൾ എന്നീ ജലസ്രോതസ്സുകളിലെ ജലലഭ്യതയെ ബാധിക്കുന്നതാണ്. എന്നാൽ സുരക്ഷിത ജലസ്ഥരങ്ങളിൽ (അക്വിഫർ) നിന്ന് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ജലം എടുക്കുകയാണെങ്കിൽ ജലവിതാനം താഴാതെ നിയന്ത്രിക്കുന്നതിന് സാധിക്കും.

(ബി) ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് ഗണ്യമായി താഴ്ന്ന് കൊല്ലം നഗരത്തിലേയ്ക്കുള്ള പമ്പിംഗിനെ ബാധിച്ചിരുന്നു. എന്നാൽ കെ.ഐ.പി. കനാലിൽനിന്ന് വെള്ളം ലഭ്യമാക്കി മേൽ സാഹചര്യം ഒരു പരിധിവരെ പരിഹരിച്ചിരുന്നു.

(സി) ജലസ്രോതസ്സുകൾ തടസ്സപ്പെടുത്തുന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികൃതർ, ജലസേചന വകുപ്പ് തുടങ്ങിയവ മുഖേന നടപടി സ്വീകരിച്ചുവരുന്നു. നിയമാനുസൃതമല്ലാതെ ഒരു നീർച്ചാലിലോ മറ്റ് ജലസ്രോതസ്സുകളിലോ നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാറുണ്ട്. ഇതോടൊപ്പം, ജലം മലിനമാക്കുന്ന തരത്തിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓർഡിനൻസ് പ്രകാരം ശിക്ഷാ നടപടികൾ കർശനമാക്കിയിട്ടുണ്ട്. മാലിന്യനിക്ഷേപം നടത്തുന്നത് കണ്ടുപിടിക്കപ്പെട്ടാൽ കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷം തടവും ഒപ്പം പരമാവധി രണ്ടുലക്ഷം രൂപ പിഴയും ചുമത്തുന്നതിന് നിയമം അനുശാസിക്കുന്നു. ഈ ഭേദഗതിയുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നത് ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ്.

1962-ലെ ഡിഫൻസ് ആക്ടിൽ ഉൾപ്പെടുത്തി ജലസംഭരണികളിലേയ്ക്കുള്ള പ്രവേശനം നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. ജലസംഭരണികളുടെയും പരിസര പ്രദേശങ്ങളുടെയും സംരക്ഷണത്തിനായി അനധികൃതമായി പ്രവേശിക്കുന്നവർക്കെതിരെ പ്രസ്തുത ആക്ട് പ്രകാരം ജാമ്യമില്ലാത്ത അറസ്റ്റ് ഉൾപ്പെടെയുള്ള നിയമനടപടികൾക്ക് വിധേയമാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊല്യൂഷൻ കൺട്രോൾ ബോർഡും ചേർന്നാണ് ഇതുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിക്കുന്നത്.

(ഡി) ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മലപ്പുറം ജില്ലാ ഭരണകൂടം കക്കാടംപൊയിൽ തുടക്കമിട്ട നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് തടസ്സപ്പെട്ടിരിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്.

(ഇ) ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവൃത്തികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നത്. കുളങ്ങളുടെ നവീകരണം, തടയണകൾ, ഓരുവെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള ഓരുമുട്ടുകൾ/തടയണകൾ, മുൻപ് നിർമ്മിച്ച ജലസേചന

നിർമ്മിതികളുടെ കേടുപാടുകൾ തീർക്കൽ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോർ തറ, കനാലുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് മുൻതൂക്കം നൽകി പരമാവധി ജലസംരക്ഷണവും ജലസേചനവും ഉറപ്പാക്കുന്ന പ്രവൃത്തികളാണ് ജലസമൃദ്ധിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയുമാണ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. നീർത്തടാടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. നിലവിൽ നിർവ്വഹിക്കുന്ന പ്രവൃത്തികൾ വിലയിരുത്തുന്നതിന് മേഖലാ തലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഹരിതകേരളം മിഷൻ വിഭാവന ചെയ്തിട്ടുള്ള സമഗ്രനീർത്തടാധിഷ്ഠിത പദ്ധതിയുടെ പ്രാഥമിക ഘട്ടമാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. എന്നാൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ പ്രാദേശികമായി ഗുണഫലങ്ങൾ നൽകുന്നവയാണ് എന്ന് തെളിയിക്കുന്നവയാണ്. വരട്ടാർ പുനരുജ്ജീവനം, കോലറയാർ പുനരുജ്ജീവനം (രണ്ടും പത്തനംതിട്ട ജില്ല), കാട്ടാക്കട മണ്ഡലത്തിലെ ജലസമൃദ്ധി, കോട്ടയം ജില്ലയിലെ മീനന്തറയാർ-കൊടൂറാർ-മീനച്ചിലാർ നദീ പുനർ സംയോജനം, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ സംരക്ഷണം തുടങ്ങിയവ മറ്റിടങ്ങളിലും നടപ്പിലാക്കാൻ കഴിയുന്ന മാതൃകകളായാണ് പൊതുവിൽ വിലയിരുത്തിയിട്ടുള്ളത്. ഇതിൽ കാട്ടാക്കട മണ്ഡലത്തിലെ ജലസമൃദ്ധിയുടെ ഭാഗമായി നടത്തിയ വിവിധ പ്രവർത്തനങ്ങൾ വഴി ആ പ്രദേശത്തെ ഭൂജലനിരപ്പ് മറ്റിടങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് ഭൂജലവകുപ്പ് വിലയിരുത്തിയിട്ടുമുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തടപ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും രൂപീകരിച്ച് റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേയ്ക്ക്) അടിസ്ഥാനത്തിൽ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതുവഴി കൂടുതൽ ഗുണഫലം കൈവരിക്കാൻ കഴിയും.

**വാട്ടർ അതോറിറ്റിയുടെ വരവു ചെലവും പദ്ധതികളും**

168(777) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ഏകദേശ പ്രതിമാസ വരവ്, ചെലവ് എത്രയെന്നും കമ്മി തുക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി ഏതെല്ലാം സ്രോതസ്സുകളിൽനിന്നുമാണ് വായ്പ സ്വീകരിച്ചിട്ടുള്ളത് ; എന്ത് ആവശ്യങ്ങൾക്ക് ; പ്രസ്തുത വായ്പ തുക സ്വീകരിച്ചതിൽ ഇനി അടച്ചുതീർക്കേണ്ട തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റി കുടിവെള്ള വിതരണത്തിനായി തുടങ്ങിയതും പണി പൂർത്തീകരിക്കാത്തവയുമായ പദ്ധതികളുടെ നിലവിലെ സ്ഥിതിയും ഓരോ പദ്ധതികൾക്കും സ്വീകരിച്ച വായ്പ തുക,പൂർത്തീകരണാവസ്ഥ എന്നിവയും ഇവ

എപ്പോൾ പൂർത്തീകരിയ്ക്കാനാവും എന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| 2017-18 സാമ്പത്തിക വർഷത്തെ ഏകദേശ പ്രതിമാസ വരവ് | രൂപ (കോടിയിൽ) |
|---|---|
| വെള്ളക്കരത്തിൽ നിന്നുള്ള വരുമാനവും മറ്റ് വരുമാനവും | 46.57 |
| കേരള സർക്കാർ പദ്ധതിയേതര വിഹിതം | 26.02 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതവും മറ്റ് വരുമാനവും | 1.98 |
| ആകെ വരവ് (A) | 74.57 |

| ഏകദേശ പ്രതിമാസ ചെലവ് | രൂപ (കോടിയിൽ) |
|---|---|
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.50 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. യും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും | 8.17 |
| വൈദ്യുതി ചെലവ് | 23.70 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 8.00 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പരിശയും | 4.00 |
| ആകെ ചെലവ് (B) | 106.37 |

(ബി) വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന് ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ (ജൈക്ക)യിൽ നിന്നും

വിദേശ വായ്പ ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ഇതുവരെ 2,216.74 കോടി രൂപ വായ്പ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. വായ്പ കാലാവധി 27-7-2015-ൽ അവസാനിച്ചു. കേന്ദ്ര സർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധ വാർഷികമായാണ് നൽകേണ്ടത്.

2. പി.എച്ച്.ഇ.ഡി. ആയിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന എൽ.ഐ.സി. വായ്പാ തുകയായ 32.82 കോടി രൂപ 1984-ൽ വാട്ടർ അതോറിറ്റിയായി രൂപീകൃതമായപ്പോൾ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് പല വർഷങ്ങളിലായി പല പദ്ധതികൾക്കായി 2002-03 സാമ്പത്തിക വർഷം വരെ വായ്പയെടുക്കുകയും ഇവ യഥാസമയം തിരിച്ചടച്ചുവരികയും ചെയ്യുന്നു. 31-3-2003 വരെയുള്ള വായ്പാ കുടിശ്ശിക 230.43 കോടി രൂപയാണ്. അതിനുശേഷം വാട്ടർ അതോറിറ്റി നാളിതുവരെ എൽ.ഐ.സി. -യിൽനിന്നും വായ്പ സ്വീകരിച്ചിട്ടില്ല. അതേസമയം കൃത്യമായ ഇടവേളകളിൽ പലിശ സഹിതം തിരിച്ചടച്ചുവരുന്നു. 31-12-2017-ലെ കണക്കനുസരിച്ച് ഇനി അടച്ചുതീർക്കാനുള്ള തുക 61.04 കോടി രൂപയാണ്.

(സി) 1. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്ത പ്രദേശങ്ങൾക്കുംവേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 2,987 കോടി രൂപയാണ്. പദ്ധതി പ്രദേശങ്ങളിലെ 40.7 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ആദ്യരൂപകൽപ്പന പ്രകാരം ഭാഗികമായും കമ്മീഷൻ ചെയ്തു. മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണശൃംഖലയുടെ ശേഷിക്കുന്ന പണികളും നിലവിലുള്ള തിരുവനന്തപുരം പദ്ധതിയുടെ ജല ശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. ഈ അഞ്ചു പദ്ധതികൾക്കായി സ്വീകരിച്ച വായ്പ തുക 2,216.74 കോടി രൂപയാണ്. പദ്ധതിയുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് സംസ്ഥാന

സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം പദ്ധതി 2018 ജൂണിലും കോഴിക്കോട് പദ്ധതി 2019 മാർച്ചിലും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തന പുരോഗതി കുറവുമൂലം മീനാട് പദ്ധതിയുടെ വിതരണ ശൃംഖലയുടെ അവശേഷിക്കുന്ന പണികൾ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഈ പ്രവൃത്തി കരാർ ഉറപ്പിച്ച ശേഷം 18 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു

2. എൽ.ഐ.സി.-യിൽനിന്ന് വായ്പ എടുത്ത് നടപ്പിലാക്കിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചു.

**ജല അതോറിറ്റിയുടെ മൂന്നുവർഷത്തെ കണക്കുകൾ**

169(778) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ മൂന്നുവർഷത്തെ കണക്കുകൾ പരിശോധിക്കാൻ പുറം കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) അക്കൗണ്ട്സ് വിഭാഗത്തിലെ ജോലികൾ പുറം കരാർ നൽകാനുള്ള തീരുമാനമെടുത്തത് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ ;

(സി) ജല അതോറിറ്റിയുടെ കണക്കുകൾ യഥാസമയം കേന്ദ്ര സംസ്ഥാന സർക്കാരുകളെ അറിയിക്കാത്തതുകാരണം അതോറിറ്റിക്ക് പുതിയ പദ്ധതികൾ നഷ്ടമായിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ജല അതോറിറ്റിയുടെ കണക്കുകൾ പരിശോധിക്കുന്നത് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസാണ്. അത്തരത്തിലുള്ള പരിശോധനയ്ക്ക് പുറം കരാർ നൽകിയിട്ടില്ല.

(ബി) 28-11-2017-ലെ അതോറിറ്റിയുടെ 398-ാമത് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 2014-15 മുതൽ 2016-17 വരെയുള്ള അക്കൗണ്ട്സ് തീർപ്പാക്കുന്നതിന് പുറം കരാർ നൽകുവാൻ തീരുമാനിച്ചു. ഇതിനോടനുബന്ധിച്ചുള്ള അനന്തര നടപടികൾ നടന്നുവരുന്നു.

(സി) ഇല്ല.

## കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണ പ്ലാന്റുകൾ

170(779) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് ദിവസേന എത്ര ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ സാധിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ എത്ര ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണ്;

(സി) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണ പ്ലാന്റുകൾക്ക് മൊത്തം എത്ര ലിറ്റർ വെള്ളം ശുദ്ധീകരിക്കാനുള്ള ക്ഷമതയുണ്ട്; ഇതിൽ എത്ര ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ സാധിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2207 ദശലക്ഷം ലിറ്റർ.

(ബി) 227 ശുദ്ധീകരണ പ്ലാന്റുകൾ; ഇതിൽ 226-ഉം പ്രവർത്തനക്ഷമമാണ്.

(സി) 3007.78 എം.എൽ.ഡി. വെള്ളം ശുദ്ധീകരണക്ഷമതയുണ്ട്. ഇതിൽ 2207 എം.എൽ.ഡി. വെള്ളമാണ് ദിവസവും ശുദ്ധീകരിക്കുന്നത്.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി

171(780) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ ആണെന്നും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം നൽകുന്നതിന് ബുദ്ധിമുട്ടുകയുമാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) കേരള വാട്ടർ അതോറിറ്റി വരുമാനത്തിൽ 200 ശതമാനം വർദ്ധനവ് വരുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വരുമാന വർദ്ധനവിനായുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക ഞെരുക്കത്തിനിടയിലും പെൻഷൻകാർക്ക് മാസംതോറും നൽകുന്ന പെൻഷൻ തുകയിൽ മുടക്കം വന്നിട്ടില്ല. എന്നാൽ കമ്മ്യൂട്ടേഷൻ പെൻഷൻ ആനുകൂല്യം 2016 ജനുവരി മുതൽ കുടിശ്ശികയുണ്ട്. DCRG, Terminal Surrender തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങൾ 3-4 മാസത്തെ കാലതാമസത്തോടുകൂടി നൽകുന്നുണ്ട്.

(ബി&സി) ഇല്ല.

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

172(781) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) വാട്ടർ അതോറിറ്റി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വാട്ടർ ചാർജ്ജ് ഇനത്തിൽനിന്നുള്ള വരുമാനം കുറയുന്നതിന്റെ മുഖ്യകാരണം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ നാൽപ്പത്തിയഞ്ച് ശതമാനത്തോളം മീറ്റർ ചെയ്യപ്പെടാതെ പോകുന്നുവെന്നതാകയാൽ വെള്ളത്തിന്റെ ചോർച്ച തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ ഭാഗമായി നിലവിലുള്ള വിതരണ ലൈനുകളുടെ കേട്ടുപാടുകൾ മാറ്റി വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രതിമാസ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്.

വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാ തിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതിനുപുറമെ 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു. ജലവിതരണ ശൃംഖലയിലെ പൈപ്പുകളുടെ ചോർച്ച വാട്ടർ അതോറിറ്റിക്ക് വിതരണ നഷ്ടമുണ്ടാക്കുന്നു.

അതോറിറ്റി സ്ഥാപിതമായതിനുശേഷം ഏകദേശം ആയിരത്തി ഒരുന്നൂറോളം സ്കീമുകൾ പൂർത്തീകരിക്കുകയും അതുവഴി ജനങ്ങൾക്ക് ശുദ്ധജലം നൽകുകയും ചെയ്യുന്നു. എന്നാൽ സ്കീമുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം വർദ്ധിച്ചതിനനുസരിച്ച് ജീവനക്കാരുടെ അംഗീകൃത തസ്തികകൾക്ക് വർദ്ധനവുണ്ടായിട്ടില്ല. ഇത് ഒരു പരിധിവരെ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രസഹായത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു. വർഷംതോറും ഉണ്ടാകുന്ന വരൾച്ച ഡാമുകളുടെ ജലനിരപ്പിനെയും മറ്റു ജല സ്രോതസ്സുകളെയും ബാധിക്കുന്നുണ്ട്. ഇത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതുവഴി കൂടുതൽ വാട്ടർ കണക്ഷനുകൾ നൽകി വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലാണ്.

വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകളിൽ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇതുവഴി 2016-17 സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ 67 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികം പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ വിതരണ നഷ്ടം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

(സി) പൈപ്പ്ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ്ലൈൻ ചോർച്ചയും മറ്റ് പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു.

(ഡി) പൈപ്പുകളിലെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖലയിലൂടെയുള്ള ചോർച്ച ഒഴിവാക്കുവാനുള്ള കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പഴകിയതും, കാലാവധി കഴിഞ്ഞതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാനായി 144.25 കോടി രൂപയുടെ 16 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്ക് 59.57 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory Control and Data Acquision) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി**

173(782) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ വാർഷിക വരവ്, ചെലവ്, നഷ്ടം എന്നിവ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ)

| വാർഷിക വരവ് | രൂപ (കോടിയിൽ) |
|---|---|
| വെള്ളക്കരത്തിൽ നിന്നുള്ള വരുമാനവും മറ്റ് വരുമാനവും | 558.84 |
| കേരള സർക്കാർ പദ്ധതിയേതര വിഹിതം | 312.24 |
| കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതവും മറ്റ് വരുമാനവും | 23.76 |
| ആകെ വരവ് (A) | 894.84 |

| വാർഷിക ചെലവ് | രൂപ (കോടിയിൽ) |
|---|---|
| ശമ്പളവും കരാർ വേതനവും | 459.00 |
| പ്രതിമാസ പെൻഷൻ | 210.00 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. -യും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും | 98.04 |
| വൈദ്യുതി ചെലവ് | 284.40 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 96.00 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 81.00 |
| വായ്പാ തിരിച്ചടവും പരിശയും | 48.00 |
| ആകെ ചെലവ് (B) | 1,276.44 |
| കമ്മി (A-B) | 381.60 |

തേയ്മാനചെലവും സർക്കാർ വായ്പയും പലിശയും പരിഗണിക്കാതെയാണ് വാർഷിക കമ്മി കണക്കാക്കിയിരിക്കുന്നത്.

(ബി) ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും ഉപഭോക്തൃസേവനങ്ങൾ കൃത്യമായി നൽകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പുതിയ കണക്ഷനുകൾ സമയബന്ധിതമായി നൽകുന്നതിലേയ്ക്കുമായി കേന്ദ്രീകൃത ബില്ലിംഗ് സമ്പ്രദായം എല്ലാ ഫീൽഡ് ഓഫീസുകളിലും വ്യാപിപ്പിച്ചുവരുന്നു. ഡിവിഷനുകളിൽ ഒരു ദിവസം പിരിക്കുന്ന തുക, കൊടുക്കേണ്ട കണക്ഷനുകൾ എന്നിവയുടെ ടാർജറ്റ് നിശ്ചയിച്ച് സമയാസമയങ്ങളിൽ ഡിവിഷണൽ ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്തി തിരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതികൾ സമയബന്ധിതമായി സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ ക്ലിപ്തതയോടെ തീർക്കാനും പ്ലാനിംഗ്, മോണിറ്ററിംഗ് എന്നീ സെക്ഷനുകൾ ഹെഡ് ഓഫീസിൽ ഉണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ, റവന്യൂ പിരിവ് എന്നിവയുടെ കേന്ദ്രീകൃത നിരീക്ഷണത്തിനായി പുതുതായി ഓപ്പറേഷൻസ് വിഭാഗവും ഹെഡ് ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ വിവിധ തലങ്ങളിൽ വിലയിരുത്തി, ഓരോ തലങ്ങളിലും വ്യക്തമായ സമയപരിധി നിശ്ചയിച്ച് പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉല്പാദനത്തിന് ആനുപാതികമായി കണക്ഷനുകൾ വർദ്ധിപ്പിക്കുന്നതിനും വരുമാനരഹിത ജലത്തിന്റെ അളവ് ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനും കുടിശ്ശിക പിരിക്കുന്നതിനും ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥൻമാരുടെ ആനുവൽ വർക്ക് പ്ലാൻ നിർബന്ധമാക്കും.

അതോറിറ്റിയിലെ വിവരസാങ്കേതിക വിദ്യാ വിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചുകഴിഞ്ഞു. നിലവിലെ യൂണിറ്റ് പുനഃക്രമീകരിക്കുന്നതോടൊപ്പം എഞ്ചിനീയറിംഗ് കോളേജുകളിലെ കമ്പ്യൂട്ടർ/ ഐ.ടി. വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി ആവശ്യമായ സോഫ്റ്റ്‌വെയറുകൾ രൂപകൽപ്പന ചെയ്യുവാനുള്ള പ്രാരംഭ ചർച്ചകൾ നടന്നുകഴിഞ്ഞു. നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളുടെ ഗുണനിലവാര പരിശോധന നടത്തി അനുയോജ്യമായ രൂപാന്തരം വരുത്തി ഉപയോഗിക്കുവാൻ നടപടികൾ ആരംഭിച്ചു. ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ സാധനങ്ങളുടെ ആസ്തിവിവരങ്ങളും അവയുടെ അറ്റകുറ്റപ്പണികളും രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള ഓൺലൈൻ സംവിധാനം അന്തിമഘട്ടത്തിലാണ്. കിഫ്ബി പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും അതോറിറ്റിയിലെ കോടതി കേസുകളുടെ സ്ഥിതി വിവരവും കേസ് നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ പൂർത്തിയായിവരുന്നു.

ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പുവരുത്തുവാനുമായി രൂപകൽപ്പന ചെയ്ത ജനമിത്രാ സോഫ്റ്റ്‌വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചുവരുന്നു. തികച്ചും സൗജന്യമായി വികസിപ്പിച്ചെടുത്ത ഈ സോഫ്റ്റ്‌വെയർ മുഖേന പരാതികൾ രജിസ്റ്റർ ചെയ്യുവാനും അവ പരിഹരിക്കുന്നതുവരെ ഉന്നതതലത്തിൽ നിരീക്ഷിച്ച് നിർദ്ദേശം നൽകാനും പരസ്പരം സംവദിക്കാനും സാധ്യമാണ്.

കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കേരള വാട്ടർ അതോറിറ്റി രൂപീകരിച്ച ഇന്നവേഷൻ സോൺ (KWIZ) മുഖേന ആൾനൂഴികൾ വൃത്തിയാക്കുന്ന പ്രവൃത്തി പൂർണ്ണമായും യന്ത്രവൽകൃതമാക്കാനായുള്ള ജൻറോബോട്ടിക്സ് എന്ന യുവസംരംഭകരുമായുള്ള സംയുക്ത ഉദ്യമത്തിന്റെ ഫലമായി മനുഷ്യപ്രയത്നമില്ലാതെ ആൾനൂഴികൾ വൃത്തിയാക്കുന്ന യന്ത്രമനുഷ്യൻ (ബൻഡിക്കൂട്ട്) രൂപകൽപ്പന ചെയ്തു. 2018-ലെ ആറ്റുകാൽ പൊങ്കാലയ്ക്ക് മുന്നോടിയായി തിരുവനന്തപുരം നഗരത്തിലെ ആൾനൂഴികൾ വൃത്തിയാക്കുന്ന പ്രവൃത്തികൾക്കായി ബൻഡിക്കൂട്ടിനെ ഉപയോഗപ്പെടുത്തുകയാണ്.

## ജലവിതരണ ശൃംഖലയിലെ ചോർച്ചമൂലമുള്ള ജലനഷ്ടം

174(783) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ചോർച്ച മൂലമുള്ള ജലനഷ്ടം എത്ര ശതമാനം എന്ന് വെളിപ്പെടുത്താമോ;

(ബി) ഭീമമായ ജലനഷ്ടം കുറച്ചുകൊണ്ടുവരാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉല്പാദനവും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വിതരണ നഷ്ടം കണക്കാക്കിവരുന്നു. ഇത് 45 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ചോർച്ചമൂലമുള്ള ജല നഷ്ടവും (physical loss) വാണിജ്യ നഷ്ടവും (commercial loss) ഉൾപ്പെടുന്നു. ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം നിലവിലില്ല.

(ബി) ചോർച്ചമൂലമുള്ള ജലനഷ്ടം കുറച്ചുകൊണ്ടുവരാൻ കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പ്‌ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2017-18-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. മേൽ നടപടികൾ കൂടാതെ പൈപ്പ് ലൈനുകളിലെ ചോർച്ചമൂലമുണ്ടാകുന്ന നഷ്ടം യഥാസമയം പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് 2017-18-ലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള 56 പ്രവൃത്തികൾക്ക് 5,957.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

## ജലക്ഷാമം തടയാൻ നടപടി

175(784) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന താപനില കണക്കിലെടുത്ത് ജലക്ഷാമം തടയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നടപടികൾ വിശദമാക്കാമോ;

(സി) ജല അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിയും പൊതു ടാപ്പുകളിലൂടെയും കുടിവെള്ളം നഷ്ടമാകുന്നത് തടയാൻ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്; മുൻ വർഷത്തെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. മൺസൂൺ കാലത്തെ മഴ ലഭ്യതയിൽ കുറവുണ്ടായെങ്കിലും ഇടയ്ക്ക് പെയ്ത മഴകാരണം ജലസംഭരണികളിലെ ജല നിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന മെച്ചമാണെങ്കിലും കുടിവെള്ള സ്രോതസ്സുകളായുപയോഗിക്കുന്ന പല നദികളിലും നീരൊഴുക്ക് കുറവാണ് എന്നത് കണക്കിലെടുത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻ കരുതൽ പ്രവൃത്തികൾ അടിയന്തരമായി ചെയ്യുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2.32 കോടി രൂപയുടെ 94 പ്രവൃത്തികൾ ഇതിനോടകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതിൽ 35 എണ്ണം തടയണ നിർമ്മിക്കുന്നതാണ്. ഇതുവഴി സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരുജലത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30.55 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽനിന്നുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പിന്റെയും മോട്ടോറിന്റെയും താൽക്കാലിക അടിയന്തര

അറ്റകുറ്റപ്പണികൾ നടത്തിയും പൈപ്പ് ലൈനുകളിലെ ചോർച്ച സമയബന്ധിതമായി പരിഹരിച്ചും ജല വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉടനടി പൂർത്തീകരിക്കുവാൻ സാധിക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാനും നിലവിലെ സ്കീമുകളിൽനിന്നും സാധ്യമായ സ്ഥാലങ്ങളിലേക്ക് വിതരണ ശൃംഖല നീട്ടിയും ഇന്റർകണക്ഷൻ നടത്തിയും കൂടുതൽ സ്ഥലങ്ങളിൽ ജലമെത്തിക്കുവാനുള്ള ശ്രമം നടത്തിവരുന്നു. അതോറിറ്റിയുടെ വിതരണ ശൃംഖല വഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ, റവന്യൂ വകുപ്പുകൾക്ക് ടാങ്കർ ലോറി വഴി ജലവിതരണം നടത്തുവാനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനായി വിവിധ സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന അവസ്ഥ ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താല്ക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സാങ്കേതികത പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുഴൽക്കിണർ നിർമ്മിക്കുവാനുള്ള സാധ്യതയും പരിഗണിച്ചുവരുന്നു. നീർത്തടങ്ങളുടെ സമഗ്രപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ നീർത്തട മാപ്പുകൾ ജലസേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ കുളങ്ങളുടെ നവീകരണം, തോടുകളുടെ പുനഃസ്ഥാപനം, മുൻകാല ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപ്പണി, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ശേഷി ഉറപ്പാക്കൽ തുടങ്ങിയവയും നിർവ്വഹിച്ചുവരുന്നു.

(സി) ജല അതോറിറ്റിയുടെ പൈപ്പിലൂടെയും പൊതു ടാപ്പിലൂടെയും ഉണ്ടാകുന്ന ജല നഷ്ടം തടയാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. പൈപ്പ് പൊട്ടലും പൊതുടാപ്പിലെ ലീക്കും അറ്റകുറ്റപ്പണി നടത്തി ജലച്ചോർച്ച സമയബന്ധിതമായി പരിഹരിക്കുവാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നിലവിലുണ്ട്. ഇതിനുപുറമെ 'ബ്ലൂ ബ്രിഗേഡ്' സംവിധാനം എല്ലാ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിലും തുടങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ സ്കീം

176(785) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീന ആശയങ്ങളെ സന്നിവേശിപ്പിച്ചുകൊണ്ട് വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പേരിൽ ഒരു സ്കീം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ സവിശേഷതകളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ശുദ്ധജല വിതരണരംഗത്തും സ്വീവറേജ് സംവിധാന പരിപാലനത്തിനും കേരള ജല അതോറിറ്റി വിവിധ സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ജലവിതരണവും സ്വീവറേജ് സംവിധാനവും ആധുനിക വൽക്കരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾക്ക് ഇവിടത്തെ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകമായ നൂതന ആശയങ്ങൾ ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന പേരിൽ ആരംഭിച്ചിട്ടുള്ള സംരംഭത്തിന്റെ ഭാഗമായി പ്രശ്ന സങ്കീർണ്ണതയുള്ള മേഖലയിലെ നേരത്തെതന്നെ തിരിച്ചറിഞ്ഞിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി പരിഹാരം നിർദ്ദേശിക്കുവാൻ താല്പര്യമുള്ള വ്യക്തികൾ/സംരംഭകർ/സ്ഥാപനങ്ങൾ എന്നിവർക്കായി ഒരു വെബ്പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെബ്പോർട്ടലിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ/ആശയങ്ങൾ ഒരു പ്രോജക്ട് സെലക്ഷൻ കമ്മിറ്റി അവലോകനം ചെയ്യുകയും നൂതന ആശയവും ടീം സാധ്യതകളും അടിസ്ഥാനമാക്കി ഒരു സ്ക്രീനിംഗ് പ്രക്രിയ നടത്തുകയും ചെയ്യും. ഇതിന്റെ അടിസ്ഥാനത്തിൽ വികസന സാധ്യതയുള്ള ആശയങ്ങൾ തെരഞ്ഞെടുക്കും. തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ പ്രോജക്ട് അപ്രൂവൽ കമ്മിറ്റി വിശദമായി അവലോകനം ചെയ്യുകയും ജല അതോറിറ്റിക്ക് തികച്ചും ഗുണകരമായവ ഉന്നതതല തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്യുന്നതാണ്.

കേരളത്തിലെ സംരംഭകത്വ വികസനത്തിനും ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ഇത്തരം നവീന ആശയങ്ങളെ ജല അതോറിറ്റിക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങളാക്കി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്.

ഇപ്രകാരം ലഭിച്ച ആദ്യ രണ്ട് ആശയങ്ങളിൽനിന്നും യന്ത്ര മനുഷ്യന്റെ സഹായത്താൽ ആൾനൂഴി വൃത്തിയാക്കുന്ന ആശയത്തെ തെരഞ്ഞെടുക്കുകയും കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയേഴ്സിന്റെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദശത്തിലും അതോറിറ്റിക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ഒരു പൈലറ്റ് മോഡൽ വികസിപ്പിക്കുകയും ചെയ്തു. ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും വരെ ശ്രദ്ധ നേടിക്കഴിഞ്ഞ ഈ യന്ത്ര മനുഷ്യന്റെ ഉദ്ഘാടനം ഫെബ്രുവരി 26-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പന്നമായി ഇതിനെ വികസിപ്പിച്ചെടുക്കുന്നതിന് ഇനിയും ഉത്തമീകരണം ആവശ്യമാണ്. ഈ യന്ത്ര മനുഷ്യന്റെ അടുത്ത ഘട്ടങ്ങൾക്ക് ആവശ്യമായ നടപടികൾ, ബന്ധപ്പെട്ട കമ്മിറ്റികളുടെ ഉപദേശാനുസരണം കൈക്കൊള്ളുന്നതാണ്. ഇനിയും ഇത്തരത്തിലുള്ള നൂതന ആശയങ്ങൾക്കും പ്രാദേശിക പ്രതിഭകൾക്കും പ്രോത്സാഹനം നൽകി അവയെ യാഥാർത്ഥ്യമാക്കി കേരള വാട്ടർ അതോറിറ്റിക്ക് ഗുണകരമാക്കുക എന്നതാണ് പരമപ്രധാന ലക്ഷ്യം.

(സി) KWIZ എന്ന സംരംഭം 11-1-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ അവസരത്തിൽത്തന്നെ ഈ സംരംഭവുമായി ബന്ധപ്പെട്ടുള്ള ഒരു ധാരണപത്രം കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനും കൈമാറിയിരുന്നു.

## വാട്ടർ അതോറിറ്റി മീറ്ററുകൾ

177(786) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശരിയായരീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മീറ്റർ തകരാറുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാലും മാറ്റി സ്ഥാപിക്കാതിരിക്കുന്നതിനാലും വാട്ടർ അതോറിറ്റിക്ക് നഷ്ടം സംഭവിക്കുന്നുണ്ടോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മികവുറ്റ തരത്തിൽ ജല അതോറിറ്റി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പദ്ധതിയുടെ ജലസ്രോതസ്സിൽ നിലനിൽക്കുന്ന പ്രാദേശികമായ തർക്കങ്ങൾ, ലീക്കുകൾ പരിഹരിക്കുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനും ലഭ്യമാകേണ്ട റോഡ് കട്ടിംഗ് അനുമതിയിൽ ഉണ്ടാകുന്ന കാലതാമസം, മറ്റ് വകുപ്പുകളിൽ (റെയിൽവേ, വനം) നിന്ന് ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം, വിവിധ ഏജൻസികളിൽ നിന്നുള്ള കേസുകൾ, ഫണ്ടിന്റെ അപര്യാപ്തത, ജീവനക്കാരുടെ കുറവ്, സ്വകാര്യ വ്യക്തികളിൽനിന്നും മറ്റ് വകുപ്പുകളിൽനിന്നും വിവിധ പ്രോജക്ടുകളിലേയ്ക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസങ്ങളും തർക്കങ്ങളും എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ബി&സി) ഇ-അബാക്കസ് എന്ന ബില്ലിംഗ് സോഫ്റ്റ്‍വെയർ വന്നതിനുശേഷം ദ്വൈമാസ ബില്ലിംഗ് സംവിധാനം കാര്യക്ഷമമായതിനാൽ മീറ്റർ തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ യഥാസമയം മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മീറ്റർ റീഡിംഗ് എടുക്കുന്ന സമയത്ത് മീറ്റർ കേടായതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ഉപഭോക്താവിന് ആ വിവരം നൽകുന്നതിനായി നോട്ടീസ് നൽകുകയും നോട്ടീസ് കൈപ്പറ്റി 2 മാസത്തിനകം മീറ്റർ പുനഃസ്ഥാപിച്ചില്ലെങ്കിൽ 2-ാം മാസം മുതൽ 25%, തുടർന്നും മാറ്റിയില്ലെങ്കിൽ 50%, 100% എന്നീ നിരക്കിൽ സർചാർജ്ജും ഈടാക്കുന്നതാണ്. 6 മാസത്തിനുള്ളിൽ മീറ്റർ മാറ്റിസ്ഥാപിക്കാത്തപക്ഷം പ്രസ്തുത കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

### വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

178(787) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയിൽ റീഡിംഗ് എടുക്കുന്ന കരാറുകാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വാട്ടർ അതോറിറ്റിയിൽ റീഡിംഗ് എടുക്കുന്ന എത്ര കരാറുകാരെ ജോലിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും ലഭ്യമാക്കുവാനും അതുവഴി ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി ഉയർത്തുവാനും സേവന നിബന്ധനകൾ പരിഷ്കരിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും ഉപഭോക്തൃ സേവനങ്ങൾ കൃത്യമായി നൽകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും പുതിയ കണക്ഷനുകൾ സമയബന്ധിതമായി നൽകുന്നതിലേയ്ക്കുമായി കേന്ദ്രീകൃത ബില്ലിംഗ് സമ്പ്രദായം എല്ലാ ഫീൽഡ് ഓഫീസുകളിലും വ്യാപിപ്പിച്ചുവരുന്നു.

ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ വിവിധ തലങ്ങളിൽ വിലയിരുത്തി ഓരോ തലങ്ങളിലും വ്യക്തമായ സമയപരിധി നിശ്ചയിച്ച് പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉല്പാദനത്തിന് ആനുപാതികമായി കണക്ഷനുകൾ വർദ്ധിപ്പിക്കുന്നതിനും വരുമാനരഹിത ജലത്തിന്റെ അളവ് ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

അതോറിറ്റിയിലെ വിവര സാങ്കേതികവിദ്യാ വിഭാഗം കാര്യക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചുകഴിഞ്ഞു. നിലവിലെ യൂണിറ്റ് പുനഃക്രമീകരിക്കുന്നതോടൊപ്പം എഞ്ചിനീയറിംഗ് കോളേജുകളിലെ കമ്പ്യൂട്ടർ/ ഐ.ടി. വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി ആവശ്യമായ സോഫ്റ്റ്‌വെയറുകൾ രൂപകൽപ്പന ചെയ്യുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ഇലക്ട്രോ മെക്കാനിക്കൽ സാധനങ്ങളുടെ ആസ്തി വിവരങ്ങളും അവയുടെ അറ്റകുറ്റപ്പണികളും രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള ഓൺലൈൻ സംവിധാനം അന്തിമഘട്ടത്തിലാണ്. കിഫ്ബി പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും അതോറിറ്റിയിലെ കോടതി കേസുകളുടെ സ്ഥിതിവിവരവും കേസ് നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ഓൺലൈൻ സംവിധാനങ്ങൾ പൂർത്തിയായിവരുന്നു.

ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പുവരുത്തുവാനുമായി രൂപകല്പന ചെയ്ത ജനമിത്ര സോഫ്റ്റ്‌വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചുവരുന്നു.

ഉപയോഗപ്രദമായ നവീന ആശയങ്ങളെ പ്രായോഗിക ഉല്പന്നങ്ങളായി പരിവർത്തനം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന സംരംഭം ആരംഭിച്ചു. പ്രസ്തുത സംരംഭം മുഖേന മാൻഹോൾ വൃത്തിയാക്കുന്ന

പ്രവൃത്തി പൂർണ്ണമായും യന്ത്രവൽകൃതമാക്കുന്നതിനായി യന്ത്ര മനുഷ്യന് രൂപകല്പന ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി&സി) വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ നികത്തി റീഡിംഗ് എടുക്കുന്ന കരാറുകാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 375 മീറ്റർ റീഡർമാരുടെ അംഗീകൃത തസ്തികകൾ ഉള്ളതിൽ നിലവിൽ ഒരു ഒഴിവ് മാത്രമാണ് നികത്താനുള്ളത്. അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. മീറ്റർ റീഡിംഗ് എടുക്കുന്നതിനായി ദിവസ വേതന അടിസ്ഥാനത്തിൽ ആരേയും നിയമിച്ചിട്ടില്ല. എന്നാൽ വാട്ടർ കണക്ഷനുകളുടെ എണ്ണത്തിന് ആനുപാതികമായി മീറ്റർ റീഡർമാരുടെ അനുവദിക്കപ്പെട്ട തസ്തികയുടെ അഭാവത്തിൽ കുടുംബശ്രീ വഴിയും അംഗീകൃത കരാറുകാർ മുഖാന്തരവും താൽക്കാലികമായി ജീവനക്കാരെ ഏർപ്പെടുത്തി മീറ്റർ റീഡിംഗ് എടുത്തുവരുന്നു. ഇത് വാട്ടർ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ്.

## കുടിവെള്ള പദ്ധതികൾ

179(788) ശ്രീ.അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ എത്ര കുടിവെള്ള പദ്ധതികൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഡൊമസ്റ്റിക്, നോൺ ഡൊമസ്റ്റിക് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ആയത് എത്രവീതമാണെന്നതിന്റെ കണക്കുകളും ലഭ്യമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മുഴുവൻ പദ്ധതികളിലുമായി എത്ര ശതമാനം പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്നുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.:

| | |
|---|---|
| തിരുവനന്തപുരം | 105 |
| കൊല്ലം | 75 |
| പത്തനംതിട്ട | 70 |
| ആലപ്പുഴ | 57 |
| കോട്ടയം | 82 |
| എറണാകുളം | 94 |
| തൃശ്ശൂർ | 121 |
| ഇടുക്കി | 101 |
| പാലക്കാട് | 59 |
| കോഴിക്കോട് | 90 |
| വയനാട് | 26 |
| മലപ്പുറം | 56 |
| കണ്ണൂർ | 96 |
| കാസർഗോഡ് | 77 |

(ബി) കുടിവെള്ള പദ്ധതികളെ ഡൊമസ്റ്റിക്, നോൺ ഡൊമസ്റ്റിക് എന്നിങ്ങനെ തരംതിരിച്ചിട്ടില്ല.

(സി) ഇപ്പോൾ നിലവിലുള്ള ആയിരത്തി ഒരുന്നൂറോളം പദ്ധതികളിലൂടെ 22.21 ലക്ഷം കണക്ഷനുകൾ വഴിയും 2.06 ലക്ഷം പൊതു ടാപ്പുകൾ വഴിയും സംസ്ഥാനത്തെ ഏകദേശം 55% ജനങ്ങൾക്ക് ശുദ്ധജല വിതരണം നടത്തുന്നു.

**ചിറ്റൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ**

180(789) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ മാസംമുതൽ ഇന്നേവരെ ചിറ്റൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ ഏതൊക്കെ കുടിവെള്ള പദ്ധതികൾ ജല അതോറിറ്റി ബോർഡ് അംഗീകരിച്ചു; ഏതൊക്കെ കുടിവെള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു; ഏതൊക്കെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു;

(സി) 2016 ജൂലൈ മാസം മുതൽ എം. എൽ. എ. -യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് ജല അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2016 ജൂലൈ മാസംമുതൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ജല അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2016 ജൂൺ മുതൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ നാല് പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്. അവ താഴെ വിവരിക്കുന്നു:

1. സ്റ്റേറ്റ് പ്ലാൻ ഓപ്റ്റിമൈസേഷൻ-എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം- 1,170 ലക്ഷം.

2. ഗ്രീൻബുക്ക്-ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലേയ്ക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി-1,500 ലക്ഷം.

മേൽ പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം-2,500 ലക്ഷം.

4. കൊഴിഞ്ഞാമ്പാറ സമഗ്ര കുടിവെള്ള പദ്ധതി-2,900 ലക്ഷം.

(ബി) 1. സ്റ്റേറ്റ് പ്ലാൻ ഓപ്റ്റിമൈസേഷൻ-എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം

2. ഗ്രീൻബുക്ക്-ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലേയ്ക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

മേൽ രണ്ട് പദ്ധതികളുടെ ടെണ്ടറുകൾക്ക് ജല അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പദ്ധതിയുടെയും കൊഴിഞ്ഞാമ്പാറ സമഗ്ര കുടിവെള്ള പദ്ധതിയുടെയും വിശദമായ റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊഴിഞ്ഞാമ്പാറയിലും അതിനടുത്തുകിടക്കുന്ന പഞ്ചായത്തുകൾക്കുമായി ജലവിതരണം നടത്തുന്ന കുന്നങ്കാട്ടുപതി സ്കീമിൽ പുതിയ പമ്പ്സെറ്റ് സ്ഥാപിക്കാൻ 45 ലക്ഷം രൂപ അനുവദിച്ച്, അതിനുവേണ്ടിയുള്ള വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. പമ്പ് സെറ്റുകൾ ഉടൻ സ്ഥാപിക്കുന്നതാണ്.

(ഡി) പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കിയ പ്രവൃത്തിയുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

## വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ

181(790) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർ നിലവിൽ ജോലിചെയ്യുന്നുണ്ട് എന്നറിയിക്കുമോ;

(ബി) നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായി ജോലിചെയ്യുന്നവരിൽ എത്ര പേർ ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയും എത്ര പേർ പ്രൊമോഷൻ വഴിയും എത്തിയിട്ടുള്ളവരാണ് എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഡിഗ്രി വിദ്യാഭ്യാസ യോഗ്യത ഉള്ളവരെ മാത്രം പരിഗണിക്കണം എന്ന നിർദ്ദേശത്തിൽ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 404 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 395 പേർ ജോലിചെയ്യുന്നുണ്ട്.

(ബി) 234 പേർ ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയും 161 പേർ പ്രൊമോഷൻ വഴിയും എത്തിയിട്ടുള്ളവരാണ്.

(സി) ഇക്കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓച്ചിറ കുടിവെള്ള പദ്ധതി

182(791) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പ്രദേശത്ത് കുടിവെള്ളമെത്താത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ പ്രദേശത്തേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടി പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിലെ കാക്കത്തുരുത്ത് ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുന്നത് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ആലുംകടവ് ട്യൂബ് വെല്ലിൽനിന്നാണ്. കാലപ്പഴക്കംമൂലം ആലുംകടവ് ട്യൂബ് വെല്ലിൽ ഡിസ്ചാർജ്ജ് കുറവാണ്. ആദ്യകാലത്ത് 25 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ 12.5 എച്ച്.പി. പമ്പാണ് സ്ഥാപിച്ചിരിക്കുന്നത്. വെള്ളത്തിന്റെ അപര്യാപ്തതമൂലം ഇടവിട്ടാണ് പമ്പിംഗ് നടത്തുന്നത്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. കാക്കത്തുരുത്തിലേയ്ക്കുള്ള പൈപ്പ്ലൈൻ 40 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച 80 എം.എം.എ.സി. പൈപ്പാണ്. ഈ പൈപ്പ് പല ഭാഗങ്ങളിലും പൊട്ടിപ്പോകുന്നതിനാൽ പൈപ്പ് മാറ്റുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) അടിയന്തര നടപടിയായി ഉച്ചയ്ക്ക് 12 മണി മുതൽ വൈകുന്നേരം 6 മണിവരെ കാക്കത്തുരുത്തിനായി മാത്രം ജലം ലഭ്യമാക്കുന്നുണ്ട്.

## നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

183(792) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പാറ-ഇടപ്പോൺ റോഡിന്റെ ഭാഗത്ത് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് എം.എൽ.എ.-യുടെ കത്തിനൊപ്പം നല്കിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നൂറനാട്-പാറ്റൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി പാറ-ഇടപ്പോൺ റോഡിന്റെ ഭാഗത്ത് തകർന്ന പൈപ്പ്ലൈൻ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് 98 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി ടൗണിലൂടെ കടന്നുപോകുന്ന ജപ്പാൻ കുടിവെള്ള പദ്ധതി**

184(793) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൗണിലൂടെ കടന്നുപോകുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ ലൈൻ ഇടയ്ക്കിടെ പൊട്ടുന്നതും കുടിവെള്ളം റോഡിലൂടെ ഒഴുകി പോവുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാലുശ്ശേരി ടൗൺ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി, പൈപ്പ്ലൈൻ അറ്റകുറ്റപ്പണി നടത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) ബാലുശ്ശേരി പഞ്ചായത്തിലെ 2, 16, 17 വാർഡുകളിലെ കുടിവെള്ള വിതരണത്തിനായി ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിതരണ കുഴലുകളിൽ ഉണ്ടാകുന്ന പൊട്ടലുകൾക്കുള്ള അറ്റകുറ്റപ്പണികൾ അതാത് സമയത്തുതന്നെ ചെയ്തുവരുന്നു.

(സി) കുടിവെള്ള വിതരണം ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത യോഗത്തിൽ ഏകദേശം മൂന്ന് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഉയർന്ന മേഖലകൾക്കുള്ള 11.6 കി.മീറ്റർ പൈപ്പ് ലൈനും ബൂസ്റ്റർ പമ്പിംഗ് സംവിധാനവും അടിയന്തരമായി നടപ്പിലാക്കുവാൻ തീരുമാനമായി. ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയ പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

185(794) ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടക്കൊച്ചി ശുദ്ധജലവിതരണ പദ്ധതിയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ ഇടക്കൊച്ചി പാലത്തിന്റെ തെക്കേ അറ്റം വരെ 450 മി. മീറ്റർ ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. അരൂർ ഇടക്കൊച്ചി പാലത്തിനുസമീപം 500 മി. മീറ്റർ HDPE പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പാലത്തിന്റെ വടക്ക് ഭാഗത്തുനിന്നും 1050 മീറ്റർ 450 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ബാക്കി 1000 മീറ്റർ 450 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ ഉടമ്പടി ഒപ്പുവച്ചു. പാമ്പായി മൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടേയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് 278 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് ഭൂതല സംഭരണിക്കുമാത്രം DSR 2014 നിരക്കിൽ 346 ലക്ഷം രൂപ ആവശ്യമായി വന്നതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. അനുബന്ധ ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ് മുതലായവയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) അരൂർ ഇടക്കൊച്ചി പാലത്തിനുസമീപം സ്ഥാപിക്കുന്ന 500 മി.മീ. HDPE പൈപ്പും അതിന്റെ തുടർച്ചയായ 1050 മീറ്റർ 450 മി.മീ. HDPE പൈപ്പും സ്ഥാപിച്ച് നിലവിലുള്ള വിതരണ ശൃംഖലയുമായി യോജിപ്പിച്ച് ഭാഗികമായി 31-5-2018-ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

186(795) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ;

(ബി) വിനിയോഗ തോത് കുറഞ്ഞതിനാൽ ഈ നിയോജകമണ്ഡലത്തിന് നഷ്ടമായ കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതികൾ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിലമ്പൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കരുളായ, മൂത്തേടം അമരമ്പലം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പാവാത്തതിനാൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) വിനിയോഗ തോത് കുറഞ്ഞതുകാരണം നിലമ്പൂർ നിയോജകമണ്ഡലത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നഷ്ടമായിട്ടില്ല.

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സംസ്ഥാന സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി 2017 ആഗസ്റ്റ് മാസത്തിൽ കമ്മിഷൻ ചെയ്തിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 1,400 ലക്ഷം രൂപയുടെ പദ്ധതിയിൽ (ചുങ്കത്തറ, പോത്തുകൽ, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതി) കിണറിന്റേയും പമ്പ് ഹൗസിന്റേയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ജല ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ പ്രവൃത്തികൾ മുടങ്ങിയിരിക്കുകയാണ്.

**കിഴക്കൻമല കുടിവെള്ള പദ്ധതി**

187(796) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആര്യൻകോട്, പെരുങ്കടവിള ഗ്രാമപഞ്ചായത്തുകൾക്കായുള്ള കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കിഴക്കൻമല പദ്ധതിയുടെ അംഗീകാരത്തിനായുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി ലഭ്യമാക്കി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഴക്കൻമല കുടിവെള്ള പദ്ധതിക്കുവേണ്ടി DSR 2016 പ്രകാരം 38.05 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ള വിതരണം**

188(797) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ചൂണ്ടി മുതൽ രാമമംഗലം വരെ പൈപ്പ്ലൈൻ ഇടുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ ;

(ബി) ഈ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ ;

(സി) ഇതിനോട് ചേർന്നുള്ള പമ്പ് ഹൗസിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്ന് അറിയിക്കുമോ ;

(ഡി) ഈ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) രാമമംഗലം മുതൽ ചുണ്ടി വരെ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തിയിൽ ആകെയുള്ള 5750 മീറ്ററിൽ 5334 മീറ്റർ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ കാലതാമസം ഒഴിവാക്കുന്നതിനും സമീപവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ലഘൂകരിക്കുന്നതിനും 3 റീച്ചുകളായി തിരിച്ചാണ് പൈപ്പിടൽ പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ഇതിൽ ഒന്നും രണ്ടും റീച്ചുകൾ പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗത്തിന് കൈമാറ്റം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ റീച്ച് അതായത് മീമ്പാറ മുതൽ പുതുക്ക വരെയുള്ള പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇറിഗേഷൻ കനാലിനുകുറുകെ 16 മീറ്ററും റോഡിൽ 400 മീറ്ററും പൈപ്പിടാനുണ്ട്. ആയത് പുരോഗമിക്കുന്നു.

(ബി) 2018 മാർച്ച് 31 -നകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിയുടെ മൂന്ന് പമ്പ് ഹൗസുകളിലും നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

1. റോ വാട്ടർ പമ്പ് ഹൗസ് രാമമംഗലം:

350 എച്ച്.പി. ശേഷിയുള്ള പുതിയ രണ്ട് പമ്പ് സെറ്റുകളും മോട്ടോറും സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു. പുതിയ ഹെഡർ പൈപ്പ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

2. ക്ലിയർ വാട്ടർ പമ്പ് ഹൗസ് ചൂണ്ടി:

315 എച്ച്.പി. ശേഷിയുള്ള മൂന്ന് പുതിയ പമ്പ് സെറ്റുകളും മോട്ടോറുകളും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഒരെണ്ണം പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്. പുതിയ 750 കെ.വി.എ. ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. ക്ലിയർ വാട്ടർ പമ്പ് ഹൗസ് കരിങ്ങച്ചി:

പുതിയ 75 എച്ച്.പി. ശേഷിയുള്ള മൂന്നും 100 എച്ച്.പി. ശേഷിയുള്ള മൂന്നും പമ്പ് സെറ്റുകളും മോട്ടോറുകളും സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) 2018 മാർച്ച് 31 ഓടെ പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ളക്ഷാമം

189 (798) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ചൂണ്ടിയിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) എന്നത്തേയ്ക്ക് ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മൂവാറ്റുപുഴയാറിന് കുറുകെ രാമമംഗലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിന് 11 കോടി രൂപയ്ക്ക് ഭരണാനുമതിയും 7.84 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) 2019 ജൂലൈ മാസത്തിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മാലിപ്പുറം ശുദ്ധജല ടാങ്കിന്റെ നിർമ്മാണം

190(799) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം ശുദ്ധജല ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നും കരാറുകാരന് തുക മുഴുവനും നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടാങ്കിന്റെ സംഭരണശേഷി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ടാങ്ക് നിർമ്മിക്കുന്നതിന് ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ടാങ്ക് കമ്മീഷൻ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(ഡി) ടാങ്കിന്റെ പ്രവർത്തനം എന്നുമുതൽ ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാലിപ്പുറം ശുദ്ധജല ടാങ്കിന്റെ നിർമ്മാണം 15-6-2011-ൽ പൂർത്തീകരിച്ചു. കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ടാങ്കിന്റെ സംഭരണ ശേഷി 13.80 ലക്ഷം ലിറ്ററാണ്.

(സി&ഡി) ടാങ്ക് നിർമ്മാണത്തിന് 467.08 ലക്ഷം രൂപ ചെലവഴിച്ചു. 2013 മാർച്ചിൽ കമ്മീഷൻ ചെയ്ത പ്രസ്തുത ടാങ്കിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

## ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികളുടെ ചികിത്സാച്ചെലവ്

191(800) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് ലഭ്യമാകുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുടെ ചെലവ് മടക്കിനല്കുന്നതിൽനിന്ന് കേന്ദ്രസർക്കാർ പിൻവാങ്ങിയോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. അംഗങ്ങളായുള്ള തൊഴിലാളികളുടെ ചികിത്സാചെലവ് പങ്കിടുന്നത് സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയുടെ റീഇംബേഴ്സ്മെന്റ് ലഭിച്ചുതുടങ്ങുന്ന കാലപരിധിയിൽ വരുത്തിയ മാറ്റമുൾപ്പെടെ, തൊഴിലാളികൾക്ക് ഗുണകരമല്ലാത്ത എന്തെല്ലാം മാറ്റങ്ങളാണ് ഇ.എസ്.ഐ. കോർപ്പറേഷൻ നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് ലഭ്യമാകുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുടെ ചെലവ് മടക്കിനൽകുന്നതിൽനിന്ന് കേന്ദ്ര സർക്കാർ പൂർണ്ണമായും പിൻവാങ്ങിയിട്ടില്ല. ഇപ്പോൾ ഓൺലൈൻ റഫറൻസ്‌വഴി ഇ.എസ്.ഐ. കോർപ്പറേഷൻ tie-up ഉള്ള സൂപ്പർ സ്പെഷ്യാലിറ്റി ബില്ലും ആർ.സി.സി. ബില്ലും മാത്രമാണ് ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്നത്. 2016 ജൂലൈ മുതലുള്ളതും അടിയന്തര സാഹചര്യങ്ങളിലെ ചികിത്സയുമായി ബന്ധപ്പെട്ടതുമായ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ മടക്കിനൽകിയിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിലുണ്ടാക്കിയിരിക്കുന്ന കരാർ പ്രകാരം മെഡിക്കൽ ആനുകൂല്യം പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 7/8 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷനും 1/8 ഭാഗം സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ് വ്യവസ്ഥ. ഒരു ഐ.പി. -ക്ക് 2,150 രൂപ എന്ന സീലിംഗിന് വിധേയമായിട്ടാണ് നിലവിൽ ചെലവ് നിർവഹിക്കുന്നത്. ഇതിൽ 1,075 രൂപ ഭരണനിർവഹണത്തിനും ബാക്കി 1,075 രൂപ

ചികിത്സയിനത്തിലുമാണ് ചെലവിടേണ്ടത്. ഇപ്രകാരമുള്ള തുക 7/8 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷൻ നാല് ഗഡുക്കളായി സംസ്ഥാന സർക്കാരിന് നൽകുന്നു. 1/8 ഭാഗം സംസ്ഥാന സർക്കാരാണ് ചെലവിടേണ്ടത്. സീലിംഗിൽ കൂടുതലായി ചെലവ് വരികയാണെങ്കിൽ പ്രസ്തുത തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഇ.എസ്.ഐ. കോർപ്പറേഷൻ നൽകുന്ന 7/8 ഭാഗത്തിന്റെ 90 ശതമാനമാണ് നാല് ഗഡുക്കളായി നൽകുന്നത്. ബാക്കി 10 ശതമാനം അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ സർക്കാരിന് നൽകുന്നതാണ്. 2017-18 മുതൽ ഐ.പി.-യുടെ സീലിംഗ് 3,000 രൂപയായി കോർപ്പറേഷൻ വർദ്ധിപ്പിച്ചുവെങ്കിലും വർദ്ധിപ്പിച്ച തുക രൊക്കമായി സംസ്ഥാന സർക്കാരിന് നൽകുകയില്ല. പകരം സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ സമർപ്പിച്ച Project Implementation Plan-ൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് കോർപ്പറേഷൻ അനുമതി നൽകുകയും ആവശ്യമായ തുക ചെലവാകുന്ന മുറയ്ക്ക് തിരിച്ചുനൽകുകയുമാണ് ചെയ്യുന്നത്. സീലിംഗിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉൾപ്പെടുന്നില്ല.

(സി) ഇ.എസ്.ഐ. ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ലഭിക്കേണ്ട അർഹത സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണെന്നും രോഗം ആരംഭിക്കുന്നതിനുമുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും ടി കാലയളവിൽ ഏതെങ്കിലും രണ്ട് അംശദായ കാലയളവിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന വ്യവസ്ഥ ഇ.എസ്.ഐ. കോർപ്പറേഷൻ നിശ്ചയിച്ചു. ഈ സാഹചര്യത്തിൽ 2 വർഷത്തിൽ താഴെ സർവ്വീസുള്ള ഗുരുതരമായ അസുഖങ്ങളുള്ള ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് വിദഗ്ദ്ധ ചികിത്സാസേവനം ഇ.എസ്.ഐ. ആനുകൂല്യംവഴി ലഭിക്കാൻ തടസ്സമുണ്ടാകുന്നു.

അടിയന്തര സാഹചര്യങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ഐ.പി. അടുത്തുള്ള സർക്കാർ ആശുപത്രികളിലോ പ്രൈവറ്റ് ആശുപത്രികളിലോ ചികിത്സിച്ചാൽ ചെലവാകുന്ന തുക റീ-ഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കില്ല.

30-8-2014-നുശേഷം രജിസ്റ്റർ ചെയ്ത തൊഴിലാളി, രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് കാൻസർ, വൃക്കരോഗ ബാധിതനാണെങ്കിൽ പ്രസ്തുത രോഗങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുകയില്ല.

സി.ജി.എച്ച്.എസ്. പാക്കേജിൽ ഉൾപ്പെടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ ചികിത്സാച്ചെലവ് വരികയാണെങ്കിൽ ഇ.എസ്.ഐ. ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ആവശ്യമുണ്ട്.

## മറ്റ് സംസ്ഥാനങ്ങളിലെ തദ്ദേശീയ തൊഴിൽ സംവരണ പദ്ധതികൾ

192(801) ശ്രീ. കെ. മുരളീധരൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദിയിലെ നിതാഖത്ത് മാതൃകയിൽ തദ്ദേശീയ തൊഴിൽ സംവരണ പദ്ധതികൾക്കായി വിവിധ സംസ്ഥാന സർക്കാരുകൾ തയ്യാറെടുക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദഗ്ധ്യം ആവശ്യമില്ലാത്ത ജോലികൾക്ക് സ്വകാര്യ മേഖലയിൽ തദ്ദേശീയർക്ക് നൂറുശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് കർണ്ണാടക സർക്കാർ കൊണ്ടുവന്നിട്ടുള്ള ബിൽ മലയാളികൾക്ക് തൊഴിൽ നഷ്ടമാകുവാൻ ഇടയാക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സോഫ്റ്റ് വെയർ മേഖലയിൽ തദ്ദേശീയർക്ക് അമ്പതുശതമാനം സംവരണം ഏർപ്പെടുത്തുവാനുള്ള കർണ്ണാടക സർക്കാരിന്റെ നീക്കം സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ സാദ്ധ്യതയെ സാരമായി ബാധിക്കുമെന്നതിനാൽ അക്കാര്യത്തിൽ എന്ത് നിലപാടാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) കർണ്ണാടകയ്ക്ക് പുറമെ മഹാരാഷ്ട്ര, ഹരിയാന, പഞ്ചാബ്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളും തദ്ദേശീയർക്ക് തൊഴിൽ സംവരണം ഉറപ്പാക്കുന്ന നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ, ഇക്കാര്യം ഗൗരവമായി ചർച്ചചെയ്ത് പുതിയ തൊഴിൽ അന്വേഷകരുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

193(802) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വേതന വർദ്ധനവുമായി ബന്ധപ്പെട്ട് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കിനിശ്ചയിക്കണ മെന്നാവശ്യപ്പെട്ട് തൊഴിലാളി യൂണിയൻ ലഭ്യമാക്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 7-2-2018-ൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം ചർച്ച ചെയ്തു. ടി ചർച്ചയുടെ അടിസ്ഥാനത്തിൽ തൊഴിലാളി യൂണിയനുകളുടെ ഫെഡറേഷൻ കൂലി വർദ്ധനവ് സംബന്ധിച്ച ഡിമാന്റ് ലഭ്യമാക്കുമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ നടത്താമെന്നും പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

## പാരലൽ കോളേജ് അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും

194(803) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിരവധി വർഷങ്ങളായി ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും നിലവിൽ എന്തെങ്കിലും ക്ഷേമ പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇവർക്ക് ക്ഷേമനിധിയും പെൻഷനും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും മാത്രമായി പ്രത്യേക ക്ഷേമപദ്ധതികൾ നിലവിലില്ല. എന്നാൽ പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും ജീവനക്കാരും

ഉൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്.

(ബി) അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം എടുത്ത് 60-ാം വയസ്സിൽ വിരമിക്കുന്നവർക്ക് 10 വർഷം അംഗത്വ കാലയളവ് ലഭിക്കുന്ന സാഹചര്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

## സ്വകാര്യ തൊഴിൽ മേഖലകളിൽ കരാർ വ്യവസ്ഥ

195(804) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വ്യവസായസൗഹൃദം എന്ന പേരിൽ സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിലും കരാർ വ്യവസ്ഥ കൊണ്ടുവരുന്നതിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതിനായി കരാർ തൊഴിലാളി നിയമവും വ്യവസായ-തൊഴിൽ ചട്ടവും മാറ്റുന്നത് നമ്മുടെ തൊഴിൽ മേഖലയെയും തൊഴിലാളികളെയും ഏതെല്ലാം തരത്തിൽ ബാധിക്കുംഎന്നറിയിക്കാമോ;

(സി) ഇതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നത് ഈ സർക്കാരിന്റെ നയമല്ല.

(ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായി വേണ്ടിവരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ നിയോജനങ്ങളിലും വർഷം മുഴുവൻ നിലനിൽക്കുന്നതുമായ (സീസണൽ അല്ലാത്ത) നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാനുള്ള അധികാരം സമുചിത സർക്കാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധ്യമാവുന്ന രീതിയിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് Continuous Service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്.

(സി) സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നതിനോട് ഈ സർക്കാരിന് യോജിപ്പില്ല.

## സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കാൻ നടപടി

196(805) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ തൊഴിൽപരമായ ചൂഷണംനടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഐ.ടി. മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം സംബന്ധിച്ചും അതുണ്ടാക്കുന്ന മാനസിക സമ്മർദ്ദത്തെക്കുറിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) തൊഴിലാളികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് യോഗാ ക്ലാസ്സുകളും കൗൺസിലിംഗും സംഘടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരും (എൻഫോഴ്സ്മെന്റ്), 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ഉൾപ്പെടുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. മിനിമം വേതനത്തിന്റെ വിവിധ ലംഘനങ്ങൾക്കുള്ള പിഴശിക്ഷ നിയമ ഭേദഗതിയിലൂടെ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ്

ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(ബി) എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച കരട് തൊഴിൽ നയത്തിൽ തൊഴിലുടമ തൊഴിലാളി ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. കേരളത്തിനെ ഒരു സംരംഭക-സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് ലക്ഷ്യമിടുന്നതിനൊപ്പം വികസന പദ്ധതികൾക്ക് വിളനിലമാക്കാനുതകുന്ന ക്രിയാത്മകമായ മാർഗ്ഗനിർദ്ദേശങ്ങളും കരട് തൊഴിൽ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽനിന്നും 164126 തൊഴിലാളികൾക്ക് 1,583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് വേഗത്തിൽ എത്തിക്കുവാനും കൂടുതൽ പ്രയോജനപ്രദമാക്കുവാനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട മിക്ക സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തരം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ 2018 ഫെബ്രുവരി മാസം 15 വരെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ നിയമങ്ങൾ പ്രകാരം 86536 ഇൻസ്പെക്ഷനുകൾ നടത്തുകയും 13334 പ്രോസിക്യൂഷനുകളും 1687 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2016-ൽ ടെക്സ്റ്റൈൽ മേഖലയിലും 2017-ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ഹോസ്പിറ്റൽ മേഖല, നിർമ്മാണമേഖല എന്നിവയിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അതാത് തൊഴിൽ മേഖലകളിൽ പ്രത്യേകം പരിശോധിക്കുവാൻ കഴിയുന്നതാണ്.

## എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം

197(806) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിൽ നിയമങ്ങളെക്കുറിച്ചും എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും പരാതികൾ നൽകുന്ന കാര്യത്തിൽ തൊഴിലാളികൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) തൊഴിൽ രംഗത്ത് ചൂഷണത്തിന്റെ തീവ്രത കുറയ്ക്കാനായി എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) -ന്റെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരടങ്ങുന്ന ടീം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തുന്ന കേസുകളിൽ ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(ബി) തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in -ൽ തൊഴിൽ നിയമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനം എന്നിവയും പരാതികൾ നൽകേണ്ട തൊഴിൽ വകുപ്പിന്റെ കോൾ

സെന്റർ, ആയതിന്റെ ടോൾഫ്രീ നമ്പർ എന്നിവയും ടി വെബ്സൈറ്റിൽ ലഭ്യമാണ്. കോൾ സെന്ററിനെക്കുറിച്ചുള്ള പ്രചരണം മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകിയിട്ടുമുണ്ട്. വേതന സുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള അവബോധന ക്ലാസുകളും തൊഴിലാളികൾക്കായി സംഘടിപ്പിച്ചുവരുന്നു.

(സി) സംസ്ഥാന തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെതന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കാലാനുസൃതമായി ശക്തിപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണ്.

**സംസ്ഥാനത്തെ ഇ.പി.എഫ്. പെൻഷൻകാർ**

198(807) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.പി.എഫ്. പെൻഷൻകാർക്ക് തുച്ഛമായ തുകയാണ് പെൻഷൻ ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.പി.എഫ് പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; അതിന്മേലുള്ള പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇ.പി.എഫ്. പെൻഷൻകാരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 1995-ലെ എംപ്ലോയീസ് പെൻഷൻ സ്കീം അനുസരിച്ചുള്ള പെൻഷന് മാത്രമേ ഇ.പി.എഫ്. പെൻഷൻകാർക്ക് അർഹതയുള്ളൂ.

(ബി) ഇല്ല.

(സി) 17-10-2017-ലെ സ.ഉ.(കൈ) നമ്പർ 90/2017/തൊഴിൽ പ്രകാരം 1,000 രൂപയോ അതിൽ താഴെയോ ഇ.പി.എഫ്. പെൻഷൻ വാങ്ങുന്നവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ 'ചിസ് ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് 4540 പേർ ഈ വിഭാഗത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

## തൊഴിലിടങ്ങളിലെ സുരക്ഷിതത്വം

199(808) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ചുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത്;

(ഡി) പരാതികൾക്കിടയാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് സ്ഥാപന പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിക്കുകയും അതിലൂടെ കേരളത്തിനെ ഒരു സംരംഭക-സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും വികസന പദ്ധതികൾക്ക് വിളനിലമാകാനും ക്രിയാത്മകമായ ഒരു മാർഗ്ഗ നിർദ്ദേശം നൽകുവാനുതകുന്ന ഒരു കരട് തൊഴിൽ നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽ നിന്നും 164126 തൊഴിലാളികൾക്ക് 1,583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് വേഗത്തിൽ എത്തിക്കുവാനും കൂടുതൽ പ്രയോജനപ്രദമാക്കുവാനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട മിക്ക സേവനങ്ങളും പൊതുജനങ്ങൾക്ക്

ഓർലൈൻ മുഖാന്തരം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ 2018 ഫെബ്രുവരി മാസം 15 വരെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ നിയമങ്ങൾ പ്രകാരം 86536 ഇൻസ്പെക്ഷനുകൾ നടത്തുകയും 13334 പ്രോസിക്യൂഷനുകളും 1687 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2016-ൽ ടെക്സ്റ്റൈൽ മേഖലയിലും 2017-ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ഹോസ്പിറ്റൽ മേഖല, നിർമ്മാണ മേഖല എന്നിവയിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(സി) സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം കടകൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും സ്പെഷ്യൽ പരിശോധനകളും നടത്തിവരുന്നു. 2016-ൽ വസ്ത്രശാലകളിലും 2017-ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ആശുപത്രികൾ, നിർമ്മാണ മേഖല എന്നിവിടങ്ങളിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഫെബ്രുവരി മാസം 15 വരെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം 86536 സ്ഥാപന പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ഡി) സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ തൊഴിൽ നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്ക് പരിശോധന കുറിപ്പ് നൽകി ലംഘനങ്ങൾ പരിഹരിക്കുവാൻ ആവശ്യപ്പെടുന്നു. ആയത് പരിഹരിക്കാത്തപക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകി പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ

ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഫെബ്രുവരി മാസം 15 വരെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സംസ്ഥാനമൊട്ടാകെ 13334 പ്രോസിക്യൂഷനും 1687 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

**തൊഴിൽ നൈപുണ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ**

200(809) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 കാലയളവിൽ തൊഴിൽ നൈപുണ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ ഫണ്ടുകളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്നും ചെലവഴിച്ച തുകകളെക്കുറിച്ചുള്ള വിശദവിവരം അറിയിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 80,02,25,264 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 35,81,00,000 രൂപയും ആർ.എസ്.ബി.വൈ. പദ്ധതിക്കുവേണ്ടി കേന്ദ്ര വിഹിതമായി ചിയാക്കിന് ലഭിച്ചിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് ലഭിച്ച ഫണ്ട് സംബന്ധിച്ച വിവരം അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 74,15,92,112 രൂപ വിനിയോഗിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തിലെ ചെലവാകാത്ത 5,86,33,152 രൂപയും ചേർത്ത് 41,67,33,152 രൂപ ചിയാക്ക് ചെലവാക്കിയിരിക്കുന്നു.

വ്യാവസായിക പരിശീലന വകുപ്പിന് ലഭിച്ച ഫണ്ടിൽനിന്ന് ചെലവിച്ച തുകകളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

**കരട് തൊഴിൽ നയം**

201(810) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കരട് തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിന്റെ ലക്ഷ്യമെന്താണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൂട്ടായ വിലപേശൽ ശക്തിപ്പെടുത്തി 2010-ലെ റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ നിയമം എല്ലാ മേഖലകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഗാർഹിക തൊഴിലാളികളുടെ ജോലി സംരക്ഷണത്തിനായി പ്രത്യേക ലേബർ ബാങ്ക് രൂപീകരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ നിയമം എല്ലാ മേഖലയിലും നടപ്പിലാക്കുന്നതിനും ഗാർഹിക തൊഴിലാളികളുടെ ജോലി സംരക്ഷണത്തിനായി പ്രത്യേക ലേബർ ബാങ്ക് രൂപീകരിക്കുന്നതിനുമുള്ള ആശയം കരട് തൊഴിൽ നയത്തിൽ മുന്നോട്ട് വച്ചിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

202(811) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കുന്നതിനുള്ള പരിശോധനാ വിഭാഗം പ്രസ്തുത ബോർഡുകളിൽ വർഷത്തിൽ രണ്ട് തവണ പരിശോധന നടത്തണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) പല ക്ഷേമനിധി ബോർഡുകളിലും അംഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിൽ ഏതൊക്കെ ബോർഡുകളിലെ ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളത്. വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബോർഡുകൾക്ക് സർക്കാർ നൽകേണ്ട ഗ്രാന്റ്/സർക്കാർ വിഹിതം സമയബന്ധിതമായി നൽകുന്നതിന് കഴിയാറുണ്ടോ ; സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമായിട്ടുണ്ടോ;

(എഫ്) അംശദായ ഇനത്തിലും ഗ്രാന്റിനത്തിലും സർക്കാർ വിഹിതമായും ഓരോ ബോർഡിനും കൊടുത്തുതീർക്കുവാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളിൽ പരിശോധന നടത്തുന്നത് സർക്കാരിന്റെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് മുഖേനയാണ്. കൂടാതെ ബോർഡുകളിൽ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി&എ.ജി. ഓഡിറ്റ് എന്നിവയും നടന്നുവരുന്നു.

(സി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെ മറ്റ് ക്ഷേമനിധി ബോർഡുകളിൽ ഒന്നുംതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല.

(ഡി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്ന റിട്ടയർമെന്റ് ആനുകൂല്യം 4/2011 മുതൽ വിവാഹ ധനസഹായം 6/2010 മുതൽ പ്രസവധനസഹായം 8/2013 മുതലും കുടിശ്ശികയാണ്.

(ഇ) ക്ഷേമ ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാക്കാറുണ്ട്. എന്നാൽ ബോർഡുകളിലെ പെൻഷൻകാരുടെ എണ്ണം കൂടിവരുന്നതിനാൽ ബോർഡിന് സാമ്പത്തിക ബാധ്യത വരികയും സർക്കാർ സഹായത്തോടെ പെൻഷൻ നൽകിവരികയും ചെയ്യുന്നു. ഗ്രാന്റിനത്തിൽ ബോർഡുകൾക്ക് ലഭിക്കേണ്ട തുകയെക്കാൾ പതിന്മടങ്ങ് തുകയാണ് സർക്കാർ പെൻഷൻ വിതരണത്തിനായി ബോർഡുകൾക്ക് നൽകുന്നത്.

(എഫ്) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റിനത്തിൽ 37 കോടി രൂപ ലഭിക്കാനുണ്ട്. 2010 മുതലുള്ള ഗ്രാന്റാണ് കുടിശ്ശികയായിട്ടുള്ളത്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ 31 കോടി രൂപ കുടിശ്ശിക ലഭിക്കാനുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് 1,92,34,682 രൂപ മാച്ചിംഗ് ഗ്രാന്റിനത്തിൽ അനുവദിച്ച് കിട്ടാനുണ്ട്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡിൽ 2017-18 കാലയളവ് വരെ 8,02,79,121 രൂപയാണ് ഗ്രാന്റായി ലഭിക്കാനുള്ളത്. കേരള ആഭരണ തൊഴിലാളി

ക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ 2,24,888 രൂപ ലഭിക്കാനുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ 2012-13 സാമ്പത്തിക വർഷം മുതൽ 58,17,470 രൂപ ലഭിക്കാനുണ്ട്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1977 മുതൽ 1991 വരെ 43,35,000 രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. 1991-നുശേഷം ടി ബോർഡിന് സർക്കാരിൽനിന്നും ഗ്രാന്റ് ലഭിച്ചിട്ടില്ല.

**തൊഴിലാളി ക്ഷേമനിധി ബോർഡ് അംശദായം**

203(812) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കപ്പെട്ടത് എന്നാണ്;

(ബി) 2017-18 വർഷത്തിൽ അംശദായം അടച്ചുവരുന്ന തൊഴിലാളികളുടെ എണ്ണം എത്ര; അംശദായ തുക എത്ര; വിശദമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്കും ആശ്രിതർക്കും ബോർഡ് നൽകിവരുന്നത്; വിശദമാക്കാമോ;

(ഡി) അംശദായ തുക തുലോം കുറവാണെന്നും അതുകൊണ്ടുതന്നെ ആനുകൂല്യങ്ങളും നാമമാത്രമാണെന്നുമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അംശദായം വർദ്ധിപ്പിച്ച് മികച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 1977 മേയ് 1.

(ബി) 2017-18 സാമ്പത്തിക വർഷം അംശദായം അടച്ചുവരുന്ന തൊഴിലാളികളുടെ എണ്ണം 485000. രണ്ട് അർദ്ധ വർഷത്തേയ്ക്ക് തൊഴിലാളിയിൽനിന്നും 8 രൂപയും തൊഴിലുടമയിൽനിന്നും 16 രൂപയും ചേർത്ത് 24 രൂപയാണ് അംശദായമായി അടയ്ക്കേണ്ടത്. ഇപ്രകാരം ഇവരിൽനിന്നും അംശദായമായി 1,16,40,000 (ഒരു കോടി പതിനാറ് ലക്ഷത്തി നാൽപ്പതിനായിരം) രൂപയും ലഭിക്കേണ്ടതുണ്ട്.

(സി) ബോർഡിൽനിന്നും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാണ്:

1. മരണാനന്തര സഹായ പദ്ധതി (അടിയന്തരാശ്വാസ പദ്ധതി)
2. ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്
3. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് പദ്ധതി

4. ഐ.ടി.ഐ. പരിശീലന പദ്ധതി
5. ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് പദ്ധതി
6. കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി
7. ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളികൾക്കുള്ള ചികിത്സാ സഹായ പദ്ധതി
8. ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി
9. അന്ധർ, ബധിരർ, മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽ മക്കളുള്ള അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
10. ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
11. വിവാഹ ധനസഹായ പദ്ധതി കൂടാതെ, അംഗങ്ങളായ തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ താമസ സൗകര്യവും ഭക്ഷണവും ലഭ്യമാക്കി ബോർഡിന്റെ നിയന്ത്രണത്തിൽ കുമിളിയിൽ ഒരു വിശ്രമ കേന്ദ്രവും (ഹോളി ഡേ ഹോം) പ്രവർത്തിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ബോർഡിന്റെ തൊഴിലാളി-തൊഴിലുടമ വിഹിതം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി

204(813) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ബലരാമൻ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നെന്നും ഇവയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന തൊഴിലാളി ചൂഷണം അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകളും അറിയിക്കാമോ;

(സി) ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ച വ്യവസായ ബന്ധസമിതികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ; വിവിധ ആശുപത്രികളിൽ നഴ്സുമാർ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് വ്യവസായബന്ധ സമിതികൾ കാര്യക്ഷമമായി ഇടപെടാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് 28-10-2016-ലെ സ.ഉ.(ആർ.റ്റി.) 1334/2016/തൊഴിൽ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സമിതി നടത്തിയ തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ പുതുക്കിയ മിനിമം വേതന നിരക്കുകൾ ഉൾപ്പെടുത്തി 16-11-2017-ലെ ഇ 1/375/2017/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ടി പ്രാഥമിക വിജ്ഞാപനത്തിന്മേൽ വിവിധ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ സമർപ്പിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് പരിഗണിച്ചശേഷം മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കുന്ന അന്തിമ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കിനിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട 19 മുതൽ 21 വരെയുള്ള ശിപാർശകൾ സർക്കാർ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പരിഗണനയ്ക്കായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26-2-2016-ൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി സ്വകാര്യ ആശുപത്രി മേഖലയിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. കൂടാതെ 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി തീരുമാനിച്ചിട്ടുണ്ട്.

അവധിയുമായി ബന്ധപ്പെട്ട 22-ാമത്തെ നിർദ്ദേശത്തിന്മേൽ ആശുപത്രി ജീവനക്കാർക്ക് നിയമാനുസൃതമായ അവധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.

സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച 23-ാമത്തെ നിർദ്ദേശം നടപ്പിലാക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച 24-ാമത്തെ നിർദ്ദേശത്തിന്മേൽ വിശ്രമ മുറി, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ശുചിമുറി, ഹോസ്റ്റൽ എന്നീ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

അടിസ്ഥാന വേതനം സംബന്ധിച്ച 25-ാമത്തെ നിർദ്ദേശത്തിന്മേൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും തുടർനടപടി സർക്കാരിന്റെ പരിഗണനയിലുമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിലൂടെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നുണ്ട്.

വേതനം ബാങ്ക്വഴി വിതരണം ചെയ്യുന്നത് സംബന്ധിച്ച 26-ാമത്തെ നിർദ്ദേശത്തിന്മേൽ തൊഴിലാളികളുടെ വേതനം ബാങ്ക്വഴി വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്.

നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ഇ.എസ്.ഐ., ഇ.പി.എഫ്. സംബന്ധിച്ച 27-ാമത്തെ നിർദ്ദേശത്തിന്മേൽ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് സ്ഥാപന പരിശോധനാ വേളയിൽ പരിശോധിക്കുകയും ആയത് സംബന്ധിച്ച അംഗത്വം എടുത്തിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ വിവരം അറിയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് മെഡിക്കൽ ബെനിഫിറ്റ്സ്, ഇൻസെന്റീവ്/ റിവാർഡ് എന്നിവ നൽകുന്നത് സംബന്ധിച്ച 28, 29 നിർദ്ദേശങ്ങളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് ജീവനക്കാരെ ഒരു മാസത്തെ നോട്ടീസോടുകൂടി രാജി/വിടുതൽ ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച 30-ാമത്തെ നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ട്. നഴ്സുമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ ബന്ധസമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെയുള്ള തൊഴിൽ ചൂഷണം

205(814) ശ്രീ. പി. ടി. തോമസ് :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;

(ബി) ബോണ്ട് വ്യവസ്ഥയും ട്രെയിനിംഗ് വ്യവസ്ഥയും നിരോധിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു; അത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരെ ട്രെയിനികൾ എന്ന പേരിൽ വർഷങ്ങളോളം നിലനിർത്തി തൊഴിൽപരമായി ചൂഷണം ചെയ്യുന്നത് തടയുവാൻ എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വകുപ്പിന്റെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തി തൊഴിൽ ചൂഷണം നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനമുണ്ടാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോണ്ട് വ്യവസ്ഥ അവസാനിപ്പിച്ചിട്ടുള്ളതായി ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ ബോധിപ്പിച്ചിട്ടുള്ളതായി ബഹു. സുപ്രീം കോടതി ട്രെയിൻഡ് നഴ്സിംഗ് അസോസിയേഷൻ Vs യൂണിയൻ ഓഫ് ഇന്ത്യ [WP(C) 527/2011] എന്ന കേസിലെ 29-1-2016-ലെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. 29-1-2016-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ തൊഴിൽ വകുപ്പിന് നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(സി) പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷമെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാത്തതാകുന്നുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ട്രെയിനികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ,

നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ലെന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന പരിശോധനകളിലൂടെ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27-5-2017-ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി തൊഴിൽ ചൂഷണം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ, നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ലെന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന പരിശോധനകളിലൂടെ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27-5-2017-ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകളും നടത്താറുണ്ട്. 2017-ൽ സ്വകാര്യ ആശുപത്രികളിൽ 593 പരിശോധനകൾ നടത്തുകയും 183 പ്രോസിക്യൂഷനും 50 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ചേർത്തല കെ.വി.എം. ആശുപത്രി ജീവനക്കാർ നടത്തുന്ന സമരം

206(815) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.വി.എം. ആശുപത്രി ജീവനക്കാർ നടത്തുന്ന സമരം ആഴ്ചകൾ പിന്നിട്ടിട്ടും ഒത്തുതീർപ്പാക്കുവാൻ തൊഴിൽ വകുപ്പ് കാര്യമായ ഇടപെടൽ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെട്ട് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ സമരം ശക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുമോ;

(സി) ആശുപത്രികളെ വ്യവസായ തർക്ക നിയമത്തിന് കീഴിൽ പൊതു ഉപയോഗ സ്ഥാപനമായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് കേരള ഹൈക്കോടതി വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ നല്കിയ വിശദീകരണം എന്താണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേർത്തല കെ.വി.എം. ആശുപത്രിയിൽ ആഴ്ചകളായി നടക്കുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനായി ഇതിനകംതന്നെ സർക്കാരിന്റെ വിവിധ തലങ്ങളിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ തലത്തിലും ലേബർ കമ്മീഷണർ തലത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി എന്നിവരുടെ സാന്നിധ്യത്തിലും മാനേജ്മെന്റും തൊഴിലാളി യൂണിയൻ നേതാക്കളുമായും നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി.

(ബി) പ്രശ്നപരിഹാരത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ പക്ഷം നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്. ഈ വിഷയത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന വിവരം ബഹു. കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളുടെ സംയോജനം**

207(816) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള പല ബോർഡുകളുടെയും ചെലവ് ഗണ്യമായി ഉയരുകയും അവയ്ക്ക് കീഴിലുള്ള തൊഴിലാളികൾക്ക് ആനുകൂല്യം നൽകുവാൻ സർക്കാർ സഹായം നൽകേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യം നേരിടുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സമാന സ്വഭാവമുള്ള ബോർഡുകളെ സംയോജിപ്പിച്ച് ഒരു കുടക്കീഴിലാക്കിയാൽ ഭരണച്ചെലവ് കുറയ്ക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം വരുമാനം കുറഞ്ഞ ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഏതൊക്കെ ബോർഡുകളെയാണ് ഇത്തരത്തിൽ ലയിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ക്ഷേമനിധി ബോർഡുകളിൽ പുതിയതായി അംഗത്വമെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയും പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിൽ ക്ഷേമനിധി ബോർഡുകളുടെ വരുമാനം കുറഞ്ഞുവരുന്ന സ്ഥിതിയുള്ളതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് പെൻഷൻ സർക്കാർ ധനസഹായത്തോടെയാണ് നൽകിവരുന്നത്. എന്നാൽ മറ്റ് ആനുകൂല്യങ്ങളെല്ലാം എല്ലാ ബോർഡുകളും സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് നൽകിവരുന്നത്. എന്നാൽ വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. എന്നാൽ പൊതുവായി ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടത്തുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

208(817) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ നാളിതുവരെ ഇതിനായി പ്രഖ്യാപിച്ച തുക എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു;

(സി) ഇവർക്കുവേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾക്കുവേണ്ടി സർക്കാർ ഫണ്ട് ചെലവഴിക്കാത്ത വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിക്കുന്നപക്ഷം പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ആവാസ് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും 1,11,01,848 (ഒരു കോടി പതിനൊന്ന് ലക്ഷത്തി ആയിരത്തി എണ്ണൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയും നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വാസഗൃഹം നിർമ്മിച്ച് നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'അപ്നാഘർ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റൽ സജ്ജമാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ഹോസ്റ്റൽ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പദ്ധതി നടപ്പിലാക്കുന്ന 'ഭവനം ഫൗണ്ടേഷൻ' മുഖേന പുരോഗമിച്ചുവരികയാണ്. കൂടാതെ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ഡി) തൊഴിൽ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല.

**അപ്നാഘർ പദ്ധതി**

209(818) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ

താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാ ഘര്‍' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആദ്യ പ്രോജക്ട് പ്രവര്‍ത്തനസജ്ജമായിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(സി) നിലവില്‍ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും കൂടുതല്‍ ജില്ലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സ്കീമിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തിയായിട്ടുണ്ട്. 640 ഇതര സംസ്ഥാന തൊഴിലാളികള്‍ക്ക് ഇവിടെ താമസസൗകര്യം ലഭ്യമാണ്. തൊഴിലാളികള്‍ക്ക് ഹോസ്റ്റല്‍ അനുവദിച്ച് നല്‍കുന്നതിനും ഹോസ്റ്റല്‍ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രവര്‍ത്തനങ്ങള്‍ ക്രമപ്പെടുത്തുന്നതിനുമായുള്ള അനുബന്ധ ജോലികള്‍ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) നിലവില്‍ പാലക്കാട് ജില്ലയില്‍ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തിയാക്കി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളില്‍ക്കൂടി പദ്ധതി നടപ്പിലാക്കാന്‍ നടപടികള്‍ സ്വീകരിച്ചുവരുന്നു.

## ഇതരസംസ്ഥാന തൊഴിലാളികള്‍ക്കുള്ള സൗകര്യങ്ങള്‍

210 *(T819) <u>ശ്രീ. മുഹമ്മദ് മുഹസിന്‍ പി.</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഇതരസംസ്ഥാനങ്ങളില്‍നിന്നും ജോലിക്കായി എത്തുന്ന തൊഴിലാളികള്‍ അടിസ്ഥാന സൗകര്യങ്ങള്‍ ഇല്ലാത്ത സ്ഥലങ്ങളില്‍ അമിത വാടക നല്കി താമസിക്കേണ്ടിവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികള്‍ കേരളത്തിന്റെ ഒരു ഭാഗമായിക്കഴിഞ്ഞ സാഹചര്യത്തില്‍ അവര്‍ക്ക് കുറഞ്ഞ ചെലവില്‍ വൃത്തിയായ സൗകര്യങ്ങള്‍ ഒരുക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തുനിന്നും നിര്‍മ്മാര്‍ജ്ജനം ചെയ്യപ്പെട്ട മാരകരോഗങ്ങള്‍ വീണ്ടും പ്രത്യക്ഷപ്പെടുന്നതിന് പലപ്പോഴും ഇതരസംസ്ഥാന തൊഴിലാളികള്‍ കാരണമാകാറുണ്ട് എന്നിരിക്കെ അവര്‍ക്ക് ഹെല്‍ത്ത് കാര്‍ഡ് നല്‍കുന്നതിനും

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇത്തരം രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം ലാഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ ഭവനം ഫൗണ്ടേഷൻ കേരള 'അപ്നാഘർ' പദ്ധതി നടപ്പിലാക്കിവരുന്നു. പാലക്കാട് കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ എല്ലാ സൗകര്യങ്ങളോടുംകൂടി 640 പേർക്ക് താമസിക്കാൻ കഴിയുന്ന ആദ്യ സ്കീം പദ്ധതിയിൻകീഴിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽക്കൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സജീവമായി സ്വീകരിച്ചുവരുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി.

## ഇതര സംസ്ഥാന തൊഴിലാളികൾ

211(820) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ.ജെ. മാക്സി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തെ തൊഴിൽ മേഖലകളിലും വികസന രംഗങ്ങളിലും നൽകുന്ന സംഭാവനകളും സാമൂഹ്യ സാമ്പത്തിക ഘടനകളിൽ ചെലുത്തുന്ന സ്വാധീനവും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഇവരുടെ ജീവിത സാഹചര്യത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലെ ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളും ലഹരി പദാർത്ഥ ഉപയോഗവും പർവ്വതീകരിച്ച് ഇവരെ സാമൂഹ്യവിരുദ്ധന്മാരായി ചിത്രീകരിച്ച് അകറ്റിനിർത്തുന്ന പ്രവണത ചില മേഖലകളിൽ കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തൊഴിലാളികൾക്കിടയിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരി പദാർത്ഥ ഉപയോഗത്തിൽനിന്നും ഇവരെ പൂർണ്ണമായി മുക്തരാക്കുന്നതിനുള്ള എന്തെല്ലാം ശ്രമങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധനാ വിധേയമാക്കിയിട്ടില്ല.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ, തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ ഒരു പൊതുവായ പഠനം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന 'ആവാസ്' പദ്ധതിയിലൂടെ ഇവരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ

ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിലും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും വ്യാപകമായ ബോധവൽക്കരണം നടത്തിവരുന്നു.

## ചുമട്ടുതൊഴിലാളി നിയമത്തിൽ ഓർഡിനൻസ് വഴി മാറ്റങ്ങൾ

212 (821) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി നിയമത്തിൽ ഓർഡിനൻസ്‌വഴി വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മാറ്റം കൊണ്ടുവരാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(സി) ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത നിയമം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നോക്കുകൂലി സംബന്ധിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള നിയമസഭ 2002 -ൽ പാസ്സാക്കിയ ദി കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിയമം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ. എങ്കിൽ ആയതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ വേതനവുമായി ബന്ധപ്പെട്ട വകുപ്പ് 9-നുശേഷം ഓർഡിനൻസ് പ്രകാരം 9 എ, 9 ബി എന്നീ വകുപ്പുകൾ ചേർത്തിട്ടുണ്ട്. 9(എ) പ്രകാരം തൊഴിലുടമയ്ക്ക് തന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് കണ്ടെയ്നറുകളിൽനിന്നോ വെസ്സലുകളിൽനിന്നോ മറ്റ് വാഹനങ്ങളിൽനിന്നോ കയറ്റിറക്ക് ജോലികൾ സ്വന്തമായോ സ്വന്തം തൊഴിലാളികളെ ഉപയോഗിച്ചോ മെഷീൻ ഉപയോഗിച്ചോ നിർവ്വഹിക്കാവുന്നതാണെന്നും ഈ കാര്യങ്ങളിൽ ചുമട്ടുതൊഴിലാളികളെ നിയോഗിക്കുന്നതിന് തൊഴിലുടമയ്ക്ക് ബാധ്യതയുണ്ടായിരിക്കുന്നതല്ലെന്നും 9(ബി) പ്രകാരം തൊഴിലുടമ/സ്ഥാപന ഉടമ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് സർക്കാർ

നിജപ്പെടുത്തിയിട്ടുള്ള വേതനത്തിന് അർഹതയുണ്ടാവുകയുള്ളൂവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സ്വകാര്യ മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചു കൊണ്ടായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് കൊണ്ടുവന്നത്.

(സി) പരിശോധിച്ചിട്ടില്ല.

(ഡി) തൊഴിലെടുക്കാതെ കൂലി വാങ്ങുന്ന അനാരോഗ്യ പ്രവണത തടയപ്പെടേണ്ടതാണ് എന്നാണ് സർക്കാർ നിലപാട്.

(ഇ) ഉണ്ട്. ചുമട്ട് തൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) നിയമം 2008 പാസ്സാക്കിയ സാഹചര്യത്തിലാണ് ദി കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിമയം നിലവിലില്ലാതായത്.

## ഇ. എസ്. ഐ. പദ്ധതി

213(822) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പളപരിധി കേന്ദ്ര സർക്കാർ ഉയർത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ശമ്പളപരിധി ഉയർത്തിയതുമൂലം സംസ്ഥാനത്തെ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വരുന്ന മാറ്റം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) തൊഴിലാളികളുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് നിയമത്തിൽ ഉൾക്കൊള്ളുന്ന സാമൂഹ്യ പരിരക്ഷയുള്ള സമഗ്രപരിപാടിയാണ് ഇ.എസ്.ഐ. പദ്ധതി. 1948-ലെ ഇ.എസ്.ഐ. ആക്ടിൽ 'തൊഴിലാളി' എന്ന നിർവ്വചനത്തിൽപ്പെടുന്നവർക്ക് രോഗം, പ്രസവം, താല്ക്കാലികമോ, സ്ഥിരമോ ആയ വൈകല്യം, തൊഴിൽ സംബന്ധമായുണ്ടാകുന്ന രോഗം അല്ലെങ്കിൽ തൊഴിൽവേളയിലെ അപകടം കൊണ്ടുണ്ടാകുന്ന മരണം തുടങ്ങിയവ നൽകുന്ന ആഘാതങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിനും പരിരക്ഷിത വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തിക ആനുകൂല്യവും മെഡിക്കൽ ആനുകൂല്യവും ലഭ്യമാക്കുന്നതിനുമുള്ള ഉദ്യമം സാക്ഷാൽകരിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഇ.എസ്.ഐ. പദ്ധതി.

(ബി) ശമ്പള പരിധി 1-1-2017 മുതൽ 15,000 രൂപയിൽനിന്നും 21,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) തൊഴിലാളികളുടെ ശമ്പള പരിധി ഉയർത്തിയതിന്റെ ഫലമായി ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തീയതി | തൊഴിലാളികളുടെ എണ്ണം | ഐ.പി.കളുടെ എണ്ണം |
|---|---|---|
| 31-3-2016 | 705140 | 772209 |
| 31-3-2017 | 868900 | 929160 |

### പുതിയ ഇ.എസ്.ഐ. ആശുപത്രികൾ

214(823) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ഇ. എസ്. ഐ. ആശുപത്രികൾ അനുവദിച്ചത് എവിടെയൊക്കെയാണെന്നും, അവയിൽ പ്രവർത്തനം ആരംഭിച്ചതേതൊക്കെയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ പ്രവർത്തനം ആരംഭിക്കാത്തവയുണ്ടോ; ആരംഭിക്കാൻ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും അതിനാവശ്യമായ 162 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. അവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

**റാന്നിയിൽ ഇ.എസ്.ഐ. ആശുപത്രി**

215(824) <u>ശ്രീ.രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നത്;

(ബി) തോട്ടം തൊഴിലാളി മേഖലയായിട്ടും റാന്നിയുടെ കിഴക്കൻ മേഖലകളിലെ തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുംവിധം ഇ.എസ്.ഐ. ആശുപത്രികളോ ഡിസ്പെൻസറികളോ ഈ പ്രദേശത്ത് ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിടത്തി ചികിത്സ ലഭ്യമാക്കാൻ കഴിയുംവിധം ഒരു ഇ.എസ്.ഐ. ആശുപത്രി റാന്നിയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ സംസ്ഥാനത്ത് 3 ആശുപത്രികൾ, ആശ്രാമം (കൊല്ലം), എഴുകോൺ (കൊല്ലം), ഉദ്യോഗമണ്ഡൽ (എറണാകുളം) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷന് കീഴിൽ ഡിസ്പെൻസറികളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി & സി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല.

റാന്നിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും അതിനായി 9 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കെട്ടിടം സജ്ജീകരിച്ച് നൽകുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

## കൊരട്ടിയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

216(825) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി ഇ.എസ്.ഐ.ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചത്. ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തന ഉദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല. കൺസ്ട്രക്ഷൻ ഏജൻസിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും വഹിക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷന്റെ കേന്ദ്ര ഓഫീസാണ്. കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ തലത്തിലും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ തലത്തിലും ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഇ.എസ്.ഐ. ആശുപത്രികളും ഇ.എസ്.ഐ. ഡിസ്പെൻസറികളും

217(826) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികളും ഇ.എസ്.ഐ. ആശുപത്രികളും ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നടപ്പിലാക്കാൻ കഴിഞ്ഞ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊട്ടാരക്കര, തൃപ്പലഴികം, മൈലം എന്നീ മൂന്ന് ഇ.എസ്.ഐ. ഡിസ്പെൻസറികളുണ്ട്. കൂടാതെ ടി മണ്ഡലത്തിൽ തന്നെ സ്ഥിതിചെയ്യുന്ന എഴുകോൺ ഇ.എസ്.ഐ. ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിലാണുള്ളത്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ളതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ മൈലം ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് ഒരു പുതിയ കെട്ടിടം കണ്ടെത്തി വിവരം സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

**മിനിമം വേജസ് അഡ്വൈസറി ബോർഡ്**

218(827) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം മിനിമം വേജസ് അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പുതിയ ബോർഡ് ഏതൊക്കെ മേഖലകളിലെ മിനിമം വേതനമാണ് പുതുക്കിനിശ്ചയിച്ചിട്ടുള്ളത്;

(സി) നിലവിൽ ബോർഡിന്റെ പരിഗണനയിലുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുനഃസംഘടിപ്പിച്ച ബോർഡ് 12 മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിനുള്ള ശിപാർശ സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ 'പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ' മേഖല ഒഴികെ താഴെ ചേർക്കുന്ന 11 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്:

1. ബീഡി & സിഗാർ ഉല്പാദന വ്യവസായം
2. ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി
3. അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ്

4. പേപ്പർ പ്രൊഡക്ഷൻ

5. ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി

6. സെക്യൂരിറ്റി സർവ്വീസസ്

7. ഓയിൽമിൽ സെക്ടർ

8. ലൈറ്റ് മോട്ടോർ വെഹിക്കിൾ

9. മെഡിക്കൽ ഷോപ്പ്സ്

10. ഫുട്ട്‌വെയർ മാനുഫാക്ചറിംഗ്

11. ഓയിൽപാം പ്ലാന്റേഷൻസ്.

(സി) ബോർഡിന്റെ പരിഗണനയിലുള്ള മേഖലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## ആർ.എസ്.ബി.വൈ.

219(828) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആർ. എസ്. ബി. വൈ.) യിൽ ഇപ്പോൾ എത്ര അംഗങ്ങളാണ് ഉള്ളത്; ഇതിന്റെ പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ (2015, 2016, 2017) സംസ്ഥാന സർക്കാർ വിഹിതമായി എത്ര തുകയാണ് അടച്ചിട്ടുള്ളത്; പ്രസ്തുത കാലയളവിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ക്ലെയിം ഇനത്തിൽ എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചത് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ചികിത്സ നൽകാൻ സമ്മതം അറിയിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക്, ചികിത്സ നടത്തിയ ഇനത്തിൽ ഇനിയും പണം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ 2015, 2016, 2017 വർഷങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് കൊടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പല സ്വകാര്യ ആശുപത്രികളും ആർ. എസ്. ബി. വൈ. പ്രകാരമുള്ള ചികിത്സ നടത്താൻ തയ്യാറാകുന്നില്ല എന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ ഇപ്പോൾ (2017-18) 3484724 കുടുംബങ്ങളാണുള്ളത്. പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ (2015, 2016, 2017) സംസ്ഥാന സർക്കാർ വിഹിതമായി അടച്ച തുക സംബന്ധിച്ചും പ്രസ്തുത കാലയളവിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും ക്ലെയിം ഇനത്തിൽ എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചത് എന്നത് സംബന്ധിച്ചുമുള്ള വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. 2015, 2016, 2017 വർഷങ്ങളിൽ ചികിത്സ നടത്തിയ ഇനത്തിൽ നൽകാനുള്ള പണം സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

ആർ.എസ്.ബി.വൈ. പദ്ധതിപ്രകാരം പദ്ധതി നടത്തിപ്പിനായി ആശുപത്രിയും ഇൻഷ്വറൻസ് കമ്പനിയും തമ്മിലാണ് കരാർ ഒപ്പിടുന്നത്. ചികിത്സ നടത്തിയതിന്റെ തുക ഇൻഷ്വറൻസ് കമ്പനി ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നത്. ഇതിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പദ്ധതിപ്രകാരം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്ക് പരാതി സമർപ്പിക്കുന്ന പക്ഷം പരാതി പരിഹരിക്കുന്നതാണ്. 2015-16 മുതൽ 2017-18 വരെ ലഭിച്ചിട്ടുള്ള പരാതികൾ കമ്മിറ്റി പരിഹരിച്ചുവരികയാണ്.

(സി)ഉണ്ട്. ആർ.എസ്.ബി.വൈ./ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികൾ പുതിയതായി ചേരുകയും പദ്ധതിയിൽനിന്നും പിന്മാറുകയും ചെയ്യുന്നുണ്ട്. ഇതിന് ആശുപത്രിക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. പദ്ധതി മാനദണ്ഡം പാലിക്കാത്തപക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇത് ചിയാക്കിന്റെ അറിവോടുകൂടിയാണ് നടക്കുന്നത്. ഇതിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പദ്ധതിപ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്ക് പരാതി സമർപ്പിക്കുന്നപക്ഷം പരാതി പരിഹരിക്കുന്നതുമാണ്.

**ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് ആധാർ ലിങ്കിംഗ്**

220(829) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധിയിൽനിന്നും ആനുകൂല്യം ലഭിക്കണമെങ്കിൽ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആധാറിന്റെ നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസ് സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള നിബന്ധന ഉണ്ടാക്കിയത് നിയമാനുസൃതമാണോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധിയിൽനിന്നും ആനുകൂല്യം ലഭിക്കണമെങ്കിൽ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത് പെൻഷൻ കൈപ്പറ്റുന്നതിന് ഇരട്ടിപ്പ് ഒഴിവാക്കാൻ ഉദ്ദേശിച്ച് മാത്രമാണ്.

**കോതമംഗലം മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ**

221(830) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ഏതെങ്കിലും പദ്ധതികൾ കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) തൊഴിൽ വകുപ്പിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളാണ് നിലവിലുള്ളത്. അത്തരം ക്ഷേമ പദ്ധതികളുടെയും മറ്റ് പുരോഗമന പ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങൾ കോതമംഗലം നിയോജക മണ്ഡലത്തിലും പൊതുവിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കിളിമാനൂരിൽ ലേബർ ഓഫീസ്**

222(831) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് താലൂക്കിലെ കിളിമാനൂർ കേന്ദ്രമാക്കി ലേബർ ഓഫീസ് ആരംഭിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് ലേബർ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കിളിമാനൂരിൽ ഒരു അസിസ്റ്റന്റ് ലേബർ ഓഫീസ് അനുവദിക്കണമെന്ന ആവശ്യവും ഉൾപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് പൊതുവിൽ പരിശോധിച്ചുവരികയാണ്.

## പെരിങ്ങമ്മല പഞ്ചായത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും

223(832) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിങ്ങമ്മല പഞ്ചായത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും ആരംഭിക്കുവാൻ നടപടിയുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

പരിശോധിച്ചുവരുന്നു.

## ഐ.ടി.ഐ.-യ്ക്ക് എൻ.സി.വി.റ്റി. അംഗീകാരം

224(833) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കരിമ്പുഴയിലെ ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യ്ക്ക് എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എൻ.സി.വി.റ്റി.-യുടെ അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ടി ഐ.ടി.ഐ.-ക്ക് വേണ്ടി പണി കഴിപ്പിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 3 ഫേസ് കണക്ഷനുവേണ്ടി കെ.എസ്.ഇ.ബി.എൽ-ൽ അപേക്ഷ നൽകിയിട്ടുണ്ട്. പുതിയ കെട്ടിടത്തിലേക്ക് ഉടൻതന്നെ മാറുന്നതാണ്. ഐ.ടി.ഐ.-യിൽ നിലവിലുള്ള ഡ്രാഫ്റ്റ്സ്മാൻ സിവിൽ & പ്ലംബർ എന്നീ ട്രേഡുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കുന്നതിനായി ഉപകരണ സംഭരണ നടപടികൾ നടന്നുവരുന്നു.

## വളയം ഐ.ടി.ഐ.

225(834) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഐ.ടി.ഐ. -യുടെ കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം സാധ്യമായ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഭൂമി കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് വളയം വില്ലേജ് ഓഫീസ് മുഖാന്തരം വടകര തഹസീൽദാർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥലം കൈമാറ്റത്തിന്റെ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി & സി) പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പി.ഡബ്ല്യു.ഡി.-യിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കയ്യൂർ ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

226(835) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രമായി ഉയർത്തിയ കാസർഗോഡ് ജില്ലയിലെ കയ്യൂർ ഐ. ടി. ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട് ഇവിടെ പരിശീലനം നൽകാൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കയ്യൂർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം (സി.റ്റി.എസ്.) പദ്ധതി പ്രകാരമുള്ള കോഴ്സുകളാണ് കയ്യൂർ ഐ.ടി.ഐ.-യിൽ നടപ്പിലാക്കിവരുന്നത്.

**കയ്യൂർ ഐ.ടി.ഐ.**

227(836) ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കയ്യൂർ ഐ.ടി.ഐ. -യിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കയ്യൂർ ഐ.ടി.ഐ.-യ്ക്ക് അന്താരാഷ്ട്ര നിലവാരം ലഭ്യമാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നതുൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ മെ. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചുവരുന്നു. ടി പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ്.

**കുറ്റിക്കോലിൽ പുതിയ ഗവ. ഐ.ടി.ഐ.**

228(837) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് പുതിയ ഗവ. ഐ.ടി.ഐ. സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് പുതിയ ഗവ. ഐ.ടി.ഐ. ആരംഭിക്കുന്നതാണെന്ന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചാലക്കുടിയിൽ ആർ.ഐ. സെന്റർ**

229(838) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറൽ ഐ.ടി.ഐ, വനിതാ ഐ.ടി.ഐ, പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. തുടങ്ങിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുള്ള ചാലക്കുടിയിൽ വ്യവസായ പരിശീലനത്തിനായി R.I സെന്റർ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ആർ.ഐ. സെന്ററുകൾ ഒരു ജില്ലയിൽ ഒരെണ്ണം എന്ന മാനദണ്ഡപ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. അപ്രകാരം തൃശ്ശൂർ ജില്ലയ്ക്കുള്ള ആർ.ഐ. സെന്റർ, തൃശ്ശൂർ ടൗണിൽ പ്രവർത്തിച്ചുവരുന്നു. ഒന്നിൽ കൂടുതൽ ആർ.ഐ. സെന്ററുകൾ ഒരു ജില്ലയിൽ അനുവദിക്കേണ്ടതായുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ ചാലക്കുടിയിൽ സെന്റർ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

230(839) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം നിലവിലെത്രയാണ് എന്ന് അറിയിക്കാമോ ;

(ബി) പേര് രജിസ്റ്റർ ചെയ്ത് ഇരുപത് വർഷം കഴിഞ്ഞവരെപ്പോലും ഒരു ഇന്റർവ്യൂവിന് വിളിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2016 ലും 2017 ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് അറിയിക്കാമോ; ഓരോ വർഷവും നിയമനം ലഭിക്കുന്നവരുടെ എണ്ണം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ചെറുപ്പക്കാർ തൊഴിലിനായി കാത്തിരിക്കുമ്പോൾ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ രാഷ്ട്രീയ പരിഗണനയുടെ പേരിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്ന് നിയമനം നടത്തിയതിന് ഏതെങ്കിലും വകുപ്പ് അദ്ധ്യക്ഷൻമാർക്ക് ഈ സർക്കാർ നിലവിൽ വന്നശേഷം നോട്ടീസ് നൽകിയിട്ടുണ്ടോ. വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2018 ജനുവരി 31 വരെ 35,06,909 (മുപ്പത്തിയഞ്ച് ലക്ഷത്തി ആറായിരത്തി തൊള്ളായിരത്തി ഒമ്പത്)പേർ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ കൂടുതലും എസ്.എസ്.എൽ.സി.-യും പ്ലസ് ടൂ-വും അതിന് താഴെയും യോഗ്യതയുള്ളവരാണ്. എന്നാൽ ഇത്തരം യോഗ്യതയുള്ളവരെ നാമനിർദ്ദേശം ചെയ്യുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം കുറവാണ്. ഇക്കാരണത്താൽ ഇരുപത് വർഷവും അതിൽ കൂടുതലും സീനിയോരിറ്റിയുള്ള ഉദ്യോഗാർത്ഥികളെ പലപ്പോഴും പരിഗണിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(സി) 2016-ലും 2017-ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്:

2016 - 10358 (പതിനായിരത്തി മുന്നൂറ്റി അൻപത്തി എട്ട്)

2017 - 11640 (പതിനൊന്നായിരത്തി അറുന്നൂറ്റി നാൽപ്പത്)

2016-നെ അപേക്ഷിച്ച് 2017-ൽ 1282 പേർക്ക് അധിക നിയമനം ലഭിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) ഏതാനും ചില സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പരിശോധന നടത്തുകയും കരാർ ദിവസവേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനങ്ങൾ നടന്നിട്ടുള്ള പക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്തുന്നതിന് ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും സർക്കാർ 26-12-2016-ൽ 104693/ജി2/2016/തൊഴിൽ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) നൽകിയിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 പ്രകാരം വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോഴോ അനധികൃത

നിയമനം സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ നടത്തുന്ന അന്വേഷണത്തിലോ കരാർ ദിവസവേതനാടിസ്ഥാനത്തിലുള്ള അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാറുമുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

231(840) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കുറഞ്ഞു വരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) വ്യാപകമായ കരാർ, ദിവസ വേതന നിയമനങ്ങൾ എംപ്ലോയ്മെന്റ് നിയമനങ്ങളെ ബാധിച്ചിട്ടുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം തൊഴിൽരഹിതരായവർക്ക് പ്രയോജനകരമായ രീതിയിൽ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ കൂടുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ ഉദ്യോഗദായകരും അവരവരുടെ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. എന്നിരുന്നാലും പല സ്ഥാപന മേധാവികളും അവരുടെ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ സ്വന്തം നിലയ്ക്ക് കരാർ / ദിവസ വേതന നിയമനങ്ങൾ നടത്തുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. എംപ്ലോയ്മെന്റ് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം

വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് കർശന നിർദ്ദേശം നൽകുകയും ആക്ട് പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) തൊഴിൽരഹിതർക്ക് പ്രയോജനകരമായ രീതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൈവല്യ എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ നാല് ഘടകങ്ങളുണ്ട്. 1. വൊക്കേഷണൽ & കരിയർ ഗൈഡൻസ് 2. കപ്പാസിറ്റി ബിൽഡിംഗ് 3. മത്സര പരീക്ഷകൾക്കുള്ള പരിശീലനം 4. സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി. ഇവയിൽ ഒന്നോ ഒന്നിലധികമോ ഘടകങ്ങളിലൂടെ ഭിന്നശേഷിക്കാരെ സ്വന്തമായി തൊഴിൽ നേടാൻ സഹായിക്കുകയും അതുവഴി സ്വയംപര്യാപ്തമായ ജീവിതത്തിന് പ്രാപ്തരാക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രാദേശികമായി ഉണ്ടാകുന്ന വിദഗ്ധ/അവിദഗ്ധ തൊഴിലവസരങ്ങൾ അതാത് പ്രദേശത്തെ വിദഗ്ധ/അവിദഗ്ധ തൊഴിലാളികൾക്കും അന്തർസംസ്ഥാന തൊഴിലാളികൾക്കും ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്ന പദ്ധതി 2018-19 വാർഷിക പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ജോലികൾ ഇടത്തട്ടുകാരില്ലാതെ തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാകുന്നതിന് സാധ്യമാകുന്നതാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരമുണ്ടാക്കി കൊടുക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെയും വിദ്യാർത്ഥികളെയും ഉദ്ദേശിച്ച് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമായിരിക്കും കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി രാജ്യത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലന്വേഷകരെ അവരുടെ അഭിരുചിക്കനുസരിച്ചും യോഗ്യതയ്ക്കനുസരിച്ചും കഴിവുള്ളതും മികച്ചതുമായ തൊഴിൽദായകരുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് രൂപംകൊടുത്ത പദ്ധതിയാണ് മോഡൽ കരിയർ സെന്റർ കരിയർ കൺസൾട്ടൻസി. സ്കിൽ ഗ്യാപ് അനാലിസിസ്, നൈപുണ്യ പരിശീലനങ്ങൾ നൽകുകയും തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ, ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കൽ വഴിയും സ്വകാര്യ മേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്രദമാകുന്നുണ്ട്.

കൂടാതെ താഴെപ്പറയുന്ന സ്വയംതൊഴിൽ പദ്ധതികളും സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്നുണ്ട്:

1. <u>കെസ്റു</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 21-നും 50-നും ഇടയിൽ പ്രായമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് കെസ്റു വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി ഒരു ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്ന ടി പദ്ധതിയിൽ 20 ശതമാനം സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. 1999-ൽ തുടങ്ങിയ ടി പദ്ധതിയിൽ വായ്പ, തിരിച്ചടവ്, പലിശ തുടങ്ങിയ കാര്യങ്ങൾ ധനകാര്യ സ്ഥാപനങ്ങളും നിയമങ്ങൾക്ക് വിധേയമായിരിക്കും.

2. <u>മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് / ജോബ് ക്ലബ്</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത 21-നും 45-നും ഇടയിൽ പ്രായമുള്ള (പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കുന്നതാണ്.) ഒന്നിൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ് വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതമുണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി പത്ത് ലക്ഷം രൂപ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25 ശതമാനം (പരമാവധി രണ്ട് ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നതാണ്.

3. <u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അമ്പതിനായിരം രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

4. <u>നവജീവൻ</u>

മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് 'നവജീവൻ'. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ

പദ്ധതിയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്കനുയോജ്യമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരന്മാർ, അവരുടെ കുടുംബത്തിനും സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുകയെന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവന ചെയ്യുന്നു. പദ്ധതിയുടെ കരട് ചട്ടം സർക്കാർ പരിശോധിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കൽ**

232(841) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ്എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് നിലവിലുള്ള നിബന്ധന എന്തൊക്കെയാണ്;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വിവിധ കാരണങ്ങളാൽ പുതുക്കുവാൻ കഴിയാതെ വന്നവർക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് പുതുക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥ അഞ്ച് വർഷമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ എസ്.എം.എസ്. വഴി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ പ്രസ്തുത രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്. അതിൻപ്രകാരം പുതുക്കേണ്ട മാസത്തിലോ അതിനടുത്ത രണ്ട് മാസങ്ങളിലോ ഏതു പ്രവർത്തി ദിവസവും രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്ന പ്രദേശത്തോ ഉണ്ടാകുന്ന പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, തീപിടിത്തം. നിശാനിയമപ്രഖ്യാപനം തുടങ്ങി വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയാൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകാൻ വ്യവസ്ഥയുണ്ട്.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അവരുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാൽ അത് ലാപ്സ് ചെയ്യുന്നതിന് മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള സേവനം ആവശ്യമുണ്ടോ എന്ന് ആരാഞ്ഞുകൊണ്ടും കത്തും, രജിസ്റ്റേർഡ് കത്തും നൽകി മതിയായ സമയം നൽകിയതിനുശേഷം മാത്രമേ രജിസ്ട്രേഷൻ റദ്ദാക്കുകയുള്ളൂ.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും രജിസ്ട്രേഷൻ പുതുക്കേണ്ട മാസം മുതൽ ഒരു വർഷം ഗ്രേസ് പിരീഡ് അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.ഒ.(ആർ.റ്റി)നമ്പർ 1196/2016/തൊഴിൽ തീയതി 24-9-2016 പ്രകാരം, 1-1-1995 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 1-10-2016 മുതൽ 31-10-2016 വരെയും ജി.ഒ.(ആർ.റ്റി) നമ്പർ.1024/2017/തൊഴിൽ തീയതി 5-8-2017 പ്രകാരം 1-1-1997 മുതൽ 31-7-2017 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 2-9-2017 മുതൽ 31-10-2017 വരെയും സമയം അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു.

(ഡി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാനുവൽ volume 1 para 7.32(a) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ, പ്രസ്തുത രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായിട്ടുള്ളതാണ് ഇതിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗിൽ നിക്ഷിപ്തമാണ്.

(ഇ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികളെ മൊബൈൽ S.M.S. വഴി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതുസംബന്ധിച്ച് online software വികസിപ്പിക്കുന്ന NIC Kerala യൂണിറ്റുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

233(842) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലന്വേഷകരുടെ എണ്ണം കുത്തനെ ഉയരുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ ഗണ്യമായി കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താൽക്കാലിക ഒഴിവുകൾ വൻതോതിൽ ദിവസവേതന, കരാർ വ്യവസ്ഥകളിൽ നികത്തുന്നതും ബന്ധപ്പെട്ടവർ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും നിയമനങ്ങൾ കുറയുന്നതിന് കാരണമാകുമോ;

(സി) എങ്കിൽ തൊഴിലില്ലായ്മ ദേശീയ ശരാശരിയുടെ ഇരട്ടിയായ കേരളത്തിലെ താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി മാത്രം നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ കൂടുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) 1959-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ ഉദ്യോഗദായകരും അവരുടെ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. എന്നിരുന്നാലും പല സ്ഥാപന മേധാവികളും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതെ സ്വന്തം നിലയ്ക്ക് കരാർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ കുറയുന്നതിന് കാരണമായിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും, അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും

ചെയ്തുവരുന്നു. ഇതിന്റെ ഫലമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ വർദ്ധനയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാർ/അർദ്ധ സർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും 26-12-2016-ൽ 104693/ജി2/2016/തൊഴിൽ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

## എംപ്ലോയബിലിറ്റി സെന്ററുകൾ

234(843) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കാലഘട്ടത്തിലെ ജോലികൾക്ക് യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ: വിശദാംശം അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കുമോ;

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ നൂതന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. (വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു).*

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കും അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. *

(ഡി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പദ്ധതി പ്രാവർത്തികമായിട്ടില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തിവരുന്ന നൈപുണ്യ വികസന പദ്ധതികളിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പരിശീലന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്.

## വാതിൽപ്പടി വിതരണവും തൊഴിൽ നഷ്ടവും

235(844) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാതിൽപ്പടി വിതരണം തുടങ്ങിയതിന്റെ ഭാഗമായി ഗോഡൗണുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കാൻ കഴിയുമോ?

### ഉത്തരം

വാതിൽപ്പടി വിതരണം തുടങ്ങിയതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ 56 എണ്ണം കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുകയും ബാക്കിയുള്ള ഗോഡൗണുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയുംചെയ്യുന്നു. കേരളത്തിലുള്ള ഗോഡൗൺ തൊഴിലാളികളെ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത് ക്രമീകരണവും ക്ഷേമവും പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരികയുമാണ് ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലഹരി ഉപയോഗം

236(845) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാര പ്രായക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും ഇത്തരക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം വ്യാപകമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഹരി പദാർത്ഥങ്ങളുടെ വാഹകരായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നത്.

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് അതീവ ജാഗ്രത പുലർത്തിവരുന്നു. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' മുഖേന സ്വീകരിച്ചുവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ 'വിമുക്തി' സജീവമായി നടപ്പാക്കി

വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതിനകം 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## മദ്യ വില്പനശാലകൾ/ബാറുകൾ

237(846) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി ഉത്തരവ് പ്രകാരമുള്ള ദൂരപരിധി പാലിച്ചുകൊണ്ട് വിവിധ വിഭാഗങ്ങളിലായി എത്ര മദ്യ വില്പനശാലകൾ/ബാറുകൾ പ്രവർത്തിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സുപ്രീം കോടതി ഉത്തരവ് പ്രകാരമുള്ള കുറഞ്ഞ ദൂരപരിധിയിൽ ഇളവ് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ള് ഷാപ്പ് - 3791

FL-3 ബാറുകൾ - 282

FL-1 മദ്യവിൽപ്പനശാലകൾ - 294

FL-11 ബിയർ- വൈൻ പാർലറുകൾ - 426

FL-4/FL-4A ക്ലബ്ബുകൾ - 37

FL-8/FL-8A മിലിറ്ററി ക്യാന്റീനുകൾ - 37

FL-9 വെയർഹൗസുകൾ - 23

FL-12 ബിയർ ഔട്ട് ലെറ്റുകൾ - 3

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 15-1-2018 -ലെ MA No.690-692/17-ലെ ഉത്തരവിലെ നിർദ്ദേശാനുസരണം മേഘാലയ, സിക്കിം, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയ ഇളവ് കേരള സംസ്ഥാനത്തിനും നൽകണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും പരിഗണിച്ചാണ് ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇളവ് ആവശ്യപ്പെട്ടിട്ടുള്ളത്.

## ലഹരി പദാർത്ഥങ്ങളുടെ ലഭ്യതയും ഉപഭോഗവും കുറയ്ക്കുവാൻ നടപടി

238(847) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ പ്രത്യേകിച്ചും മയക്കുമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കെയ്ൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ജനങ്ങളെ ലഹരിക്ക് അടിമയാക്കിക്കൊണ്ടിരിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മദ്യ ഉപഭോഗം കുറയ്ക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എക്സൈസ് വകുപ്പിന്റെ നവീകരണത്തിനും ശാക്തീകരണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ) ലഹരി വസ്തുക്കളുടെയും മയക്കുമരുന്നുകളുടെയും ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള റിസോർട്ടുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നു. റിസോർട്ടുകൾ, വൻകിട ഹോട്ടലുകൾ, ഹോം സ്റ്റേ മുതലായവകളിൽ രാത്രികാലങ്ങളിൽ മിന്നൽ പരിശോധന നടത്തിവരുന്നു. വിമാനത്താവളംവഴി ലഹരിപദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹനപരിശോധന നടത്തിവരുന്നു.

(സി) ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ വിമുക്തിയെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണി വരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽനിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിക്കെതിരെ കായിക ലഹരിയെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

അനധികൃതമദ്യം, കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേയ്ക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ നേരിട്ട് കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് ആർ.പി.എഫ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും

പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്താൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹന പരിശോധന നടത്തിവരുന്നതുമാണ്.

(ഡി) കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിക്കുന്നതിനും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സി.സി.ടി.വി.-കൾ സ്ഥാപിച്ച് നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ലഹരി-മയക്കുമരുന്ന് ഉറവിടങ്ങൾ നശിപ്പിക്കുന്നതിന് നടപടി

239(848) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി-മയക്കുമരുന്ന് ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂളുകളുടെ സമീപപ്രദേശങ്ങളിൽ മയക്കുമരുന്ന് വില്പന വ്യാപകമാകുന്ന സാഹചര്യത്തിൽ, ഈ പ്രദേശങ്ങളിൽ പ്രത്യേക എക്സൈസ് സ്ക്വാഡുകൾ ആരംഭിച്ച് വിദ്യാർത്ഥികളെ മയക്കുമരുന്ന് ഉപയോഗത്തിൽനിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുകൾ വില്ക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുവാൻ നിലവിലുള്ള നിയമവ്യവസ്ഥ മാറ്റി പുതിയ നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന

അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേയ്ക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരി വസ്തുക്കൾ നേരിട്ട് കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായുള്ള ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(ii) അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹനപരിശോധന ജാഗ്രതയോടെ നടത്തിവരുന്നതുമാണ്.

(ബി) ലഹരി പദാർത്ഥങ്ങളുടെ വാഹകരായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായി സർക്കാർ കാണുന്നു. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ തുടങ്ങുന്നതിനും വ്യാപകമാവുന്നതിനും എതിരെ ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്.

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം

നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(സി) എൻ.ഡി.പി.എസ്.ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കി.ഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കി.ഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ചെറിയ വിലയ്ക്ക് വാങ്ങുന്ന കഞ്ചാവ് ചെറിയ പൊതികളാക്കി പത്തിരട്ടി വരെ വിലയ്ക്ക് വിൽക്കുന്നതായി കണ്ടുവരുന്നുണ്ട്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം കാലോചിതമായി പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## മയക്കുമരുന്ന് ഉപഭോഗം

240(849) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗത്തിന്റെയും, മയക്കുമരുന്ന് കടത്തിന്റെയും വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ പ്രതികളാകുന്നവർ കൂടുതലും വിദ്യാർത്ഥികളും യുവാക്കളുമാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) കാര്യക്ഷമതയോടുകൂടി, എക്സൈസും പോലീസും സംയുക്തമായി പരിശോധന നടത്തി മയക്കുമരുന്ന് കടത്തിന് തടയിടുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപഭോഗം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന പ്രതികളിൽ യുവാക്കളുടെയും, വിദ്യാർത്ഥികളുടെയും എണ്ണം സമീപകാലത്ത് വർദ്ധിച്ചുവരുന്നുണ്ട്. യുവാക്കളെയും വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽനിന്നും പിൻതിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു.

(സി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേയ്ക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായുള്ള ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴനാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്.

ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്. വിമാനത്താവളംവഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായി വാഹന പരിശോധന നടത്തിവരുന്നതുമാണ്.

## എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ നടപടി

241(850) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഇവയുടെ വിപണനം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എക്സൈസ് പരിശോധനാ കേന്ദ്രങ്ങൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) ആയതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമവിരുദ്ധവും നിരോധിക്കപ്പെട്ടതുമായ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തികൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും മയക്കുമരുന്നിന്റെ ഉപഭോഗവും വിതരണവും തടയുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിൽനിന്നും നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിയും എക്സൈസ് കമ്മീഷണറുടെ പ്രത്യേക

സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും അതോടൊപ്പം ദേശീയപാതകളിലും വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത്തരം കേസുകൾ വേഗം കണ്ടെത്തി കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി ബന്ധപ്പെട്ട് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കി ഫീൽഡ് ഓഫീസുകൾക്ക് വിതരണം ചെയ്തുവരുന്നു. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ വേഗത്തിൽ കൈമാറുന്നതിനും ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം സുഗമമാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വയർലെസ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

## ചെറായി രക്തേശ്വരി ബീച്ച് റോഡിലെ മദ്യ ഔട്ട്ലെറ്റ്

242(851) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി രക്തേശ്വരി ബീച്ച് റോഡിൽ കൺസ്യൂമർ ഫെഡിന്റെ വിദേശമദ്യ ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഔട്ട്ലെറ്റിന് സമീപമുള്ള അങ്കണവാടി, പട്ടികജാതി കോളനി എന്നിവയിൽനിന്നുള്ള ദൂരപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ചെറായി വിദേശമദ്യ ഔട്ട്ലെറ്റിൽനിന്നും 60 മീറ്റർ ദൂരത്തിലാണ്. അങ്കണവാടി സ്ഥിതിചെയ്യുന്നത്. എന്നാൽ പ്രസ്തുത ഷോപ്പിനുസമീപം പട്ടികജാതി കോളനികൾ സ്ഥിതിചെയ്യുന്നില്ല.

## ബിവറേജസ് ഔട്ട്‌ലെറ്റുകൾ

243(852) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബിവറേജസ് ഔട്ട്‌ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാതയോരങ്ങളിലെ മദ്യശാലകൾ ഒഴിവാക്കുന്നതിനോടനുബന്ധിച്ച് എത്ര ഔട്ട്‌ലെറ്റുകൾ നിർത്തലാക്കിയെന്ന് വിശദീകരിക്കുമോ;

(സി) പുതുതായി ലൈസൻസ് നൽകിയ ബാറുകൾക്ക് റോഡുകളുമായുള്ള ദൂരപരിധി ബാധകമാണോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനുമതിയുള്ള 270 ബിവറേജസ് ഔട്ട്‌ലെറ്റുകളിൽ 260 എണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ദേശീയപാതയോരങ്ങളിലെ മദ്യശാലകൾ ഒഴിവാക്കുന്നതിനോടനുബന്ധിച്ച് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാൽ 10 ഔട്ട്‌ലെറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) ബാധകമാണ്. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ദേശീയ-സംസ്ഥാന പാതകളിൽനിന്നും 500 മീറ്റർ മാറി മാത്രമേ മദ്യവിൽപ്പന അനുവദനീയമായുള്ളൂ. എന്നാൽ പഞ്ചായത്തുകളിലെ മദ്യവില്പനയിലെ ദൂരപരിധി സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി ഏറ്റവും ഒടുവിൽ നടത്തിയിട്ടുള്ള വിധി പ്രഖ്യാപനം പരിശോധിച്ച് ഇക്കാര്യത്തിൽ അനുയോജ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## മദ്യത്തിന്റെ ഉപഭോഗത്തിലുണ്ടായ വർദ്ധന

244(853) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യത്തിന്റെ ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്രയാണെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ചതോ തുറന്ന് പ്രവർത്തിച്ചതോ ആയ എത്ര മദ്യവിൽപ്പനശാലകൾ ഉണ്ട്;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതിയതായി ആരംഭിച്ചതോ തുറന്ന് പ്രവർത്തിച്ചതോ ആയ എത്ര ബാറുകൾ ഉണ്ട്;

(ഡി) മദ്യവില്പനശാലകളുടെയും ബാറുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവാണ്

മദ്യ ഉപഭോഗത്തിൽ വർദ്ധനവുണ്ടാകാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വർദ്ധനയ്ക്ക് എന്താണ് കാരണമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിക്കുകയും തുറന്ന് പ്രവർത്തിച്ചുവന്നതുമായ മദ്യശാലകളുടെ എണ്ണം 68 ആണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് പുതിയതായി ആരംഭിച്ചതും തുറന്ന് പ്രവർത്തിച്ചതുമായ 260 ബാറുകളാണുള്ളത്.

(ഡി) 2017 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കെ.എസ്.ബി.സി. യുടെ മദ്യവില്പനയും മുൻ വർഷത്തെ ഇതേ കാലയളവിലുള്ള മദ്യവില്പനയും താരതമ്യം ചെയ്തതിൽ മദ്യ ഉപഭോഗത്തിൽ കുറവാണുണ്ടായിട്ടുള്ളത്.

## പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ആഫീസ്

245(854) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ആഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## നിലമ്പൂർ ജനമൈത്രി എക്സൈസ് ഓഫീസ്

246(855) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ ഇരുനൂറ്റി പതിനഞ്ച് പട്ടികവർഗ്ഗ കോളനികളിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയെന്ന ഉദ്ദേശ്യത്തോടെ സ്ഥാപിച്ച ജനമൈത്രി എക്സൈസ് ഓഫീസിന്റെ പ്രവർത്തനം, സ്വന്തമായി ജീപ്പില്ലാത്തത് കാരണം പ്രതിസന്ധിയിലാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സത്വര നടപടി സ്വീകരിച്ചുവരുന്നു.

## ഡീ അഡിക്ഷൻ സെന്ററുകൾ

247(856) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ 14 ജില്ലകളിലും ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വനിതാ എക്സൈസ് ഗാർഡ് നിയമനം

248(857) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വനിത എക്സൈസ് ഗാർഡ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതെപ്പോഴെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും. എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ഉദ്യോഗാർത്ഥികൾ നിയമന കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് 18-5-2015 -നാണ് നിലവിൽ വന്നത്. ടി ലിസ്റ്റിൽനിന്നും 48 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2 എൻ.ജെ.ഡി. ഒഴിവുകളും നിലവിലുണ്ട്.

(ബി) 4 ഉദ്യോഗാർത്ഥികൾ നിയമന കാലാവധി നീട്ടിനൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുന്നതും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതുമാണ്.

## കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ സസ്പെൻഷൻ

249(858) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ സസ്പെന്റ് ചെയ്യുവാനുണ്ടായ കാരണം വിശദീകരിക്കുമോ ;

(ബി) സസ്പെൻഷന് മുൻപ് അദ്ദേഹം കൊല്ലം ജില്ലയിലെ ഏതെങ്കിലും ബാറിനെതിരെ കേസെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ആർക്കെതിരെ, എന്തിന് കേസെടുത്തെന്ന് വ്യക്തമാക്കുമോ ; ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഡി) കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി ചാർജെടുത്തശേഷം ഇദ്ദേഹം നടത്തിയ മയക്കുമരുന്ന് വേട്ടയുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രവർത്തനങ്ങൾ എക്സൈസ് സേനയ്ക്ക് പൊതുജനങ്ങളുടെ ഇടയിൽ അവമതിപ്പുണ്ടാക്കിയതിനാലാണ് ശ്രീ. എൻ.എസ്. സുരേഷിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തത്.

(ബി) സ്വന്തം നിലയിൽ കേസുകൾ ഒന്നും എടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി ചാർജെടുത്തശേഷം ടി കാലയളവിൽ ടിയാൻ സ്വന്തം നിലയിൽ മയക്കമരുന്ന് കേസുകൾ ഒന്നുംതന്നെ കണ്ടെടുത്തിട്ടില്ല.

## അരൂകുറ്റിയിലെ എക്സൈസ് വകുപ്പിന്റെ സ്ഥലം

250(859) <u>ശ്രീ.എ.എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി പഞ്ചായത്തിന് സമീപം എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് മെഗാ സർക്യൂട്ട് ടൂറിസം പ്രോജക്ടിന്റെ ഭാഗമായി ടൂറിസം വകുപ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഹൗസ് ബോട്ട് ടെർമിനൽ പ്രയോജനപ്രദമാക്കുന്നതിനായി ലാന്റ് സ്കേപ്പിംഗും മറ്റും നടത്തേണ്ടതിനാൽ, പ്രസ്തുത വസ്തു എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിൽതന്നെ സംരക്ഷിച്ചുകൊണ്ട് ടൂറിസം വകുപ്പിന് പെർമിസീവ് സാങ്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ടൂറിസം, എക്സൈസ് മന്ത്രിമാരുടെയും ബന്ധപ്പെട്ട വകുപ്പ് അധികൃതരുടെയും സാന്നിധ്യത്തിൽ നടന്ന കൂടിയാലോചന ഈ പ്രോജക്ട് നടപ്പാക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചതുപ്രകാരം പെർമിസീവ് സാങ്ഷൻ നൽകി സഹായിക്കാനാവുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) അരൂകുറ്റിയിൽ എക്സൈസ് വകുപ്പിന് സ്ഥലം കണ്ടെത്തുന്നതിനും ഹൗസ് ബോട്ട് ടെർമിനൽ വികസിപ്പിക്കുന്നതിനുമായി 9-3-2017-ന് 3.00 മണിക്ക് നിയമസഭാ മന്ദിരത്തിൽ വച്ച് യോഗം ചേർന്നിരുന്നു. ഈ വിഷയത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പെർമിസീവ് സാങ്ഷൻ നൽകുന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II അടിയന്തരപ്രമേയം

### മധുവിന്റെയും സഫീറിന്റെയും കൊലപാതകം

മി. സ്പീക്കർ: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആദിവാസിയായ മധുവിനെ ഒരു സംഘം ആളുകൾ മർദ്ദിച്ച് കൊലപ്പെടുത്തുകയും സഫീർ എന്ന മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനെ കുത്തിക്കൊലപ്പെടുത്തുകയും ചെയ്തതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഷാഫി പറമ്പിൽ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ട് സംഭവങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളതാണ് ഈ അടിയന്തരപ്രമേയം. ചട്ടപ്രകാരം ഒരേ പ്രമേയത്തിൽ ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ലെന്നുള്ളതാണ് വ്യവസ്ഥ. ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷന് നോട്ടീസ് നൽകിയതുമായി ബന്ധപ്പെട്ട് 26-2-2018-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടെ മേശപ്പുറത്തുവച്ച മറുപടിയിൽ ഞാൻ വസ്തുതകൾ വിശദമാക്കിയിട്ടുണ്ട്. മാധ്യമങ്ങളിൽ അക്കാര്യങ്ങൾ വന്നിട്ടുമുണ്ട്. പരിഷ്കൃതരെന്നും സാക്ഷരരെന്നും അഭിമാനിക്കുന്ന കേരളത്തിനൊന്നടങ്കം അപമാനകരമായ സംഭവമാണ് 22-02-2018-ന് അഗളിയിലുണ്ടായത്. പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ ചിണ്ടക്കി ഊര് നിവാസിയായ മധുവിനെ മോഷണക്കുറ്റം ആരോപിച്ച് നാട്ടുകാർ മുക്കാലി ജംഗ്ഷനിൽ പിടിച്ചുവച്ചിട്ടുണ്ടെന്ന വിവരം 22-02-2018-ന് ഉച്ചയ്ക്കുശേഷം 2.15-ഓടെ അഗളി പോലീസ് സ്റ്റേഷനിൽ അറിയിച്ചു. പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് അഡീഷണൽ സബ്ഇൻസ്പെക്ടറും സംഘവും ഉടൻതന്നെ മുക്കാലി ജംഗ്ഷനിലെത്തുകയും നാട്ടുകാരെല്ലാം ചേർന്ന് ബസ് വെയ്റ്റിംഗ് ഷെഡ്ഡിലിരുത്തിയിരുന്ന മധുവിനെ പോലീസ് ജീപ്പിൽ കയറ്റുകയും അവശനായിരുന്ന മധുവിനെ വൈദ്യപരിശോധനയ്ക്കായി അഗളി സി.എച്ച്.സി.-യിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. പോകുന്ന വഴി മധു ഛർദ്ദിക്കുകയും പോലീസ് ജീപ്പിൽ അബോധാവസ്ഥയിലാകുകയും ചെയ്തു. അഗളി സി.എച്ച്.സി.-യിൽ

എത്തിച്ചപ്പോൾത്തന്നെ മധു മരണപ്പെട്ടു കഴിഞ്ഞതായി ഡോക്ടർ അറിയിക്കുകയായിരുന്നു. ഇക്കാര്യത്തിന് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 23-2-2018-ന് മണ്ണാർക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ ഒറ്റപ്പാലം ആർ.ഡി.ഒ. ഇൻക്വസ്റ്റ് തയ്യാറാക്കുകയും 24-2-2018-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുകയും ആന്തരികാവയവങ്ങൾക്കും തലയുടെ പിൻഭാഗത്തുമേറ്റ മാരകമായ ക്ഷതംമൂലമാണ് മധുവിന് മരണം സംഭവിച്ചതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽനിന്നും വെളിവാകുകയും ചെയ്തിട്ടുണ്ട്. മരണകാരണം ക്രൂരമായ മർദ്ദനമാണെന്ന് അന്വേഷണത്തിൽ വെളിവായതിനാൽ കൊലപാതകം, പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം, വനനിയമത്തിലെ വകുപ്പുകൾ, ഐ.ടി. നിയമത്തിലെ വകുപ്പുകൾ എന്നിവ പ്രകാരവും കേസെടുത്തിട്ടുണ്ട്. മണിക്കൂറുകൾക്കകംതന്നെ കോയമ്പത്തൂർ, പാലക്കാട്, ചാവക്കാട്, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽനിന്നും അറസ്റ്റ് ചെയ്ത 16 പ്രതികളെയും കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. അഗളി ഡിവൈ. എസ്.പി. ഈ കേസിന്റെ അന്വേഷണം നടത്തിവരുന്നു. വനം വകുപ്പുദ്യോഗസ്ഥർക്ക് ആർക്കെങ്കിലും മധുവിന്റെ മരണത്തിനിടയാക്കിയ സാഹചര്യത്തിൽ പങ്കുണ്ടോയെന്നും പ്രതികൾക്ക് അനുമതിയില്ലാതെ വനത്തിൽ പ്രവേശിക്കാൻ കൂട്ടുനിന്നോയെന്നും അന്വേഷിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വിജിലൻസിനെ ചുമതലപ്പെടുത്തുകയും അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തുന്നവരുടെപേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

മധുവിന്റെ അമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10 ലക്ഷം രൂപ പ്രത്യേക സഹായമായി അനുവദിക്കുകയും ടി തുക അടിയന്തരമായി കുടുംബത്തിന് നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിനുപുറമേ എട്ടേകാൽ ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമമനുസരിച്ച് അനുവദിച്ചിട്ടുണ്ട്. അതിന്റെ ആദ്യഗഡുവായ നാലേകാൽ ലക്ഷം രൂപ ബഹുമാന്യനായ മന്ത്രി എ. കെ. ബാലൻ കഴിഞ്ഞ ദിവസം ടി കുടുംബത്തെ ഏൽപ്പിച്ചിട്ടുണ്ട്. കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചാൽ അവശേഷിക്കുന്ന തുകയും നൽകുന്നതായിരിക്കും.

25-2-2018-ന് രാത്രി 9.45-ഓടെ മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കോടതിപ്പടിയിലുള്ള തുണിക്കടയിൽ അബ്ദുൾ ബഷീർ, മുഹമ്മദ് ഷെർജിൻ, കല്ലായ് റഷീദ് എന്നിവർ അതിക്രമിച്ച് കയറി സ്ഥാപനത്തിന്റെ ഉടമയും മണ്ണാർക്കാട് മുനിസിപ്പൽ കൗൺസിലർ സിറാജുദ്ദീന്റെ മകനുമായ

സഫീറിനെയും കൂടെയുണ്ടായിരുന്ന മൻസൂറിനെയും മർദ്ദിക്കുകയും അബ്ദുൾ ബഷീർ കത്തികൊണ്ട് സഫീറിന്റെ വയറ്റിൽ കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. അത് തടയാൻ ശ്രമിച്ച മൻസൂറിനും കത്തികൊണ്ട് പരിക്കേൽക്കുകയും ഓടി രക്ഷപ്പെടാൻ ശ്രമിച്ച മൻസൂറിനെ പുറത്തുനിന്നിരുന്ന അജീഷും സുബ്ഹാനും ചേർന്ന് മർദ്ദിക്കുകയും കല്ലുകൊണ്ട് കുത്തി തലയ്ക്ക് പരിക്കേല്പിക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ സഫീറിനെ ചികിത്സയ്ക്കായി വട്ടമ്പലം മദർ കെയർ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും രാത്രി പത്തുമണിയോടെ മരണപ്പെട്ടു. ഇതിലേയ്ക്ക് മൻസൂറിന്റെ പരാതിപ്രകാരം മേൽപ്പറഞ്ഞ അഞ്ചുപേരെ പ്രതികളാക്കി മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 148, 449, 341, 323, 324, 302, 149 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 182/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയതിൽ ശരീരത്തിന്റെ പല ഭാഗങ്ങളിലായി ഏറ്റ മുറിവുകളാണ് മരണകാരണമെന്ന് വെളിവായിട്ടുണ്ട്. ഈ കേസിലെ 5 പ്രതികളെയും 26-2-2018-ന് (ഈ സംഭവം നടന്നതിന് തൊട്ടടുത്ത ദിവസം) അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നതാണ്. കൃത്യത്തിന് ഉപയോഗിച്ച ആയുധം ഒന്നാം പ്രതി ബഷീറിന്റെ പക്കൽനിന്നും പോലീസ് കണ്ടെത്തിയിട്ടുണ്ട്.

രണ്ട് കേസുകളുടെയും അന്വേഷണം വളരെ ഊർജ്ജിതമായും കുറ്റമറ്റ രീതിയിലും നടന്നുവരുന്നു. അഗളിയിൽ മരണപ്പെട്ട മധുവിന്റെ കുടുംബാംഗങ്ങൾ സർക്കാർ നടപടിയിലും പോലീസ് അന്വേഷണത്തിലും സംതൃപ്തി രേഖപ്പെടുത്തിയ കാര്യം നാം കാണേണ്ടതാണ്. നിസ്സഹായനായ ഒരു ആദിവാസി യുവാവിനെ മരണത്തിലേയ്ക്ക് നയിച്ച, കേരളസമൂഹത്തിന് അപമാനമായ ഈ മനുഷ്യത്വഹീന പ്രവൃത്തി ചെയ്ത എല്ലാ കുറ്റവാളികൾക്കും പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുവാനുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സർക്കാർ എടുക്കുന്നതാണ്.

ആദിവാസി സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്നതാണ് നമ്മുടെയെല്ലാം കടമ. ഓരോ ആദിവാസി കുടുംബത്തിന്റെയും സാഹചര്യങ്ങൾ കണക്കിലെടുത്ത് അവരെ സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരാനുള്ള കൂട്ടായ പരിശ്രമമാണുണ്ടാകേണ്ടത്. ഇതിന് സർക്കാർ മുൻകയ്യെടുക്കും. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് പ്രാദേശിക സർക്കാരുകളുമായി ചേർന്ന് ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ച രണ്ട് കേസുകളിലും നിഷ്പക്ഷവും കാര്യക്ഷമവുമായ അന്വേഷണമാണ് പോലീസ്

നടത്തുന്നത്. കുറ്റക്കാരെയെല്ലാം നിയമത്തിനുമുന്നിൽ കൊണ്ടുവരികതന്നെ ചെയ്യും. അക്രമസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സമാധാനാന്തരീക്ഷം നിലനിർത്താനും സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് എല്ലാവിഭാഗം ജനങ്ങളുടെയും പൂർണ്ണ പിന്തുണ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരാഴ്ചയ്ക്കുള്ളിലുണ്ടായ രണ്ട് കൊലപാതകങ്ങളെ സംബന്ധിച്ച് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് അടിയന്തരപ്രാധാന്യമുള്ള ഈ വിഷയം ഞാൻ അവതരിപ്പിക്കുന്നത്. മലയാളി സമൂഹത്തിനാകെ അപമാനമായി, ആൾക്കൂട്ടം നിയമം കയ്യിലെടുത്ത് മധുവെന്ന ആദിവാസി യുവാവിനെ കൊലപ്പെടുത്തുകയും അതുപോലെതന്നെ മണ്ണാർക്കാട് പട്ടണത്തിൽ കച്ചവടം നടത്തിക്കൊണ്ടിരുന്ന സഫീർ എന്ന ചെറുപ്പക്കാരനെ പരസ്യമായി കച്ചവട സ്ഥാപനത്തിൽ കയറി ഗുണ്ടകൾ കൊലപ്പെടുത്തുകയും ചെയ്തു ഈ രണ്ട് സംഭവങ്ങളുംകാരണം ആ പ്രദേശത്തെ ജനങ്ങളാകെ ആശങ്കയിലും ഭീതിയിലുമാണ്. ക്രമസമാധാനപാലനത്തിന്റെ ഗുരുതരമായ തകർച്ച നമുക്കിവിടെ കാണാൻ സാധിക്കും. ഈ രണ്ട് സംഭവങ്ങളും ചൂണ്ടിക്കാണിക്കുന്നത് ഗുണ്ടകൾക്കും അക്രമികൾക്കും ഇഷ്ടംപോലെ തേർവാഴ്ച നടത്താവുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടെന്നുള്ളതാണ്. അത്തരമൊരു സാഹചര്യത്തിലേയ്ക്ക് കേരളം മാറുമ്പോൾ ഇത് ആഭ്യന്തര വകുപ്പിന്റെ ഒരു പരാജയമായി നമുക്ക് കാണേണ്ടിവരും. മധുവിനെ കൊലപ്പെടുത്തിയ സംഭവം മലയാളികൾക്ക് അപമാനമാണ്. ആ ആദിവാസി യുവാവ് ഒരു മാനസിക രോഗിയായിരുന്നു. അട്ടപ്പാടിയിലെ ജനക്കൂട്ടം ചെയ്തത് കൊടുംക്രൂരതയാണ്. ഈ യുവാവിനെതിരെ മോഷണക്കുറ്റം ആരോപിച്ചാണ് തല്ലിയത്. ഇപ്പോൾ നാട്ടിൽ പെരുകിവരുന്നൊരു പ്രവണതയാണിത്. ജനക്കൂട്ടം നിയമം കയ്യിലെടുത്ത്, നാലാൾ കൂടിയാൽ എന്തുമാകാമെന്നൊരു തോന്നൽ ആളുകൾക്കുണ്ടാകുകയാണ്. അങ്ങനെയൊരു വിദ്വേഷം പ്രചരിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ട്. പലയിടത്തും പല രീതിയിലുള്ള പോസ്റ്ററുകളും ബാനറുകളുമാണ് കാണുന്നത്. ഒരാളെ ആക്ഷേപിച്ച് പിടിച്ചിട്ട് കിട്ടുന്നവനൊക്കെ അയാളെ തല്ലുകയാണ്. കാരണം, ഈ പാവങ്ങളുടെ കയ്യിൽനിന്നും അവന് തിരിച്ചൊന്നും കിട്ടുകയില്ലല്ലോയെന്ന ചിന്തയാണ്. ഒരു ജനക്കൂട്ട മനഃശാസ്ത്രത്തിന്റെ ഇരയാണ് ഈ പാവപ്പെട്ട ആദിവാസി യുവാവ്. പോലീസ് സ്വീകരിച്ച നടപടികളെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിൽ ഉദ്യോഗസ്ഥരുടെ ചില വീഴ്ചകൾ അങ്ങ് കാണണം. ഈ യുവാവിനെ കാട്ടിൽ നിന്നും പിടിച്ചിറക്കിക്കൊണ്ടുവരാൻ സഹായിച്ച വനം വകുപ്പ് ഉദ്യോഗസ്ഥർ ചെയ്തത് കടുത്ത നിയമലംഘനമാണ്. റിസർവ് ഫോറസ്റ്റിനകത്തുള്ള ഒരു ഗുഹയിലാണ് മാനസികാസ്വാസ്ഥ്യമുള്ള ഈ യുവാവ് താമസിച്ചിരുന്നത്. വനം വകുപ്പ് ഉദ്യോഗസ്ഥർ ഇയാളെ ചൂണ്ടിക്കാണിച്ചുകൊടുത്ത് ജനക്കൂട്ടത്തിന്

കാട്ടിനകത്ത് പോയി പിടിച്ചുകൊണ്ടുവരാൻ സൗകര്യം ചെയ്തുകൊടുക്കുകയാണ് ചെയ്തത്. വനം വകുപ്പുദ്യോഗസ്ഥരാണ് മാനസികാസ്വാസ്ഥ്യമുള്ളയാളെ വളരെ സുരക്ഷിതമായി ചികിത്സാകേന്ദ്രങ്ങളിൽ എത്തിക്കേണ്ടത്. അതിനുപകരം അയാളെ അക്രമിക്കാനും കയ്യുംകാലുംകെട്ടി പിടിച്ചുകൊണ്ടുവരാനുമുള്ള സൗകര്യം ചെയ്തുകൊടുത്തു. അവരും ഈ കുറ്റത്തിൽ തുല്യ പങ്കുള്ളവരാണ്. കാരണം, അവർ ചെയ്യാൻ പാടില്ലാത്ത, ഉദ്യോഗസ്ഥരെന്നുള്ള നിലയ്ക്ക് അവരുടെ ഉത്തരവാദിത്വം ചെയ്തില്ലെന്നുമാത്രമല്ല, മറ്റുള്ളവരെ കുറ്റകൃത്യം ചെയ്യുന്നതിന് പ്രേരിപ്പിക്കുകകൂടി ചെയ്തിരിക്കുകയാണ്. അതിനുശേഷം ജനക്കൂട്ടം പിടിച്ചുകൊണ്ടുവന്നയാളെ പോലീസിന് കൈമാറി. ആ സമയത്ത് അയാളെ പിടിച്ചുകൊണ്ടുവന്ന ജനക്കൂട്ടത്തിനോട് പോലീസ് യാതൊന്നും പറഞ്ഞില്ല. പോലീസ് അവരുടെ കയ്യിൽ നിന്നും ഈ പ്രതിയെ ഏറ്റുവാങ്ങി വാഹനത്തിലിട്ട് കൊണ്ടുപോകുകയാണ് ചെയ്തത്. അപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ മധു ഛർദ്ദിക്കുകയും തുടർന്ന് ആശുപത്രിയിലെത്തിച്ചപ്പോൾ മരിക്കുകയും ചെയ്തത്. മരിക്കുമ്പോഴാണ് ഇതിന്റെയൊരു ചിത്രവും ഗൗരവവും മാറുന്നത്. പോലീസിനെ സംബന്ധിച്ചും ആക്ഷേപങ്ങളുണ്ട്. അതുകൊണ്ട് ഈ കേസിന്റെ അന്വേഷണപരിധിയിൽ അക്കാര്യംകൂടി വരുത്തേണ്ടതുണ്ട്. ഇനി ഇത്തരത്തിലുള്ള സംഭവം നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കരുത്, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെയാണ് ഇത്തരം സംഭവങ്ങളെക്കുറിച്ച് കേട്ടിട്ടുള്ളത്. അതിവിടെ ഉണ്ടാകരുത്. അട്ടപ്പാടിയിലുള്ള മുപ്പതിനായിരം വരുന്ന ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി മാത്രം അഞ്ഞൂറിൽപ്പരം ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്. എന്നിട്ടും മാനസികാസ്വാസ്ഥ്യംമൂലം അലഞ്ഞുതിരിഞ്ഞുനടന്ന ഈ ചെറുപ്പക്കാരനെ കണ്ടെത്താനോ വേണ്ട പരിരക്ഷ നൽകാനോ സാധിച്ചില്ല. ഇത്തരത്തിൽ മാനസികാസ്വാസ്ഥ്യം അനുഭവിക്കുന്ന എത്രയോപേർ അട്ടപ്പാടിയിലുണ്ട്. ആദിവാസി ക്ഷേമ പദ്ധതികളുടെ കാര്യത്തിലാണ് താളപ്പിഴകൾ സംഭവിക്കുന്നത്.

ഈ വിഷയത്തിന്റെ പശ്ചാത്തലത്തിൽ ചില പദ്ധതികൾകൂടി ആവിഷ്കരിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സ്ഥിതിയുണ്ടാകണം. ഒരു സെൽഫിയുടെ കാര്യം പലരും പ്രചരിപ്പിക്കുന്നുണ്ട്. എന്റെ തെരഞ്ഞെടുപ്പ് പ്രചരണ രംഗത്തുണ്ടായിരുന്ന, അതായത് എന്നോടൊപ്പമുള്ള ഫോട്ടോയൊന്നുമല്ല, എന്റെ തെരഞ്ഞെടുപ്പ് പ്രചരണ ബാനറിന്റെയും വാഹനത്തിന്റെയും അടുത്ത് നിൽക്കുന്നൊരാൾ ഈ ക്രൂരകൃത്യം ചെയ്ത കൂട്ടത്തിലുണ്ടെന്നാണ് പ്രചരിപ്പിക്കുന്നത്. ഞാൻ അതിന്റെ രാഷ്ട്രീയം പറയുന്നില്ല. മൊത്തം 16 പേരുണ്ട്. ഈ 16 പേർക്കും കൃത്യമായ രാഷ്ട്രീയമുണ്ട്. അതിൽ എല്ലാ പാർട്ടിയിലുംപെട്ടവരുണ്ട്. നമ്മൾ ഇവിടെ പാർട്ടി നോക്കേണ്ടതില്ല. ഈ തെരഞ്ഞെടുപ്പ് പ്രചരണരംഗത്ത് ഞാനും

നിങ്ങളുമൊക്കെ മത്സരിച്ചതാണ്. ആയിരക്കണക്കിനാളുകൾ നമുക്കും നമ്മുടെ എതിർ സ്ഥാനാർത്ഥികൾക്കും വേണ്ടി പ്രചരണം നടത്തി. ഇന്നത്തെ ഫോട്ടോ യുഗത്തിൽ, സെൽഫി യുഗത്തിൽ അത്തരം ഫോട്ടോകളുണ്ടാകും. പക്ഷെ അത് ചൂണ്ടിക്കാണിച്ച് ഈ വിഷയത്തിന്റെ ഗൗരവം കുറയ്ക്കരുതെന്നാണ് എനിക്ക് ബന്ധപ്പെട്ടവരോട് പറയാനുള്ളത്. അങ്ങനെയൊരാൾ, എന്റെ ഉമ്മ പ്രസവിച്ച, എന്റെ സഹോദരനാണെങ്കിൽപ്പോലും അവരൊന്നും തെറ്റ് ചെയ്യുന്നത് നമുക്ക് മുൻകൂട്ടി പറയാനാകില്ലല്ലോ; അങ്ങനെയാണെങ്കിൽപ്പോലും കണ്ണിൽ ചോരയില്ലാത്ത പ്രവൃത്തി ചെയ്യുയാൾക്ക് നിയമം നൽകുന്ന പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. അതിന്റെ മുൻപന്തിയിൽ ആദിവാസി സമൂഹത്തോടൊപ്പം ഞാനുണ്ടാകും. ഈ വിഷയം നമ്മളൊന്നിച്ചാണ് പരിഹരിക്കേണ്ടതെന്നുകൂടി സാന്ദർഭികമായി പറയുകയാണ്.

അതുപോലെതന്നെ സഫീറിന്റേത് ഞെട്ടിക്കുന്ന ഗുണ്ടാ ആക്രമണമാണ്. രാത്രി 8.30-ഓടെ പരസ്യമായി ആറോളം ഗുണ്ടകൾ മണ്ണാർക്കാട് പട്ടണത്തിലുള്ള സഫീറിന്റെ കടയിൽ കയറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ മൂന്നുപേർ കടയിൽ കയറി. പക്ഷെ മൂന്നുപേർ പുറത്ത് നിന്നിട്ട് ആരെങ്കിലും വരുന്നുണ്ടോയെന്ന് നോക്കി വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ഈ മൂന്നുപേർ ക്രൂരമായി കുത്തിയാണ് 23 വയസ്സുള്ള ഈ ചെറുപ്പക്കാരനെ കൊലപ്പെടുത്തിയത്. XXXXXX* ഇതിപ്പോൾ ഞാൻ പറയുന്നതല്ല, ഇന്നലെത്തന്നെ ഇതിനെതിരെയുള്ള പ്രസ്താവനകൾ ആ പാർട്ടിക്കകത്തുതന്നെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നര വർഷം മുമ്പ് സി.പി.ഐ.-യുടെ സമ്മേളനം മണ്ണാർക്കാട് നടന്നു. അതിന്റെ പേര് 'ആയിരം പേർ സി.പി.ഐ.-യിലേയ്ക്ക്' എന്നായിരുന്നു. ഞങ്ങൾക്ക് അതിലൊന്നും പ്രയാസമില്ല. ആർക്കും പാർട്ടിയിൽ ആളുകളെ കൂട്ടുന്നതിനുള്ള പരിശ്രമം നടത്താം. ആ പ്രചരണത്തിന്റെ തലവാചകം ഇങ്ങനെയായിരുന്നു- 'ആയിരം പേർ സി.പി.ഐ-യിലേക്ക്'. മണ്ണാർക്കാട് മണ്ഡലത്തിൽ കുന്തിപ്പുഴയിലുള്ള ഈ കൃത്യം ചെയ്ത ഗുണ്ടാ ഗ്യാംഗ് ഉൾപ്പെടെ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഘങ്ങളുണ്ട്. ഈ സംഘങ്ങളെയെല്ലാം ഏകോപിപ്പിച്ച് അവർക്ക് മെമ്പർഷിപ്പ് നൽകുന്ന പരിപാടിയായിരുന്നു ആയിരം പേർ പാർട്ടിയിലേക്ക് എന്നു പറഞ്ഞത്. ശ്രീ. കാനം രാജേന്ദ്രൻ, ഞങ്ങളൊക്കെ ബഹുമാനിക്കുന്ന പൊതുപ്രവർത്തകനാണ്. പലപ്പോഴും പല കാര്യങ്ങളിലും നീതിയുടെ പക്ഷത്തുനിന്നു പ്രവർത്തിക്കുന്നയാളാണ്. പക്ഷെ പാർട്ടിയിൽ ചേരുന്നവരുടെ ഭൂതകാലം നേക്കേണ്ടതില്ല, അവരുടെ ബ്ലഡ് ഗ്രൂപ്പും കോണ്ടക്ട് സർട്ടിഫിക്കറ്റും വാങ്ങിയിട്ട് പാർട്ടിയിൽ ആളെക്കൂട്ടാൻ കഴിയില്ല, അതുകൊണ്ട്

* ബഹു. സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.1255/ഇ.ബി/18/നി.സെ തീയതി 28-2-2018)സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

അവരുടെ ഭൂതകാലം പരിശോധിക്കണ്ടെന്നാണ് ഇത്തരത്തിലുള്ള ഗുണ്ടകൾക്ക് മെമ്പർഷിപ്പ് നൽകുമ്പോൾ ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്. XXXXXX* ഈ ആക്രമണം നടന്ന അന്ന് സി.പി.ഐ.-യുടെ ഒരു പരിപാടി മണ്ണാർക്കാടുണ്ടായിരുന്നു. ആ പരിപാടി മോശമല്ല, കാരണം നേരത്തെ പറഞ്ഞ മധുവിന്റെ ദാരുണമായ അന്ത്യത്തിൽ പ്രതിഷേധിക്കുന്ന പരിപാടിയായിരുന്നു. ആ പരിപാടിയിൽ സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറി, ശ്രീ. സുരേഷ് രാജ് ഉദ്ഘാടകനായിട്ടുണ്ടായിരുന്നു. അന്നുരാത്രി കൃത്യം നിർവ്വഹിച്ച ഈ ഗുണ്ടകളൊക്കെ ആ പരിപാടിയിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. അതിന്റെയൊക്കെ ഫോട്ടോകൾ ഇന്ന് പ്രചരിക്കുന്നുണ്ട്. മണ്ണാർക്കാട് ഒരു സ്വകാര്യ മാർക്കറ്റുണ്ട്. ആ മാർക്കറ്റ് അടച്ചുപൂട്ടാൻ ഇപ്പോൾ മുനിസിപ്പാലിറ്റി തീരുമാനമെടുത്തു. ആ മാർക്കറ്റാണ് ഈ ഗുണ്ടകളുടെ താവളം. അവിടെ അന്ന് രാവിലെ ഇതുമായി ബന്ധപ്പെട്ട് യോഗം ചേർന്നതായിട്ടുള്ള വിവരങ്ങളുണ്ട്. സഫീറിനും കുടുംബത്തിനുമെതിരെ മുമ്പ് ധാരാളം ആക്രമണങ്ങൾ നടന്നു. പല തവണ അക്രമിച്ചു. ഏകദേശം ഒരു കൊല്ലം മുമ്പ് വീട്ടിൽ നിർത്തിയിട്ടിരുന്ന കാറിന് ബോംബെറിഞ്ഞു. പിതാവും മുനിസിപ്പൽ കൗൺസിലറുമായ ശ്രീ. സിറാജിനെ രണ്ടു മാസംമുമ്പ് അക്രമിച്ചു. കൊല്ലുമെന്നും പരസ്യമായ ഭീഷണിയുണ്ടായിരുന്നു. ഖബർ കുഴിച്ചുവച്ചുകൊള്ളൂ എന്നുവരെ പറഞ്ഞിട്ടുണ്ട്. പോലീസ് വേണ്ടവിധം ഈ പ്രശ്നം ശ്രദ്ധിച്ചിരുന്നെങ്കിൽ, സഫീറിനും കുടുംബത്തിനും പരിരക്ഷ നൽകിയിരുന്നുവെങ്കിൽ ഈ ദാരുണമായ അന്ത്യം ഒഴിവാക്കാമായിരുന്നു. കൃത്യം ചെയ്തവർ പോലീസിന്റെ പിടിയിലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ ഇതിൽ ഗൂഢാലോചനയുണ്ട്. ഈ കൃത്യം ചെയ്തവരൊക്കെ കേവലം ഉപകരണങ്ങൾ മാത്രമാണ്. ഇരുപത്തിരണ്ടും ഇരുപത്തിമൂന്നും വയസ്സുള്ള, ഗുണ്ടാ പ്രവൃത്തികളിലേയ്ക്ക് പുതിയതായി വരുന്ന ആളുകളാണ്, നവാഗതരാണിവർ. ഇവരെക്കൊണ്ട് ഈ കൊലപാതകം ചെയ്യിപ്പിച്ചവർ ഇതിനു പിന്നിലുണ്ട്. അതുകൊണ്ടുതന്നെ ഈ കേസിൽ ഗൂഢാലോചനയുണ്ട്. ആ ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിലെ ഗുണ്ടാതലവന്മാർ പിടിയിലാകണം. ഗൂഢാചോലന നടത്തിയതിനുപിന്നിൽ ആരൊക്കെയുണ്ടെന്നുള്ളത് ശ്രദ്ധിക്കപ്പെടണം.

ഈ കൃത്യം നിർവ്വഹിച്ച, XXXXXX* ഈ വിഷയങ്ങളെല്ലാം അന്വേഷണത്തിന്റെ പരിധിയിൽ വരണം. ഉപകരണങ്ങളായി നിന്ന് ഇത് ചെയ്തവരെമാത്രം പിടിച്ചുകൊണ്ട് ഈ കേസ് അവസാനിപ്പിക്കാൻ ശ്രമിക്കരുത്.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.1255/ഇ.ബി/18/നി.സെ തീയതി 28-2-2018) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ഈ വിഷയത്തിലെ ഗൂഢാലോചന പുറത്ത് വന്നില്ലങ്കിൽ മണ്ണാർക്കാട് പ്രദേശത്ത് സ്വൈരജീവിതം അസാദ്ധ്യമാകും. ഞാൻ എന്റെ മണ്ഡലത്തിലെ ഒരു നീറുന്ന പ്രശ്നമാണ് പറയുന്നത്. വർഷങ്ങൾക്കുമുമ്പ് മണ്ണാർക്കാട് ഗുണ്ടകളുടെ ആക്രമണത്താൽ പൊറുതിമുട്ടിയ ഒരു സ്ഥിതിയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചാറ് വർഷമായി ഇവരൊന്നും വലിയ കുഴപ്പങ്ങളുണ്ടാക്കിയിരുന്നില്ല. ഇതിനുമുമ്പ് ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്ത് ചെന്ന ഒരു എസ്.ഐ.-യെ ഈ ഗുണ്ടകൾ ആക്രമിച്ചു. കുടുംബത്തിന്റെ ഭാഗ്യം കൊണ്ടായിരിക്കാം അയാൾ കഷ്ടിച്ച് രക്ഷപ്പെട്ടു. പലവിധത്തിലുള്ള ഗുണ്ടാ ആക്രമണങ്ങളുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ ഗൗരവമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, മണ്ണാർക്കാടും പരിസരപ്രദേശങ്ങളിലും സ്വൈരജീവിതം അസാദ്ധ്യമാകുന്ന ഒരു സ്ഥിതിയുണ്ടാകും. അതുകൊണ്ട് വളരെ ഗൗരവമായ നടപടിയുണ്ടാകണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുത്.

ഞാൻ ഉന്നയിക്കുന്ന രണ്ട് വിഷയങ്ങളും മണ്ണാർക്കാട് മണ്ഡലത്തിലെ രണ്ട് പ്രശ്നങ്ങളാണ്. ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നത്, ശക്തമായ നിയമത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും തടയാൻ സാധിക്കണം. ഇപ്പോൾ എന്ത് വിഷയം കിട്ടിയാലും നമ്മുടെ സമൂഹം, പ്രത്യേകിച്ചും നമ്മുടെ കുട്ടികൾ വളരെ എക്സ്ട്രീമാണ്. ഇത്തരത്തിലുള്ള പ്രവണതകൾക്കെതിരെ ശക്തമായ ബോധവൽക്കരണവും ഗവൺമെന്റിന്റെ ഇടപെടലുമുണ്ടാകണം. അതിനുള്ള സാമൂഹിക സാഹചര്യങ്ങൾ ഇല്ലാതാക്കണം; ഗുണ്ടകളെ ശക്തമായി അമർച്ച ചെയ്യണം. ഇവരുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ സമാധാനപരമായ ജീവിതത്തിന് തടസ്സമാണ്. ഇവരുടെ ശക്തമായ സാന്നിദ്ധ്യമുള്ള ചില കേന്ദ്രങ്ങളിലൊന്നാണ് മണ്ണാർക്കാട്. ഞാൻ അപമാനത്തോടുകൂടി പറയുകയാണ്, ഗുണ്ടകളുടെ ശക്തമായ സാന്നിദ്ധ്യം, കുന്തിപ്പുഴയുടെ പരിസരത്ത് മാത്രമല്ല, മണ്ണാർക്കാടുള്ള ചില കേന്ദ്രങ്ങളിലുമുണ്ട്. XXXXX* പാർട്ടിയിൽ ആളില്ലെന്ന് കരുതി ഗുണ്ടകൾക്ക് പരിരക്ഷ കൊടുക്കരുത്. അവരെന്നും നിങ്ങളുടെ കൂടെ നിൽക്കുമെന്ന് നിങ്ങൾ ധരിക്കരുത്. നിങ്ങളെന്നും അവരുടെ കൂടെ നിൽക്കുമെന്ന് അവരും... .........(ബഹളം).......... ഞാനല്ല പറയുന്നത്, ശ്രീ. പന്ന്യൻ രവീന്ദ്രൻ വരെ അത് പറയുന്നുണ്ട്.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ......... (ബഹളം).......... മണ്ണാർക്കാട് പോലുള്ള കേന്ദ്രങ്ങളിൽ ഗുണ്ടാ പ്രവർത്തനങ്ങൾ

---

*ബഹു. സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.1255/ഇ.ബി/18/നി.സെ. തീയതി 28-2-2018)സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

അടിച്ചമർത്താൻ പോലീസിന്റെ പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. സാധാരണ രീതിയിലുള്ള പോലീസ് ട്രീറ്റ്മെന്റുകൊണ്ട് ഇവരെ നിയന്ത്രിക്കാൻ സാധിക്കില്ല. അതുകൊണ്ട് മണ്ണാർക്കാട് ഉൾപ്പെടെ കേരളത്തിൽ എവിടെയൊക്കെ ഗുണ്ടകൾ അഴിഞ്ഞാടുന്നോ അവിടെയെല്ലാം പ്രത്യേകമായൊരു സംവിധാനമുണ്ടാക്കണമെന്ന് സൂചിപ്പിക്കുകയാണ്. ഷുഹൈബിന്റെയും മധുവിന്റെയും സഫീറിന്റെയും സുഗതന്റെയുമെല്ലാം മരണം കൊലപാതകങ്ങളാണെന്ന് ഞങ്ങൾക്കറിയാം

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......... അങ്ങ് ഇനിയും പുതിയ വിഷയങ്ങളിലേയ്ക്ക് പോകണ്ട. പ്ലീസ് കൺക്ലൂഡ്.........

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിലൊക്കെ ആഭ്യന്തര വകുപ്പിനുണ്ടായ വീഴ്ച സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ അനുവദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. .....(മൈക്ക് ഓഫ്)....

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തരപ്രമേയത്തിന്റെ വിഷയമല്ല, സി.പി.ഐ.-ക്കെതിരായ ദുരാരോപണങ്ങൾ, തെളിവില്ലാത്ത കാര്യങ്ങൾ സഭാനടപടിയിൽ പാടില്ല. അത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എൻ. ഷംസുദ്ദീൻ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ പറഞ്ഞത് നമ്മുടെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുള്ള സ്ഥിതി കേരളത്തിലുമുണ്ടാകുന്നു, മധുവിന്റെ കാര്യത്തിൽ അത്തരത്തിലുണ്ടായി എന്നാണ്. ഉത്തരേന്ത്യയുടെ പല ഭാഗത്തും സംഘ്പരിവാർ രീതിയിലുള്ള കൊലപാതകങ്ങൾ നടക്കാറുണ്ടെന്ന് നമുക്കറിയാം, ആ രീതിയിലാണ് ഈ കൊലപാതകമെന്ന് ചിത്രീകരിക്കുന്നത് യഥാർത്ഥത്തിൽ വസ്തുതകളെ കുറച്ച് കാണിക്കലാണ്. നമ്മുടെ നാടിനെ അപമാനത്തിലാക്കിയ ഒരു സംഭവമാണ് മധുവിന്റെ കൊലപാതകം. പക്ഷേ, ഉത്തരേന്ത്യയിലുള്ള സംഭവങ്ങളും ഈ സംഭവവും തമ്മിലുള്ള പ്രത്യേകത, മധുവിന്റെ കൊലപാതകത്തെയോ കൊലപാതകികളെയോ ന്യായീകരിച്ചുകൊണ്ട് ആരും രംഗത്ത് വന്നിട്ടില്ലെന്നുള്ളതാണ്. ഉത്തരേന്ത്യയിൽ ചില കാര്യങ്ങളിൽ അതിക്രൂരമായ കൊലപാതകങ്ങളെ പരസ്യമായി ന്യായീകരിക്കുന്നത് നമുക്കെല്ലാം കാണേണ്ടിവന്നിട്ടുണ്ട്. ഇവിടെയാരും മധുവിന്റെ കൊലപാതകികളെ ന്യായീകരിക്കാനോ ആ കൊലപാതകത്തിനെ ന്യായീകരിക്കാനോ തയ്യാറായിട്ടില്ലെന്നത് പ്രത്യേകമായി നാം കാണേണ്ടതായിട്ടുണ്ട്. നമ്മുടെ നാട് ഒരേ ശബ്ദത്തിൽ ഈ നിഷ്ഠൂരതയെ അപലപിക്കുന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്.

ഒറ്റപ്പെട്ട ഒരു ശബ്ദവും കുറ്റകൃത്യത്തെ ന്യായീകരിക്കുന്ന രീതിയിൽ ഉണ്ടായിട്ടില്ലെന്നത് നാം പ്രത്യേകമായി കാണേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയാണ് ഇതിൽ കാണാൻ സാധിക്കുന്നത്. ഇവിടെ മധുവിനെ ആക്രമിച്ചതാര് എന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേയല്ല. എന്തിനാണ് ബഹുമാന്യനായ അംഗം അവസാനം അങ്ങനെയൊരു കാര്യം പറഞ്ഞതെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. ഞാൻ ആദ്യം മറുപടി പറയുമ്പോൾ പ്രതികളെപ്പറ്റി ഒരു സൂചനയും പറഞ്ഞില്ല. ഏത് പ്രതിയെന്നോ; പ്രതിക്കുള്ള ബന്ധങ്ങൾ എന്തെന്നോ എന്നുള്ള നിലയിലേയ്ക്കൊന്നും സർക്കാർ പോകുന്നില്ല. ഇവിടെ ഏത് കൂട്ടരുണ്ടായാലും, ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ആൾ അതിലുണ്ടായാൽപ്പോലും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന പാർട്ടി ഈ സംഭവത്തിന് കൂട്ടുനിൽക്കുന്ന പാർട്ടിയല്ല, പ്രതിപക്ഷത്തുള്ള ഏതെങ്കിലുമൊരു പാർട്ടിയോ ഭരണപക്ഷത്തുള്ള ഏതെങ്കിലുമൊരു പാർട്ടിയോ ഈ സംഭവത്തിന്റെ കൂട്ടുകാരല്ല, ഈ സംഭവത്തെ പിൻതാങ്ങുന്നവരല്ല. നടക്കാൻ പാടില്ലാത്ത ഒരു കാര്യമാണ് നടന്നിരിക്കുന്നത്. നമ്മുടെ നാടിനാകെ അപമാനം വരുത്തിവയ്ക്കുന്ന സംഭവം നടന്നിരിക്കുകയാണ്. തീർത്തും മനുഷ്യത്വഹീനമായ രീതിയിലുള്ള ആക്രമണം ആ ആദിവാസി യുവാവിന് നേരെ നടന്നിരിക്കുന്നു. അതോടൊപ്പം ഒരു പ്രശ്നം പറയാനുള്ളത് എന്തിനാണ് നമ്മൾ ആ യുവാവിന്റെ മാനസികാവസ്ഥയെപ്പറ്റി അധികം പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് പറയേണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അത്തരത്തിൽ എടുത്തുകാണിക്കേണ്ട ഒരു കാര്യമല്ല. മാനസികാവസ്ഥ അങ്ങനെയായാൽ ഇത്തരത്തിലൊക്കെ ചെയ്യാമോ? ഇത്തരത്തിലൊരവസ്ഥയുണ്ടാകാമോ? മാനസികാവസ്ഥ അങ്ങനെയാണെന്ന് ഇതുവരെ ഔദ്യോഗികമായി തെളിയിക്കപ്പെട്ട കാര്യമല്ല. മധു കാട്ടിൽ ജീവിക്കുന്ന ഒരു പാവപ്പെട്ട മനുഷ്യൻ, വീട്ടിലല്ല അധികവും താമസിക്കുന്നതെന്ന അവസ്ഥയല്ലാതെ അതൊരു മാനസികവിഭ്രാന്തിയാണെന്ന് ആര് നിശ്ചയിച്ചിരിക്കുന്നു; ഏതെങ്കിലും പരിശോധനയുടെ ഭാഗമായി കണ്ട ഒരു കാര്യമല്ല. കുടുംബം വിട്ട് കാട്ടിൽ ജീവിക്കുന്ന ചില ആളുകളുണ്ടാകാറുണ്ട്. അതൊക്കെ മാനസികവിഭ്രാന്തിയായി കണക്കാക്കാൻ സാധിക്കുന്നതല്ല. അവരുടെ മാനസികനില അങ്ങനെയാണ്. കുടുംബത്തിലല്ല, മറ്റൊരു തരത്തിൽ ജീവിക്കണമെന്ന് അവർ തീരുമാനിക്കുന്നു; അവരങ്ങനെ പോയി താമസിക്കുന്നു. ആ അവസ്ഥ ഉയർത്തിക്കാട്ടേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്.

10.00 A.M]

എല്ലാവരും ഇതിനെ ശക്തമായി എതിർക്കുന്നുവെന്നതാണ് ഇതിലെ നല്ലൊരു വശം. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറഞ്ഞ രീതിയിൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചില പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നത് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യമാണ്. അത് നേരത്തേയും സഭയിൽ പറഞ്ഞതാണ്. യാചകനായ,

പ്രായമുള്ളൊരാളുടെ ഫോട്ടോ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച് 'ഇതാ കുട്ടികളെ തട്ടിക്കൊണ്ടുപോകാൻ ഇയാൾ ഇറങ്ങിപുറപ്പെട്ടിരിക്കുന്നുവെന്ന് പറയുകയും അയാളെ കണ്ട കുറെ നാട്ടുകാർ ക്രൂരമായി മർദ്ദിക്കുന്നതും വാട്ട്സ്ആപ്പിലൊക്കെ നമ്മൾ കണ്ടതാണ്. അടുത്തദിവസം ഒരു മാധ്യമം അദ്ദേഹത്തിന്റെ ഫോട്ടോ തന്നെ കൊടുത്തു. നമ്മുടെ നാട്ടുകാരനല്ല; പുറം നാട്ടുകാരനാണ്. ഇവിടെ വന്ന് യാചിക്കുന്നയാളാണ്. ക്രൂരമായ മർദ്ദനം ഏൽക്കേണ്ടിവന്നെങ്കിലും ആ മനുഷ്യൻ രക്ഷപ്പെട്ടു. ഇതുപോലെ മരണപ്പെട്ടുപോയില്ല. ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ഇടപെടലുകൾ ചില പ്രദേശങ്ങളിൽ നടക്കുന്നത് വച്ചുപൊറുപ്പിക്കാവുന്നതോ അംഗീകരിക്കാവുന്നതോ അല്ല. അതുകൊണ്ടുതന്നെ അത്തരം നടപടികൾക്കെതിരെയും നീക്കങ്ങൾക്കെതിരെയും ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്.

മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് വനം വകുപ്പുദ്യോഗസ്ഥരുടെ നേരെ ഉയർന്നുവന്നിട്ടുള്ള ആരോപണം സംബന്ധിച്ച് ഞാൻ നേരത്തേ പറയുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. ഇത്തരമൊരു ആക്ഷേപം ഉയർന്നുവെന്ന് കണ്ടപ്പോൾത്തന്നെ അതുമായി ബന്ധപ്പെട്ട് പരിശോധന നടത്താൻ ഉയർന്ന ഉദ്യോഗസ്ഥനെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ പരിശോധനാ റിപ്പോർട്ട് ലഭിച്ചാൽ ഈ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും വസ്തുതയുണ്ടെങ്കിൽ ആവശ്യമായ നടപടി എടുക്കുക തന്നെ ചെയ്യും. ഇക്കാര്യത്തിൽ പോലീസ് ജാഗ്രതയോടെ തന്നെ പ്രവർത്തിച്ചിട്ടുണ്ടെന്നാണ് നമ്മൾ കാണേണ്ടത്. കാരണം, മധുവിനെ ജീപ്പിൽക്കയറ്റി കൊണ്ടുപോകുമ്പോൾ, ശാരീരിക അസ്വാസ്ഥ്യം പ്രകടിപ്പിച്ചപ്പോൾത്തന്നെ നേരെ ആശുപത്രിയിലേയ്ക്കാണ് അവർ കൊണ്ടുപോയത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ മധുവിന്റെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ പോയിരുന്നു. അവിടെയുള്ള ആളുകൾക്ക് പോലീസിനെപ്പറ്റി വ്യാപകമായ പരാതിയുണ്ട്. അങ്ങ് അക്കാര്യം പരിശോധിക്കണം. കാരണം, മുക്കാലി ജംഗ്ഷനിൽനിന്ന് മധു നടന്നാണ് ജീപ്പിൽ കയറിയത്. വലിയ തോതിലുള്ള എന്തെങ്കിലും പ്രയാസമുണ്ടായിരുന്നുവെങ്കിൽ നടന്നുകയറില്ലല്ലോ; അക്രമകാരികളുടെ ഭീകരമായ മർദ്ദനം ഏറ്റുവെന്നുള്ളത് ശരിയാണ്. അതോടൊപ്പംതന്നെ പോലീസുദ്യോഗസ്ഥരും മധുവിനെ മർദ്ദിച്ചുവെന്നൊരു പരാതി അവിടെ ഉയർന്നുവന്നിട്ടുണ്ട്. ദയവായി അങ്ങ് അക്കാര്യം പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ നിർഭാഗ്യകരമായ ഒരു പ്രസ്താവനയായിപ്പോയി. ഇതുവരെ അങ്ങനെയൊരു പരാതി ഒരിടത്തും ഉയർന്നുവന്നിട്ടില്ല. ....(ബഹളം)..... അടിയന്തരപ്രമേയം അവതരിപ്പിച്ച ആ സ്ഥലത്തെ എം.എൽ.എ. എല്ലാ കാര്യങ്ങളും മനസ്സിലാക്കിയ ഒരാളാണ്. അദ്ദേഹവും ഇത്തരത്തിലുള്ള പരാതി ഉന്നയിച്ചില്ല. ഇത്തരമൊരു കാര്യത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവിനെപ്പോലെ ഒരാൾ രാഷ്ട്രീയ ദുഷ്ടലാക്കോടെ ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല. എങ്ങനെയാണ് മരണം സംഭവിച്ചതെന്ന്

പോസ്റ്റ്മോർട്ടം റിപ്പോർട്ടിലൂടെ വ്യക്തമായതാണ്. മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. അത് കേസ്സിന്റെ ഭാഗമായി നടക്കട്ടെ. എന്നാൽ നിർഭാഗ്യവാനായ ഈ ചെറുപ്പക്കാരനെ അതിക്രൂരമായി മർദ്ദിച്ചതിന്റെ ഭാഗമായാണ് ഇത് സംഭവിച്ചിരിക്കുന്നത്. പോലീസുകാർ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്ക് മരണപ്പെടുകയാണുണ്ടായത്. ആശുപത്രിയിൽ എത്തുന്നതിനുമുമ്പ് തന്നെ മരണപ്പെട്ടുവെന്ന് പറയുകയുണ്ടായി. ഒരു കാര്യം ഉറപ്പിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിൽ ഒറ്റക്കെട്ടായി, ഒരേ നിലയിൽ, ഒരേ മനസ്സോടുകൂടി ഈ സംസ്ഥാനമാകെ ഒന്നിച്ചുനിൽക്കുകയാണ്. ഇത്തരത്തിലുള്ള ആക്രമണം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെതിരെ കർക്കശമായ നീക്കം നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. അതാണ് കേരളത്തിന്റെ സ്ഥായിയായ സ്വഭാവം. അത് നമുക്ക് ശക്തമായിത്തന്നെ നിലനിർത്തിപ്പോകാൻ കഴിയേണ്ടതായിട്ടുണ്ട്. സഫീറിന്റെ കൊലപാതകം സംബന്ധിച്ച് പോലീസ് നടപടി കൃത്യമാണെന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ തന്നെ അംഗീകരിക്കുന്നുണ്ട്. എന്നാൽ മറ്റ് ചില കാര്യങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിക്കാൻ നോക്കിയത്. ബഹുമാന്യനായ സി. ദിവാകരൻ ഉന്നയിച്ചതുപോലുള്ള ചില കാര്യങ്ങളിലേക്കാണ് ആരോപണം തിരിഞ്ഞത്. ഇതിൽ വ്യക്തത ഉണ്ടാകേണ്ട ഒരു കാര്യം, ഇക്കാര്യത്തിൽ ഒരു കൂട്ടം ചെറുപ്പക്കാർ, മധു എന്ന ചെറുപ്പക്കാരനെ ആക്രമിച്ച് കൊലപ്പെടുത്തുന്ന നിലയാണുണ്ടായിരിക്കുന്നത്. എല്ലാം ചെറുപ്പക്കാർ എന്ന നിലയ്ക്കാണ് കാണുന്നത്. ഇതൊരു ഗുണ്ടാ സംഘത്തിൽപ്പെട്ടവരാണെന്നും മണ്ണാർക്കാട് ശക്തമായ ഗുണ്ടകളുടെ സാന്നിദ്ധ്യമുണ്ടെന്നും ബഹുമാന്യനായ ഷംസുദ്ദീൻ പറഞ്ഞു. ഗുണ്ടകളുടെ സാന്നിദ്ധ്യം എവിടെയുണ്ടെങ്കിലും അതംഗീകരിച്ചുകൊടുക്കാൻ കഴിയില്ല, അക്കാര്യത്തിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. ഗുണ്ടകൾക്കെതിരെ ശക്തമായ നീക്കം പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകും. കേരളത്തിലെവിടെയും, ഏത് ഭാഗത്തും ഗുണ്ടകൾ കേന്ദ്രീകരിച്ച് നിൽക്കുന്ന അവസ്ഥയുണ്ടെങ്കിൽ അവർക്കെതിരെ ശക്തമായി നീങ്ങുന്നതിന് പോലീസിന് ഇപ്പോൾത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

സഫീറിന്റെ കുടുംബത്തിനു നേരെ നേരത്തേ ആക്രമണം നടന്നിരുന്നുവെന്ന് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്താണ് അതിലെ പ്രശ്നങ്ങളെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കാം. എന്താണ് കാര്യങ്ങളെന്ന് എനിക്കിപ്പോൾ വ്യക്തമായി പറയാൻ കഴിയില്ല. അങ്ങനെയുള്ള എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അതിന്റെ പിന്നിലുള്ള പ്രശ്നങ്ങൾ എന്താണെന്ന് പരിശോധിക്കാവുന്നതാണ്, ഇക്കാര്യത്തിൽ വ്യക്തത വേണം. സഫീറിനെ കൊലപ്പെടുത്തിയ കൊലയാളികൾക്ക് ഒരു തരത്തിലുള്ള പരിരക്ഷയും സഹായവും ഒരിടത്ത് നിന്നുമുണ്ടാകില്ല. ശക്തമായ നീക്കമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായത്. അതുകൊണ്ടാണ് പെട്ടന്നുതന്നെ അവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്. ഇതിന്റെ ഭാഗമായി ഏതെങ്കിലും പ്രതികളെ ഇനിയും

പിടികിട്ടാനുണ്ടെങ്കിൽ ആ നടപടികളിലേക്കും പോലീസ് നീങ്ങും. ഒരാശങ്കയും അക്കാര്യത്തിൽ ആവശ്യമില്ല. കുറ്റം ചെയ്തോ എന്നുള്ളതാണ് പ്രശ്നം. കുറ്റം ചെയ്തവർക്കെതിരെ ശക്തമായ നടപടി പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകും. അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു പ്രശ്നവും ഉദിക്കുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ, അദ്ദേഹത്തിന്റെ അടിയന്തരപ്രമേയാവതരണത്തിനിടയിൽ സി.പി.ഐ.-യെപ്പറ്റിയും സി.പി.ഐ. സംസ്ഥാന സെക്രട്ടറിയെ സംബന്ധിച്ചും അനാവശ്യമായ പരാമർശങ്ങൾ നടത്തുകയുണ്ടായി. .....(ബഹളം)....... നിങ്ങൾ ബഹളം വച്ചോളൂ. ഞാൻ പറയാനുള്ളത് പറയും. സി.പി.ഐ. ഒരു ഗുണ്ടകളെയും പോറ്റിവളർത്തുന്നില്ല. സഹീറിനെ കൊലപ്പെടുത്തിയ കാര്യത്തിൽ, കൊലയാളികൾ ആരാണെങ്കിലും ആ കൊലയാളികളെ സംരക്ഷിക്കുന്ന ഒരു നടപടിയും സി.പി.ഐ.-യുടെ ഭാഗത്തുനിന്നുണ്ടായിട്ടുമില്ല; ഇനി ഉണ്ടാകുകയുമില്ല. ഗുണ്ടകളെ റിക്രൂട്ട് ചെയ്യുന്ന ഒരു പരിപാടിയും സി.പി.ഐ.-യുടെ പരിപാടിയുടെ ഭാഗമാക്കിയിട്ടില്ല. അങ്ങനെ ഗുണ്ടകളെ ചേർത്ത് പാർട്ടി വലുതാക്കേണ്ട ആവശ്യവും സി.പി.ഐ.-ക്ക് ഇല്ല. ....(ബഹളം).....

മി. സ്പീക്കർ: ഇരിക്കൂ. പ്ലീസ്... പ്ലീസ്...നേരത്തേതന്നെ ശ്രീ. സി. ദിവാകരൻ അക്കാര്യം ഉന്നയിച്ചിരുന്നു. അത് രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞുകഴിഞ്ഞു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോകത്തിലെ ആദ്യത്തെ കൊലപാതകത്തെക്കുറിച്ച് ബൈബിളിന്റെ നാലാം അദ്ധ്യായത്തിലെ ഒൻപതാം വാക്യത്തിൽ പറയുന്നത് ഞാൻ ഉദ്ധരിക്കാം. ലോകത്തിലെ ആദ്യ മാതാപിതാക്കളുടെ സന്താനങ്ങളായിരുന്നു ആബേലും കായേലും. ആബേലിനെ കായേൽ കൊന്നു. ആദ്യ കൊലപാതകമറിഞ്ഞ് കർത്താവെത്തി ആബേൽ എവിടെയാണെന്ന് കായേലിനോട് ചോദിച്ചു. എനിക്കറിയില്ല, ഞാൻ സഹോദരന്റെ കാവൽക്കാരനാണോയെന്നായിരുന്നു കായേലിന്റെ മറുപടി. കർത്താവ് പറഞ്ഞത്, നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്നും എന്നെ വിളിച്ചുകരയുന്നുവെന്നായിരുന്നു. ഇവിടെ ഷുഹൈബിന്റെയും മധുവിന്റെയും സഹീറിന്റെയുമുൾപ്പെടെ സി.പി.ഐ.

(എം.)-ന്റെ കൊലക്കത്തി അരിഞ്ഞുവീഴ്ത്തിയവരുടെ രക്തം, (മധുവിന്റേതൊഴിച്ച്) കേരളത്തിന്റെ മണ്ണിൽക്കിടന്ന് നിലവിളിക്കുകയാണ്. സഹോദരന്റെ കാവൽക്കാരനായില്ലെങ്കിലും ജീവനെടുക്കാതിരുന്നുകൂടേ; സഹോദരനെ വെട്ടിനുറുക്കി കൊലപ്പെടുത്തിയശേഷം നിങ്ങൾക്കെങ്ങനെയാണ് മനുഷ്യത്വത്തെപ്പറ്റി സംസാരിക്കാൻ കഴിയുന്നത്? ഇത് ദൈവത്തിന്റെ സ്വന്തം നാടാണോ; പിശാചിന്റെ സ്വന്തം നാടായി കേരളം മാറുകയാണോയെന്ന ആശങ്ക ഞാൻ പ്രകടിപ്പിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് പറഞ്ഞത്; ഷുഹൈബിനെ ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയതിൽ ഹൈക്കോടതിക്കുണ്ടായ ഞെട്ടൽപോലും ഈ സംസ്ഥാന സർക്കാരിനുണ്ടായിട്ടില്ലെന്നുള്ളത് അത്യന്തം ദൗർഭാഗ്യകരമായ കാര്യമാണ്. ഒരു മനുഷ്യനോട് ചെയ്തത് കാണൂ എന്നുപറഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലെ ഓപ്പൺ കോർട്ടിൽ പ്രതികരിച്ചത് കേരളം മുഴുവൻ കണ്ടതാണ്. ഒരു മനുഷ്യനെ വെട്ടിനുറുക്കിയ ചിത്രങ്ങളാണ് എന്റെ കയ്യിലുള്ളത്. സർക്കാർ ഇതൊന്നും കാണുന്നില്ലേയെന്നാണ് ഷുഹൈബിനെ വെട്ടുന്ന ചിത്രം ഉയർത്തിക്കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്. കോടതിയുടെ ഈ ചോദ്യം സർക്കാരിന്റെ മനസ്സാക്ഷിയോടാണ്. കോടതിയുടേത് മാത്രമല്ല, കേരളത്തിലെ പൊതുസമൂഹത്തിന്റെ ചോദ്യവും ഇതുതന്നെയാണ്. രണ്ട് ചെറുപ്പക്കാരെയാണ് ഇവിടെ അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയിരിക്കുന്നത്. അതന്വേഷിക്കാൻ കേരളത്തിലെ ഭരണകൂടത്തിന് കഴിയുന്നില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ സുരക്ഷിതരാണെന്ന് എങ്ങനെ പറയാൻ കഴിയും? ഷുഹൈബിനെ കൊന്ന കൊലക്കത്തി, ആയുധങ്ങൾ എന്നിവ കണ്ടെടുക്കാൻ പോലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ആരോപണങ്ങളുമുണ്ട്. പൗരന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാൻ ബാദ്ധ്യതയുള്ള സർക്കാർതന്നെ ജീവനെടുക്കുന്നവർക്ക് സംരക്ഷണം കൊടുക്കുന്ന ഏറ്റവും ദുഃഖകരമായ ഒരവസ്ഥയാണ് ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. ആ കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് പരാജയമാണ്. ഗുരുതരമായ ആ അവസ്ഥയിലേയ്ക്കാണ് കോടതി വിരൽ ചൂണ്ടിക്കൊണ്ടിരിക്കുന്നത്. നിയമവാഴ്ചയുടെ പൂർണ്ണമായ പരാജയം നമുക്കിവിടെ കാണാൻ കഴിയുന്നു. എല്ലാ ദിവസവും കൊലപാതകം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ കേരളത്തിൽ ഒന്നുമില്ല, എല്ലാം ശാന്തമാണ്, ഒരു പ്രശ്നവുമില്ല എന്നൊക്കെ തോന്നും. കൊലപാതകം നടത്താൻ ആളുകൾ മുന്നോട്ടുവരുമ്പോൾ അവർക്ക് സംരക്ഷണം കൊടുക്കുന്നുവെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഷുഹൈബെന്ന യുവാവിനെ സി.പി.ഐ.(എം.)-ൽപ്പെട്ട ആളുകൾ വെട്ടിക്കൊന്നത്

ഫെബ്രുവരി 12-ാം തീയതിയാണ്. കോടഞ്ചേരിയിൽ ജ്യോത്സ്നയെന്ന ഗർഭിണിയുടെ വയറ്റത്ത് ചവിട്ടി നാല് മാസം പ്രായമായ ഗർഭസ്ഥശിശുവിനെ സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറി കൊന്നത് ഫെബ്രുവരി 15-നാണ്. Mob Lynching കേരളത്തിൽ ഇതുവരെയുണ്ടായിട്ടില്ല. Mob Lynching നമ്മൾ കേട്ടിട്ടുള്ളത് ജുനൈദിന്റെ കാര്യത്തിലും മുഹമ്മദ് അഖ്‌ലാക്കിന്റെ കാര്യത്തിലുമാണ്. അതെല്ലാം വടക്കേ ഇന്ത്യയിൽ സംഭവിക്കുന്ന കാര്യങ്ങളാണ്. കഞ്ഞിവച്ച് കുടിക്കാൻ അല്പം അരിയെടുത്തതിന് അട്ടപ്പാടിയിലെ മധുവെന്ന ആദിവാസി യുവാവിനെ ഭീകരമായി മർദ്ദിച്ചുകൊലപ്പെടുത്തിയത് ഫെബ്രുവരി 22-നാണ്. കൊല്ലം ജില്ലയിലെ പത്തനാപുരത്ത് ജീവിക്കാൻ വേണ്ടി വർക്ക്ഷോപ്പ് തുടങ്ങാൻ ശ്രമിച്ച സുഗതനെന്ന പാവം പ്രവാസിയെ എ.ഐ.വൈ.എഫ്.-കാർ അവിടെ കൊടികുത്തിയാണ് മരണത്തിലേയ്ക്ക് തള്ളിവിട്ടത്. ശ്രീ. സി. ദിവാകരന് അതൊക്കെ മറക്കാൻ കഴിയുമോ; ഇങ്ങനെയുള്ള നടപടിയെ അങ്ങ് എതിർക്കേണ്ടതാണ്. അതിനെയൊന്നും ന്യായീകരിക്കാൻ കഴിയില്ല. ഒരു പാവം പ്രവാസിക്കാണ് അവിടെ ആത്മഹത്യ ചെയ്യേണ്ടിവന്നത്. അവിടെ കുത്തിയ കൊടി ആരും എടുത്തുകൊണ്ട് പോയിട്ടില്ല. ഇപ്പോഴും ആ കൊടി അവിടെത്തന്നെയുണ്ട്. അവിടെപ്പോയ വനം വകുപ്പുമന്ത്രിക്ക് ജനങ്ങളുടെ ഭാഗത്തുനിന്നും നേരിടേണ്ടിവന്ന അനുഭവം എല്ലാ മാധ്യമങ്ങളിലും നമ്മൾ കണ്ടതാണ്. മണ്ണാർക്കാട് കോടതിപ്പടിയിലെ തുണിക്കടയിലിരുന്ന യൂത്ത്‌ലീഗ് പ്രവർത്തകനായ സഫീറിനെ സി.പി.ഐ. ഗുണ്ടകൾ കുത്തിക്കൊന്നത് ഫെബ്രുവരി 25-നാണ്. സംസ്ഥാനത്ത് ഇപ്പോൾ ഭരണം നടത്തുന്നതുതന്നെ കൊലപാതകം ഒരു കലയായി വികസിപ്പിച്ചെടുത്ത ആളുകളാണെന്ന് പറയേണ്ടിയിരിക്കുന്നു. 'യഥാ രാജാ തഥാ പ്രജാ' എന്നാണ് പ്രമാണം. അതനുസരിച്ചാണ് എല്ലാ കൊലകളും നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ കൊലകളെയും ഇവിടെ ന്യായീകരിക്കുകയാണ്. ഭരണത്തിന് നേതൃത്വം കൊടുക്കുന്നവർതന്നെ കൊലപാതകങ്ങളെ ന്യായീകരിക്കുന്ന അതീവ ഗുരുതരമായ സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. സി.പി.ഐ.-ക്കാർ പൊതുവെ കൊലപാതകം നടത്തുന്ന ആളുകളല്ലെന്നൊരു പൊതുവികാരമാണ് ആളുകൾക്കുള്ളത്. പക്ഷെ, 'മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടാം സൗരഭ്യം' എന്നാണ് പറയുന്നത്. ഏതായാലും സി.പി.ഐ.-യുടെ ഭാഗത്തുനിന്നും ഇത്തരമൊരു കാര്യം ആരും പ്രതീക്ഷിച്ചില്ല. പത്തനാപുരത്ത് പ്രവാസി ആത്മഹത്യ ചെയ്തതിൽനിന്നും സി.പി.ഐ.-യ്ക്ക് പിന്മാറാൻ കഴിയില്ല. അതുപോലെതന്നെ മണ്ണാർക്കാടുണ്ടായ കൊലപാതകവും. ഇത് രണ്ടിന്റെയും ഉത്തരവാദിത്വത്തിൽനിന്നും ഇവർക്ക് മാറിനിൽക്കാൻ കഴിയുമോ; പുനലൂരിലെ സുഗതനെന്ന വ്യക്തി കാലുപിടിച്ച് കരഞ്ഞിട്ടുപോലും സഹായം ചെയ്തില്ല. സഹായം ചെയ്തില്ലെങ്കിലും ദ്രോഹിക്കാതിരുന്നാൽ

മതിയായിരുന്നു. ആ സാധുമനുഷ്യൻ അവിടെയുള്ള ഷെഡ്ഡിൽത്തന്നെ ആത്മഹത്യ ചെയ്തു. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് തെറ്റാണ്. മണ്ണാർക്കാട് സംഭവം അങ്ങ് പരിശോധിക്കണം. നിങ്ങൾ കൂടെയുള്ളവരായതുകൊണ്ടാണ് മുഖ്യമന്ത്രി പേര് പറയാതിരുന്നത്. അത് അദ്ദേഹത്തിന്റെ മാന്യതകൊണ്ട് പറയാത്തതാകാം. ശ്രീ. കാനം രാജേന്ദ്രൻ പാർട്ടിയിൽ ചേർത്ത ആളുകളാണവർ. അവർ നേരത്തെ സി.പി.ഐ.(എം.)-ൽ ഉണ്ടായിരുന്നവരാണ്. പിന്നീട് സി.പി.ഐ.-യിൽ ചേർന്നു. പാർട്ടിയിൽ ചേരുന്നവരുടെ ഭൂതകാലം പരിശോധിക്കേണ്ടെന്നാണ് അന്ന് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്. എല്ലാ കൊലപാതകങ്ങളെയും അതിനിശിതമായി വിമർശിക്കുന്ന ഒരു വ്യക്തിയാണ് ശ്രീ. കാനം രാജേന്ദ്രൻ. ഭൂതകാലം പരിശോധിക്കാതെ, ജാതകം പരിശോധിക്കാതെ ആളുകളെ ചേർത്തതിന്റെ ദുരന്തമാണ് ഇപ്പോൾ സി.പി.ഐ. അനുഭവിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലുള്ള കൊടുംക്രൂരന്മാരെ പാർട്ടിയിൽ ചേർത്തതിന്റെ അനുഭവമാണ് നമ്മൾ കണ്ടത്. മൂന്ന് തവണയാണ് കൊലപാതക ശ്രമമുണ്ടായതെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞു; മൂന്ന് തവണ ആ വീടിനുനേരെ ബോംബെറിഞ്ഞു. മുനിസിപ്പൽ കൗൺസിലറുടെ വീടാണത്. അവിടെ തീവയ്പ് നടത്തുകയും അവരെ ഭീഷണിപ്പെടുത്തുകയും ചെയ്തു. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, ഈ മൂന്ന് സംഭവങ്ങളുണ്ടായിട്ടും പോലീസ് എന്തുകൊണ്ട് നിർവീര്യമായിരുന്നുവെന്നാണ്. പോലീസ് എന്തുകൊണ്ട് കേസ്സെടുത്തില്ല. പോലീസ് കേസ്സെടുക്കാത്തതുകൊണ്ടല്ലേ ഈ അക്രമകാരികൾക്ക് വീണ്ടും ഇതുപോലൊരു കൊലപാതകത്തിന് അവസരമുണ്ടായത്. ബോംബെറിഞ്ഞപ്പോഴും തീ വച്ചപ്പോഴും ഭീഷണി മുഴക്കിയപ്പോഴും എന്തുകൊണ്ട് കേസ്സെടുത്തില്ല; ഈ കാര്യങ്ങൾക്കൊക്കെ കേസ്സെടുക്കാൻ കേരളത്തിലെ പോലീസിന് ചുമതലയില്ലേ; അങ്ങനെ കേസ്സെടുക്കാത്തതുകൊണ്ടാണ് യൂത്ത്ലീഗ് പ്രവർത്തകനായ സഫീറിന്റെ കൊലപാതകത്തിലേയ്ക്ക് കാര്യങ്ങൾ നയിച്ചത്. എല്ലാം ഭദ്രമാണെന്ന് അങ്ങ് പറയുന്നു. ഇപ്പോൾ പോലീസ് നടപടിയെടുത്തു. നേരത്തെ ഈ മൂന്ന് കാര്യങ്ങളിലും നടപടിയെടുത്തിരുന്നെങ്കിൽ സഫീർ എന്ന ചെറുപ്പക്കാരൻ ഇന്ന് കേരളത്തിൽ ജീവിച്ചിരിക്കുന്ന അവസ്ഥയുണ്ടാകുമായിരുന്നു. കുന്തിപ്പുഴ മത്സ്യ മാർക്കറ്റുമായുണ്ടായിരുന്ന തർക്കമാണ് ക്രൂരമായ കൊലപാതകത്തിൽ കലാശിച്ചത്. നിസ്സാരകാര്യങ്ങൾക്കുപോലും ആളുകളെ കൊല്ലുന്ന അവസ്ഥയിലേയ്ക്കാണ് ഇന്ന് കേരളം എത്തിനിൽക്കുന്നത്. സഫീർ കൊലപാതകത്തിന് ഉത്തരവാദികളായ ആളുകൾ നേരത്തെയും അക്രമങ്ങൾ നടത്തിയവരാണ്. ഒരു എസ്.ഐ.-യെ കുത്തിയ ആളുകളെയാണ് ശ്രീ. കാനം രാജേന്ദ്രൻ പാർട്ടിയിൽ ചേർത്തത്.

ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് ശരിയല്ലേ; പാർട്ടിയിൽ ആളില്ലെങ്കിൽ ഗുണ്ടകളെ കൂട്ടി പാർട്ടി വളർത്തുന്ന നടപടി ശരിയാണോ; ഇതുപോലുള്ള സാമൂഹ്യവിരുദ്ധന്മാരെയും ഗുണ്ടകളെയും പാർട്ടിയിൽ ചേർത്താലുണ്ടാകുന്ന അനുഭവമാണ് ഇതുപോലുള്ള കൊലപാതകങ്ങൾ. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞതെന്താണ്; മനുഷ്യനെ പച്ചയ്ക്ക് വെട്ടിക്കൊല്ലുന്നത് അംഗീകരിക്കുന്നില്ലെന്നാണ് ഷുഹൈബിന്റെ കൊലപാതകത്തെപ്പറ്റി പ്രതികരിച്ചത്. സഫീറിന്റെ കാര്യത്തിൽ അദ്ദേഹം ഒന്നും മിണ്ടിയില്ല. അപ്പോൾ അദ്ദേഹത്തിന്റെ വായ അടഞ്ഞുപോയി. ഇത് ശരിയായ നടപടിയല്ല. ഇവിടെ ശ്രീ. സി. ദിവാകരനെങ്കിലും ഈ കാര്യത്തിൽ അപലപിക്കുമെന്നാണ് ഞാൻ കരുതിയത്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയും അപലപിക്കുമെന്ന് കരുതി. ഞങ്ങൾ ഇവിടെ പറഞ്ഞ കാര്യത്തെപ്പറ്റിയല്ല; ഈ കൊലപാതകത്തെപ്പറ്റി അപലപിക്കുമെന്ന് ഞാൻ കരുതി. നിങ്ങൾക്ക് ഇതിൽ ബന്ധമില്ലെങ്കിൽ നിങ്ങളുടെ പാർട്ടിയിൽ ചേർന്ന ആളുകളെ പുറത്താക്കാൻ നടപടി സ്വീകരിക്കണമായിരുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ കൊലപാതകത്തെ ഒരിക്കലും സി.പി.ഐ. ന്യായീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ലെന്ന് മാത്രമല്ല, ഞാൻ ശക്തമായി അപലപിച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. അങ്ങ് ഉന്നയിക്കുന്നതുപോലെ സി.പി.ഐ. എന്ന പാർട്ടി ഗുണ്ടകളെ ചേർത്ത് പാർട്ടിയെ വലുതാക്കാൻ ഉദ്ദേശിക്കുന്നവരല്ല. മാത്രമല്ല, ഏതെങ്കിലും രീതിയിൽ അങ്ങനെ ബന്ധമുണ്ടെങ്കിൽ ഒരു കാരണവശാലും അവരെ സംരക്ഷിക്കാൻ ഈ പാർട്ടി ഉദ്ദേശിക്കുന്നില്ല. അവിടെ സി.പി.ഐ.-യിലേയ്ക്ക് വന്ന ആളുകൾ ആരാണെന്ന് ഞങ്ങൾ നോക്കിയിട്ടില്ല; ഞാൻ പരിശോധിച്ചിട്ടില്ല. സി.പി.ഐ.-ക്ക് ഈ കൊലപാതകവുമായി യാതൊരു ബന്ധവുമില്ല. കാരണം, മുസ്ലീംലീഗും സി.പി.ഐ.-യും തമ്മിൽ സംഘർഷം നിലനിൽക്കുന്നില്ല. അവിടെ വ്യക്തിപരമായ കാരണങ്ങൾകൊണ്ടുണ്ടായ കൊലപാതകമാണ്. ആ കൊലപാതകത്തെ സി.പി.ഐ.-യുടെ മേൽ കെട്ടിവയ്ക്കരുത്. സി.പി.ഐ. ആ കൊലപാതകികളെ അംഗീകരിക്കുന്നില്ല, അവരെ സംരക്ഷിക്കുന്നില്ല. ആ കൊലപാതകത്തെ ശക്തമായി അപലപിച്ചിട്ടുള്ള പാർട്ടിയാണ് സി.പി.ഐ. ഒരു കാരണവശാലും അതിനെ ന്യായീകരിക്കുന്നില്ല. അങ്ങ് ഇവിടെ ഉന്നയിക്കുന്നതുപോലെ കൊലപാതകം നടക്കാൻ പാടില്ലാത്ത കാര്യമാണ്. അത് സി.പി.ഐ.-യ്ക്ക് യാതൊരു ബന്ധവുമുള്ള കാര്യമല്ല. അതാണ് ഞാൻ വ്യക്തമാക്കിയത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇത്രയെങ്കിലും പറഞ്ഞല്ലോ. ഇക്കാര്യം ശ്രീ. കാനം രാജേന്ദ്രനോടും കൂടി പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം പത്രസമ്മേളനം നടത്തി പറയുമായിരുന്നു. എല്ലാ

കാര്യങ്ങളെയും കുറിച്ച് പ്രതികരിക്കുന്ന ആളാണ് അദ്ദേഹം. ഷുഹൈബിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച അദ്ദേഹം ഇക്കാര്യത്തിൽ എന്താണ് പ്രതിഷേധിക്കാത്തത്; ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അദ്ദേഹത്തെ ഉപദേശിക്കുമെന്ന് ഞാൻ കരുതുന്നു. ഭൂതകാലവും ജാതകവും നോക്കി ആളുകളെ പാർട്ടിയിൽ ചേർക്കണമെന്നത് സി.പി.ഐ.-യ്ക്ക് ഇപ്പോഴെങ്കിലും മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു.

അഗളിയിലുണ്ടായ സംഭവത്തെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. Mob Lynching കേരളത്തിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ്. ജനക്കൂട്ടം നിയമം കയ്യിലെടുക്കുകയാണ്. ജനക്കൂട്ടത്തിന് നിയമം കയ്യിലെടുക്കാൻ കഴിയുന്ന മാനസികാവസ്ഥ ഇവിടെ ഉണ്ടായതിന്റെ കാരണങ്ങളെപ്പറ്റിക്കൂടി പരിശോധിക്കേണ്ടതുണ്ട്. ശക്തമായ നടപടി സ്വീകരിക്കുന്നൊരു ഗവൺമെന്റായിരുന്നുവെങ്കിൽ Mob Lynching കേരളത്തിൽ ഉണ്ടാകില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇക്കാര്യത്തിൽ ശക്തമായ നടപടികളുണ്ടാകണം. മുഖംനോക്കി നടപടിയുണ്ടാകാൻ പാടില്ല; 'എൻപിള്ള നയം' സ്വീകരിക്കാൻ പാടില്ല.

പാവപ്പെട്ടൊരു ആദിവാസി യുവാവ് മോഷണം നടത്തി എന്ന ആരോപണമാണുള്ളത്. മോഷണം നടത്തി എന്നാരും പറഞ്ഞിട്ടില്ല. ഞാനവിടെ പോയിരുന്നു. 15 കിലോമീറ്റർ അകത്തുള്ള കാട്ടിൽനിന്ന് ചെറുപ്പക്കാരനായ മധുവിനെ എങ്ങനെ പിടിച്ചു; വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ റിസർവ് ഫോറസ്റ്റിനുള്ളിൽ കയറി അദ്ദേഹത്തെ പിടിച്ചുകൊണ്ട് വരാൻ അവർക്കെങ്ങനെ അവസരമുണ്ടായി എന്നതാണ് പ്രധാനപ്പെട്ട ചോദ്യം. ഇത്രയും ദിവസമായിട്ടും വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ടതായിരുന്നു. ഒരാളിനെപ്പോലും സസ്പെന്റ് ചെയ്തിട്ടില്ല. മധു അവിടെയൊരു പാറയിടുക്കിലാണ് കഴിഞ്ഞിരുന്നത്. അവിടെനിന്ന് മധുവിനെ പിടിച്ചു കൊണ്ടുവരാനുള്ള സൗകര്യം ഒരുക്കിക്കൊടുത്തത് വനം വകുപ്പ് ഉദ്യോഗസ്ഥരാണെന്ന് എല്ലാവരും പറയുന്നു. ആ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, അങ്ങയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായിത്തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. 24-ാം തീയതി തന്നെ വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഏതെങ്കിലും തരത്തിൽ ഈ സംഭവത്തിൽ സഹായിക്കുന്ന രീതിയിൽ ഇടപെട്ടിട്ടുണ്ടെങ്കിൽ അതന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് (വിജിലൻസ്) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററായ

ശ്രീ. എ. കെ. ധരണി എന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടോമൂന്നോ ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാകും; റിപ്പോർട്ട് ലഭ്യമായാൽ അതിന്മേൽ ശക്തമായ നടപടിയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അന്വേഷണ വിധേയമായി ആ ഉദ്യോഗസ്ഥനെ ഇമ്മീഡിയറ്റായി സസ്പെന്റ് ചെയ്യേണ്ടതായിരുന്നു. അങ്ങേയ്ക്കതിനുള്ള അധികാരമുണ്ട്. കുറ്റക്കാരനല്ലെങ്കിൽ പിന്നീട് തിരിച്ചെടുക്കാമായിരുന്നു. ലോകം മുഴുവൻ ശ്രദ്ധിച്ച, ഒരു പാവപ്പെട്ട ആദിവാസി യുവാവിനുണ്ടായ ഈ ദുരന്തത്തെ സംബന്ധിച്ച് റിപ്പോർട്ട് വരട്ടെ, റിപ്പോർട്ട് വന്നിട്ട് പരിശോധിക്കട്ടെ, പരിശോധിച്ച് വീണ്ടും ഒന്നുകൂടി അന്വേഷിക്കട്ടെ എന്നിങ്ങനെ സെൻസിറ്റിവിറ്റിയില്ലാത്ത നിലയിൽ അങ്ങ് പറയാൻ പാടില്ലായിരുന്നു.

ശ്രീ. കെ. രാജു: സർ, ഏത് ഉദ്യോഗസ്ഥനെയാണ് സസ്പെന്റ് ചെയ്യേണ്ടതെന്ന് അറിയണ്ടേ; ആരുടെയെങ്കിലും പേര് പറഞ്ഞോ; ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്യുമ്പോൾ ശക്തമായ നടപടിയെടുക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി, ഞാൻ അങ്ങേയ്ക്ക് പറഞ്ഞുതരാം. മധുവിനെ പിടിച്ചുകൊടുക്കാൻ സൗകര്യം ചെയ്ത്, അവിടേയ്ക്ക് കയറിപ്പോകാൻ അനുവദിച്ച ഉദ്യോഗസ്ഥനെയാണ് സസ്പെന്റ് ചെയ്യേണ്ടത്. വനം വകുപ്പിന്റെ പാസ് കൊടുക്കാൻ ഉത്തരവാദികളായ ഫോറസ്റ്ററെ സസ്പെന്റ് ചെയ്തുകൂടേ; ലോകം മുഴുവൻ ശ്രദ്ധിച്ച കാര്യമാണ് മധുവിന്റെ കൊലപാതകം.

മോഷണം നടത്തിയെന്നാരോപിച്ചാണ് കാട്ടിലെ ഗുഹയിൽനിന്ന് അക്രമികൾ മധുവിനെ പിടികൂടിയത്. ആ യുവാവിന്റെ രണ്ട് കൈകളും കൂട്ടിക്കെട്ടി നാടുനീളെ കൊണ്ടുനടന്ന് മർദ്ദിച്ചിട്ട്, നാട്ടിലുള്ള പോസ്റ്റിൽ കെട്ടിയിട്ടും മർദ്ദിക്കുകയാണുണ്ടായത്. മണ്ണാർക്കാട് ആനവായ് കഴിഞ്ഞ് മുക്കാലി വരെ ആ പാവപ്പെട്ട ചെറുപ്പക്കാരനെ മർദ്ദിച്ചു. ഞാൻ പറഞ്ഞതിനെ ബഹുമാന്യനായ മുഖ്യമന്ത്രി തെറ്റിദ്ധരിച്ചാണ് കാര്യങ്ങൾ പറഞ്ഞത്. ഞാനവിടെ ചെന്നപ്പോൾ ആളുകൾ എന്നോട് പരാതികൾ പറഞ്ഞുവെന്നും അത് പരിശോധിക്കണമെന്നുമാണ് ഞാൻ പറഞ്ഞത്. അതിലെന്ത് രാഷ്ട്രീയ ദുരുദ്ദേശമാണുള്ളത്. പോലീസിന്റെ ഭാഗത്തുനിന്ന് തെറ്റുണ്ടായിട്ടുണ്ടെന്ന് ചിലരെന്നോട് പറഞ്ഞു. അത് പരിശോധിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ അന്തിമോപചാരം അർപ്പിക്കാൻ പോയപ്പോൾ ബഹുമാനപ്പെട്ട മുൻ ഡെപ്യൂട്ടി സ്പീക്കറും കെ. ബാബുവും ഉൾപ്പെടെയുള്ള നിരവധി എം.എൽ.എ.-മാർ

അവിടെയുണ്ടായിരുന്നു. ഇങ്ങനെയൊരു സംഭവം ഇവിടെയുണ്ടെന്നും അതന്വേഷിക്കണമെന്നും ധാരാളം ആളുകൾ എന്നോട് പറഞ്ഞു. ഞാനത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നതിൽ എന്ത് രാഷ്ട്രീയ ദുരുദ്ദേശമാണുള്ളത്; ഞാനത് പറയണ്ടേ; ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം അനിവാര്യമാണെന്നാണ് ഞാൻ കരുതുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ പങ്ക്, അവിടെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലെ പോരായ്മകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവരണം.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പാക്കിയിരുന്നു. ആ പദ്ധതി ഇപ്പോൾ അവതാളത്തിലായി. ആ പദ്ധതി നടന്നിരുന്നുവെങ്കിൽ ഈ പാവപ്പെട്ട ചെറുപ്പക്കാരന് നാടുനീളെ നടന്ന് അരിയും സാധനങ്ങളും എടുക്കേണ്ടി വരില്ലായിരുന്നു. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിക്കുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 91 കോടി രൂപ ചെലവാക്കിയിരുന്നു. അതിപ്പോൾ നടപ്പാക്കുന്നില്ല. വിശന്ന് വയറൊട്ടി, എല്ലുന്തി, പ്രാകൃത രൂപത്തിലുള്ള മധുവിനെ നിഷ്കരുണം അടിച്ചുകൊന്നത് മനുഷ്യർക്കും മനഃസാക്ഷിയുള്ളവർക്കും ചെയ്യാൻ കഴിയുന്ന കാര്യമല്ല. ആദിവാസി സംരക്ഷണത്തിനുവേണ്ടി എല്ലാ സർക്കാരുകളും കോടിക്കണക്കിന് രൂപയാണ് നൽകുന്നത്. 5,000 കോടി രൂപയാണ് കഴിഞ്ഞ വർഷം നമ്മൾ ചെലവഴിച്ചത്. 2017-ൽ മാത്രം സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 542.14 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഈ പണമെല്ലാം എങ്ങോട്ട് പോയി; ഒരു ഗവൺമെന്റിനെ കുറിച്ചല്ല ഞാൻ പറയുന്നത്. കാലാകാലങ്ങളായി ആദിവാസി മേഖലയിൽ ചെലവഴിക്കുന്ന ഫണ്ടുകളൊന്നും അവിടേയ്ക്ക് എത്തുന്നില്ല. ഞാൻ ആദിവാസി മേഖലയിൽ പോകുന്നൊരാളാണ്. ഇപ്പോൾ മാത്രമല്ല, നേരത്തെയും പോകുമായിരുന്നു. അവിടെ ചെന്നാൽ നമുക്ക് യഥാർത്ഥ ചിത്രം മനസ്സിലാകും. ഒരു നേരത്തെ കഞ്ഞിക്കുവേണ്ടി ആദിവാസിക്ക് മോഷണം നടത്തേണ്ട സ്ഥിതി നിലനിൽക്കുന്നുവെന്നത് ഭയാനകമായൊരു കാര്യമാണ്.

അവർക്കുവേണ്ടി നീക്കിവയ്ക്കുന്ന പണം മുഴുവൻ മധ്യവർത്തികൾ കൊള്ളയടിക്കപ്പെടുകയാണ്. അക്കാര്യംകൂടി പരിശോധിക്കേണ്ടതുണ്ട്. അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം ഇപ്പോഴും തുടരുകയാണ്. മധുവിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ കൊടുത്തു എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. പട്ടികജാതി വകുപ്പിൽനിന്ന് 8 ലക്ഷം രൂപ കൊടുക്കുമെന്നും പറഞ്ഞു. അത് 25 ലക്ഷം രൂപയാക്കി കൊടുക്കണം. എത്രയോ ആളുകൾക്ക് 25 ലക്ഷം രൂപ വീതം കൊടുക്കുന്നുണ്ട്. മധുവിന്റെ സഹോദരി ചന്ദ്രിക കണ്ണീരടക്കിയാണ് പി.എസ്.സി.-യുടെ അഭിമുഖത്തിൽ പങ്കെടുത്തത്. ബഹുമാന്യനായ മുഖ്യമന്ത്രി, ചന്ദ്രികയ്ക്ക് ഒരു ജോലി കൊടുത്തുകൂടേ; ഗവൺമെന്റുകൾ എത്രയോ ആളുകൾക്ക് ജോലി കൊടുത്തിട്ടുണ്ട്. തന്റെ സഹോദരൻ മരിച്ചുവെന്ന വിവരം അറിഞ്ഞിട്ടാണ് ചന്ദ്രിക

പി.എസ്.സി.-യുടെ അഭിമുഖത്തിന് പോയത്. ഈ ഗവൺമെന്റ് കണ്ണ് തുറക്കണ്ടേ; അവർക്കൊരു ജോലി കൊടുക്കാൻ നടപടി സ്വീകരിക്കണ്ടേ;

സംസ്ഥാനത്ത് നടക്കുന്ന കൊലപാതകങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം നമ്മുടെ എല്ലാവരുടെയും മുൻപിലുണ്ടാകണം. ആളുകളെ നിഷ്ഠൂരണം വെട്ടിക്കൊല്ലുന്നു. ഷുഹൈബ് എന്ന ചെറുപ്പക്കാരനെ എന്തിനുവേണ്ടി വെട്ടിക്കൊന്നുവെന്ന് ഇപ്പോഴും ആർക്കുമറിയില്ല. സി.ബി.ഐ. അന്വേഷണമില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അതെന്തിനുവേണ്ടിയാണെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല. അങ്ങേയ്ക്ക് ആരെയും സംരക്ഷിക്കാനില്ലെങ്കിൽ സി.ബി.ഐ. അന്വേഷണത്തിന് അനുമതി കൊടുത്തുകൂടേ; നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണത്തിന് അനുവദിച്ചുകൂടേ; മുകൾത്തട്ടിലെ ഗൂഢാലോചനയില്ലാതെ ഇത്തരം കൊലപാതകങ്ങളൊന്നും നടക്കുകയില്ല. സഫീറിന്റെയും ഷുഹൈബിന്റെയും കൊലപാതകത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്നത് വ്യക്തമാണ്. കൊലയാളി സംഘങ്ങൾ ഇന്ന് കേരളത്തിൽ താണ്ഡവ നൃത്തമാടുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. ബോംബും ആയുധങ്ങളും ശേഖരിക്കുന്നതിന് കില്ലർ ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുന്ന നടപടി കേരളത്തിൽ വ്യാപകമാകുകയാണ്. ഇരകളെ നേരത്തെ മാർക്ക് ചെയ്യുക, പിന്തുടരുക, നിഷ്ഠൂരമായി കൊലപ്പെടുത്തുക എന്നത് ഭീകര സംഘടനകൾ ചെയ്യുന്ന ജോലിയാണ്. ദൗർഭാഗ്യവശാൽ, കേരളം ഭരിക്കുന്ന പാർട്ടി അതിന് നേതൃത്വം കൊടുക്കുന്നു എന്നത് ഞങ്ങളെ ഞെട്ടിപ്പിക്കുന്നു. അതിനെപ്പറ്റിയാണ് അന്വേഷണം നടത്തേണ്ടത്. ഷുഹൈബിനെ കൊന്നുവെന്ന് അവകാശപ്പെടുന്ന കുറേപ്പേരെ പിടിച്ചു. കൊല്ലിച്ചവർ ആരാണ്? സഫീറിന്റെ കൊലപാതകത്തിലും ഷുഹൈബിന്റെ കൊലപാതകത്തിലും പ്രതികളെ പിടിച്ചുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കൊല്ലിച്ചവരാര്; ആര് ഗൂഢാലോചന നടത്തി; അവരുടെ പേരിൽ എന്തുകൊണ്ട് നടപടിയുണ്ടാകുന്നില്ല. കൊന്നവർ ആയുധങ്ങൾ മാത്രമാണ്. കൊല്ലിച്ചവരാണ് യഥാർത്ഥ പ്രതികൾ. അവരെ പിടികൂടാൻ ഈ സർക്കാരിന് കഴിയുമോ എന്ന ചോദ്യമാണ് എനിക്കിവിടെ ഉന്നയിക്കാനുള്ളത്. കൊടും ക്രിമിനലുകൾക്കും ഗുണ്ടകൾക്കും സാമൂഹ്യ വിരുദ്ധർക്കും ഒരു രാഷ്ട്രീയ പ്രസ്ഥാനവും സംരക്ഷണം കൊടുക്കാൻ പാടില്ല, അത് സി.പി.ഐ.(എം.) ആണെങ്കിലും സി.പി.ഐ. ആണെങ്കിലും കൊടുക്കാൻ പാടില്ല. ഇവർക്കൊക്കെ വേണ്ടത് ഭരണത്തിന്റെ തണലാണ്. ഇവർ സി.പി.ഐ.-യിൽ ചേർന്നത് ആ പാർട്ടിയുടെ ആദർശങ്ങളോടും പരിപാടികളോടുമുള്ള താൽപര്യം കൊണ്ടല്ല. ഭരണത്തിന്റെ തണലും സൗകര്യവും കിട്ടാൻ വേണ്ടിയാണ്. അക്കാര്യം ശ്രീ. കാനം രാജേന്ദ്രനും ശ്രീ. വി.എസ്. സുനിൽകുമാറും മനസ്സിലാക്കണം. ഇത്തരം ആളുകളെ പാർട്ടിയിൽ ചേർത്താൽ അവർ വലിയ ബാധ്യതയായി മാറുമെന്നത് എല്ലാ രാഷ്ട്രീയ പാർട്ടികളും

മനസ്സിലാക്കണം. സംസ്ഥാനം ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധരുടെയും Mob Lynching നടത്തുന്നവരുടെയും കൈകളിലേയ്ക്ക് മാറുന്ന എന്നുള്ളതിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

ശ്രീ. കെ.എം. മാണി: സർ, സഫീറിനെ കൊലപ്പെടുത്തിയ സംഭവം അതിനിഷ്ഠൂരവും ഹൃദയഭേദകവുമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഇപ്പോൾ പെരുകി വരികയാണ്. കൊലപാതക രാഷ്ട്രീയം അപലപനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്ര റിപ്പോർട്ടുകൾ അനുസരിച്ച് 23 കൊലപാതകങ്ങൾ നടന്നു. എന്ത് വിലകൊടുത്തും രാഷ്ട്രീയ കൊലപാതകങ്ങളെ അമർച്ച ചെയ്യാൻ നാമെല്ലാം ഒരുമിച്ച് നിൽക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റിന് വന്നിട്ടുള്ള വീഴ്ചകളിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, അട്ടപ്പാടിയിൽ ജനക്കൂട്ടത്തിന്റെ നേതൃത്വത്തിൽ നടന്ന കൊലപാതകത്തിന് പിന്നിൽ അന്നുള്ള സംഭവങ്ങൾ മാത്രമല്ല, കുറേ കാലങ്ങളായി ആ ഭാഗത്തുള്ള ആദിവാസികൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങളുടെ സ്വാഭാവികമായ പരിണിത ഫലമാണ് ഇന്നുണ്ടായിട്ടുള്ള ദുരിതം. ഈ വിഷയത്തിൽ ഇപ്പോഴത്തെ ഗവൺമെന്റിന് ചില കാര്യങ്ങൾ ചെയ്യാനുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിലവിലുണ്ടായിരുന്നെങ്കിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അതുപോലെ അന്ത്യോദയ അന്നയോജന പദ്ധതിയനുസരിച്ച് റേഷൻ വാങ്ങാൻ കഴിവില്ലാത്ത ആളുകൾക്ക് 35 കിലോ ഭക്ഷ്യധാന്യം കൊടുക്കാൻ വ്യവസ്ഥയുണ്ട്. അതുപോലുള്ള കാര്യങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ ഇത് സംഭവിക്കുകയില്ലായിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകളുണ്ടായിട്ടുണ്ട്. അവിടെയുള്ള കോൺട്രാക്ടർമാരുടെയും അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെയും കൂട്ടുകെട്ടിന്റെ ഫലമായി 61000-ത്തോളമുണ്ടായിരുന്ന ആദിവാസികൾ ഇപ്പോൾ 30000 ആയി കുറഞ്ഞിരിക്കുകയാണ്. കേന്ദ്രസർക്കാർ 500 കോടി രൂപയും സംസ്ഥാന സർക്കാർ 148 കോടി രൂപയും ചെലവഴിച്ചിട്ടും ഈ ദുർഗതിയുണ്ടായിരിക്കുന്നു. ഇതിനെപ്പറ്റി ഒരു സമഗ്രാന്വേഷണം, ജുഡീഷ്യൽ അന്വേഷണം തന്നെ നടത്തി ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാതൊന്നും പറയുന്നില്ല. ഇത്തരം നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി) അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ( .....ബഹളം. . . )

മി. സ്പീക്കർ: അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചു; പ്രതിപക്ഷ നേതാവ് ദീർഘമായി സംസാരിച്ചു. പ്രതിപക്ഷത്തിന് പറയാനുള്ളതെല്ലാം സഭയിൽ പറഞ്ഞു. ഇനി നിങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തരുത്. ദയവായി സീറ്റുകളിലേക്ക് പോകണം. പ്ലീസ്.... പ്ലീസ്......

## III ശ്രദ്ധ ക്ഷണിക്കൽ

### സാമ്പത്തിക പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി: സർ, സാമ്പത്തിക പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട കൊച്ചി തുറമുഖത്തിലെ ആയിരക്കണക്കിന് തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളും അവരുടെ വഴിമുട്ടിയ ജീവിതവും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. പ്രകൃതിദത്തമായ അടിസ്ഥാന സൗകര്യമുള്ള തുറമുഖമാണ് കൊച്ചി. 1928 മേയ് 6-ന് തുറമുഖത്ത് ആദ്യ കപ്പൽ എസ്.എസ്. പത്മ നങ്കൂരമിട്ടുകൊണ്ടാണ് കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അന്നു മുതലാണ് കേരളത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങളും സൗത്ത് ഇന്ത്യയിലെ മറ്റ് ഉൽപ്പന്നങ്ങളുമെല്ലാം കയറ്റിയിറക്കുന്ന ഒരു തുറമുഖമായി കൊച്ചി തുറമുഖം വളർന്നുവന്നത്. കേരളത്തിന്റെ സാമ്പത്തിക തൊഴിൽ മേഖലയിൽ ഈ തുറമുഖം വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ദുബായ് പോർട്ട് വേൾഡ് വല്ലാർപാടത്ത് തുറന്നതോടുകൂടി കൊച്ചി തുറമുഖത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഐലൻഡിൽ പ്രവർത്തിച്ചിരുന്ന രാജീവ്ഗാന്ധി ടെർമിനൽ അടച്ചുപൂട്ടിയതിനെത്തുടർന്ന് ആയിരക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടമായത്. അതിന്റെ ഫലമായി തുറമുഖത്തിന്റെ സമീപ പ്രദേശങ്ങളിലും പടിഞ്ഞാറൻ കൊച്ചിയിലുമുള്ള ജനങ്ങളുടെ ജീവിതമാണ് വഴിമുട്ടിയത്. മാത്രമല്ല, തുറമുഖത്തിന്റെ ഹൃദയ ഭൂമിയായ വെല്ലിംഗ്ടൺ ഐലൻഡ് ഇന്ന് ശ്മശാന ഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. കൊച്ചി തുറമുഖം നേരിടുന്ന പ്രധാന പ്രശ്നം, വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിന്റെ ഡ്രഡ്ജിംഗിനായി ഒരു വർഷം 90 കോടി രൂപയാണ് ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. ഈ ചെലവ് ഇതിന്റെ ഗുണഭോക്താവായിട്ടുള്ള കൊച്ചി കപ്പൽശാല, നാവികസേന, കോസ്റ്റ്ഗാർഡ് എന്നീ സ്ഥാപനങ്ങൾ ആനുപാതികമായി ചെലവഴിക്കാൻ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട്

ആവശ്യമായ ഇടപെടൽ നടത്തേണ്ടതുണ്ട്. തൊഴിൽ നഷ്ടപ്പെട്ടതുമൂലം ജീവിതം വഴിമുട്ടിയവർക്ക് തൊഴിൽ നൽകാൻ ഐലൻഡിനെ പുനർവിന്യസിപ്പിച്ചുകൊണ്ട്, ചരക്കെത്തിച്ച് കൈകാര്യം ചെയ്യുന്ന പഴയ നിലയിലേയ്ക്ക് സജീവമാക്കുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിലേയ്ക്കും കേന്ദ്ര സർക്കാരിലേയ്ക്കും സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. കൊച്ചി തുറമുഖത്തെ സംരക്ഷിക്കാനും തുറമുഖം നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി മറുപടി മേശപ്പുറത്തുവച്ചു.

ശ്രീ. വി. എസ്. ശിവകുമാർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

(സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു)*

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. ചട്ടം 47 (2 ) പ്രകാരമുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 166, 1796 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1175 എന്ന നമ്പരിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

3. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 702, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1913 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

## V. ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 745,42,27,000 | ..... | 745,42,27,000 |
| III | നീതിന്യായ നിർവ്വഹണം | 761,60,73,000 | ..... | 761,60,73,000 |

.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.38-ന് പിരിഞ്ഞു.)

## അനുബന്ധം

1 ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നൽകിയ മറുപടി

സാമ്പത്തിക പ്രതിസന്ധി

കൊച്ചി തുറമുഖം കഴിഞ്ഞ വർഷങ്ങളിലെല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വല്ലാർപാടം രാജ്യാന്തര ടെർമിനൽ പ്രവർത്തനം ആരംഭിച്ചിട്ട് ഇതുവരെ സ്ഥാപകശേഷി അനുസരിച്ചുള്ള ചരക്ക് കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. 10 ലക്ഷം TEU ശേഷി കൈവരിക്കേണ്ട സ്ഥാനത്ത് 4.91 ലക്ഷം TEU ശേഷിയാണ് 2016-17 വർഷത്തിൽ കൈവരിക്കാനായിട്ടുള്ളത്. എന്നാൽ കഴിഞ്ഞ 3 വർഷമായി ഈ രംഗത്ത് നേരിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതുകൊണ്ട് 2014-15 -ൽ 72.04 കോടി രൂപ സഞ്ചിത നഷ്ടമുണ്ടായ സ്ഥാനത്ത് 2016-17-ൽ പ്രസ്തുത നഷ്ടം 27.17 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ എൽ.എൻ.ജി. ടെർമിനൽ പ്രവർത്തനക്ഷമമാകാത്തതും പോർട്ടിന്റെ നഷ്ടം വർദ്ധിപ്പിക്കുന്നുണ്ട്. മാത്രമല്ല, ഡ്രഡ്ജിംഗിന് പ്രതിവർഷം 100-120 കോടി രൂപ ചെലവാകുന്നതും പ്രവർത്തനലാഭം കുറയാൻ കാരണമാകുന്നുണ്ട്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമായതോടെ കൊച്ചി തുറമുഖത്ത് കണ്ടെയ്നർ ഷിപ്പുകൾ വരുന്നില്ല. ടി ജോലികൾ ഇപ്പോൾ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലാണ് നടന്നുവരുന്നത്. എന്നാൽ കൊച്ചി തുറമുഖത്തിലെ തൊഴിലാളികളെ ആരേയും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ നിയമിച്ചിട്ടുമില്ല. എന്നിരുന്നാലും തുറമുഖം നഷ്ടത്തിലായതുകൊണ്ട് തൊഴിലാളികളെ പിരിച്ചുവിടേണ്ടി വരികയോ, തന്മൂലം തൊഴിൽ നിഷേധമോ ഉണ്ടായിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സാമ്പത്തികനില അവലോകനം ചെയ്യുമ്പോൾ സമീപഭാവിയിൽത്തന്നെ കൊച്ചി തുറമുഖം പ്രവർത്തനലാഭം കൈവരിക്കാൻ സാധ്യതയുണ്ട്. അതുപോലെ LNG ടെർമിനൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ തുറമുഖം മെച്ചപ്പെട്ട ലാഭം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊച്ചി തുറമുഖം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഒരു മേജർ തുറമുഖമാണ്, അത് സംസ്ഥാന തുറമുഖ വകുപ്പിന്റെ അധീനതയിൽപ്പെടുന്നതല്ലെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശീയ പ്രാധാന്യമുള്ള കൊച്ചി തുറമുഖത്തിന്റെ വിവിധ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട ഉത്തരവാദിത്വങ്ങളും നടപടികളും യഥാസമയം നിർവ്വഹിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ.ജെ. മാക്സി ഉന്നയിച്ച സുപ്രധാന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

2. ശ്രീ. എം. രാജഗോപാലൻ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

ഒഴിവുകൾ നികത്തൽ

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 12,680 പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 2018 ജനുവരി മാസത്തിൽ സംസ്ഥാനത്ത് 2822 തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ജനുവരി മാസത്തിൽ 3372 തസ്തികകൾക്ക് പി.എസ്.സി. അഡ്വൈസ് നൽകുകയും ചെയ്തിട്ടുണ്ട്. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിന് e-software രൂപകൽപ്പന ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിന് സത്വര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി., ലാസ്റ്റ്ഗ്രേഡ് റാങ്കുലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിന് ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും 451 പേർക്കും ലാസ്റ്റ്ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും 300 പേർക്കും സ്റ്റാഫ് നഴ്സിന്റെ റാങ്ക് ലിസ്റ്റിൽനിന്നും 97 പേർക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

കേരളത്തിലെ മറ്റുള്ള ജില്ലകളിൽനിന്നും വ്യത്യസ്തമായി കാസർഗോഡ് ജില്ലയിൽ നിയമനം ലഭിക്കുന്നവർ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് തുടങ്ങിയ രീതിയിൽ നിയമനംനേടി മറ്റുള്ള ജില്ലകളിലേയ്ക്ക് പോകുന്ന പ്രവണതയുണ്ട്. ഇതോടൊപ്പം മറ്റുള്ള ജില്ലകളിൽനിന്നും കാസർഗോഡ് ജില്ലയിൽ നിയമനം ലഭിക്കുന്നവർ സ്ഥലംമാറ്റത്തിന് നിരന്തരം ശ്രമിക്കുകയും അവധിയിൽ പ്രവേശിക്കുകയും ചെയ്യാറുണ്ട്. ജില്ലാ വികസന സമിതി യോഗത്തിൽ ചില വകുപ്പുകളിലെ ഒഴിവുകൾ നികത്തപ്പെടുന്നില്ലെന്ന ജനപ്രതിനിധികളുടെ പരാതികൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കാനും ഒഴിവ് നികത്താനുള്ള നടപടി സ്വീകരിക്കാനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിനെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഏതെങ്കിലും നിയമനാധികാരി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെന്ന് കണ്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

3. ശ്രീ. കെ. എൻ. എ. ഖാദർ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

കെട്ടിടനിർമ്മാണം

വേങ്ങര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് വേങ്ങര മൃഗാശുപത്രി സ്ഥിതിചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 25 സെന്റ് ഭൂമി കൈമാറാമെന്ന് വകുപ്പ് സമ്മതം അറിയിച്ചിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരുവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനുള്ള നടപടിക്രമം പൂർത്തിയാക്കി എത്രയുംവേഗം പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

4. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി, ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടി

കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം

കെ.എസ്.ആർ.ടി.സി. മൂവാറ്റുപുഴ ബസ് സ്റ്റേഷനിൽ നിർമ്മാണത്തിലിരിക്കുന്ന ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികളുടേയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ലൈസൻസിക്ക് കട കൈമാറ്റം ചെയ്യണമെങ്കിൽ വാണിജ്യ സമുച്ചയത്തിലെ വൈദ്യുതീകരണവും അഗ്നി സുരക്ഷാ സംവിധാനവും സംബന്ധിച്ച ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അഗ്നി സുരക്ഷാ ജോലികൾക്കായി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം കടമുറികൾ ലൈസൻസിക്ക് കൈമാറുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 1.5 കോടി രൂപ ചെലവിൽ പ്രവൃത്തി ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. സഹറുദ്ദീൻ കെ. എം. എന്ന കരാറുകാരൻ ചില സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി കത്ത് നൽകിയിരിക്കുകയാണ്. അതിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ചുവരികയാണ്.

മൂവാറ്റുപുഴ ഡിപ്പോയുടെ യാർഡ് നിർമ്മാണത്തിനായി 1.75 കോടി രൂപയുടെ ഇ-ടെൻഡർ ചെയ്യുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി എത്രയുംവേഗം ഇ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി, ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടി

ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് രണ്ട് ഘട്ടങ്ങളിലായി നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. വക ഫണ്ടും പലിശരഹിത നിക്ഷേപത്താലും ബിൽഡിംഗിന്റെ സിവിൽ പണികൾക്കുമാത്രം 5.85 കോടി രൂപ ചെലവിലും രണ്ടാം ഘട്ടം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2.10 കോടിരൂപ ചെലവിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഒന്നാം ഘട്ടത്തിന്റേയും രണ്ടാം ഘട്ടത്തിന്റേയും ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള അനുബന്ധ പ്രവൃത്തികളായ ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, യാർഡ് എന്നിവകൂടി പൂർത്തീകരിക്കണമെങ്കിൽ വീണ്ടും ഉദ്ദേശം 2 കോടി രൂപ കൂടി ആവശ്യമായി വരും. ഒന്നാംഘട്ടവും രണ്ടാം ഘട്ട പ്രവൃത്തികളും ഒരുമിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി റീ ഇ-ടെൻഡർ നടപടി നടത്തിയിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി കാരണം കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് നടപടിക്ക് അംഗീകാരം നൽകിയിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ നടപടികൾ പൂർത്തീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

6. ശ്രീ. എൻ. വിജയൻപിള്ള എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി, ഡോ. ടി. എം. തോമസ് ഐസക് നൽകിയ മറുപടി

ഫണ്ട് അനുവദിക്കൽ

ചവറ നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് 12 ഗവൺമെന്റ് സ്കൂളുകളിലും 6 എയ്ഡഡ്

സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ തയ്യാറാക്കുന്നതിന് അനുമതി നൽകിയിരുന്നുവെന്ന് എം.എൽ.എ. അറിയിച്ചു. ഇവയിൽ 6 എയ്ഡഡ് സ്കൂളുകളിൽ, മാനേജ്മെന്റുകൾ സ്മാർട്ട് ക്ലാസ്സ് റൂമിനായി പ്രത്യേക ക്ലാസ്സ് റൂം സിവിൽ വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും എന്നാൽ 6-1-2018-ലെ പൊതു വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സ.ഉ.(സാധാ) നമ്പർ 97/2018/പൊ.വി.വ. പ്രകാരം ജില്ലാ കളക്ടർ കമ്പ്യൂട്ടറിന് പുറമേയുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് തടസ്സമുന്നയിച്ചിരിക്കുന്നുവെന്നും അറിയിച്ചിരിക്കുന്നു. വൈദ്യുതി സംവിധാനം, ലൈറ്റുകൾ, ഫാനുകൾ, പെയിന്റിംഗ്, ടൈൽസ് തുടങ്ങിയ മറ്റ് ഭൗതിക സാഹചര്യങ്ങൾ ക്ലാസ്സ് റൂമുകളിൽ ഒരുക്കിയിട്ടില്ലെന്നും ആയതിലേയ്ക്കായി എം.എൽ.എ. ഫണ്ടുപയോഗിക്കാൻ അനുമതി നൽകണമെന്നുമാണ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

6-1-2018-ലെ സ.ഉ.(സാധാ) നമ്പർ 97/2018/പൊ.വി.വ. പ്രകാരം ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ് ടോപ്, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, USB സ്പീക്കർ, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത പ്രൊപ്പോസലുകൾക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതിയില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി രണ്ടുതരം ഫണ്ടുകളാണ് നിയമസഭാ സാമാജികർക്ക് അനുവദിച്ചുവരുന്നത്. നിയോജകമണ്ഡലത്തിൽ ചെറുതും എന്നാൽ മൂലധന സ്വഭാവമുള്ളതുമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുവദിച്ചിട്ടുള്ള ഫണ്ടാണ് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF); ആയതുപയോഗിച്ച് പ്രതിവർഷം ഒരുകോടി രൂപയുടെ പ്രവൃത്തികൾ തങ്ങളുടെ മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി എം.എൽ.എ.-മാർ ബന്ധപ്പെട്ട കളക്ടർമാർക്ക് ശിപാർശ നൽകാവുന്നതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 29-12-2017-ലെ സ.ഉ.(അ) നമ്പർ 161/2017/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമാക്കിക്കൊണ്ട് എം.എൽ.എ.-മാർക്ക് അനുവദിച്ചുവരുന്ന മറ്റൊരു പദ്ധതിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS). നിയോജകമണ്ഡല ആസ്തി വികസന ഫണ്ടായി ഓരോ എം.എൽ.എ.-യ്ക്കും ഓരോ സാമ്പത്തിക വർഷവും 5 കോടി രൂപ അനുവദിച്ചുവരുന്നു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ

കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കിവരുന്നത്. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യം എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത റൂമുകളിലെ വൈദ്യുതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും പെയിന്റിംഗ്, ടൈൽസ് എന്നീ വർക്കുകൾ പൂർത്തീകരിക്കുന്നതിനും ലൈറ്റുകൾ, ഫാനുകൾ എന്നിവ സജ്ജീകരിക്കുന്നതിനും എം.എൽ.എ. ഫണ്ടുപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതാണ്. പ്രസ്തുത ആവശ്യം പ്രത്യേക വികസന നിധിയുടേയും ആസ്തി വികസന പദ്ധതിയുടേയും നിലവിലെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എം.എൽ.എ.- മാരുടെ പ്രത്യേക വികസന നിധിപ്രകാരം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കുന്നതിനായി സ്കൂൾ അധികൃതർ/മാനേജ്മെന്റ് ആയതിനാൽ ഒരു റൂം, സിവിൽ വർക്കുകളും മറ്റ് ഭൗതിക സാഹചര്യങ്ങളും പൂർത്തിയാക്കി നൽകേണ്ടതാണ്. ഇത്തരത്തിൽ സജ്ജമാക്കിയിട്ടുള്ള റൂമിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഇൻസ്റ്റാൾ ചെയ്ത് അതൊരു സ്മാർട്ട് ക്ലാസ്സ് റൂമാക്കി മാറ്റുകയാണ് ചെയ്യുന്നത്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടില്ല. എന്നാൽ 18-8-2017-ലെ സ.ഉ.(അ) നമ്പർ 109/2017/ധന. പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, എയ്ഡഡ് സ്കൂളുകൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതിയിൻകീഴിൽ എയ്ഡഡ് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിനും ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. എന്നിരുന്നാലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ തയ്യാറാക്കുമ്പോൾ സിവിൽ വർക്കുകൾ മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പൂർത്തീകരിച്ച റൂമുകൾ ലഭ്യമാക്കാൻ സ്കൂൾ അധികൃതർ/മാനേജ്മെന്റുകൾ ശ്രദ്ധിക്കേണ്ടതാണ്. 6-1-2018-ലെ സ.ഉ.(സാധാ) നമ്പർ 97/2018/പൊ.വി.വ. പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ പരിധിയിൽ ലാപ് ടോപ്, പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, സ്പീക്കർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതിനാലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത

ശിപാർശകൾ പരിഗണിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ച ക്ലാസ്സ് റൂമുകളിൽ അവ പൂർത്തീകരിക്കുന്നതിനായി ആസ്തി വികസന ഫണ്ടോ പ്രത്യേക വികസന നിധിയോ വിനിയോഗിക്കാൻ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അനുമതി നൽകാനാവില്ല.

7. ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നൽകിയ മറുപടി

തസ്തിക സൃഷ്ടിക്കൽ

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തെ 26-9-2013-ലെ സ.ഉ.(കൈ) നമ്പർ395/2013/ആ.കു.വ. പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാൻ സാധിച്ചിരുന്നില്ല. ദിവസേന ശരാശരി 700-ഓളം ഒ.പി.-യും 21-ഓളം ഐ.പി.-യും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ നവകേരള മിഷന്റെ ഭാഗമായി ആവിഷ്കരിച്ച ആർദ്രം പദ്ധതിയിൽ ബാലുശ്ശേരി താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും അവിടെ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 3 തസ്തികയും ജൂനിയർ കൺസൾട്ടന്റ് -പീഡിയാട്രിക്, ജൂനിയർ കൺസൾട്ടന്റ് -ജനറൽ മെഡിസിൻ എന്നിവയിൽ ഓരോ തസ്തികയും ഫാർമസിസ്റ്റ് ഗ്രേഡ് II-ന്റെ ഒരു തസ്തികയും 23-9-2017-ലെ സ.ഉ.(കൈ) നമ്പർ 136/2017/ ആ.കു.വ. പ്രകാരം ഇതിനോടകം തന്നെ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളേയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കി കുടുംബഡോക്ടർ എന്ന പദ്ധതിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ആർദ്രം പദ്ധതിയുടെ ഭാഗമായി വർദ്ധിച്ച തോതിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി വീതം തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയാണ്. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്നതോടെ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

8. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നൽകിയ മറുപടി

ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കൽ

സംസ്ഥാനത്തെ വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ 15-7-2016-ലെ സ.ഉ.(എം.എസ്) നമ്പർ 282/2016/ധന പ്രകാരം 1,000 രൂപയായും 23-3-2017-ലെ സ.ഉ.(എം.എസ്) നമ്പർ 204/2017/ധന പ്രകാരം 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വിധവാ പെൻഷൻ വീണ്ടും ഉയർത്തുന്ന കാര്യം പരിഗണനയിലില്ല.

സംസ്ഥാനത്തെ വിധവകളായ സ്ത്രീകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പ്, മറ്റു വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കി വരുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

വിധവകളായ സ്ത്രീകൾക്ക് ജീവിതത്തിൽ ഒരു പിൻതുണയുമില്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് വിധവാ വിവാഹ പ്രോത്സാഹന പദ്ധതിയിലൂടെ (മംഗല്യ) 25,000 രൂപയുടെ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളിലെ വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനായി ഒറ്റത്തവണ ധനസഹായമായി 30,000 രൂപ നൽകിവരുന്നു. അഭയസ്ഥാനമില്ലാത്തവരും ആലംബഹീനരുമായ വിധവകളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്ന അഭയകിരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വിധവകൾക്ക് തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ട ശ്രമങ്ങൾ എൻ.ജി.ഒ.-കൾ വഴി നടത്തിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് നാല് കാറ്റഗറികളിലായി പ്രതിമാസം യഥാക്രമം 300, 500, 750, 1,000 എന്നിങ്ങനെ വിദ്യാഭ്യാസ ധനസഹായം ഗഡുക്കളായോ ഒറ്റത്തവണയായോ പരമാവധി 10 മാസത്തേയ്ക്ക് വനിതാ-ശിശു വികസന വകുപ്പ് മുഖേന നൽകിവരുന്നു. സംസ്ഥാന വിദ്യാഭ്യാസാവകാശ നിയമപ്രകാരം 6 വയസ്സുമുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകിവരുന്നുണ്ട്. വിധവകളായ സ്ത്രീകളുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും ടി നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അവരും അർഹരാണ്.

2017-18-ൽ വിധവകൾക്കായി വനിതാ വികസന കോർപ്പറേഷൻ 10 ജില്ലകളിലായി മൂന്നുമാസത്തെ സംരംഭക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതുവരെ 9 ജില്ലകളിലായി 300-ൽപ്പരം വിധവകൾക്ക് (18-നും 55-നും ഇടയിൽ) പരിശീലനം നൽകിയിട്ടുണ്ട്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കി സംരംഭം തുടങ്ങാൻ താല്പര്യമുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നതാണ്.

2018-19 വർഷത്തിൽ സൂക്ഷ്മ സംരംഭങ്ങളുടെ വാർഷിക കർമ്മ പദ്ധതി പ്രകാരം വിധവകൾക്കും നിരാലംബരായ സ്ത്രീകൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'പ്രത്യാശ' എന്ന പ്രത്യേക ഉപജീവന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം എല്ലാ ജില്ലയിൽനിന്നും സി.ഡി.എസ്. മുഖേന അർഹരായ വിധവകളെ കണ്ടെത്തി വൈദഗ്ദ്ധ്യപരിശീലനവും പലിശ സബ്സിഡിയും മറ്റ് അനുബന്ധ ധനസഹായങ്ങളും സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. കൂടാതെ പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) പദ്ധതിപ്രകാരം സംസ്ഥാനത്തെ നഗരപ്രദേശത്തെ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നിർമ്മിച്ചുനൽകാൻ ലക്ഷ്യമിടുന്നു. സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ ആനുകൂല്യം നൽകുന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഇതിനോടകം 77443 ഗുണഭോക്താക്കൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ പദ്ധതി മാനദണ്ഡം പാലിക്കുന്ന വിധവകൾ/സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിൽ മുൻഗണന നൽകുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പുവഴി വിധവാ പെൻഷനും നൽകിവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവരുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വയം തൊഴിൽ പരിശീലനം നൽകി സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവർക്ക് ഭക്ഷണം, താമസം, വസ്ത്രം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാധർ സ്കീം സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് വഴി ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, 2005 പ്രകാരം പീഡനത്തിനിരയാകുന്ന വിധവകളായ സ്ത്രീകൾക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം തുടങ്ങിയവ നൽകിവരുന്നുണ്ട്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ ടി നിയമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകളിൽ സൗജന്യ താമസവും അനുവദിച്ചുവരുന്നു.

വിധവകളായ സ്ത്രീകൾക്ക് സർക്കാർ നിയമനത്തിനുള്ള പ്രായപരിധിയിൽ 5 വയസ്സ് ഇളവ് നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്.

9 <u>ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ശ്രീ. എ. സി. മൊയ്തീൻ നൽകിയ മറുപടി</u>

<u>ക്വാറികളുടെ പ്രവർത്തനം</u>

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരമാണ് ക്വാറികൾക്ക് ഖനനാനുമതി നൽകുന്നത്. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം എല്ലാ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി. ഇപ്രകാരം പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയപ്പോൾ പ്രസ്തുത അനുമതിയില്ലാതെ പ്രവർത്തിച്ചുവന്നിരുന്ന എല്ലാവിധ ഹ്രസ്വകാല പെർമിറ്റ് ക്വാറികളുടേയും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. ഇടുക്കി ജില്ലയിൽ പാരിസ്ഥിതികാനുമതി ഇല്ലാത്തതിനാൽ പ്രവർത്തനം നിർത്തിയ ക്വാറികൾക്ക് പുറമേ പരിസ്ഥിതി ലോല പ്രദേശത്ത് പ്രവർത്തനം നടത്തിവന്നിരുന്ന ക്വാറികളുടേയും തുടർന്നുള്ള പ്രവർത്തനം സാധ്യമല്ലാതായി. ഡോ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ പശ്ചിമഘട്ട ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിൽ ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് മേഖലയിൽ വരുന്ന വില്ലേജുകളെ പരിസ്ഥിതിലോല പ്രദേശമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ഇടുക്കി ജില്ലയിൽ 48 വില്ലേജുകൾ പരിസ്ഥിതി ലോലപ്രദേശങ്ങളായി കേന്ദ്രസർക്കാർ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2-12-2016-നു മുമ്പ് ഇടുക്കി ജില്ലയിൽ 35 ഹ്രസ്വകാല പെർമിറ്റ് ക്വാറികളും 28 ദീർഘകാല ലീസുകളും നിലവിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2016-നുമുമ്പ് അനുമതി നൽകിയ ദീർഘകാല ക്വാറിയിംഗ് ലീസുകൾ മാത്രമാണ് തുടർന്ന് പ്രവർത്തനം നടത്തിവരുന്നത്. നിലവിൽ സാധുവായ 26 ക്വാറിയിംഗ് ലീസുകളിൽ 21 ക്വാറികൾ മാത്രമാണ്

പ്രവർത്തനം നടത്തിവരുന്നത്. കോടതി കേസ്സുകൾ ഉൾപ്പെടെയുള്ള കാരണങ്ങൾകൊണ്ടാണ് 5 ലീസ് ക്വാറികൾക്ക് പ്രവർത്തനം നിർത്തേണ്ടി വന്നത്. ഹ്രസ്വകാല പെർമിറ്റുകളൊന്നുംതന്നെ ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇപ്രകാരം ബഹുഭൂരിപക്ഷം ക്വാറികളുടെയും പ്രവർത്തനം നിർത്തിവയ്ക്കാൻ നിർബന്ധിതമായ സാഹചര്യത്തിലാണ് കരിങ്കല്ലിന്റേയും അനുബന്ധ ഉൽപ്പന്നങ്ങളുടേയും ക്ഷാമം ഉണ്ടാകാനിടയായത്. തൻമൂലം സർക്കാരിന്റെ മരാമത്ത് പണികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതും സ്വകാര്യമേഖലയിലെ മരാമത്തുപണികളുടെ കുറവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്:

1. 5 ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA) യുടേയും ജില്ലാ തല അപഗ്രഥന സമിതി (DEAC) യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവുപ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംഗ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചുതുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

10. ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി നൽകിയ മറുപടി

ഹൈഡൽ ടൂറിസം

ഇടുക്കി ജില്ലയിൽ അറക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിച്ചിട്ടുള്ള വടക്കേപ്പുഴ ചെക്ക് ഡാം നിലവിൽ പ്രവർത്തനക്ഷമമാണ്. ഇവിടെനിന്നും ഇടുക്കി പദ്ധതിയിലേയ്ക്ക് വെള്ളം പമ്പുചെയ്യുന്നതിൽ കുറവൊന്നുമുണ്ടായിട്ടില്ല. രണ്ടു വർഷം മുൻപ് ഈ ഭാഗങ്ങളിൽ അടിഞ്ഞ മണ്ണും ചെളിയും നീക്കം ചെയ്തിട്ടുള്ളതാണ്.

വടക്കേപ്പുഴ ചെക്ക് ഡാമും പ്രദേശവും ആകർഷകമാക്കുകയും കൂടുതൽ മണ്ണ് നീക്കം ചെയ്ത് തടാകം വിസ്തൃതമാക്കുകയും ചെയ്താൽ ടൂറിസം പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം പരിശോധിക്കുന്നതിന് കേരള ഹൈഡൽ ടൂറിസം സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്ത് പൂന്തോട്ടം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കുന്നതാണ്. കുളമാവ് ഡാം പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഹൈഡൽ ടൂറിസം പദ്ധതിയോടനുബന്ധമായി വടക്കേപ്പുഴയിലും ടൂറിസം സെന്റർ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിശോധനകൾ നടത്തുന്നതാണ്.

ഇടുക്കി ആർച്ച് ഡാം, അനുബന്ധ പ്രദേശങ്ങൾ, കുളമാവ് ഡാം, നാടുകാണി എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ വടക്കേപ്പുഴയുടെ സാദ്ധ്യതകളും ഉൾപ്പെടുത്തുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശങ്ങൾ ഗൗരവത്തോടെ കണക്കിലെടുക്കുന്നതാണ്.